ജനകീയാസൂത്രണം

പഞ്ചായത്ത് വികസന റിപ്പോർട്ട്

കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

എല്ലാവരുടെയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടെയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും

-മഹാത്മാഗാന്ധി-

61-6

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണം രണ്ടാംഘട്ടം

കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ
1996 ഡിസംബർ 7 ശനി

പഞ്ചായത്തു വികസന റിപ്പോർട്ട്



വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ജസ്സി ജോസഫ് - ചെയർമാൻ
N. സദാനന്ദൻ - കൺവീനർ
അലോഷ്യസ് ജോസഫ് - K.R.P.

ഡി. ആർ. പി. മാർ

P. ജോസഫ് അബ്രാഹം
എൻ. ആർ നാരായണൻ
ലൂക്കാ ജോസഫ്
എം. വി. മത്തായി
ഡി. രാജീവ്
സിറിയക് പൈമ്പിള്ളിൽ
ജയ്സൺ ചെമ്പോട്ടി
ജോസഫ് മാത്യു
അഡ്വ. മാത്യു കുര്യൻ
ജോൺസൺ തുറയ്ക്കൽ
എം.പി. വിജയനാഥൻ
ആനീസ് ലൂക്കോസ്
സി. ചിന്നമ്മ
റ്റി. വി. ജോർജ്ജ് തുരുത്തിക്കര

കൃഷി - ജലസേചനം

റ്റി.വി. ജോർജ്ജ് തുരുത്തിക്കര
ജോൺസൺ തുറയ്ക്കൽ
പി. ജോസ് അബ്രാഹം
എം.സി. മത്തച്ചൻ
ടോബി ജോർജ്ജ്

മൃഗപരിപാലനം

അലോഷ്യസ് ജോസഫ്
പി. എസ്. ജോർജ്ജ് പറയന്നിലം
കെ.എ. ജോസ് കുന്നപ്പിള്ളിൽ
ജോളി കുമ്പാട്ട്
കെ.വി. പോൾ കുഴികണ്ണിയിൽ

വിദ്യാഭ്യാസം

എം.വി. മത്തായി
എം.എം. ചാക്കോ
പി.എ. ഉതുപ്പ്
കെ.എ. പൈലി
ബിജോ ജോസഫ്
കെ.ഇ. കൊന്താലം
സൈജൻ സ്റ്റീഫൻ

ആരോഗ്യം - കുടിവെള്ളം.

ജോസഫ് മാത്യു
കെ.എം. മത്തച്ചൻ
സാബു ജോസഫ്
സിറിയക് വട്ടക്കാവിൽ
ജീൻ അഗസ്റ്റിൻ

വ്യവസായം

ഡി. രാജീവ്
സി.പി. ഗോപാലൻ
കെ.വി. ജോസഫ്
സാജു മാത്യു

റോഡ് - ഊർജ്ജം - മാർക്കറ്റ്

ലൂക്കാ ജോസഫ്
സി.ജെ. ജോബ് ചെമ്പരത്തി
കെ.ജെ. വർഗ്ഗീസ്

ഭവനിർമ്മാണം

ജോൺസൺ തുറയ്ക്കൽ
ആനീസ് ലൂക്കോസ്
കെ.സി. ജോൺ കൊട്ടാരം
ജോസ് അബ്രാഹം
സിറിയക് പൈമ്പിള്ളിൽ

സംസ്ക്കാരം

എൻ. സദാനന്ദൻ
ആനീസ് ലൂക്കോസ്
സി. ചിന്നമ്മ
ഇ.പി. കാസിം

വനിത

ആനീസ് ലൂക്കോസ്
പാത്തുമ്മ ഹമീദ്
എലിസബത്ത് കെ. വട്ടമറ്റത്തിൽ

സഹകരണം

എൻ.ആർ നാരായണൻ
വി.എ. അഗസ്റ്റിൻ
ജെയ്സൺ ചെമ്പോട്ടി
ജോൺ ജോസഫ്
സി.ഒ. വർക്കി

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

എം.പി. വിജയനാഥൻ
എൻ.ആർ. നാരായണൻ
എൻ.സി. കുഞ്ഞപ്പൻ
കെ.എസ്. രാമകൃഷ്ണൻ
കെ.കെ. വർഗ്ഗീസ്

വിഭവ സമാഹരണം

മാത്യു കുര്യൻ
ജയിൻ അഗസ്റ്റിൻ
അലോഷ്യസ് ജോസഫ്
അലോഷ്യസ് ജയിംസ്

ആമുഖം - ചരിത്രപശ്ചാത്തലം - ഭൂപ്രകൃതി വിഭവങ്ങൾ

എൻ. സദാനന്ദൻ
കെ.ജെ. വർഗ്ഗീസ്
ആനീസ് ലൂക്കോസ്.

പഞ്ചായത്ത് സമിതി

പ്രസിഡന്റ്
ജസ്സി ജോസഫ്
കുന്നപ്പിള്ളിൽ



വൈസ് പ്രസിഡന്റ്
ജോസഫ് മാത്യു
വടക്കേൽ

ചെയർമാൻ
അഡ്വ. മാത്യു കുര്യൻ

ബ്ലോക്ക് മെമ്പർ
ആനീസ് ലൂക്കോസ്

ബീനാ ജോളി



എം.പി. വിജയനാഥൻ

ഷേർളി ജോസഫ്

ജോൺസൺ തുറയ്ക്കൽ



ജോൺ നെടിയപാല



മനോജ് കുമാരൻ

താളുകൾ മറിക്കുമ്പോൾ

1	-	പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ
2	-	ആമുഖം
3	-	സാമൂഹിക സാംസ്ക്കാരിക ചരിത്രം
4	-	ഭൂപ്രകൃതിയും വിഭവങ്ങളും
5	-	വികസന മേഖലകൾ
5-1	-	കൃഷിയും ജലസേചനവും
5-2	-	മൃഗസംരക്ഷണവും മത്സ്യകൃഷിയും
5-3	-	വ്യവസായം
5-4	-	ഊർജ്ജം ഗതാഗതം മാർക്കറ്റ്
5-5	-	പൊതുജനാരോഗ്യവും കുടിവെള്ളവും
5-6	-	വിദ്യാഭ്യാസം
5-7	-	പാർപ്പിടം ക്ഷേമപ്രവർത്തനങ്ങൾ
5-8	-	പട്ടികജാതി പട്ടികവർഗ്ഗം
5-9	-	സ്ത്രീ പദവി
5-10	-	സംസ്ക്കാരം
5-11	-	സഹകരണ മേഖല
5-12	-	വിഭവസമാഹരണം
5-13	-	ടൂറിസം

കരിമണ്ണൂർ
ഗ്രാമപഞ്ചായത്ത്



1

കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് ഒറ്റ നോട്ടത്തിൽ

1. പഞ്ചായത്തിന്റെ പേര്	:	കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്
2. ഉൾപ്പെടുന്ന വില്ലേജുകൾ	:	കരിമണ്ണൂർ, നെയ്യശ്ശേരി
3. ബ്ലോക്ക് പഞ്ചായത്ത്	:	ഇളംദേശം
4. ജില്ലാ പഞ്ചായത്ത്	:	ഇടുക്കി
5. താലൂക്ക്	:	തൊടുപുഴ
6. അസംബ്ലി മണ്ഡലം	:	തൊടുപുഴ
7. വിസ്തീർണ്ണം	:	33.33 ച.കി.മീ.
8. അതിരുകൾ	:	വടക്ക്: വണ്ണപ്പുറം ഗ്രാമപഞ്ചായത്തും - തെക്ക്: ഇടവെട്ടി ആലക്കോട് ഗ്രാമപഞ്ചായത്തുകളും പടിഞ്ഞാറ്: കോടിക്കുളം ഗ്രാമപഞ്ചായത്തും തൊടുപുഴ മുൻസിപ്പാലിറ്റിയും കിഴക്ക്: ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തുമാണ്.
9. ജനസംഖ്യ	:	18812 (1991 സെൻസസ്)
a. പുരുഷന്മാർ	:	9318
b. സ്ത്രീകൾ	:	9494
c. ജനസാന്ദ്രത	:	564.4/ച.കി.മീ.
d. അക്ഷരാഭ്യാസമുള്ളവർ	:	15627
e. സാക്ഷരതാ ശതമാനം	:	93.7
10. വാർഡുകളുടെ എണ്ണം	:	9
11. ആകെ വീടുകൾ	:	3678
12. പ്രസിഡന്റിന്റെ പേര്	:	ശ്രീമതി ജസ്സി ജോസഫ്
13. വൈസ് പ്രസിഡന്റ്	:	ശ്രീ ജോസഫ് മാത്യു
14. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	അഡ്വ. മാത്യു കുര്യൻ
15. ഭരണസമിതി അംഗങ്ങൾ		

ശ്രീമതി ബീന ജോളി

ശ്രീ എം.പി. വിജയനാഥൻ

ശ്രീ ജോൺ നെടിയപാല

ശ്രീമതി ഷേർലി ജോസഫ്

ശ്രീ ജോൺസൺ തുറയ്ക്കൽ

ശ്രീ മനോജ് കുമാരൻ



കരിമണ്ണൂർ പഞ്ചായത്ത് സെക്രട്ടറിയും സഹപ്രവർത്തകരും

2



ആമുഖം

സ്വാതന്ത്ര്യത്തിന്റെ അമ്പതാം പിറന്നാൾ കഴിഞ്ഞ് രണ്ടുദിവസം കൂടി പിന്നിട്ടപ്പോൾ 1996 ആഗസ്റ്റ് 17ന് മലയാളക്കര മറ്റൊരു മഹത്തായ കർമ്മപരിപാടിക്ക് തുടക്കം കുറിച്ചു. പഴുതുകളില്ലാതെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയും, സാക്ഷരതാ പ്രസ്ഥാനത്തിലൂടെ കേരളത്തെ സമ്പൂർണ്ണ സാക്ഷരതയിലേക്കു നയിച്ചും, ഇന്ത്യയ്ക്കാകെ മാതൃകകാട്ടി, ലോകശ്രദ്ധപിടിച്ചുപറ്റിയ നാം പുതിയൊരു വികസന മാതൃകകൂടി ഇന്ത്യക്ക് കാട്ടിക്കൊടുക്കുകയാണ്. 'അധികാരം ജനങ്ങൾക്ക്' എന്ന രാഷ്ട്രപിതാവിന്റെ സ്വപ്നം ഏട്ടിലെ പശുവല്ലെന്ന് ബോധ്യപ്പെടുത്തുമാറ് ആസൂത്രണപ്രക്രിയയിലും നടത്തിപ്പിലും, ജനങ്ങളെ നേരിട്ട് പങ്കാളികളാക്കിക്കൊണ്ടുള്ള ഐതിഹാസികമായ നടപടിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. അതെ. ലോകത്തിന്റെ ഒരു മൂലയിൽ ഈ കൊച്ചു കേരളത്തിൽ നാം ഒരു പരീക്ഷണം നടത്തുകയാണ്. വികസനമെന്നാൽ മുകൾത്തട്ടിൽ നിന്ന് ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിക്കപ്പെടുകയാണ്. 1997 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽതുകയുടെ 35-40 ശതമാനം തുകയ്ക്കുള്ള വികസനപദ്ധതികൾ ഗ്രാമസഭകളിലെ ചർച്ചകളിലൂടെയും മറ്റു വസ്തുനിഷ്ഠ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ, ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അവസരം സംസ്ഥാന ഗവണ്മെന്റും പ്ലാനിംഗ് ബോർഡും ത്രിതല പഞ്ചായത്തു സമിതികൾക്ക് നൽകിയിരിക്കുന്നു. 1951 മുതൽ നടപ്പിലാക്കിയ കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളിലും സ്വീകരിച്ച കേന്ദ്രീകൃത സമീപനവും ഡിപ്പാർട്ടുമെന്റലിസവും മൂലം ലക്ഷ്യമിട്ടിരുന്നത്രയും നേട്ടങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് കഴിയാതെ പോയി. കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷികവ്യാവസായിക മേഖലകളിലെ ഉൽപ്പാദനമുരടിപ്പും, സേവനമേഖലയിലെ ഗുണനിലവാരത്തകർച്ചയും അടിയന്തിര പരിഹാരം കാണേണ്ട വെല്ലുവിളികളായി ഉയർന്നുവന്നിരിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഈ മണ്ണിൽനിന്നും കെട്ടുകെട്ടിച്ച ജനകീയ ഇച്ഛാശക്തി ഒരിക്കൽക്കൂടി ഉണർത്തിയെടുത്തുകൊണ്ടും, ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരണമായ വികസന സ്കീമുകൾ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ നടപ്പിലാക്കിക്കൊണ്ടും മാത്രമേ ഈ വെല്ലുവിളികളെ ഒരു പരിധിവരെയെങ്കിലും നമുക്ക് നേരിടാനാകൂ. ഇപ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരം അധികാരത്തിൽ വന്നിരിക്കുന്ന ഭരണസമിതികൾക്ക്, അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും, നേട്ടങ്ങൾ കൊയ്തെടുക്കാൻ കഴിയണമെങ്കിൽ, ജാതിമതകക്ഷി ഭേദമെന്യേ വികസനത്തിൽ താല്പര്യമുള്ള എല്ലാവരുടെയും പിന്തുണയും സഹായസഹകരണങ്ങളും നിർലോഭമായി ലഭ്യമാക്കേണ്ടതുണ്ട്. ഈ തിരിച്ചറിവാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രൂപീകരണഹേതു.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ചിട്ടയായി നടന്നുവരികയാണ് പഞ്ചായത്തിലെ ഒൻപത് വിശേഷാൽ ഗ്രാമസഭകളും പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം തന്നെ ചിട്ടയായി നടന്നു. പന്ത്രണ്ട് വിഷയങ്ങൾ ഉൾപ്പെടുത്തി എട്ടു ഗ്രൂപ്പുകളായി നടത്തിയ വികസന ചർച്ചകളിൽ 145 വനിതകളടക്കം 1150 പേർ പങ്കെടുത്തു. ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നു വന്ന വികസന പ്രശ്നങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ചു. 1991 ലെ സെൻസസ് റിപ്പോർട്ടുകൾ, പഞ്ചായത്താഫീസ്, വില്ലേജാഫീസ്, കൃഷിഓഫീസ്, മൃഗാശുപത്രി, P.H.C., അംഗൻവാടികൾ, ബ്ലോക്കോഫീസ്, പഞ്ചായത്തിലുള്ള സഹകരണസംഘങ്ങൾ, L.M. ബാങ്ക്, ഹൗസിംഗ് സഹകരണസംഘം, വൈദ്യുതി ഓഫീസ്, സപ്ലൈ ഓഫീസ്, മൈനർ ഇറിഗേഷൻ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, V.E.O's ഓഫീസ്, ക്ഷീരവികസന ആഫീസ് എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളുടേയും, വിവിധ ഓഫീസ് മേധാവികൾ നൽകിയ സ്കീം അവലോകന റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ നാളിതുവരെയുള്ള വികസനം വിലയിരുത്തപ്പെട്ടു. പഞ്ചായത്തു സമിതി അംഗങ്ങൾ, കൃഷി, ആരോഗ്യരംഗങ്ങളിലെ ഉദ്യോഗസ്ഥർ, DRP മാർ, LRPമാർ എന്നിവരടക്കം ഇരുപതോളം പേർ നടത്തിയ പഞ്ചായത്തുപഠനപര്യടനത്തിലൂടെയും, ലഭ്യമായ മറ്റു തുറകളിലൂടെയും, പഞ്ചായത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചും വിഭവങ്ങളെക്കുറിച്ചും ഏകദേശധാരണ ഉണ്ടാക്കുവാൻ കഴിഞ്ഞു.

വിവിധമേഖലകളിൽ ഒട്ടേറെ അനുഭവസമ്പത്തുള്ള 29 കാരണവൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ചർച്ചായോഗത്തിൽ നിന്നും ലഭിച്ച വായ്മൊഴി വിവരങ്ങളുടെയും, പഞ്ചായത്തിന്റെ പഴയകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന സ്മരണിക, സുവനിർ, എന്നിവയിൽ നിന്നു ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സാമൂഹിക-സാംസ്ക്കാരിക-ചരിത്ര പശ്ചാത്തലം മനസ്സിലാക്കി. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ 13 റിസോഴ്സ് ഗ്രൂപ്പുകൾ നടത്തിയ ചർച്ചകളുടേയും വസ്തുനിഷ്ഠ പഠനങ്ങളുടേയും ഉൽപ്പന്നമാണ് ഈ റിപ്പോർട്ട്.

3

സാമൂഹിക സാംസ്ക്കാരിക ചരിത്രം

ചരിത്രം ഉറങ്ങിക്കിടക്കുന്ന കോട്ടപ്പുറം-കമ്പം കോട്ടയുടെ ഇരുഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന കരിമണ്ണൂർ പഞ്ചായത്ത് നൂറ്റാണ്ടുകളുടെ സംസ്കൃതിയും പാരമ്പര്യവുമുള്ള ഒരു ഗ്രാമപദേശമാണ്. ഇപ്പോൾ ഈ പഞ്ചായത്തിന്റെ 5,7 വാർഡുകളിൽ കിഴക്കുപടിഞ്ഞാറായി 100 ലിങ്ക്സ് വീതിയിൽ കിടക്കുന്ന കോട്ട കീഴ്മലനാടും മേൽമലനാടും തമ്മിൽ വേർതിരിച്ചിരുന്നതാണെന്നും, അതല്ല വടക്കുംകൂർ തെക്കുംകൂർ രാജ്യാതിർത്തികൾ നിർണ്ണയിച്ചിരുന്നതാണെന്നും രണ്ടഭിപ്രായങ്ങൾ നിലവിലുണ്ട്. കോട്ടക്കിടങ്ങിലെ ജലാശയത്തിൽ ചീങ്കണ്ണി മുതല തുടങ്ങിയ ജന്തുക്കളും ഇരുവശങ്ങളിലും ഇല്ലിത്തുറുവും ഉണ്ടായിരുന്നു എന്ന് പഴമക്കാർ പറയുന്നുണ്ട്. ഏതായാലും രണ്ട് രാജ്യാതിർത്തികൾ തമ്മിൽ വേർതിരിക്കുന്നതാണ് ഈ കോട്ടയെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. അതിനാൽ കരിമണ്ണൂർ പഞ്ചായത്തിലെ ഒരു ചരിത്രസ്മാരകമായി ഈ കോട്ടയെ കണക്കാക്കുന്നതിൽ തെറ്റില്ല. അതുപോലെ കാരിക്കോട് ആസ്ഥാനമായിരുന്നുവെന്ന് പറയപ്പെടുന്ന കീഴ്മലനാടും പാണ്ടിനാടും തമ്മിൽ കച്ചവടബന്ധത്തിനുപയോഗിച്ചിരുന്ന 40 ലിങ്ക്സ് വീതിയുള്ള കാരിക്കോട് - മധുര റോഡ് അണ്ണായിക്കണ്ണം, കിളിയറ, തേക്കുംകൂട്ടം, പന്നൂർ വഴിയാണ് കടന്നു പോയിരുന്നതെന്നതും കരിണ്ണൂർ പഞ്ചായത്തിന്റെ ചരിത്രപരമായ പ്രാധാന്യം വ്യക്തമാക്കുന്നു. നെയ്യശ്ശേരി പ്രദേശത്ത് നമ്പ്യാർ കണ്ടത്തിന്റെ തെക്കേ വശത്തുള്ള കുന്നിൻപ്രദേശത്തു കാണപ്പെടുന്ന അയിർക്കുഴികൾ, തൊമ്മൻകുത്ത് വനപ്രദേശങ്ങളിൽ കാണപ്പെടുന്ന കെട്ടിടനിർമ്മാണാവശിഷ്ടങ്ങൾ, അഞ്ചാം വാർഡിൽ കുളിർക്കുഴി ഭാഗത്തും ആനിക്കുഴിയിലും, ഉണിച്ചിക്കവലയിലും മറ്റും കാണപ്പെടുന്ന കീടൻകല്ലുകൾ, ഒന്നാം വാർഡിൽ കാവുംപുറം ഭാഗത്തു കാണുന്ന കൽഭരണിയും, മൺചാറകളും മറ്റും ഗവേഷണവിധേയമാക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം കുറേക്കൂടി അനാവരണം ചെയ്യാൻ കഴിഞ്ഞേക്കും.

കേരളത്തിൽ അത്യപൂർവ്വമായുള്ള വരാഹക്ഷേത്രങ്ങളിലൊന്നായ പന്നൂർ ശ്രീ വരാഹസ്വാമി ക്ഷേത്രം ത്രേതായുഗത്തിൽ സ്ഥാപിക്കപ്പെട്ടതാണെന്ന് പറയപ്പെടുന്നു. ചിരപുരാതനമായ കാർത്ത്യായനീദേവി ക്ഷേത്രവും, നാല്പതേക്കറിൽ വനമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ശാന്തികാട്ട് ഭഗവതിക്ഷേത്രം, മുളപ്പുറത്തുള്ള മലയത്താമ്പുറം ശാസ്താക്ഷേത്രം, പുതിയറ ശിവക്ഷേത്രം, ചന്ദ്രപ്പിള്ളിക്കാവ്, പന്നൂർ അയ്യപ്പക്ഷേത്രം, എലമ്പിലാക്കാട്ട് ക്ഷേത്രം, എടത്തിൽ ധർമ്മശാസ്താക്ഷേത്രം, ആമ്പക്കുടി ശ്രീധർമ്മശാസ്താക്ഷേത്രം എന്നിവ നമ്മുടെ പഞ്ചായത്തിന്റെ പഴയകാലചരിത്രത്തിന്റെ സാക്ഷിപത്രങ്ങളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിലെ പലഭാഗങ്ങളും കാട്ടുമൃഗങ്ങളും മറ്റുമുള്ള വനപ്രദേശമായിരുന്നു.

കരിമണ്ണൂർ പഞ്ചായത്തിന്റെ ആസ്ഥാനപ്രദേശങ്ങളിൽ ഭൂരിഭാഗവും ഇഞ്ചപ്പിള്ളി ഇല്ലത്തിന്റേയും, പന്നക്കൽ മനയുടേയും (കുഞ്ചിറക്കാട്ടില്ലം) വകയായിരുന്നു. ഇപ്പോൾ പഞ്ചായത്ത് ആസ്ഥാനമായ കരിമണ്ണൂർ ടൗൺ പ്രദേശം പന്നക്കൽമന വകയായിരുന്നതിനാൽ കരിമണ്ണൂർ ടൗണിനെ പണ്ട് പന്നക്കാമറ്റം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പഞ്ചായത്തിലെ ബാക്കി സ്ഥലങ്ങളിൽ ഭൂരിഭാഗവും വനപ്രദേശങ്ങളും, കുറെ ഭാഗം പണ്ടാരപ്പാട്ടാടിസ്ഥാനത്തിലുള്ള സർക്കാർ ഭൂമിയുമായിരുന്നു. നിലങ്ങൾ കൂടുതലും തൊടുപുഴ ദേവസ്വത്തിന്റെയും പോറ്റിമാരുടെയും അധീനതയിലായിരുന്നു. ജന്മി-കുടിയാൻ, അടിമ-ഉടമ സമ്പ്രദായങ്ങളും നാടുവാഴിത്തവും നിലനിൽക്കുമ്പോൾ തന്നെ, സർക്കാരിനോട് മാത്രം വിധേയത്വമുള്ള സ്വതന്ത്ര ഭൂ ഉടമസ്ഥതയും (പണ്ടാരപ്പാട്ടം) ഒരുമിച്ച് ഇവിടെ നിലനിന്നിരുന്നു. അതൊടൊപ്പം തന്നെ ജാതിവ്യവസ്ഥയും അയിത്തവും ഇവിടെ നിലനിന്നിരുന്നു. ആദ്യകാലങ്ങളിൽ മണ്ണിൽ പണിയെടുക്കുന്നവർ ഭൂരിഭാഗവും അധഃസ്ഥിത വിഭാഗങ്ങളായിരുന്നു. പണിയാളരായ ദളിത് വിഭാഗങ്ങളെ വിലയ്ക്ക് വാങ്ങിക്കുകയും സ്ത്രീധനമായി കൈമാറ്റം ചെയ്യുകയും ചെയ്തിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതി മുതൽ ഇവിടേയ്ക്ക് വ്യാപകമായ കുടിയേറ്റം ഉണ്ടായി. മീനച്ചിൽ താലൂക്ക്, ഇലഞ്ഞി, കുത്താട്ടുകുളം, മുത്തോലപുരം ആരക്കുഴ തുടങ്ങിയ ഭാഗങ്ങളിൽ നിന്നായിരുന്നു കുടിയേറ്റം കൂടുതൽ. സ്വന്തമായ അധ്വാനത്തോടൊപ്പം അധഃസ്ഥിതവിഭാഗങ്ങളെയും ഇവർ കൃഷിപ്പണിക്കായി ഉപയോഗിച്ചു. നിശ്ചിതമായ കൂലിവ്യവസ്ഥ ഉണ്ടായിരുന്നില്ല. വിശപ്പടക്കുന്നതിനുള്ള ആഹാരം മാത്രമാണ് പണിയാളർക്ക് നൽകിയിലുന്നത്. സവർണ്ണ ഭൂപ്രഭുക്കളുടെ നെൽപ്പാടങ്ങളിൽ കൊയ്ത്തു മെതിക്ക് സവർണ്ണർക്കും അവർണ്ണർക്കും പ്രത്യേകം കളങ്ങൾ ഉണ്ടായിരുന്നു. ഇത്തരം അനീതികൾക്കെതിരായി എടുത്തുപറയത്തക്ക ചെറുത്തുനിൽപ്പു പോരാട്ടങ്ങളൊന്നും നടന്നിരുന്നില്ല. ദേശീയപ്രസ്ഥാനത്തിന്റെയും, നവോത്ഥാനപ്രസ്ഥാനത്തിന്റെയും മുന്നേറ്റത്തിന്റെ ഭാഗമായി പൊതുവിൽ ഉണ്ടായ മാറ്റവും, ശ്രീനാരായണ പ്രസ്ഥാനം ക്രിസ്തുമത പ്രചാരണം, ഇടതുപക്ഷപ്രസ്ഥാനം എന്നിവയുടെ സ്വാധീനവും അനീതി



പഞ്ചായത്തിന്റെ പഴയകാല ചരിത്രത്തെക്കുറിച്ച് ഒരന്വേഷണം
പഞ്ചായത്ത് ഓഫീസിൽ കൂടിയ കാരണവൻമാരുടെ യോഗം



പഞ്ചായത്തിന്റെ പഴയകാല ചരിത്രത്തെക്കുറിച്ച് ഒരന്വേഷണം
പഞ്ചായത്ത് ഓഫീസിൽ കൂടിയ കാരണവൻമാരുടെ യോഗം

കൾക്കെതിരായി ചിന്തിക്കുവാനും പ്രതികരിക്കുവാനും ജനങ്ങൾക്ക് ശക്തി നൽകി.

ബ്രിട്ടന്റെ കോളനിവാഴ്ചക്കെതിരെ വളർന്നുവന്ന ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം നമ്മുടെ പഞ്ചായത്തിൽ ഒരു ചെറുന്യൂനപക്ഷത്തെയെങ്കിലും ആവേശം കൊള്ളിക്കുകയും അവരുടെ നേതൃത്വത്തിൽ ചില പ്രവർത്തനങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിലെ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലായ വട്ടിയൂർക്കാവ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ഇവിടെ നിന്നു യാത്ര തിരിച്ച ദേശാഭിമാനികളായ യു.ഐ. വർക്കി (ഉറുമ്പിൽ മൂപ്പൻസാർ) എൻ.കെ. ജോസഫ് നെടുമരുതുംചാലിൽ, വട്ടമറ്റത്തിൽ കൊച്ചാക്കോ, പന്നാരക്കുന്നേൽ ഇട്ടൻകുഞ്ഞ്, വി.എം. ജോസഫ് വട്ടക്കാവിൽ എന്നിവരെ മാർഗമധ്യേ പോലീസ് അറസ്റ്റ് ചെയ്തു. 1945ൽ കരിമണ്ണൂർ ഭജനമഠത്തിനു സമീപം ഷാപ്പുപറമ്പിൽ നൂറുകണക്കിനാളുകൾ പങ്കെടുത്ത പൊതുയോഗത്തിൽ തിരുവിതാംകൂർ സ്റ്റേറ്റു കോൺഗ്രസ്സ് ജനറൽ സെക്രട്ടറി സി. നാരായണപിള്ള, സർവ്വശ്രീ കെ.എം. ജോർജ്ജ്, കെ.എം. തോമസ്സ്, പി.എം. വർഗ്ഗീസ്, അഗസ്റ്റിൻ വഴുതനാപ്പിള്ളി, കെ.എൻ. കുമാരമംഗലം, വിദ്യാർഥിയൂണിയന്റെ പ്രതിനിധി പി. ജോസ് അബ്രാഹം എന്നിവർ പ്രസംഗിച്ചു. പഞ്ചായത്തിലെ ആദ്യത്തെ രാഷ്ട്രീയ പ്രസ്ഥാനം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് ആയിരുന്നു. 1951-ൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും 1953ൽ സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനവും ഇവിടെ പ്രവർത്തനം ആരംഭിച്ചു. പി. ജോസ് അബ്രാഹാമായിരുന്നു ആദ്യകാല സംഘാടകൻ.

തൊമ്മൻകുത്തിൽ അധിക ഭക്ഷ്യോൽപാദന പദ്ധതിപ്രകാരം സർക്കാർ അലോട്ടുചെയ്ത ഭൂമിയിൽ താമസിച്ചിരുന്ന കർഷകരെ ഒഴിപ്പിക്കുന്നതിനുവേണ്ടി പോലീസ് നടത്തിയ ബലപ്രയോഗത്തിനെതിരായ ചെറുത്തുനിൽപ്പു പോരാട്ടത്തിലൂടെയാണ് ഇവിടെ കർഷകപ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചത്. ഭൂ പരിഷ്ക്കരണനിയമനിർമ്മാണത്തിലൂടെ ഭൂ ഉടമാ ബന്ധങ്ങളിൽ വരുത്തിയ മാറ്റത്തിന്റെ പ്രതിഫലനം നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്. പങ്കുപാടുകാരായിരുന്ന ഒട്ടേറെ കർഷകർ ഭൂ ഉടമകളായി മാറിയത് പഞ്ചായത്തിന്റെ സാമൂഹ്യപുരോഗതിയെ കാര്യമായി സ്വാധീനിച്ച ഘടകമാണ്. ഭൂപരിഷ്ക്കരണനിയമത്തിന്റെ ആനുകൂല്യം നടപ്പിലാക്കിക്കിട്ടുന്നതിനുവേണ്ടി അറക്കച്ചാൽ പൂമറ്റം പാടങ്ങളിലെ കൈവശകൃഷിക്കാർ നടത്തിയ സംഘടിത ശ്രമം പ്രത്യേകം പ്രസ്താവ്യമാണ്. ചെപ്പുകുളത്തെ ദളിത് വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികളെ ക്രൂരമായി മർദ്ദിച്ച പോലീസ് നടപടിക്കെതിരേ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 1966-ൽ നടത്തിയ പോലീസ് സ്റ്റേഷൻ വളയൽ സമരവും പഞ്ചായത്ത് സെസ്സിനെതിരെ കർഷകരക്ഷാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭണവും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സംഘടിത ചെറുത്തുനിൽപ്പു പോരാട്ടങ്ങളിൽ എടുത്തുപറയത്തക്കതാണ്. 1894-ൽ ആരംഭിച്ച് 1994-95-ൽ ശതാബ്ദി ആഘോഷിച്ച കരിമണ്ണൂർ ഗവ. യു.പി. സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം സാമാന്യം സാമ്പത്തികശേഷിയുള്ള തല്പരരായ ചുരുക്കം ആളുകളിൽ ഒതുങ്ങി നിന്നിരുന്ന വിദ്യാഭ്യാസം ജാതിമതഭേദമെന്യേ എല്ലാവർക്കും കരഗതമാക്കുവാൻ ഈ സരസ്വതീക്ഷേത്രം സഹായകമായി. ഐ.പി.എസ് കേഡർ ലഭിച്ച റിട്ട. ഡി.എസ്.പി. ശ്രീ ഏ.പി. രാമൻനായർ പ്രസിദ്ധനായ റ്റി.സി. ഇടമറുക് ഉൾപ്പെടെ ഒട്ടേറെ പ്രമുഖവ്യക്തികൾ ഈ സ്ഥാപനത്തിലെ പഠിതാക്കളായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കുന്നതിന് ഏറ്റവും അടുത്തുള്ള സ്ഥാപനം തൊടുപുഴ ഗവ. ഇംഗ്ലീഷ് സ്ക്കൂളായിരുന്നു. വാഹനസൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് അവിടെ നടന്നെത്തി സ്ക്കൂൾ പരിസരത്ത് താമസിച്ച് പഠിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുവാൻ വളരെ ചുരുക്കം പേർക്ക് മാത്രമേ സാധിച്ചിരുന്നുള്ള. 1935-ൽ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിതമായതോടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഭൂരിപക്ഷത്തിനും ലഭ്യമായി. നമ്മുടെ പഞ്ചായത്തിൽ IRS ലഭിച്ച ഏക വ്യക്തി ക്രിസ്റ്റഫർ എബ്രഹാം ഉൾപ്പെടെ ഒട്ടേറെ ബഹുമുഖ പ്രതിഭകളെ സംഭാവന ചെയ്യാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞു. വിദ്യാഭ്യാസ സാംസ്ക്കാരിക പുരോഗതിയുടെ കാര്യത്തിൽ സമീപസ്ഥങ്ങളായ ഇതരപഞ്ചായത്തുകളെ അപേക്ഷിച്ച് അഭിമാനാർഹമായ ഔന്നത്യം പുലർത്തുവാൻ നമ്മുടെ പഞ്ചായത്തിനു സാധിച്ചത് പഞ്ചായത്തിലാകെ ആവശ്യാനുസരണം വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിച്ച നമ്മുടെ പൂർവ്വകരുടെ ദീർഘവീക്ഷണത്തോടെയുള്ള നടപടികളായിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പോലും ചികിത്സിക്കുവാനുള്ള ആശുപത്രികളോ യാത്രാസൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. മലമ്പനിയും വസൂരിയും പിടിപെട്ട് പലരും മരിച്ചിരുന്നു. മിക്ക രോഗങ്ങൾക്കും ആശ്രയം ആയുർവേദനാട്ടുവൈദ്യന്മാരുടെ ചികിത്സയായിരുന്നു. മാതാളികുന്നേൽ വൈദ്യൻ, വട്ടക്കാവിൽ മാണിവൈദ്യൻ, പോട്ടശ്ശേരിൽ വേലായുധൻ വൈദ്യൻ, ഗോപാലപിള്ള വൈദ്യൻ ബാലചികിത്സക്ക് പ്രസിദ്ധനായിരുന്ന കുന്നേൽ വക്കൻ വൈദ്യൻ, ഗോവിന്ദൻ വൈദ്യൻ തുടങ്ങിയവരായിരുന്നു പ്രസിദ്ധരായ വൈദ്യന്മാർ. അലോപ്പതി ചികിത്സ ആവശ്യമായി വരുമ്പോൾ കാരിക്കോട് ഗവ. ആശുപത്രിയായിരുന്നു മിക്കവർക്കും ആശ്രയമായിരുന്നത്. 1940-നുമുമ്പ് കാളിയാർതോട്ടം ഡോക്ടറായിരുന്നു അലോപ്പതി ചികിത്സക്കുള്ള മറ്റൊരാശ്രയം. 1941ൽ കരിമണ്ണൂരിൽ സെന്റ് മേരീസ് ഹോസ്പിറ്റൽ രണ്ടുമുറികളോടുകൂടി പ്രവർത്തനം ആരംഭിച്ചു. 1962-ൽ ഗവ. ഡിസ്പെൻസറിയും പ്രവർത്തനം തുടങ്ങി. ഇതിനാവശ്യമായ സ്ഥലം സംഭാവന ചെയ്തത് പി.വി. ജോസഫ് പറയന്നിലം ആയിരുന്നു. ഇന്ന് 20 കിടക്കകളോടെ PHC ആയി മാറിയ ഈസ്ഥാപനത്തിന്റെ 1/3 ചെലവ് നാട്ടുകാർ സംഭാവന നൽകിയതാണ്. പഞ്ചായത്തിൽ ആദ്യമുണ്ടായിരുന്ന റവന്യൂ ഓഫീസ് പകുതിക്കച്ചേരി എന്ന് അറിയപ്പെട്ടിരുന്നു. ഇന്നത്തെ കോടിക്കുളം, വണ്ണപ്പുറം,

നെയ്യശ്ശേരി, ഉടുമ്പന്നൂർ, കരിമണ്ണൻ വില്ലേജുകൾ ചേരുന്നതായിരുന്നു കരിമണ്ണൂർ പകുതികച്ചേരിയുടെ പ്രവർത്തനമേഖല 1-11-1956ൽ പകുതികച്ചേരികൾ വിഭജിച്ച് വില്ലേജ് ഓഫീസുകളാക്കി. ഈ പഞ്ചായത്തിലെ ആദ്യ ഗവ: സ്ഥാപനം അഞ്ചൽ ആഫീസ് ആയിരുന്നു. ആദ്യത്തെ അഞ്ചൽമാസ്റ്റർ ശ്രീ. പി.ഒ. തോമസ് പറയന്നിലമായിരുന്നു. 1942ൽ കരിണ്ണൂരിൽ പോസ്റ്റ് ഓഫീസ് ആരംഭിച്ചു. ശ്രീ. എ.പി. പരമേശ്വരൻ നായരായിരുന്നു ആദ്യത്തെ പോസ്റ്റ് മാസ്റ്റർ.

1125 ചിങ്ങം 11ന് പകൽ 11 മണിക്ക് ചെലവ് മലയിൽ ഉണ്ടായി ഉരുൾപൊട്ടലിന്റെ ഫലമായി പലർക്കും ജീവഹാനിയും കൃഷിനാശവും സംഭവിക്കുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. റ്റി.കെ. നാരായണപിള്ള സംഭവസ്ഥലം സന്ദർശിക്കാനെത്തിയിരുന്നു. വലിയ നഷ്ടം സംഭവിച്ചവർക്ക് തൊമ്മൻകുത്ത് ഭാഗത്ത് പകരം ഭൂമി നൽകുകയും ചെയ്തു.

കരിമണ്ണൂർ പഞ്ചായത്ത് മതസഹിഷ്ണുതയുടെയും മതേതര സംസ്ക്കാരത്തിന്റെയും ഉത്തമമാതൃകയായി എന്നും നിലനിന്നിരുന്നു - നാനാജാതി മതസ്ഥർ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിച്ചിരുന്നു. വാങ്കുവിളികളുടെയും പള്ളിമണികളുടെയും ശംഖനാദത്തിന്റെയും ശബ്ദം ഇവിടുത്തെ അന്തരീക്ഷത്തിൽ എന്നും അലയടിച്ചിരുന്നു. ഈ പഞ്ചായത്തിലെ ആദ്യത്തെ പള്ളി നെയ്യശ്ശേരി കത്തോലിക്കാ പള്ളിയാണ്. പിന്നീട് കരിമണ്ണൂർ മുളപ്പുറം, പള്ളിക്കാമുറി, തൊമ്മൻകുത്ത് ചാലാശ്ശേരി പള്ളികൾ സ്ഥാപിതമായി. മുസ്ലീങ്ങളുടെ ആദ്യത്തെ ആരാധനാലയം നെയ്യശ്ശേരി പള്ളിയായിരുന്നു. പിന്നീട് കരിമണ്ണൂർ തൊമ്മൻകുത്ത് ചാലാശ്ശേരി എന്നിവിടങ്ങളിൽ തൈക്കാവുകളുണ്ടായി. വിവിധ മതവിശ്വാസികളാണെങ്കിലും നാടിന്റെ പൊതുനന്മക്കുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളിലും ഒരു മാലയിൽകോർത്ത പുഷ്പങ്ങൾപോലെ നമ്മുടെ പൂർവ്വികന്മാർ ഒരുമിച്ചു നിന്നിരുന്നു. അതിന്റെ ഫലമായി വിവിധങ്ങളായ സർക്കാർസ്ഥാപനങ്ങൾ മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ എന്നിവയെല്ലാം നമുക്ക് ലഭ്യമായി. നെയ്യശ്ശേരികുളം, കരിമണ്ണൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട്, ഗവ: പ്രൈമറി ഹെൽത്ത് സെന്റർ തുടങ്ങിയവയെല്ലാം നാട്ടുകാരുടെ സന്നദ്ധപ്രവർത്തനം വഴി ഉണ്ടായിട്ടുള്ളതാണ്. ഇന്നുള്ള P.W.D. റോഡുൾപ്പെടെ എല്ലാ റോഡുകളും നാട്ടുകാരുടെ സന്നദ്ധപ്രവർത്തനംവഴി ഉണ്ടായിട്ടുള്ളതാണ്. നാടിന്റെ വികസനത്തെക്കുറിച്ചുള്ള നമ്മുടെ പൂർവ്വികരുടെ സങ്കല്പങ്ങളും മാതൃകകളും ജനപങ്കാളിത്തത്തിൽ അധിഷ്ടിതമായിരുന്നു. ഈ ഉദാത്ത മാതൃക പിൻതുടർന്ന് കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുകയെന്നതാണ് ഇന്ന് നമ്മളിൽ അർപ്പിതമായിരിക്കുന്ന പ്രധാന കർത്തവ്യം.

ഗ്രാമസഭകളുടെ മുന്നോടിയായി നടത്തപ്പെട്ട വിളംബര ജാഥ

1953-ലാണ് കരിമണ്ണൂർ പഞ്ചായത്തിന്റെ ആദ്യത്തെ ഭരണസമിതി നിലവിൽ വന്നത്. ഓരോഭരണസമിതി അംഗങ്ങളുടെയും കാലഘട്ടവും പേരുവിവരങ്ങളും താഴെ കൊടുക്കുന്നു.

ആദ്യത്തെ ഭരണസമിതി അംഗങ്ങൾ

1.	ശ്രീ.	വി.എൽ. ചാക്കോ, വട്ടക്കാവിൽ,	പ്രസിഡന്റ്
2.	"	പി.സി. വർക്കി, പാറത്താഴത്ത്	മെമ്പർ
3.	"	അവിരാ പൈലി ആനിക്കൂട്ടത്തിൽ	"
4.	"	കെ.പി. മുഹമ്മദ് കിഴക്കയിൽ	"
5.	"	ടി.വി. ആഗസ്തി തെക്കേക്കുന്നേൽ	"
6.	"	എ.എം. ഐപ്പ് ആയത്തുപാടത്ത്	"
7.	"	പി.ജെ. ആഗസ്തി പൂവൻതുരുത്തിൽ	"
8.	"	പി.ഒ. തോമസ്, പറയന്നിലം	"
9.	"	ഉലഹന്നാൻ നെടിയപാല,	"
10.	"	എം.പി. പരമേശ്വരൻ നായർ	"

II 11-12-1963 മുതൽ 28-9-79 വരെ

1.	ശ്രീ	എം. എസ്. വർഗ്ഗീസ്, മാരാംകണ്ടത്തിൽ	പ്രസിഡന്റ് (2.1.1966 വരെ)
2.	"	റ്റി. എം. മൈക്കിൾ, തലാപ്പിള്ളിൽ	വൈസ് പ്രസിഡന്റ്
3.	"	എം.വി. മത്തായി മലേപ്പറമ്പിൽ	മെമ്പർ
4.	"	റ്റി.വി. ജോസഫ് തെക്കേക്കുന്നേൽ	"
5.	"	പി.വി. ജോർജ്ജ് പറയന്നിലം	"
6.	"	സി.എ. ആഗസ്തി ചീങ്കല്ലേൽ	"
7.	"	പി.ഒ. മാത്യു, തോട്ടത്തിമ്യാലിൽ	"
8.	"	സി.ജെ. ജോബ് ചെമ്പരത്തിക്കൽ	"
9.	"	എം.എം. ചാക്കോ മലേപ്പറമ്പിൽ	പ്രസിഡന്റ് (3-1-66 മുതൽ 28-9-79 വരെ
10.	"	വി.എൽ. തോമസ് വട്ടക്കാവിൽ	മെമ്പർ

III 29-9-1979 മുതൽ 30-10-1984 വരെ.

1.	ശ്രീ	ജോൺ ജോസഫ് കൊല്ലമ്മാട്ടേൽ	പ്രസിഡന്റ്
2.	ശ്രീ.	ബേബി മുണ്ടയ്ക്കൽ	വൈസ് പ്രസിഡന്റ്
3.	"	കെ. ജെ. വർഗീസ് കുന്നപ്പിള്ളിൽ	മെമ്പർ
4.	"	കെ.വി. ഫ്രാൻസീസ്, കുഴിക്കാട്ട്	"
5.	"	സി.വി. ജോൺ ചെമ്പരത്തിക്കൽ	"
6.	"	കെ.സി. ജോസഫ് കുഴിക്കാട്ടുമ്യാലിൽ	"
7.	"	പി.കെ. കൊച്ചെറുക്കൻ, പ്ലാക്കുളങ്ങര	"
8.	ശ്രീമതി	പി. എൻ ശാന്തമ്മാൾ, തെങ്ങനാൽ	"
9.	ശ്രീ	പി.വി. ജോർജ്ജ്, പള്ളിക്കുന്നേൽ	"

IV 5-2-1988 മുതൽ 9-9-91 വരെ

1.	ശ്രീ	ചെറിയാൻ മാത്യു, പൊന്നുംപുരയിടം,	പ്രസിഡന്റ്
2.	ശ്രീമതി	ചിന്നമ്മ ജോസഫ് പരിയാരത്ത്	വൈസ് പ്രസിഡന്റ്
3.	ശ്രീ	ജോസ് അബ്രഹാം അത്തിക്കൽ	മെമ്പർ
4.	"	ജോളി അഗസ്റ്റ്യൻ പുത്തൻപുരയിൽ	"
5.	"	കൃഷ്ണൻ ഓമല, പായിക്കാട്ട്.	"
6.	ശ്രീമതി	ഷേർളി കുര്യാക്കോസ് കളപ്പുരയ്ക്കൽ	"
7.	ശ്രീ	ജിജി. പി. ജോസ് പാറയ്ക്കൽ	"
8.	"	ഉലഹന്നൻ ഔസേഫ് തുറയ്ക്കൽ	"
9.	"	കെ.വി. തോമസ് വടക്കേവെട്ടുകല്ലേൽ	"

4



ഭൂപ്രകൃതിയും വിഭവങ്ങളും

സഹ്യപർവ്വതസാനുക്കളുടെ പടിഞ്ഞാറേ അറ്റത്തുള്ള മലനിരകളുടെ സാമീപ്യമുള്ള ഒരു പഞ്ചായത്താണ് കരിമണ്ണൂർ. ചെറുതും വലുതുമായിട്ടുള്ള കുന്നിൻപ്രദേശങ്ങളും അവയ്ക്കിടയിലെ താഴ്വര സമതലങ്ങളുമാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ പൊതുസ്വഭാവം. പഞ്ചായത്തിന്റെ തെക്കേ അറ്റത്തുള്ള ഉമ്മടക്കിൻതണ്ട്-കാരാപ്പിള്ളി മലകൾക്കും വടക്കേ അറ്റത്ത് നാരുംകാനം മലയ്ക്കും ഇടയ്ക്ക് സമതലങ്ങളെ വിഭജിച്ചുകൊണ്ട് നെല്ലിമലത്തണ്ടും, മനക്കത്തണ്ടും മിഷ്യൻ കുന്നും മരുതുംപറപാറയും, കണ്ണാടിപ്പാറയും സ്ഥിതിചെയ്യുന്നു. നിമ്നോന്നതമായ ഇവിടുത്തെ ഭൂപ്രകൃതിയും ഹരിതാഭമായ നെൽവയലുകളും കിഴക്കു പടിഞ്ഞാറായി ഒഴുകുന്ന മൂന്നിലേറെ പ്രധാനപ്പെട്ട തോടുകളും തൊമ്മൻകുത്ത് ഉൾപ്പെടുന്ന കണ്ണാടിയാറും, സമീപമുള്ള വനപ്രദേശങ്ങളും എല്ലാം ചേർന്ന് പ്രകൃതിമനോഹരമായ ഈ പഞ്ചായത്ത് ഇന്ന് ടൂറിസം ഭൂപടത്തിൽ സ്ഥാനംപിടിച്ചുകൊണ്ടിരിക്കുകയാണ്. ഈ പഞ്ചായത്തിലെ ആറാം വാർഡിന്റെ ഗണ്യമായൊരു പ്രദേശം സർക്കാർവക തേക്ക് പ്ലാന്റേഷനും മരുത് പ്ലാന്റേഷനുമാണ്. പഞ്ചായത്തിന്റെ കിഴക്കേ അതിര് ഉടമ്പന്നൂർ പഞ്ചായത്തും, പടിഞ്ഞാറേ അതിര് കോടിക്കുളം പഞ്ചായത്തും, തൊടുപുഴ നഗരസഭയും, തെക്കുഭാഗത്ത് ഇടവെട്ടി ആലക്കോട് പഞ്ചായത്തുകളും വടക്ക് വണ്ണപ്പുറം പഞ്ചായത്തും സ്ഥിതിചെയ്യുന്നു.

ഭൂപ്രകൃതി അനുസരിച്ച് കരിമണ്ണൂരിനെ 5 മേഖലകളായി തിരിക്കാം.

1. കുന്നിൻ മണ്ടയിലെ നിരന്ന പ്രദേശം
2. ചെറിയ ചെരിവുള്ള പ്രദേശം.
3. കൂടുതൽ ചെരിവുള്ള പ്രദേശം.
4. കുന്നുകൾക്കിടയിലുള്ള സമതലപ്രദേശം
5. പുഴകളും തോടുകളും.

പഞ്ചായത്തിലെ പ്രധാന കുന്നിൻ പ്രദേശങ്ങൾ

വാർഡ് 1 - ഉമ്മടക്കിൻതണ്ട്, കാരാപ്പിള്ളിമല
വാർഡ് 2 - ചന്തക്കുന്ന്, മനയ്ക്കത്തണ്ട്
വാർഡ് 3 - ശേഖരത്തുപാറ
വാർഡ് 4 - മാരാംപാറ, പുല്ലുമലത്തണ്ട്.
വാർഡ് 5 - മലമ്പറം തണ്ട്
വാർഡ് 6 - മിഷ്യൻകുന്ന്, പള്ളിക്കുന്ന്, നാരുംകാനം, കൊന്നക്കാമല
വാർഡ് 7 - കണ്ണാടിപ്പാറ, മരുതുംപറ പാറ
വാർഡ് 8 - തൊണ്ടിയാമല, വയലാത്തണ്ട, കുരിശുപാറ, ചാമപ്പാറ, ഇടുക്കട്ടിപ്പാറ
വാർഡ് 9 - നെല്ലിമലത്തണ്ട്.

പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ ഭാഗങ്ങൾ തൊമ്മൻകുത്തു ഭാഗത്തുള്ള നാരും കാനവും മുളപ്പുറം പള്ളിക്കുന്നും ഒന്നാം വാർഡിലുള്ള കാരാപ്പിള്ളി മലയുമാണ്. താഴ്വരകളിൽ കൂടുതൽ നെൽപ്പാടങ്ങളാണ്.

മൺ തരങ്ങൾ

കരിമണ്ണൂർ പഞ്ചായത്തിലെ 65ശതമാനം ഭാഗവും ലാറ്ററൈറ്റ് സോയിൽ (വെട്ടുകല്ല്-കലർന്നമണ്ണ്) ആണ്. 166 ഹെക്ടർ പ്രദേശത്ത് ചെളിമണ്ണാണ്. കുറച്ച് ഭാഗത്ത് വെള്ളാരൻ കല്ലുകളുള്ള ചരൽമണ്ണും ചിലയിടത്ത് മണൽമണ്ണുമാണ്. വനമണ്ണും കാണപ്പെടുന്നുണ്ട്.

(അവലംബം:- പഠനപര്യടനം, കൃഷി ഓഫീസ് ഡാറ്റ.)

വിഭവങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവ സമ്പത്ത് മനുഷ്യവിഭവം തന്നെ.1991ലെ സെൻസസ് കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 18812 ആണ്. ഇതിൽ 9318 പുരുഷന്മാരും 9494 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 176 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 3678.

ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 564.4 ആണ്. ആറ് വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2138 ആണ് ഇതിൽ 1078 പേർ ആൺകുട്ടികളും 1060 പേർ പെൺകുട്ടികളുമാണ്. പട്ടികജാതി ജനസംഖ്യ 843 ആണ്. അതിൽ 400 പുരുഷന്മാരും 443 സ്ത്രീകളും ഉണ്ട്. ആകെ ജനങ്ങളിൽ 15627 പേർ സാക്ഷരരാണ്. ഇതിൽ 7892 പുരുഷന്മാരും 7735 സ്ത്രീകളും ആകുന്നു. ബിരുദവും ബിരുദാനന്തരബിരുദവും നേടിയ ധാരാളംപേർ നമ്മുടെ പഞ്ചായത്തിൽ തൊഴിലന്വേഷകരായുണ്ട്. സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ച് തൊഴിൽ സൗകര്യത്തിനുവേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണവും വളരെയധികമാണ്. '91-ലെ സെൻസസ് പ്രകാരം 4308 പുരുഷന്മാരും 3145 സ്ത്രീകളും അധ്വാനശേഷി വിനിയോഗിക്കപ്പെടാൻ അവസരം ലഭിക്കാത്തവരാണ്. രൂക്ഷമായ തൊഴിലി

ല്ലായ്മക്ക് പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണ്. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനംകൊണ്ടാണ് ഭൂരിഭാഗം കുടുംബങ്ങളും ജീവിക്കുന്നത്. സേവനത്തുറകളിൽ ജോലിചെയ്യാനുള്ള യുവതലമുറയുടെ അമിതമായ ആമുഖ്യവും ഇതരമേഖലകളെ അപേക്ഷിച്ച് കാർഷികമേഖല ആദായകരമല്ലാതാകുന്നതും കാർഷികവൃത്തിക്ക് വേണ്ടത്ര മാന്യതയില്ലെന്ന ഇളം തലമുറയുടെ മിഥ്യാധാരണയും തിരുത്തപ്പെടേണ്ടത് നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിക്ക് അനിവാര്യമായിരിക്കുന്നു.

ഒരു കാലത്ത് ഇവിടെ ജാതിപരമായ ഉച്ചനീചത്വങ്ങളും വിവേചനങ്ങളും നിലനിന്നിരുന്നുവെങ്കിലും S.N.D.P. പോലുള്ള സാമുഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടേയും ദേശീയപ്രസ്ഥാനത്തിന്റേയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റേയും ക്രിസ്ത്യൻ മിഷനറിമാരുടേയും പ്രവർത്തനഫലമായി ഈ പഞ്ചായത്തിലെ ജനങ്ങൾ മതനിരപേക്ഷ സംസ്ക്കാരത്തിന്റെ ഉന്നത മാതൃക കാത്തുസൂക്ഷിക്കുന്നു.

ജലലഭ്യതയുടെ കാര്യത്തിൽ ഈ പഞ്ചായത്ത് വേണ്ടത്ര സമ്പന്നമല്ല. വർഷത്തിൽ ശരാശരി 347.5 മി.മി. മഴ ലഭിക്കുന്നുണ്ട്. ജൂൺ-ജൂലൈ മാസങ്ങളിലാണ്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

മാസങ്ങൾ	1995ൽ ലഭിച്ച മഴ	1996ൽ ലഭിച്ച മഴ	ഇടുക്കി ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ
ജനുവരി	1 mm	16 mm	0
ഫെബ്രുവരി	34 mm	10 "	42.4
മാർച്ച്	33 "	3 "	23.4
ഏപ്രിൽ	130.5 "	196 "	107.5
മെയ്	548.0 "	163 "	141.0
ജൂൺ	693.0 "	573 "	562.3
ജൂലൈ	731.0	936 "	910.3
ആഗസ്റ്റ്	981.0 "	680 "	527.5
സെപ്തംബർ	453.0 "	611 "	165.3
ഒക്ടോബർ	277.0	851 "	440.3
നവംബർ	289.0 "	360 "	137.4
ഡിസംബർ	Nil	-	31.3
ശരാശരി മഴ	347.5 mm	399.9 mm	257.3

അവലംബം: കരിമണ്ണൂർ സ്വീഡ് ഫാമിലെ വർഷമാപിനിയിൽ രേഖപ്പെടുത്തിയത്

അവലംബം ലാന്റ് റിസോഴ്സ് ഓഫ് കേരളാ സ്റ്റേറ്റ്.

ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന വേളൂർപുഴ ഇരുകൂട് എന്ന സ്ഥലത്തുവച്ച് കണ്ണാടിയാറുമായി ചേരുകയും കാളിയാർ പുഴയായി പടിഞ്ഞാറോട്ട് ഒഴുകുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ തെക്കേ അറ്റത്തുകൂടി ഒഴുകുന്ന കരിമണ്ണൂർതോട് ചെപ്പുകുളം മലയിൽനിന്നും ഉത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകി കാളിയാർ പുഴയിൽ ചേരുന്നു. പഞ്ചായത്തിലെ 5, 6, 7 വാർഡുകളിലൂടെ കടന്നുപോകുന്ന ചൂളയ്ക്കാട്ട് തോട് നമ്മുടെ പഞ്ചായത്തിലെ ജലസമ്പത്തിന്റെ പ്രധാന സ്രോതസ്സാണ്. ചെറുതും വലുതുമായ പതിമൂന്ന് തോടുകൾ ഉണ്ടെങ്കിലും തടയണകൾ ഇല്ലാത്തതുകൊണ്ട് ഇവയിലെ ജലസമ്പത്ത് നമ്മുടെ പഞ്ചായത്തിന് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. തോടുകൾ കൂടാതെ 9 പഞ്ചായത്തുകുളങ്ങളും സ്വകാര്യവ്യക്തികളുടെ 40 കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതെല്ലാംകൂടി ഉൾപ്പെടുന്നതാണ് നമ്മുടെ ആകെ ജലസ്രോതസ്സുകൾ. ഭൂഗർഭജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനായി മൂന്ന് കുഴൽക്കിണറുകൾ നമ്മുടെ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്.

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഒട്ടേറെ പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. കുന്നിൻപ്രദേശങ്ങളും ചരിവുകളും ഉൾക്കൊള്ളുന്ന മാറാംപാറ, കണ്ണാടിപ്പാറ, കുരിശുപാറ, ശേഖരത്തുപാറ, ഉമ്മടക്കിൻതണ്ട്, നെല്ലിമലത്തണ്ട്, മിഷ്യൻകുന്ന് എന്നീ പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശമാണ്. മൊത്തത്തിൽ നോക്കിയാൽ നമ്മുടെ പഞ്ചായത്ത് കുടിവെള്ളക്ഷാമമുള്ള പ്രദേശമാണ്. കാർഷികരംഗത്ത് റബ്ബർകൃഷി മുഖ്യസ്ഥാനം നേടുകയും പാടങ്ങൾ നികത്തി പുരയിടക്കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യുന്നതുമൂലം കിണറുകളിലെ ജലനിരപ്പ് താഴുകയും കുടിവെള്ള ക്ഷാമം ഓരോവർഷവും കൂടുതൽ രൂക്ഷമാകുകയും ചെയ്യുന്ന

സാഹചര്യമാണുള്ളത്. വേനൽക്കാലത്ത് ഇടമുറിയാതെ വെള്ളമൊഴുകുന്നതായി വേളൂർപുഴയും കണ്ണാടിപ്പുഴയും മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. എന്നാൽ ചെറുതും വലുതുമായ 13 തോടുകളിലൂടെ വർഷക്കാലത്ത് ധാരാളം വെള്ളം ഒഴുകിപ്പോകുന്നുണ്ട്. ആവശ്യാനുസരണം ഇവയിൽ തടയണകൾ നിർമ്മിക്കുവാൻ സാധിച്ചാൽ പഞ്ചായത്തിന്റെ ജലപ്രകൃതിയിൽ സാരമായ മാറ്റം വരുത്തുവാൻ കഴിയും.

ജലസമ്പത്ത് - കുളങ്ങൾ സംബന്ധിച്ച വിവരം

വാർഡ്	പൊതുകുളങ്ങൾ	സ്വകാര്യകുളങ്ങൾ
I	വേനപ്പാറകുളം	2
II	മനയ്ക്കത്തണ്ട് കുളം	3
	മനയ്ക്ക കുളം	
III	മംഗലംപാടം കുളം	4
IV	പന്നൂർ കുളം	7
	വേമ്പനാട്ട് കുളം	
V	മനയ്ക്കപാടം	1
VI	-	11
VII	നെയ്യശ്ശേരി കുളം	6
VIII	മുണ്ടയ്ക്കൽ കുളം	5
	ഏഴുമുട്ടം സ്കൂൾ കുളം	
IX	-	1

ജലസമ്പത്ത് - പുഴകൾ തോടുകൾ സംബന്ധിച്ച വിവരം

ക്രമ നമ്പർ	പേര് (ഇനം)	കടന്നുപോകുന്ന വാർഡുകൾ	ചെക്ക് ഡാം ചിറകൾ
I	പുഴകൾ		
1	കണ്ണാടിയാറ്	VI	ഇല്ല
2	വടക്കനാറ് (കാളിയാർ പുഴ)	VI	ഇല്ല
II	തോടുകൾ		
1	പന്നൂർ-കരിമണ്ണൂർ തോട്	I, IV, IX	3
2	കിളിയറ തോട്	I, VIII, IX	1
3	തോയൽ തോട്	II, I	-
4	കണ്ണംതാവ് തോട്	II	-
5	ചുളയ്ക്കാട്ടു തോട്	III, V, VI, VII	1
6	വാഴച്ചേരി തോട്	V	
7	കാരാംതോട്	VI	-
8	വില്ലാറം തോട്	VI	1
9	നാല്പതേക്കർ തോട്	VI	-
10	അണ്ണായിക്കണ്ണം-ഏഴുമുട്ടം തോട്	VIII	4
11	പേന്താനം തോട്	VIII	-
12	ചെറുതോട്	IX	1
13	മുക്കം തോട്	VII	-

5

വികസന മേഖലകൾ
അവലോകനം

5-1. കൃഷിയും ജലസേചനവും

കരിമണ്ണൂർ പഞ്ചായത്ത് ഒരു കുടിയേറ്റ മേഖല യാണ്. 200 വർഷത്തിന് മുൻപും 200-150 വർഷ ത്തിനിടയിലും 150-75 വർഷത്തിനിടയിലും കുടി യേറ്റം നടന്നു.

തൊമ്മൻകുത്തു പ്രദേശം പിന്നീടുള്ള കുടിയേറ്റ മേഖലയാണ്. അധികഭക്ഷ്യോല്പാദന പദ്ധതിപ്രകാ രവും ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം കൊടുക്കാൻ വേണ്ടിയും ഗവർമെന്റ് വിതരണം ചെയ്ത ഭൂമിയിലാണ് പിന്നീട് കുടിയേറ്റം നടന്നത്.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഇവിടെ പ്രധാനമായും ചെയ്തിരുന്നത് നെൽകൃഷിയാണ്. പാട ശേഖരങ്ങളിൽ മാത്രമല്ല, കരപ്രദേശങ്ങളിലും വ്യാപ കമായി നെൽകൃഷി ചെയ്തിരുന്നു. വിരിപ്പ് കൃഷി എന്ന പേരിലാണ് കരകൃഷി അറിയപ്പെട്ടിരുന്നത്.

ചാമ, വരക്, മുതിര, തുവര, തുടങ്ങിയവ നല്ല തോതിൽ കൃഷി ചെയ്തിരുന്നു.

കപ്പ, കാച്ചിൽ, ചെറുകിഴങ്ങ്, നനകിഴങ്ങ്, ചേമ്പ്, ചേന, മധുരകിഴങ്ങ്, തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ തന്നാണ്ടൻ നാണ്യവിളകളും വിവിധയിനം വാഴകളും വിപുലമായി കൃഷിചെയ്തിരുന്നു. തെരുവപ്പുൽകൃഷിയും അതു വാറ്റി പുൽതൈലം എടുക്കലും പ്രചുരപ്രചാരത്തിൽ ഉണ്ടായിരുന്നു. തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, തുടങ്ങിയ ദീർഘകാല വിളകളും സുലഭമായിരുന്നു.

കർത്താര്യൻ, വടക്കനാര്യൻ, കൂട്ടുമുണ്ടകൻ, ചെമ്പാവ്, പൊന്നാര്യൻ, വെള്ളമുണ്ട, കാറ്റാടി, ചൊമ ന്നാര്യമുണ്ട, തുടങ്ങിയ വിത്തിനങ്ങൾ നിലങ്ങളിലും മോഡൻ, വെള്ളാരൻ, പെരുവാഴ, കുരീക്കണ്ണൻ, പടു കുഴിയൻ തുടങ്ങിയ വിത്തുകൾ വിരുപ്പുകൃഷിക്കും ഉപയോഗിച്ചിരുന്നു. മഴയെമാത്രം ആശ്രയിച്ചായിരുന്നു നെൽകൃഷി. ജൈവവളങ്ങൾ മാത്രമാണ് അന്ന് ഉപ യോഗിച്ചിരുന്നത്. അന്നത്തെ വിത്തിനങ്ങൾക്ക് രോഗ പ്രതിരോധശേഷി ഉണ്ടായിരുന്നു. കീടനാശിനികൾ ഒട്ടും ഉപയോഗിച്ചിരുന്നില്ല. ചാഴി തുടങ്ങിയ കീടങ്ങളെ നേരിടാൻ ഇന്തിൻ ചക്ക, തെരുവപ്പുല്ല് തുടങ്ങിയവ ഉപയോഗിച്ചിരുന്നു.

തോടുകളിൽനിന്നും പാഠശേഖരങ്ങളിലേക്ക് വെള്ളം തിരിച്ചുവിടുന്നതിനുവേണ്ടി ചിറകെട്ടിയും കുളങ്ങൾ കുഴിച്ച് തേക്കുകൊട്ട ഉപയോഗിച്ച് തേകിയും നനക്കുന്ന രീതി ഉണ്ടായിരുന്നു. എലികളെ നശിപ്പിക്കുന്നതിന് ഇല്ലിക്കുമ്പ കെണി, എലിപ്പെട്ടി, അടിച്ചിൽ, എലിക്കത്രിക, കലകെണി എന്നിവ ഉപ യോഗിച്ചിരുന്നു.

ചുക്ക്, കുരുമുളക്, മഞ്ഞൾ തുടങ്ങിയ മലഞ്ച രക്കുകൾ വിറ്റഴിക്കുന്നതിന് ആലപ്പുഴയുമായി നമ്മുടെ പ്രദേശം കച്ചവടബന്ധം പുലർത്തിയിരുന്നു. സംസ്ക രിച്ച അടക്കാപാക്കിന്റെ കച്ചവടം പാലായിലും പാല ക്കാട്ടുമാണ് നടന്നിരുന്നത്. ഇന്നത്തെക്കാൾ സ്വാധീനം കർഷകർക്കന്ന് സമൂഹത്തിൽ ഉണ്ടായിരുന്നു. കൃഷി യുമായി ബന്ധപ്പെട്ട് കുളങ്ങളും തോടുകളും നിർമ്മിച്ചും സംരക്ഷിച്ചു. പോന്നിരുന്ന പഴയ രീതി കൾക്ക് മാറ്റം വന്നിരിക്കുന്നു. പഴയതോടുകളും കുള ങ്ങളും മണ്ണിടിഞ്ഞ് നികന്ന് പോയ്ക്കൊണ്ടിരിക്കുന്നു.

അതിരുകളിലും ഭൂമിയുടെ ചെരിവ് അനുസരിച്ച് ഇടക്കിടക്കും കല്ലുകയ്യാലവച്ച് മണ്ണൊലിപ്പ് തടയുന്ന രീതി പണ്ടുമുതലേ കൃഷിക്കാർ സ്വീകരിച്ചു വന്നി രുന്നു.

വന്യമൃഗങ്ങളോടും മലമ്പനി, ടൈഫോയ്ഡ്, വസൂരി മഞ്ഞപ്പിത്തം തുടങ്ങിയ മാരകരോഗങ്ങളോടും മല്ലടിച്ചുകൊണ്ടായിരുന്നു ജീവിതം നയിച്ചിരുന്നത്.

രോഗംമൂലം ആവർത്തനകൃഷി വിജയിക്കാത്തതു കൊണ്ടും കുരുമുളകു കൃഷി പൂർണ്ണമായും നശിച്ചു. ലാഭകരമല്ലാതിരുന്നതുകൊണ്ടും റബ്ബറിന്റെ കടന്നുക യറ്റം മൂലവും കശുമാവ് കൃഷി പാടെ ഇല്ലാതായി. ഉല്പന്നത്തിന്റെ വിലയിടിവും രോഗബാധയും മൂലം തെങ്ങ്, കമുക്, കൃഷികൾ വളരെ കുറഞ്ഞുവന്നു. അടക്കാ സംസ്ക്കരിക്കുന്നതിനുള്ള പാക്കട്ടികൾ നാമാ വശേഷമായി.

ആദ്യകാലത്ത് കൃഷിഭൂമിയിൽ ഒരുഭാഗം ജന്മി മാരുടെ വകയും ഭൂരിഭാഗം ഭണ്ഡാരം (പണ്ടാരപ്പാട്ടം) വകയുമായിരുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളിലൂടെ

കരിമണ്ണൂർ പഞ്ചായത്ത് പൊതുവിൽ കുന്നുകളും ചെരുവുകളും പാടശേഖരങ്ങളും ചേർന്ന ഭൂപ്രദേശ മാണ്. വനംവകുപ്പിന്റെ തേക്കുപ്ലാന്റേഷനും സ്വാഭാ വികവനവും ഈ പഞ്ചായത്തിലുണ്ട്.

ഫലപുഷ്ടി കുറഞ്ഞ വെട്ടുകല്ലുമണ്ണാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ചെരിവു പ്രദേശങ്ങളിൽ വെള്ളാരം കല്ലുചേർന്ന ചരൽമണ്ണും ഉണ്ട്.

എല്ലാമാസവും വെള്ളം സുലഭമായി ലഭിക്കുന്ന കണ്ണാടിയാറും വടക്കനാറും ഇരുകൂട്ട് എന്നസ്ഥലത്തു വച്ചു ചേർന്ന് കാളിയാർപുഴ എന്ന പേരിൽ ഈ പഞ്ചാ യത്തിന്റെ വടക്കുഭാഗത്തുകൂടി കിഴക്കു-പടിഞ്ഞാറായി

ഒഴുകുന്നു. ഇതിനുപുറമെ രണ്ടുവലിയ തോടുകളും പതിനൊന്ന് ചെറിയ തോടുകളും ഈ പഞ്ചായത്തിൽകൂടി ഒഴുകുന്നുണ്ട്. വലിയ തോടുകളിൽ ഫെബ്രുവരി മാർച്ചുവരെയും ചെറിയ തോടുകളിൽ ഡിസംബർ -ജനുവരി വരെയും വെള്ളം ലഭിക്കാറുണ്ട്. വലുതും ചെറുതുമായ എല്ലാ തോടുകളും അവസാനം കാളിയാർ പുഴയിൽ ചേരുന്നു. കരിമണ്ണൂർ തോട്ടിൽ കുറ്റിച്ചിറ കമ്പിപ്പാലം, പ്ലാത്തോട്ടം, കുറുമ്പാലമറ്റം എന്നീ നാലുചിറകളും ചൊളക്കാട്ടുതോട്ടിൽ മത്തുങ്കൽ, കുളൂർക്കുഴി, വാഴേൽ എന്നീ 3 ചിറകളും കിളിയറതോട്ടിൽ മാതാളി കുന്നേൽ ചിറയും കാരാംകോട്ടിലും ചെറുതോട്ടിലും ഓരോ ചിറകളും ഉണ്ട്. ഇതിൽ കമ്പിപ്പാലം, ചെറുതോട് എന്നിവക്ക് പലക ഇട്ടിട്ടുണ്ട്. വെള്ളം തിരിച്ചുകൊണ്ടുപോയി ഉപയോഗിക്കുന്നു. ബാക്കിയുള്ള ചിറകളിൽ പലകകൾ ഇല്ലാത്തതിനാലും അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ടും ഉപയോഗപ്രദമല്ല.

പഞ്ചായത്തിൽ 15 പൊതുകുളങ്ങളും ഏതാനും സ്വകാര്യ കുളങ്ങളും വറ്റാത്തവയായുണ്ട്.

റബ്ബർ, തെങ്ങ്, കമുക്, കൊക്കോ, കുരുമുളക്, നെല്ല്, എന്നിവ മുഖ്യ വിളകളാണ്. പാടങ്ങളിൽ നെല്ല്, പയർ, എള്ള്, കന്നാര, കപ്പ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നു.

പഞ്ചായത്തിൽ പൊതുവിൽ മണ്ണുപരിശോധന നടത്തിയിട്ടില്ല. മണ്ണിന്റെ വളക്കുറവ്, ജലദൗർലഭ്യം, മണ്ണൊലിപ്പ്, രൂക്ഷമായ രോഗബാധ എന്നിവമൂലം തെങ്ങുകൃഷി മൊത്തത്തിൽ മോശമാണ്. ജലസേചനം ആവശ്യമുള്ള ഒരു വിളയാണ് തെങ്ങെന്ന ധാരണ കർഷകർക്കിടയിൽ വേണ്ടത്രയില്ല.

റബ്ബർ കൃഷി കൂടുകയും തെങ്ങും നെല്ലും ക്രമാതീതമായി കുറയുകയും ചെയ്യുന്നു. രാസവളം കൂടുതലായും ജൈവവളം നാമമാത്രമായും ഉപയോഗിക്കുന്നു.

ജലസേചനസൗകര്യം വർദ്ധിപ്പിച്ചും കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റിയും ഉല്പാദനശേഷിയുള്ള വിത്തുകൾ നട്ടുപിടിപ്പിച്ചും രോഗനിവാരണമാർഗ്ഗങ്ങൾ സ്വീകരിച്ചും മണ്ണൊലിപ്പ് തടഞ്ഞും തെങ്ങുകൃഷി പുനരുദ്ധരിക്കണമെന്ന് നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

കന്നാര, വാഴ, പച്ചക്കറി, ഇഞ്ചി എന്നീ ഇടവിളകളും, റബ്ബർ, കമുക്, തെങ്ങ് തുടങ്ങിയ ദീർഘകാല വിളകളും ലാഭകരമാണെന്ന് ഗ്രാമസഭകൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ പത്തു വർഷക്കാലത്തിനുള്ളിൽ ഏകദേശം 35 ശതമാനം നിലങ്ങളിലും നെൽകൃഷി ഇല്ലാതായിട്ടുണ്ട്. ലാഭകരമല്ലാത്തതും കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ലാത്തതും ജലസേചനത്തിന്റെ അപര്യാപ്തതയും വളത്തിന്റെ ക്രമാതീതമായ വിലവർദ്ധനവുമാണ് നെൽകൃഷി കുറയാൻ കാരണം.

ഉമ്മടക്ക്, കൊക്കലം, മരിങ്ങാട്ടറ, കണ്ണോത്തുകാവ്, പടിക്കപ്പാടം, മനക്കപ്പാടം, മണ്ണാറത്തറ, മംഗലംപാടം, കുരുമ്പുപാടം, വെള്ളരിക്കണ്ടം. കുറ്റിച്ചിറ, കളമ്പാകുളം, പുതുക്കൊള്ളിപ്പാടം, ഇടയ്ക്കപ്പാടം, നരിക്കുഴി, വരകണ്ടം, കാരാംകോട്, മുളപ്പുറം, പനനിയ്ക്കും തൊട്ടി, മേവള്ളിപ്പാടം, നമ്പ്യാർകണ്ടം, ആനിക്കുഴപ്പാടം, കൊടുവേലിപ്പാടം, ഏഴുമുട്ടം പാടം, ചാലാശ്ശേരിപ്പാടം, പഴുക്കാടിപ്പാടം, കുളമ്പേൽപ്പാടം, ചിറകണ്ടം തുടങ്ങിയ പാടശേഖരങ്ങൾ കാലാവസ്ഥയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്നവയാണ്. ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല.

കൃഷിഭവനിൽ നിന്ന് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും ലഭിക്കുന്നില്ലെന്ന് ഒൻപതു ഗ്രാമസഭകളും അഭിപ്രായപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ ചേമ്പുകണ്ടം ഒഴികെ മറ്റൊരിടത്തും നീർക്കെട്ട് അനുഭവപ്പെടുന്നില്ല.

ഭൂവിനിയോഗം

കേരളത്തിൽ ആളോഹരി ഭൂമിയുടെ വിസ്തീർണ്ണം 0.07 ഹെക്ടർ ആണ്. ഇത് പഞ്ചായത്തിൽ 0.19 ഹെക്ടർ ആകുന്നു.

ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ള കൃഷിക്കാരാണ് ഇവിടെ ഭൂരിഭാഗവും.

പട്ടിക - I

കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങൾ

(Reg: അടിസ്ഥാന വിവര രജിസ്ട്രർ, കൃഷിഭവൻ കണക്ക്)

ഇനം	വിസ്തീർണ്ണം
നിലം	166 (hector)
പുരയിടം	3319 "
പുറമ്പോക്ക്	-
കൃഷിയോഗ്യ തരിശ്	53.5 "
കൃഷിയോഗ്യമല്ലാത്ത തരിശ്	48.6 "
ആകെ	3587.1 "



പട്ടിക - II

കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് വിള വിസ്തീർണ്ണവും ഉൽപാദനവും

കൃഷിഭവൻ കണക്ക്: Reg: അടിസ്ഥാന വിവരം രജിസ്റ്റർ

വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം	ഉത്പാദന ക്ഷമത ഹെക്ടർ
നെല്ല്. ഒന്നാംവിള	166 (Hect.)	464800	2800
നെല്ല് രണ്ടാംവിള	166	581000	3500
നെല്ല് മൂന്നാംവിള	-	-	-
പയർ	50	60000	1200
എള്ള്	5	1000	200
പച്ചക്കറികൾ	12	36000	3000
തെങ്ങ്	762	13716000	18000
വാഴ	150	750000	5000
മരച്ചീനി	150	2250000	15000
കുരുമുളക്	25	75000	3000
പ്ലാവ്	10	200000	20000
കശുമാവ്	8	14600	1800
മാവ്	5	25000	5000
റബ്ബർ	1380	1104,000	5000
കമുക്	60	300000	800
ഇഞ്ചി	50	200000	4000
മഞ്ഞൾ	35	105000	3000

പട്ടിക - III

ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച വിവരം

കരിമണ്ണൂർ - നെയ്യശ്ശേരി

വില്ലേജ് രജിസ്റ്ററിലെ കണക്ക് _

വില്ലേജിന്റെ പേര്	1-10 സെന്റ്	10 മുതൽ 25 സെന്റ് വരെ	25 മുതൽ 50 സെന്റ് വരെ	50 മുതൽ 100 വരെ	1 മുതൽ 2 ഏക്കർ വരെ	2 മുതൽ 5 ഏക്കർ വരെ	5 ഏക്കറിനു മേലേ.
കരിമണ്ണൂർ	683	710	754	808	708	493	73
നെയ്യശ്ശേരി	462	391	421	702	582	564	66
ആകെ	1145	1101	1175	1510	1290	1057	139

പട്ടിക - IV

കൃഷിഭവൻ കണക്ക്

നടീൽ വസ്തുവിവരം

ഇനം	93-94	94-95	95-96
തെങ്ങ്	1178	875	625
കശുമാവ്	-	-	-
കുരുമുളക്	3500	3000	3000
കവുങ്ങ്	150	-	-
കൊക്കോ	100	650	-
ജാതി	222	75	50
നെല്ല്	1170 (K.g)	1626 (K.g.)	670 (K.g)
മാവ്	222	75	250

മുഖ്യവിള ഇപ്പോൾ റബ്ബറാണ്. രണ്ടാമത്തേത് തെങ്ങും. യഥാക്രമം നെല്ല്, വാഴ, കൊക്കൊ, കമുക്, മരച്ചീനി എന്നീ കൃഷികൾക്കും സ്ഥാനം കല്പിക്കാം. അടുത്ത കാലത്തായി പ്രചാരം സിദ്ധിച്ച ഇടവിളയാണ് കന്നാര. ആകർഷകമായ വില കിട്ടിത്തുടങ്ങിയതോടെ കുരുമുളകു കൃഷി തിരികെ വന്നു തുടങ്ങിയിട്ടുണ്ട്. കപ്പ, വാഴ, ചേന, ചേമ്പ് തുടങ്ങിയ വിളകൾ ഇപ്പോഴും നല്ല രീതിയിൽ കൃഷി ചെയ്യുന്നുണ്ട്. വർഷപാതത്തിന്റെ ഏറ്റക്കുറച്ചിലും കാലവർഷത്തിന്റെ വ്യതിയാനങ്ങളും മൂലം നെൽകൃഷി താമസിച്ചു പോകുന്നതു കാരണം പാടങ്ങളിലെ പയർകൃഷി കുറഞ്ഞുവരുന്നു. അടുത്തകാലത്ത് പ്രസിദ്ധവും ഉല്പാദനക്ഷമവുമായ കുഞ്ഞൂഞ്ഞ് വിത്ത് ഈ പഞ്ചായത്തിലെ കൃഷിക്കാരനായ ശ്രീ. അത്തിക്കൽ കുഞ്ഞൂഞ്ഞ് വികസിപ്പിച്ചെടുത്തതാണ്.

കൃഷിപ്പണി

സ്വയം കൃഷിപ്പണിയിൽ ഏർപ്പെടുന്ന കൃഷിക്കാരുടെ എണ്ണം താരതമ്യേന കുറഞ്ഞുവരികയാണ്. മറ്റു തൊഴിലുകളെ അപേക്ഷിച്ച് കൃഷി ലാഭകരമല്ലാത്തതുകൊണ്ടും കായികാദ്ധ്വാനത്തിന്റെ മാന്യത സമൂഹം അംഗീകരിക്കാത്തതുകൊണ്ടുമാണ് ഈ ദുഃസ്ഥിതി വന്നത്. ഭൂമിയിൽ സ്വന്തമായി പണിയെടുക്കുന്ന കർഷകർ ഏതാണ്ട് 30-35% വരും.

കർഷക തൊഴിലാളികൾക്ക് പൊതുവിലും പ്രത്യേകിച്ച് നെൽകൃഷി മേഖലയിലും ദൗർലഭ്യമുണ്ട്. ഏകദേശം പുരുഷന് 100 രൂപയും സ്ത്രീക്ക് 60 രൂപയും ദിവസക്കൂലി നിലവിലുണ്ട്. തെങ്ങുകയറ്റത്തിന് തെങ്ങൊന്നിന് 3 രൂപയും ടാപ്പിങ്ങിന് റബ്ബർ മരമൊന്നിന് 25 പൈസയും ഞാറുനടീലിന് പ്രതിദിനം 75 രൂപയും കൂലി നിലവിലുണ്ട്.

രോഗങ്ങളും കീടബാധയും

തണ്ടുതുരപ്പൻ, ഓലകരിച്ചിൽ, മൂഞ്ഞ, ഓലപ്പേൻ, മഞ്ഞളിപ്പ്, ചാഴി ബാധ, എന്നീ രോഗങ്ങൾ നെല്ലിനും കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലകരിച്ചിൽ, എന്നീ രോഗങ്ങളും കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയുടെ ഉപദ്രവവും തെങ്ങിനും ഇടക്കുത്തൻ, ചീക്ക്, പട്ടമരപ്പ് തുടങ്ങിയവ റബ്ബറിനും മാഹാളി, കൂമ്പടപ്പ് എന്നിവ കമുകിനും കുറുനാമ്പ്, തണ്ടുതുരപ്പൻ, മാണപ്പുഴു എന്നിവ വാഴയ്ക്കും മൂടുചീയൽ, നര, തണ്ടുതുരപ്പൻ എന്നിവ ഇഞ്ചിക്കും കായ്ചീയൽ കൊക്കൊയ്ക്കും വിപുലമായി കണ്ടുവരുന്നു.

കൃഷി ഭവൻ പ്രവർത്തനം

1975ൽ ഊർജ്ജിത നെൽകൃഷി കേന്ദ്രം ആരംഭിച്ചതോടെയാണ് നമ്മുടെ പഞ്ചായത്തിൽ കൃഷി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ആരംഭിച്ചത്. 1983ൽ കൃഷി വികസന ഓഫീസായി ഇത് മാറി. 1988-ൽ എല്ലാ പഞ്ചായത്തുകളിലും കൃഷിഭവൻ ആരംഭിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി നമ്മുടെ കൃഷിഭവൻ നിലവിൽ വന്നു. ഇളംദേശം ബ്ലോക്കിന്റെ 7 പഞ്ചായത്തുകളിലേയും കൃഷി ഭവനുകളുടെ ഭരണപരവും സാങ്കേതികവുമായ നേതൃത്വം കൊടുക്കുന്നതിന് ഒന്നാം ശ്രേണിയിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് 1989-ൽ പ്രവർത്തനം ആരംഭിച്ചു. 60 കളിൽ സംസ്ഥാന വിത്തുൽപാദനകേന്ദ്രം കിളിയറയിൽ പ്രവർത്തിച്ചു തുടങ്ങി.

കാർഷിക പുരോഗതിക്ക് എല്ലാവിധ സഹായങ്ങളും നിർദ്ദേശങ്ങളും നൽകേണ്ട ഈ സ്ഥാപനം പ്രതീക്ഷയ്ക്കനുസരിച്ച് പ്രവർത്തനക്ഷമമായിട്ടില്ല. മേലധികാരികൾക്കുള്ള 100കൂട്ടം റിപ്പോർട്ട് എത്തിക്കലിൽ കുടുങ്ങിക്കിടക്കുന്ന ഓഫീസിനെ ഇതിൽനിന്ന് മോചിപ്പിക്കേണ്ടതാണ്.

കൃഷിഭവന്റെ നടപ്പു പദ്ധതികൾ

കുരുമുളകു കൃഷിയുടെ പുനരുദ്ധാരണത്തിന് രണ്ടു പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഒന്ന് പുതിയ കൃഷിത്തോട്ടം നട്ടുപിടിപ്പിക്കുന്നതിനും മറ്റൊന്ന് ആവർത്തനകൃഷിക്കും.

ഇഞ്ചികൃഷിയുടെ വികസനത്തിന് മൂന്നു സ്കീമുകൾ നടപ്പാക്കിവരുന്നു.

(1) കൃഷിസ്ഥലം വിസ്തീർണ്ണപ്പെടുത്തുന്നതിന്.
(2) കീടബാധ നേരിടുന്നതിന്.
(3) കൃഷിക്കാരെ വ്യക്തിപരമായി പ്രോത്സാഹിപ്പിക്കുന്നതിന്.

മഞ്ഞൾ കൃഷിക്കും പ്രോത്സാഹനം നൽകുന്നുണ്ട്. ദ്രുതവാട്ടത്തിന് മരുന്നുതളിയും മണ്ണൊലിപ്പു നിവാരണ നടപടിയും നിലവിലുണ്ട്.

ഒരു വർഷം 360 പേർക്ക് സൗജന്യമായി മണ്ണുപരിശോധിച്ചു കൊടുക്കുന്ന പദ്ധതിയും പത്തുപേർക്ക് ബയോഗ്യാസ് നിർമ്മാണത്തിന് ധനസഹായം നൽകാനുള്ള പദ്ധതിയും നിലവിലുണ്ട്.

മരങ്ങാട്ടറ, മനയ്ക്കപ്പാടം, ഏഴുമുട്ടം, പന്നൂർ, മുളപ്പുറം എന്നീ അഞ്ചുപാടശേഖരസമിതികളും കുരുമുളകുവികസന സമിതിയും, കേരവികസന സമിതിയും നിലവിലുണ്ട്.

ഇതിനുപുറമേ റബ്ബർ ഉല്പാദന സംഘങ്ങളും പ്രവർത്തിച്ചുവരുന്നു.

വിപണനം

റബ്ബറിന് ഏതാണ്ട് തൃപ്തികരമായ വിപണനസൗകര്യം ഉണ്ട്. നാളികേരത്തിനും മറ്റുവിളകൾക്കും വിപണനസൗകര്യം കുറവാണ്. കർഷകന് തൃപ്തികരമായ വില ലഭിക്കുന്നില്ല. ദീർഘകാല നാണ്യവിളകളാണ് ഇവിടെ പരമ്പരാഗത കൃഷി ചെയ്തുവരുന്നത്. ഈ കൃഷി പെട്ടെന്ന് മാറ്റാവുന്നതല്ല. വ്യാവസായിക ലോബികളുടെ സമ്മർദ്ദം ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. വൻകിട രാഷ്ട്രങ്ങൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യാപാരത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ വികസ്വര രാഷ്ട്രങ്ങളിലെ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വിലല ഭിക്കുന്നതിന് തടസം സൃഷ്ടിക്കുന്നു.

വളം

സഹകരണമേഖലയിൽ കരിമണ്ണൂർ ഏഴുമുട്ടം എന്നീ സ്ഥലങ്ങളിലും സ്വകാര്യമേഖലയിൽ മുളപ്പുറം, നെയ്ശ്ശേരി, ചാലാശ്ശേരി, കരിമണ്ണൂർ എന്നിവിടങ്ങളിലും വളം വിതരണകേന്ദ്രങ്ങൾ ഉണ്ട്. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ഉള്ള വളപ്രയോഗം ഇവിടെ നടക്കുന്നില്ല.

പട്ടിക - V

വളപ്രയോഗത്തിന്റെ ഉപഭോഗം

(വളവിപണന കേന്ദ്രങ്ങളിലെ കണക്ക്)

	1993-94 (ടൺ)	1994-95 (ടൺ)	1995-96 (ടൺ)
രാസവളം	623-25	717	749.5
എല്ലുപൊടി	51.5	58	45

കാർഷിക വായ്പകൾ

സർവ്വീസ് കോപ്പറേറ്റീവ് ബാങ്കും, ട്രാവൻകൂർ സ്റ്റേറ്റുബാങ്കിന്റെ കരിമണ്ണൂർ ശാഖയുമാണ് പ്രധാനമായും കൃഷിക്കാർക്ക് വായ്പകൾ നല്കുന്നത്. തൊടുപുഴ കാർഷിക വികസന ബാങ്കും, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ കോടിക്കുളം ശാഖയും ഇതിനു പുറമെ കാർഷിക വായ്പ നൽകുന്നുണ്ട്.

പട്ടിക - VI

വായ്പയുടെ കണക്ക്

(അതതു സ്ഥാപനങ്ങളുടെ കണക്ക്)

വായ്പ എടുത്തവരുടെ എണ്ണം	വായ്പ നൽകിയ സ്ഥാപനം	വർഷം	തുക
70	പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് തൊടുപുഴ	1995-96	4,20,000
കാർഷികം	സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്	1995-96	39,89,916
കാർഷികേതരം	കരിമണ്ണൂർ	1995-96	1,30,75,038

പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുഴയുടേയും തോടുകളുടേയും പാടശേഖരങ്ങളുടെയും സമീപപ്രദേശങ്ങളൊഴികെ ബാക്കി സ്ഥലങ്ങൾ ഫലപുഷ്ടി കുറഞ്ഞവയാണ്. പഞ്ചായത്തിൽ എടുത്തുപറയത്തക്കവണ്ണം കൃഷിഭൂമി തരിശായിട്ടില്ല. എന്നാൽ നിലങ്ങളിൽ ഒരു പ്പൂ കൃഷിക്കു ശേഷം തരിശിടുന്നു. മണ്ണൊലിപ്പു തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഫലപ്രദമല്ല. ആവശ്യത്തിന് ജലം ലഭിക്കുന്നില്ല.

റബ്ബർ ഒഴികെ ബാക്കി ഇനങ്ങൾക്കൊന്നും നടീൽ വസ്തുക്കൾ സുലഭമായി കിട്ടുന്നില്ല. വെള്ളപ്പൊക്കവും കുത്തൊഴുക്കും നെൽക്കൃഷിക്ക് നാശം സൃഷ്ടിക്കുന്നുണ്ട്.

ജൈവവളങ്ങൾ വേണ്ടത്ര ലഭ്യമല്ല. വില വളരെ കൂടുതലാണ്. യന്ത്രോപകരണങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല. ഉല്പന്നങ്ങൾക്ക് സംസ്ക്കരണ സൗകര്യം തീരെയില്ല. വായ്പാ സൗകര്യത്തിന്റെ നടപടിക്രമം ലളിതമാക്കണം.

വ്യാവസായികോൽപ്പന്നങ്ങൾക്ക് ഉല്പാദകർ വില നിശ്ചയിക്കുമ്പോൾ കാർഷികോല്പന്നങ്ങളുടെ വില നിർണ്ണയത്തിൽ കർഷകന് യാതൊരു പങ്കും ഇല്ല. ഇതാണ് കാർഷിക മേഖലയിലുള്ള പ്രധാന പ്രശ്നം

പഴവർഗ്ഗങ്ങളും പച്ചക്കറികളും കേടുകൂടാതെ സൂക്ഷിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും, സംഭരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും സൗകര്യങ്ങളില്ല.

സാദ്ധ്യതകൾ

ഇരിപ്പു കൃഷികൾക്ക് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ 200 ഏക്കറിൽ ഇരിപ്പു കൃഷിയും 300 ഏക്കറിൽ പുഞ്ചകൃഷിയും കൂടുതലായി ചെയ്യാൻ കഴിയും.

നിലവിലുള്ള കുളങ്ങൾ കാലകാലങ്ങളിൽ അറ്റ കുറ്റപ്പണികൾ നടത്തി കാര്യക്ഷമമായി സംരക്ഷിക്കണം.

പഞ്ചായത്തിൽക്കൂടി ഒഴുകുന്ന തോടുകളിൽ തടയണകൾ നിർമ്മിച്ച് ജലസമ്പത്ത് സംരക്ഷിക്കണം. ഇതിന്റെ ഫലമായി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാകും. സമീപപ്രദേശങ്ങളിലെ കുളങ്ങളും കിണറുകളും വറ്റാതിരിക്കാനും ഭൂഗർഭ ജല സമ്പത്ത് വർദ്ധിപ്പിക്കാനും ഇടയാകും.

പടിക്കപ്പാടം, മംഗലംപാടം, കുരുമ്പുപാടം, വെള്ളരിക്കണ്ടം, വാഴാച്ചേരിപ്പാടം, തിമ്മലുകണ്ടം, മരോട്ടിച്ചുവടു, പനനിയ്ക്കും തൊട്ടി, കാരാംകോട്, തൊമ്മൻകുത്ത്, മേവളളിപ്പാടം, ആനിക്കുഴപ്പാടം, നമ്പ്യാർകണ്ടം, കൊടുവേലിപ്പാടം, എഴുമുട്ടം, പെരുങ്കാവ്, ചാലാശ്ശേരി, ഇടുക്കട്ടി, പഴുക്കാടി, എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കാനുള്ള സാദ്ധ്യതയുണ്ട്.

പാടശേഖരങ്ങളുടെ രണ്ടു വശങ്ങളിലും പുറംബണ്ടുകൾ നിർമ്മിച്ച് മണ്ണ് സംരക്ഷിക്കാവുന്നതും വെള്ളപ്പൊക്കം തടയാവുന്നതുമാണ്.

കരിമണ്ണൂർ, ഉടുമ്പന്നൂർ, കോടിക്കുളം, വണ്ണപ്പുറം പഞ്ചായത്തുകളെ യോജിപ്പിച്ച് കാളിയാർ പുഴയിൽ ചെക്കുഡാമുകൾ തീർത്ത് ജലസമ്പത്ത് സംഭരിച്ച് നിർത്തുന്നതിനുള്ള ഒരു പദ്ധതി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കണം.

വേളൂർ ഭാഗത്ത് തടയണയും ഡൈവേഷൻകനാലും നിർമ്മിച്ച്, ഉടുമ്പന്നൂർ, കരിമണ്ണൂർ, കോടിക്കുളം പഞ്ചായത്തുകളിൽ ആയിരത്തിൽപരം ഏക്കർ നിലങ്ങൾ രണ്ടും മൂന്നും പൂവ് കൃഷി അധികമായി ചെയ്യാൻ കഴിയും തന്മൂലം ഈ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാനും സാധിക്കുന്നതാണ്.

കണ്ണാടിയാറ്റിൽ തൊമ്മൻ കുത്തിനു മുകളിൽ ഒരു ഡാം നിർമ്മിച്ച്, കരിമണ്ണൂർ വണ്ണപ്പുറം കോടിക്കുളം പഞ്ചായത്തുകളിൽ ജലസേചനം നടത്താവുന്നതും വൈദ്യുതി ഉല്പാദിപ്പിച്ച് ഊർജ്ജ പ്രതിസന്ധിക്ക് അത്രയും പരിഹാരവും ഉണ്ടാക്കാവുന്നതാണ്.

പാടങ്ങളിലും സമീപപ്രദേശങ്ങളിലും കുളങ്ങൾ കുഴിച്ച് സംരക്ഷിക്കുന്നതിന് ആകർഷകമായ ധനസഹായം വ്യക്തികൾക്ക് നല്കണം.

കണിക ജലസേചനം നടപ്പാക്കുന്ന കർഷകർക്ക് സബ്സിഡി നൽകണം. വെള്ളം സുലഭമായി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ "വാട്ടർ ഇഞ്ചക്റ്റർ" സൗകര്യം ഏർപ്പെടുത്തണം.

നിലവിലുള്ള പാടശേഖര സമിതികളും, ഇല്ലാത്തിടത്ത് പാടശേഖര സമിതികൾ രൂപീകരിച്ചു ശക്തിപ്പെടുത്തണം. മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, ട്രാക്ടർ, പവർ ടില്ലർ, പമ്പുസെറ്റുകൾ മുതലായ ആധുനികോപകരണങ്ങൾ പാടശേഖര സമിതികൾ വഴി ലഭ്യമാക്കണം.

കരിമണ്ണൂർത്തോടും ചൊളക്കാട്ടുതോടും കേന്ദ്രീകരിച്ച് രണ്ടു നീർത്തട പദ്ധതികൾ ആവിഷ്ക്കരിക്കണം.

കുരുമുളകിന്റെ ദ്രുതവാട്ടത്തിനും ഇഞ്ചിയുടെ മൂടുചീയലിനും എതിരായുള്ള ജൈവസംരക്ഷണ പദ്ധതി കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന നാഷണൽ റിസർച്ച് സെന്റർ ഫോർ സ്പൈസസുമായി സഹകരിച്ചു നടപ്പാക്കണം.

പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾക്കും ഇടവിളകൾക്കും പഞ്ചായത്തുതല വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇതു സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണ് അഭികാമ്യം.

പുരയിടങ്ങളിൽ വർഷകാലം ജലം സംഭരിച്ച് നിർത്തുന്നതിന് കാനകളും കുഴികളും നിർമ്മിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകണം. കണ്ണാടിയാറും വടക്കനാറും ചേർന്നൊഴുകുന്ന കാളിയാർപുഴ അടിസ്ഥാനമാക്കി കാളിയാർ പുഴയിൽ ഒഴുകിച്ചേരുന്ന ചെറുതും വലുതുമായ തോടുകളെയും അവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഉൾപ്പെടുത്തി ഒരു "വാട്ടർഷെഡ്" പദ്ധതിക്ക് രൂപം കൊടുക്കണം.

വ്യവസായ സംരംഭങ്ങൾക്ക് ലഭിക്കുന്ന വായ്പാ സൗകര്യം കാർഷിക മേഖലക്കും ലഭ്യമാക്കണം.

തെങ്ങുകയറ്റത്തൊഴിലാളികളുടെ ദൗർലഭ്യം പരി

ഹരിക്കാൻ തെങ്ങുകയറ്റയന്ത്രങ്ങൾ പഞ്ചായത്തു തല ത്തിൽ സംഘടിപ്പിക്കണം.

നെൽകൃഷി രംഗത്ത് കർഷകനെ പിടിച്ചുനിർത്തു ന്നതിന് കൃഷിയിറക്കുമ്പോൾതന്നെ ഏക്കറിന് 1000 രൂപാ വീതം സബസിഡി നൽകണം.

തെരഞ്ഞെടുക്കപ്പെട്ട 500 വീടുകളിൽ പച്ചക്കറി കൃഷി, പഞ്ചായത്തിന്റെ നേതൃത്വത്തിലും കൃഷിഭ വന്റെ സുമ്പൂർണ്ണസഹകരണത്തിലും ആകർഷകമായ സബ്സിഡി കൊടുത്തുകൊണ്ട് നടപ്പാക്കാനുള്ള ഒരു കർമ്മപദ്ധതി ആവിഷ്ക്കരിക്കണം. കരിമണ്ണൂർ ഹൈസ്ക്കൂൾ, നെയ്യശ്ശേരി ഹൈസ്ക്കൂൾ എന്നിവിട ങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട, തല്പരരായ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും, P.T.A ഭാരവാ ഹികളേയും സഹകരിപ്പിച്ചു കൊണ്ട് പഞ്ചായത്തിന്റെ പൂർണ്ണമായ ചിലവിൽ മാതൃകാ പച്ചക്കറി കൃഷി തോട്ടം സ്ഥാപിക്കണം.

റബ്ബർ, തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയ വിള കൾക്ക് മരുന്നുതളിക്കുന്നതിനുള്ള സംവിധാനം പഞ്ചാ യത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കണം. മരുന്ന് തളി ക്കപ്പെടാത്ത ഒരു വിളയും പഞ്ചായത്തിൽ ഇല്ലെന്ന് ഉറപ്പുവരുത്തണം.

തെങ്ങുംതോപ്പുകളിൽ ഒരുഭാഗം തിരിച്ച് തീറ്റി പ്പുൽകൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കണം.

കൂൺകൃഷി, കുറ്റിമുല്ലകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.

നല്ല വിത്തിനങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചാ യത്ത് അടിസ്ഥാനത്തിൽ രണ്ടുമൂന്ന് നഴ്സറികൾക്ക് സാമ്പത്തീക സഹായം നൽകണം.

പഞ്ചായത്തിൽ വളരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി അവ സംരക്ഷിക്കുന്നതിനും പുതുതായി ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ഉള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കണം.

കൃഷിയെ സംരക്ഷിക്കുന്നതിനും കൃഷിക്കാർക്ക് ആത്മവിശ്വാസം പകർന്നു കൊടുക്കുന്നതിനും വിള കൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് നടപ്പാക്കണം. നിലവി ലുള്ള ഇൻഷുറൻസ് സ്കീമുകളിലെ പോരായ്മകൾ പരിഹരിക്കണം.

നിർദ്ദേശങ്ങൾ

കാർഷികരംഗത്ത് മറ്റ് സംസ്ഥാനങ്ങളിലെ വളർച്ചാനിരക്കിനോടൊപ്പം എത്തണമെങ്കിൽ സംസ്ഥാ നത്ത് യുദ്ധകാലാടിസ്ഥാനത്തിൽ വികസന പ്രവർത്ത നങ്ങൾക്കുള്ള സമഗ്രപദ്ധതി ആവിഷ്ക്കരിക്കണം.

ജലസേചനത്തിന്റെയും വൈദ്യുതിയുടെയും കാര്യത്തിൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കൃഷിവകുപ്പു മന്ത്രി ചെയർമാ നായും ജലസേചനവകുപ്പ് മന്ത്രി കൺവീനറുമായി സംസ്ഥാനതലത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ കമ്മറ്റിയുടെ കീഴിൽ ജില്ലതോറും ഇത്തരം കമ്മറ്റികൾ രൂപീകരിക്കുന്നത് നല്ലതാണ്.

കൃഷിക്കാർക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ അപ്പോ ഴപ്പോൾ പരിഹരിച്ചും അവരെ നിരന്തരം പ്രോത്സാ ഹിപ്പിച്ചും മാത്രമേ കാർഷികോല്പാദനം വർദ്ധിപ്പി ക്കാൻ കഴിയൂ. തങ്ങൾ ക്രൂശിക്കപ്പെട്ട വിഭാഗമാണെന്ന കൃഷിക്കാരുടെ ധാരണ തിരുത്തിക്കുറിക്കുവാനുള്ള അടിയന്തിരനടപടി സ്വീകരിക്കണം.

ഈയിടെ റോമിൽ ഭക്ഷ്യ ഉച്ചകോടി, കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി, ആഫ്രിക്കയിലെ സഹാറൻ മേഖലയിലും ദക്ഷിണേഷ്യയിലും പട്ടിണി വർദ്ധിച്ചു വരുകയാണെന്ന് വിലയിരുത്തുകയുണ്ടായി. ലോക ത്തെങ്ങുമുള്ള പട്ടിണിയുടെ 60 ശതമാനവും ഈ രണ്ടുമേഖലകളിൽ ആണെന്ന് കണക്കാക്കപ്പെട്ടിരി ക്കുന്നു. സമഗ്രമായ കാർഷിക വളർച്ചയിലൂടെ മാത്രമേ ഇതിനെ നേരിടാൻ കഴിയുകയുള്ളു. പരിസ്ഥിതിയു മായി പൊരുത്തപ്പെട്ടു പോകുന്ന സാങ്കേതിക വിദ്യ കളെ അടിസ്ഥാനമാക്കിയുള്ള കാർഷിക വികസന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനു വേണ്ടി 9-ാം പഞ്ചവത്സര പദ്ധതയിൽ കാർഷിക മേഖ ലക്ക് ഊന്നൽ കൊടുത്തുകൊണ്ട് പരമാവധി തുക ഗ്രാമീണ മേഖലയിലേക്ക് തിരിച്ചു വിടേണ്ടതാണ്.

5-2

മൃഗസംരക്ഷണവും മത്സ്യകൃഷിയും



കാർഷിക വിളാവശിഷ്ടങ്ങളെ പോഷകസമ്പുഷ്ടമായ പാൽ, ഇറച്ചി, മുട്ട എന്നിവയാക്കി മാറ്റുന്ന ഘടകങ്ങളെന്ന നിലയിൽ വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും കരിമണ്ണൂർ പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ മുഖ്യസ്ഥാനമാണുണ്ടായിരുന്നത്. വിവിധ ജാതിമതസ്ഥർ ഇടപഴകി ജീവിയ്ക്കുന്ന ഈ പഞ്ചായത്തിൽ മറ്റു കൃഷിമേഖലകളിലെന്നതുപോലെ തന്നെ കന്നുകാലി, ആട്, പന്നി, കോഴി കൃഷികളിൽ മുന്നിൽത്തന്നെയായിരുന്നു. വിലപ്പെട്ട പോഷകങ്ങളടങ്ങിയ പാൽ, ഇറച്ചി, മുട്ട എന്നിവ ഉല്പാദിപ്പിയ്ക്കുന്ന ജന്തുകളെന്ന നിലയിലും ജൈവവളപ്രധാനങ്ങളായ ചാണകവും മൂത്രവും ഉല്പാദിപ്പിയ്ക്കുന്ന മൃഗങ്ങളെന്ന നിലയിലും കന്നുകാലി വളർത്തൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും കാലങ്ങളായി നിലനിന്നിരുന്നു.

എൺപതുകളിൽ നാടൻ കന്നുകാലികളും കോഴികളും പന്നികളുമാണ് കൂടുതലുണ്ടായിരുന്നതെങ്കിൽ ഇന്ന് ഏതാണ്ട് 70%ത്തിലധികം കന്നുകാലികളും പന്നികളും സങ്കരയിനമായി മാറിക്കഴിഞ്ഞു. ഉഴവുജോലികൾക്കും ഭാരംവലിയ്ക്കുന്നതിനുമായി കാളകളെ ഉപയോഗിച്ചിരുന്നതിനുപകരമായി യന്ത്രവൽക്കരണം വന്നതോടെ കാളകളുടെ എണ്ണം ഗണ്യമായിക്കുറഞ്ഞു. കൃത്രിമ ബീജധനസൗകര്യം വർദ്ധിച്ചതോടെ വിത്തുമൂരികളുടെ എണ്ണവും വിരളമായി. എരുമകളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും ഗണ്യമായ വർദ്ധനവുണ്ടിക്കാണിയ്ക്കുവാനില്ല. മൃഗസംരക്ഷണ വിപ്ലത്തോടെ സങ്കരയിനങ്ങളായ ജേഴ്സി, സ്വിസ്സ ബ്രൗൺ, ഹോൾസ്റ്റീൻ ഫ്രീഷൻ എന്നിവ കരിമണ്ണൂരിലും ധാരാളമായി ഉണ്ടായെങ്കിലും അത്യല്പാദനശേഷിയുള്ളവ കുറവാണെന്നു പറയണം. അഴിച്ചു വിട്ടു തീറ്റുന്നതിനുള്ളസ്ഥലപരിമിതിമൂലം ആടുവളർത്തലും വിളാവശിഷ്ടങ്ങളുടെ ദൗർലഭ്യം മൂലം പന്നിവളർത്തലും പഞ്ചായത്തിൽ കാൽനൂറ്റാണ്ടിനുള്ളിൽ സാരമായി കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ കശാപ്പുശാലകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതുപോലെ ആദ്യകാലങ്ങളിലേതിനു വിപരീതമായി മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന അറവുമാടുകളുടെ എണ്ണവും പെരുകി. ഒരു കാലത്ത് കാളയിറച്ചിയാണ് കൂടുതലായി ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് പോത്തിറച്ചിയും കോഴിയിറച്ചിയുമാണ് കൂടുതലായി ഉപയോഗിക്കുന്നത്.

പട്ടിക-I

മൃഗവളർത്തൽ രംഗത്തെ മാറ്റം

(അവലംബം സെൻസസ് റിപ്പോർട്ട്)

ഇനം	1982	1992
കാള ആകെ	1230	38
നാടൻ പശുക്കൾ കറവയുള്ളത്	740	410
നാടൻ പശുക്കൾ കറവയില്ലാത്തത്	1556	350
സങ്കര പശുക്കൾ കറവയുള്ളത്	346	1115
സങ്കരപശുക്കൾ കറവയില്ലാത്തത്	777	675
എരുമകൾ കറവയുള്ളത്	120	171
എരുമകൾ കറവയില്ലാത്തത്	50	59
ആട്	-	3806
കോഴികൾ നാടൻ	-	10600
കോഴികൾ സങ്കരം	-	6060
കോഴികൾ മറ്റിനം	-	40
ആന	-	2

ക്ഷീരോല്പാദനത്തിൽ സംസ്ഥാനമൊട്ടാകെയുണ്ടായ വളർച്ച കരിമണ്ണൂരിലും ദൃശ്യമായിരുന്നു. മുട്ടയുല്പാദനത്തിലും ഇറച്ചിയുല്പാദനത്തിലും പഞ്ചായത്ത് പിന്നോക്കം പോയതിന്റെ കണക്കാണ് കോഴി ആടുവളർത്തൽ രംഗങ്ങളിൽ കാണുന്നത് പഞ്ചായത്തിലാകെ കന്നുകാലി വളർത്തലിൽ വർദ്ധനവുള്ളതുപോലെ സങ്കരവർഗ്ഗപ്പശുക്കളാണ് എല്ലാ വാർഡുകളിലും കൂടുതലുള്ളത് എല്ലാ വാർഡുകളിലും കന്നുകാലി വളർത്തലുണ്ടെങ്കിലും അഴിച്ചുവിട്ടു തീറ്റുവാനുള്ള സൗകര്യം കൂടുതലും ആറാം വാർഡിലാണ്. ആയതിനാൽ പാൽശേഖരണത്തിൽ തൊമ്മൻകുത്ത് ക്ഷീരോല്പാദക സഹകരണസംഘം മുന്നിൽ നിൽക്കുന്നു.

പഞ്ചായത്തിൽ ആകെയുള്ള സങ്കരയിനം പശുക്കളിൽ പത്തുശതമാനത്തിൽ താഴെ മാത്രമേ അത്യുല്പാദനശേഷി ഉള്ളവ. ഇവിടെ ഉല്പാദിപ്പിയ്ക്കുന്ന പാൽ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ മുഖേനയും പ്രാദേശികവുമായിട്ടാണ് വിറ്റഴിയ്ക്കുന്നത്. 1980 വരെ പ്രവർത്തനരഹിതമായി കിടന്നിരുന്ന കരിമണ്ണൂർ ക്ഷിരോല്പാദക സഹകരണസംഘം മാത്രമേ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ കരിമണ്ണൂർ, ഏഴുമുട്ടം, തൊമ്മൻകുത്ത്, നെയ്യശ്ശേരി എന്നിങ്ങനെ നാല് ക്ഷീരോല്പാദകസഹകരണസംഘങ്ങളും കരിമണ്ണൂർ, നെയ്യശ്ശേരി, കോട്ടക്കവല, ആനിക്കുഴ എന്നിങ്ങനെ നാല് ചാരിറ്റബിൾ ക്ഷീരശേഖരണ കേന്ദ്രങ്ങളുമുണ്ട്. പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകൾ പ്രവർത്തനമേഖലയായി ക്ഷീരോല്പാദക സഹകരണസംഘങ്ങളൊന്നും നിലിവിലില്ലായെങ്കിലും ചാരിറ്റബിൾ ക്ഷീരസംഭരണ കേന്ദ്രങ്ങൾ ഉള്ളതിനാൽ പാൽ വിപണനത്തിന് സ്ഥായിയായ ബുദ്ധിമുട്ടുകളൊന്നും അനുഭവപ്പെടുന്നില്ല.

പഞ്ചായത്തിലെ കാലിവളർത്തുന്ന 136 കർഷക കുടുംബങ്ങളിൽ ഗോബർഗ്യാസ് പ്ലാന്റുകൾ പ്രവർത്തിപ്പിയ്ക്കുന്നുണ്ട്. പ്ലാന്റിൽനിന്നും ലഭിയ്ക്കുന്ന സ്ലറി കൃഷിയാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. പഞ്ചായത്തിൽ രണ്ടു കുടുംബങ്ങളിൽ ഒന്നുവീതം കാലിവളർത്തുന്നുണ്ടെങ്കിലും പുൽകൃഷി നടത്തുന്നവർ വിരളമാണ്. എല്ലാ വാർഡുകളിലും ഒറ്റപ്പെട്ട തോതിൽ പുൽകൃഷി നടത്തുന്നവരുണ്ട്.

കിഴക്കൻ പ്രദേശത്തെ ആദ്യത്തെ മൃഗാശുപത്രിയാണ് കരിമണ്ണൂർ മൃഗാശുപത്രി. സ്വന്തമായി കെട്ടിടമുണ്ടെങ്കിലും ഇന്നും പരിമിതികളിൽ തന്നെ. ആവശ്യത്തിന് ഉപകരണങ്ങളും മരുന്നുകളും ഇവിടെ പലപ്പോഴും ഉണ്ടാകാറില്ല. കരിമണ്ണൂർ പ്രദേശത്തെ വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ ദഹനസംബന്ധമായതും, പരാഗരോഗങ്ങളും, ധാതുലവണങ്ങളുടെ അഭാവരോഗങ്ങളും, വന്ധ്യതയുമാണ്. ഒന്നാം വാർഡിലെ മൃഗാശുപത്രി കൂടാതെ ആറാം വാർഡിലെ കൃത്രിമ ബീജധാന കേന്ദ്രവും മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നവയാണ്. അഞ്ചാം വാർഡിലുള്ള പണിയ്ക്കാപറമ്പിൽ വറുഗീസ് വൈദ്യരും, ഏഴാംവാർഡിലെ പുത്തൻകുളം കുര്യാക്കോസ് വൈദ്യരും ഇന്നാട്ടിലെ കാലങ്ങളായിട്ടുള്ള പരമ്പരാഗത മൃഗവൈദ്യന്മാരാണ്. പ്രധാനപ്പെട്ട പലകന്നുകാലി രോഗങ്ങൾക്കും കാരണം ശുചിയായ കാലിത്തൊഴുത്തുകളുടെ അഭാവവും, പോഷകസമ്പുഷ്ടമായ തീറ്റപ്പുൽ, കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ കുറവുമാണ്.

പട്ടിക - II

കഴിഞ്ഞ 5 വർഷത്തെ പാൽശേഖരണം

(ക്ഷീര സഹകരണ സംഘങ്ങൾ മുഖേന മാത്രം)

വർഷം	ആകെ പാൽ ശേഖരണം	പ്രാദേശിക വില്പന	മിൽമ വില്പന
1991-92	76033	33065	42300
1992-93	158278	68226	94877
1993-94	189267	69209	120058
1994-95	229765	50853	178912
1995-96	216259	59014	151245

പട്ടിക - III

95-96 ലെ മൃഗാശുപത്രി രോഗവിവരങ്ങൾ

	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	ആകെ
1	ദഹനസംബന്ധം	581	53	271	65	83	385	1438
2	ശ്വാസകോശസംബന്ധം	53	48	49	-	-	514	664
3.	ഉപാപചയസംബന്ധം	211	19	12	-	-	-	242
4.	ത്വക് രോഗങ്ങൾ	211	19	25	16	64	-	335
5	ധാതുലവണങ്ങളുടെ അഭാവം	317	29	111	11	28	342	838
6	പ്രത്യുല്പാദന വ്യവസ്ഥയുമായി	211	19	49	11	-	-	290
	ബന്ധപ്പെട്ടവ							
7	പരാദ രോഗങ്ങൾ	475	43	211	49	55	556	1389
8	വന്ധ്യത	106	10	12	-	-	-	128
9.	അകിടുവീക്കം	106	10	25	5	-	-	146
10	മുടന്തൻപനി	53	5	-	-	-	-	58
11	പകർച്ചവ്യാധികൾ	53	5	-	-	-	171	229

പട്ടിക - IV

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	1460	560	120
കിടാരി	460	110	40
എരുമ	230	43	13

ക്ഷീരവികസനവകുപ്പിന്റെ ഇളംദേശം ബ്ലോക്കിലെ ആഫീസ് കരിമണ്ണൂരിലാണ് പ്രവർത്തിയ്ക്കുന്നത്. പഞ്ചായത്തിലെ ഒന്ന് രണ്ട് വാർഡുകൾ മാത്രമേ ഇപ്പോൾ ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരാത്തതായുള്ളു. തൊമ്മൻകുത്ത്, നെയ്യശ്ശേരി, കരിമണ്ണൂർ ഏഴുമുട്ടം ക്ഷീരോല്പാദക സഹകരണസംഘങ്ങളിൽ നെയ്യശ്ശേരി ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്നു. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ചാരിറ്റബിൾ സൊസൈറ്റികളായ സൊവീസോ, കെ.ഡി.എസ്. എന്നിവയും പാൽസംഭരണരംഗത്ത് പ്രവർത്തിയ്ക്കുന്നതിനാൽ കർഷകർക്ക് പാൽവിപണനത്തിന് വലിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നില്ല. കൂടുതൽ വിലകിട്ടുമെന്നുള്ളതിനാൽ കർഷകർക്ക് പാൽ പ്രാദേശികമായി സംഘങ്ങൾക്ക് പുറത്തു കൊടുക്കുന്നതാണ്. താല്പര്യം.

ക്ഷീരവികസന വകുപ്പിൽ നിന്നും തീറ്റപ്പുൽ കൃഷി വ്യാപിപ്പിയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പുൽകൃഷിചെയ്യുന്നവരുടെ എണ്ണം വിരളമാണ് എഴുപതുകളിൽ കാലികൾക്കാവശ്യമായ നാടൻ പുല്ലും കച്ചിയും ഇവിടെതന്നെ ഉല്പാദിപ്പിച്ചിരുന്നുവെങ്കിൽ ഇന്ന് വർദ്ധിച്ചു വരുന്ന റബ്ബർ കൃഷിയും പാടം നികത്തലും മൂലം ഇവയൊക്കെ മറ്റു ജില്ലകളിൽനിന്നും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലാണ്. ക്ഷീരവികസന വകുപ്പിൽനിന്നും കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 25 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള പുൽവിത്തും വളവും നൽകിയിട്ടുണ്ട്. തെങ്ങിൻ തോപ്പിൽ ഇടവിളയായി തീറ്റപ്പുൽ പയർ മിശ്രിതകൃഷി വ്യാപിപ്പിയ്ക്കുകയും നെൽപ്പാടങ്ങളിൽ ഇടകൃഷിയായി വൻപയർ മക്കച്ചോളം കൃഷികൾ നടത്തുന്നതും വർദ്ധിച്ച തീറ്റച്ചിലവ് ഒരു പരിധിവരെ കുറയ്ക്കുന്നതിന് പര്യാപ്തമായിരിക്കും. വയ്ക്കോലിൽ യൂറിയ ചേർത്ത് സംപുഷ്ടീകരിയ്ക്കുന്ന പദ്ധതി കച്ചിയിലെ പോഷകമൂല്യം വർദ്ധിപ്പിയ്ക്കുന്നതാണ്.

ഇറച്ചിക്കോഴി വളർത്തൽ 2, 7, 8 വാർഡുകളിൽ ലാഭകരമായി നടന്നുവരുന്നുണ്ട്. പഞ്ചായത്തിലെ ഒന്നാം വാർഡിലും ആറാംവാർഡിലും ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിനുള്ള സാദ്ധ്യതയുണ്ട് വീട്ടുമുറ്റത്തെ കോഴി വളർത്തലല്ലാതെ വാണിജ്യാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തലൊന്നും നിലവിലില്ല. തമിഴ്നാട്ടിൽനിന്നും ആഴ്ചയിലൊരിയ്ക്കൽ പതിനായിരത്തിലധികം മുട്ടകൾ ഇവിടെ എത്തിച്ചേരുന്നതായാണ് കണക്ക്. പഞ്ചായത്തിൽ ഒന്നു രണ്ട് മുട്ടക്കോഴി വളർത്തൽ യൂണിറ്റിനുള്ള സാദ്ധ്യതയാണ് ഇതു കാണിയ്ക്കുന്നത്. വീട്ടുമുറ്റത്തെ കോഴി വളർത്തൽ വ്യാപകമാക്കുകയും എഗ്ഗർ നഴ്സറി, സ്കൂൾ പൗൾട്രി ക്ലബ്ബുകൾ എന്നിവ ശക്തമാക്കുകയും ചെയ്താൽ പഞ്ചായത്തിലേയ്ക്കാവശ്യമുള്ള മുട്ട ഇവിടെത്തന്നെ ഉല്പാദിപ്പിയ്ക്കുവാൻ സാധിയ്ക്കും.

പഞ്ചായത്തിൽ പതിനൊന്നു കശാപ്പുശാലകളുണ്ടെങ്കിലും ആധുനികരീതിയിലുള്ള സ്ലോട്ടർ ഹൗസുകളൊന്നും നിലവിലില്ല. കശാപ്പു ചെയ്യുന്ന മൃഗങ്ങളുടെ ആരോഗ്യസ്ഥിതി പരിശോധിയ്ക്കാൻ നിലവിൽ സംവിധാനമില്ല. കശാപ്പുശാലകളൊന്നും ആരോഗ്യവകുപ്പിന്റെ നിബന്ധനകൾ കൃത്യമായി പാലിയ്ക്കുന്നവയല്ല.

പഞ്ചായത്തിലൊരിടത്തും നിലവിൽ മുയൽ കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നില്ല. 4, 6, 9 വാർഡുകളിൽ നിന്നു മുയൽ കൃഷിയ്ക്കുള്ള സാദ്ധ്യത നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, കർഷകരിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമേ മുയൽകൃഷിയിൽ താല്പര്യമുണ്ടാക്കാൻ സാധിയ്ക്കുകയുള്ളു.

സ്ഥിരമായി പേപ്പട്ടിശല്യം പഞ്ചായത്തിലൊരിടത്തും ഉണ്ടാകാറില്ലെങ്കിലും ഇടയ്ക്കിടെ പട്ടിശല്യം പലസ്ഥലങ്ങളിലും കാണാറുണ്ട്. മൃഗാശുപത്രി മുഖേന പട്ടിയ്ക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ വ്യാപകമാക്കേണ്ടിയിരിയ്ക്കുന്നു. കഴിഞ്ഞവർഷം പഞ്ചായത്തിലെ 70 പട്ടികൾക്കു മാത്രമാണ് പ്രതിരോധകുത്തി വയ്പുകൾ നടത്തിയിട്ടുള്ളത്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിയ്ക്കുന്നതിനും പ്രതിരോധകുത്തിവയ്പുകൾക്ക് സബ്സിഡി ഏർപ്പെടുത്തുന്നതും, വളർത്തുനായ്ക്കൾക്ക് ലൈസൻസ് കർശനമാക്കുന്നതും വഴിമാത്രമേ സ്ഥിരമായി പേപ്പട്ടിശല്യം ഒഴിവാക്കുന്നതിന് സാധിയ്ക്കുകയുള്ളു.

നേരിടുന്ന പ്രശ്നങ്ങൾ :-

1. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും ഗുണമേന്മയേറിയ കാലിത്തീറ്റയുടെ അഭാവവും.
2. ഉല്പാദനശേഷി കൂടുതലുള്ള കറവുമാടുകളുടെ ലഭ്യതക്കുറവ്.
3. നല്ലയിനം തീറ്റപ്പുൽകൃഷിയുടെ അഭാവം
4. ശുചിയായ കാലിത്തൊഴുത്തുകളുടെ കുറവ്
5. പാലിന്റെ വിലക്കുറവും ഇടത്തട്ടുകാരുടെ ചൂഷണവും
6. കാലിരോഗങ്ങളും ആവശ്യമരുന്നുകളുടെ വർദ്ധിച്ച വിലയും
7. കോഴിവസന്തയ്ക്ക് സ്ഥായിയായ പരിഹാരം കാണാത്തത്.
8. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്
9. കോഴിമുട്ട, ഇറച്ചി എന്നിവയ്ക്കുള്ള പൊതുവിപണനകേന്ദ്രത്തിന്റെഅഭാവം.
10. കുറഞ്ഞ ചെലവിൽ ഇറച്ചിക്കോഴി വളർത്തുന്ന ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഇറക്കുമതി.
11. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ അപര്യാപ്തത.

സാദ്ധ്യതകൾ

1. കാലിത്തീറ്റ സബ്സിഡി നിരക്കിൽ കിടാരികൾക്കും കറവയില്ലാത്ത കാലത്ത് പശുക്കൾക്കും ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ലഭ്യമാക്കുക.
2. അത്യുല്പാദന ശേഷിയുള്ള പ്രീമിയം ബുൾ ബീജം കരിമണ്ണൂർ മൃഗാശുപത്രിയിലും ലഭ്യമാക്കുകയും, സങ്കര ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ബീജങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുക.
3. ഉല്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കളെയും പ്രായാധിക്യമുള്ള പശുക്കളെയും കർഷകർക്ക് നഷ്ടം നൽകി നശിപ്പിക്കുക.
4. കാലിത്തൊഴുത്തു നിർമ്മാണത്തിനുള്ള സബ്സിഡിവർദ്ധിപ്പിക്കുകയും വ്യാപകമാക്കുകയും ചെയ്യുക.
5. തീറ്റപ്പുൽകൃഷി വികസനത്തിനായി വിത്തും വളവും യഥാസമയം ലഭ്യമാക്കുക.
6. ധാതുലവണ മിശ്രിതം, മീനെണ്ണ എന്നിവ സബ്സിഡിയോടുകൂടി ആവശ്യാനുസരണം ലഭ്യമാക്കുക.
7. വൈക്കോൽ സംപുഷ്ടീകരണ പദ്ധതി കൂടുതൽ വ്യാപകമാക്കുക.
8. മൃഗസംരക്ഷണപ്രവർത്തനങ്ങൾക്കുള്ള വായ്പകളും സബ്സിഡികളും കൂടുതലായി ലഭ്യമാക്കുകയും നടപടിക്രമങ്ങൾ ലളിതവും പ്രായോഗികമാക്കുകയും ചെയ്യുക.
9. കോഴി, പന്നി, മത്സ്യകൃഷികളെല്ലാം ഒരുമിച്ചുള്ള സമ്മിശ്രിത കൃഷി പ്രോത്സാഹിപ്പിക്കുക.
10. പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിനായി പ്രതിരോധകുത്തിവയ്പുകൾ വ്യാപകമാക്കുകയും ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും ചെയ്യുക.
11. കാലിത്തീറ്റ, പാൽ എന്നിവയുടെ പരിശോധനാസൗകര്യങ്ങൾ പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തി ഗുണനിലവാരം ഉറപ്പാക്കുക.
12. ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, ഉല്പന്നപ്രദർശനം, കന്നുകാലി പ്രദർശനം എന്നിവ പഞ്ചായത്തു തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടു നടത്തുക.
13. വനിതകൾക്കുള്ള ക്ഷീരോല്പന്ന നിർമ്മാണ

യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുക.

14. പ്രദേശികമായി ലഭ്യമായിട്ടുള്ള ഘടകങ്ങൾ ഉപയോഗിച്ചുകൊണ്ട് ചെറിയ കാലിത്തീറ്റ പ്ലാന്റുകൾ പഞ്ചായത്തു കേന്ദ്രീകരിച്ച് ക്ഷീരസഹകരണസംഘങ്ങൾ മുഖേന ആരംഭിക്കുക.
15. ഗോബർ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് കർഷകർക്ക് പ്രേരണയും പ്രോത്സാഹനവും നൽകുക.
16. മാതൃകാ ഡയറിഫാം ആരംഭിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നൽകി ഈ രംഗത്ത് പിടിച്ചു നിർത്തുക.
17. കോഴി വസന്ത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ മൃഗാശുപത്രികൾ കേന്ദ്രീകരിച്ചു നടപ്പാക്കുക.
18. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുനിർമ്മാണത്തിന് സബ്സിഡിയും നല്ലയിനം കുഞ്ഞുങ്ങളെയും ലഭ്യമാക്കുക.
19. കോഴിയിറച്ചിക്കും മുട്ടയ്ക്കുമുള്ള പൊതുവിപണനകേന്ദ്രം പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.
20. കോഴി വളർത്തലിൽ ആവശ്യമായ ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുക.
21. പ്രതിരോധ കുത്തിവയ്പ്പുകൾ മൃഗാശുപത്രി മുഖേന വാർഡുതലത്തിൽ സൗജന്യമായി ലഭ്യമാക്കുക.
22. എഗ്ഗർ നേഴ്സറി പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.

മത്സ്യകൃഷി

കരിമണ്ണൂർ പഞ്ചായത്തിൽ പന്ത്രണ്ടുമാസം വറ്റാത്ത വെള്ളമുള്ള വേളൂർ പുഴയും കണ്ണാടിയാറും മാത്രമാണുള്ളത്. ആയതിനാൽ ഉപരിജലമത്സ്യബന്ധനത്തിനുള്ള സാദ്ധ്യത പഞ്ചായത്തിൽ വിരളമാണ്. മത്സ്യകൃഷി മുഖ്യ തൊഴിലാക്കിയിട്ടുള്ള കർഷകർ ഈ പഞ്ചായത്തിലില്ലെങ്കിലും അഞ്ചാം വാർഡിൽ ഒരാളും എട്ടാം വാർഡിൽ നാലുപേരും, മത്സ്യകൃഷി ചെറിയതോതിൽ നടത്തിവരുന്നുണ്ട്. പഞ്ചായത്തിൽ പത്തു സെന്റിൽ കൂടുതൽ വിസ്ത്രീർണ്ണമുള്ള കുളങ്ങളൊന്നുമില്ല. ചെമ്മീൻ കൃഷി നടത്തുന്നവരായി ആരുമില്ല എന്നു മാത്രമല്ല. ചെമ്മീൻ കൃഷി ചെയ്യാവുന്ന ചതുപ്പുനിലങ്ങളൊന്നും നിലവിലില്ല. മത്സ്യത്തൊഴിലാളികളാരുമില്ലെങ്കിലും കടൽമത്സ്യം ഇരുചക്രവാഹനങ്ങളിൽ പഞ്ചായത്തിൽകൊണ്ടുവന്ന് വിൽപന നടത്തുന്ന ധാരാളം തൊഴിലാളികളുമുണ്ടിവിടെ. കടൽമത്സ്യം എല്ലാക്കാലങ്ങളിലും ഇവിടെ ലഭിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്ത് മാർക്കറ്റിൽ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞകാലങ്ങളിൽ തോയൽപ്പാടവും കുളമ്പേപാടവുമൊക്കെ ധാരാളം ഉപരിജല മത്സ്യങ്ങളുള്ള പ്രദേശമായിരുന്നെങ്കിൽ അമിത രാസവള, കീടനാശിനികളുടെ ഉപയോഗം മൂലം ഇന്ന് ഉപരിജലമത്സ്യസ്രോതസ്സുകളായി പുഴകളും തോടുകളും കുളങ്ങളും മാത്രമായി ഒതുങ്ങിയിരിക്കുന്നു. മാത്രമല്ല ശുദ്ധജല നാടൻമത്സ്യങ്ങൾക്ക് ഈയിടെയുണ്ടായ രോഗങ്ങൾമൂലം ഇവിടെ സുലഭമായുണ്ടായിരുന്ന പല മത്സ്യങ്ങളും ഇന്ന് നാമാവശേഷമായി കഴിഞ്ഞു. വറ്റാത്ത ജലമുള്ള രണ്ടുകുളങ്ങൾ പഞ്ചായത്തിലെ ഒന്നാം വാർഡിൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലുണ്ട്. ഈ പഞ്ചായത്തിൽ എട്ടു പൊതുക്കുളങ്ങളും പത്തോളം സ്വകാര്യ കുളങ്ങളുമുണ്ടെങ്കിലും മത്സ്യകൃഷി ഇന്നിവിടെ വാണിജ്യാടിസ്ഥാനത്തിൽ നിലവിലില്ല.

പ്രശ്നങ്ങൾ

1. കുളങ്ങൾ വിരളവും എല്ലാക്കാലങ്ങളിലും ആവശ്യത്തിന് വെള്ളമില്ലായ്മയും
2. നല്ലയിനം ഉല്പാദനശേഷിയുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്
3. മത്സ്യക്കൃഷിക്കും കുളം നിർമ്മാണത്തിനും സാമ്പത്തിക സൗകര്യം ലഭ്യമല്ലാത്തത്.
4. മീൻ വളർത്തലിൽ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെയും പരിശീലനത്തിന്റെയും കുറവ്
5. പുഴകളിലും തോടുകളിലും നഞ്ചു കലക്കലും തോട്ടയിടിലും.

സാദ്ധ്യതകൾ

1. മത്സ്യം വളർത്തുന്നതിനും കുളം നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കുക.
2. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ പ്രാദേശികമായി ലഭ്യമാക്കുക.
3. മത്സ്യക്കൃഷി സംബന്ധിച്ച വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുക.
4. സർക്കാർ വിത്തുല്പാദന കേന്ദ്രത്തിലുള്ള കുളങ്ങൾ ഹാച്ചറിയായി മാറ്റിക്കൊണ്ട് ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുംനല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

5-3

വ്യാവസായം

വ്യാവസായിക രംഗത്ത് വളരെയേറെ വികസന സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണ് കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത്. കാലാനുസൃതമായ മാറ്റമനുസരിച്ചു സമീപ പഞ്ചായത്തുകൾ ഈ രംഗത്തു കൈവരിച്ച നേട്ടംപോലും നമ്മുടെ പഞ്ചായത്തിനു കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയിൽ 80% കാർഷിക വിളയും റബർ ഉല്പന്നങ്ങളാണ്. അവ ഉപയോഗിച്ചുള്ള വൻകിട - ഇടത്തരം - ചെറുകിട വ്യവസായങ്ങൾക്കുള്ള സാദ്ധ്യത ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നാളികേരം, അടയ്ക്ക, കൊക്കോ, പൈനാപ്പിൾ തുടങ്ങിയവയും സുലഭമായി ലഭിക്കുന്നുണ്ടെങ്കിലും അവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നും തന്നെ സ്ഥാപിതമായിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ ധാരളമായുണ്ടായിരുന്ന പാക്ക് അട്ടികൾ ഒന്നും തന്നെ ഇപ്പോൾ നിലിവിലില്ല. ഏതാണ്ട് 60 വർഷം മുൻപുള്ള പഞ്ചായത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ഈ രംഗത്ത് പുരോഗതി മന്ദഗതിയിലുള്ളതാണ് എന്നു കാണാൻകഴിയും. ജനസാന്ദ്രതയിൽ ഉണ്ടായിട്ടുള്ള വർദ്ധനവും സാങ്കേതിക രംഗത്തെ വളർച്ചയും വച്ചു നോക്കുമ്പോൾ ആവശ്യാധിഷ്ടിതമായ വ്യാവസായിക പുരോഗതി പോലും മന്ദഗതിയിലാണ്. ഹൈസ്ക്കൂൾ ജംഗ്ഷൻ മുതൽ പഞ്ചായത്താഫീസു വരെയുള്ള പഞ്ചായത്തിന്റെ കേന്ദ്ര പ്രദേശങ്ങളിൽ മുൻകാലത്തെ തേക്കിൻകൂട്ടത്തിലെ പുന്നത്തുറ ഔത, പാറയാനിയ്ക്കൽ ആഗസ്തി, നൈനുകുന്നേൽ സുലൈമാൻ എന്നിവരുടെ പലചരക്കുകടകളും, നെല്ലാനിയ്ക്കൽ പോത്തന്റെ മലഞ്ചരക്കുകട, കുഴിപ്പള്ളിൽ ഉലഹന്നാൻ പൈലിയുടെ ചായക്കട എന്നിവയുണ്ടായിരുന്നു. ഈ കടകളും പത്തുവീടുകളും 1125 ചിങ്ങമാസത്തിലെ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും നിശ്ശേഷം ഒലിച്ചുപോയി.

കരിമണ്ണൂർ ടൗണിൽ കൊല്ലപ്പറമ്പിൽ നാരായണൻ നായർ, ബ്ലാവിൽ നാരായണൻ, വേലക്കോട്ടിൽ ഉശി അണ്ണൻ എന്നിവരുടെ കാപ്പിക്കടകളും, അമയപ്പറമ്പിൽ കുഞ്ഞ്, അന്തവീട്ടിൽ മേത്തർ, വാഴയിൽ അഗസ്തി, വെള്ളൂപ്പറമ്പിൽ പരീത് എന്നിവരുടെ പലചരക്കു കടകളും, സാധു ഗോവിന്ദക്കുറുപ്പിന്റെ ഇരുമ്പ് - സ്റ്റേഷനറി - പലചരക്ക് - അങ്ങാടിമരുന്നു കടയും, അമ്പാട്ടു പത്മനാഭൻനായരുടെ ഹോട്ടലും കൊങ്കണി മുതലാളിയുടെ അങ്ങാടിമരുന്നുകടയും നാറാണത്തു പത്രോസ്, നെല്ലാനിക്കട്ടു ജോസഫ് എന്നിവരുടെ ജൗളിക്കടകളും ഓരത്തേൽ ചാക്കോ പൗലോസിന്റെ പുകയില കട, പഴയവീട്ടിൽ ജോണിന്റെ ബേക്കറി, എം.കെ. നാരായണന്റെ ബാർബർ ഷോപ്പ് തൈപ്പറമ്പിൽ കൊച്ചുതമ്പിയുടെ സൈക്കിൾഷോപ്പ് അത്തിയ്ക്കൽ മത്തായി, കുന്നപ്പള്ളിൽ കുഞ്ഞേപ്പ് എന്നിവരുടെ ചെറിയ പലചരക്കുകടകൾ എന്നിവ നിലവിലുണ്ടായിരുന്നു. കൂടാതെ കരിമണ്ണൂർ പരസ്പര സഹായസഹകരണ സംഘം വക റേഷൻ കടയും. കരിമണ്ണൂർ ടൗണിൽ ഇപ്പോൾ പഞ്ചായത്തിന്റെ വക സ്ഥലത്തുണ്ടായിരുന്ന മീൻചന്ത, ഗോപാലപിള്ള വൈദ്യന്റെ സർക്കാർ ഗ്രാന്റു വൈദ്യശാല എന്നിവയും ഓറിയന്റൽ സെൻട്രൽ ബാങ്ക്, ജയ്ഹിന്ദു ബാങ്ക് എന്നീ ധനകാര്യസ്ഥാപനങ്ങളുടെ ശാഖകളും, കുറുമാത്തു വലിയ വൈദ്യരുടെ വൈദ്യശാലയും വട്ടക്കാവിൽ മാണിവൈദ്യന്റെ ആയുർവേദ-വിഷവൈദ്യശാലയും വേലായുധൻ വൈദ്യന്റെ വൈദ്യശാലയും നിലവിലുണ്ടായിരുന്നു.

1950 കാലഘട്ടമായപ്പോഴേയ്ക്കും ഈ സ്ഥാപനങ്ങൾ എല്ലാം തന്നെ പ്രവർത്തനം നിലച്ചുപോകുകയാണുണ്ടായിട്ടുള്ളത്. 1955 കാലഘട്ടമായപ്പോഴേക്കും നാറാണത്തു പത്രോസ് വക തയ്യൽക്കട, വെള്ളാപ്പിള്ളിൽ V.A. അഗസ്റ്റിൻ വക "ഹെർബോമിനറൽ" കട കുഴിക്കാട്ട് K.V. ചാക്കോ വക ഫോട്ടോ ഫ്രെമിങ്ങ് നോട്ടുബുക്കുകൾ സ്റ്റേഷനറി തുടങ്ങിയവയുള്ള കട, പോൾതോമസ് വക പോൾസ് ബേക്കറി എന്നിവ പ്രവർത്തിച്ചു തുടങ്ങി.

വർഷങ്ങൾക്കുശേഷം ചെറുകിടവ്യവസായരംഗത്ത് തടിമില്ലുകൾ, തീപ്പെട്ടിനിർമ്മാണ ഫാക്ടറി, ഒരു മെറ്റൽ ഇൻഡസ്ട്രി, ഒരു റബർ ബാന്റു നിർമ്മാണ കേന്ദ്രം നാലു റെഡിമേയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രങ്ങൾ, ധാരാളം തയ്യൽ കേന്ദ്രങ്ങൾ, ഒരു അരിയുല്പാദന കേന്ദ്രം ഒരു കൊപ്രാ സംസ്ക്കരണകേന്ദ്രം, റൈസ് മില്ലുകൾ, ഓയിൽ മില്ലുകൾ, അവൽ നിർമ്മാണ കേന്ദ്രം, സിമന്റിഷ്ടിക നിർമ്മാണകേന്ദ്രങ്ങൾ, തടിഫർണിച്ചർ നിർമ്മാണകേന്ദ്രങ്ങൾ, മണൽവ്യാപാരം, സൈക്കിൾ അസംബ്ലിംഗും റിപ്പയറിംഗും കേന്ദ്രങ്ങൾ പ്രിന്റിംഗ് പ്രസ്സുകൾ, എൻജിനിയറിംഗ് വർക്ക് ഷോപ്പുകൾ, ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ എന്നിവയും ചെറുകിട വ്യവസായ - കച്ചവട സ്ഥാപനങ്ങളും പ്രവർത്തിച്ചു തുടങ്ങി. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഇത്തരത്തിലുള്ള 183 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

ചെറുകിട വ്യാപാരരംഗത്തു പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും ഉടമസ്ഥർതന്നെ നടത്തുന്നവയും പ്രത്യേകം ശമ്പളം പറ്റുന്ന ജീവനക്കാർ ഇല്ലാത്തവയുമാണ്. പരമ്പരാഗത - കുടിൽ വ്യവസായങ്ങൾ

നാമമാത്രമായെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. കുടിൽ വ്യവസായങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പലകാരണങ്ങളാലും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. നിലവിലുള്ള നാമമാത്രമായ പരമ്പരാഗത വ്യവസായങ്ങളിലും പ്രത്യേക ശമ്പള വ്യവസ്ഥയിലുള്ള തൊഴിലാളികൾ ഒന്നുംതന്നെയില്ല. പരമ്പരാഗത കുലത്തൊഴിൽ എന്ന നിലയിൽ അവരവർതന്നെ ഉല്പാദിപ്പിച്ചു വിറ്റഴിക്കുന്നു. അതുകൊണ്ട് കൂലിവ്യവസ്ഥതന്നെ നിലവിലില്ല. നാമമാത്രമായി നിലവിലുള്ള പരമ്പരാഗത വ്യവസായരംഗത്ത് പഞ്ചായത്തിൽ മൊത്തം പതിനഞ്ചുപേരാണുള്ളത്. പരമ്പരാഗത വ്യാപാരരംഗത്ത് നിലവിലുള്ളവ കുട്ട, പനമ്പ് നെയ്ത്തും പപ്പടനിർമ്മാണവുമാണ്. കുട്ട, പനമ്പ് നെയ്ത്തു രംഗത്തുള്ളവർ താമസിച്ചു വരുന്നത് തൊമ്മൻകുത്ത്, കോട്ടക്കവല പ്രദേശങ്ങളിലാണ്. പപ്പടനിർമ്മാണരംഗത്ത് അങ്ങിങ്ങായി ഏതാനു കുടുംബങ്ങൾ അധിവസിക്കുന്നു കുലതൊഴിൽ എന്ന പാരമ്പര്യമനുസരിച്ചാണ് ഇവ തുടർന്നു വരുന്നതു തന്നെ.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള 183 വ്യാപാര വ്യവസായസ്ഥാപനങ്ങളിൽ പലവ്യജ്ഞനക്കടകൾ, ജൗളിക്കടകൾ, ചായക്കടകൾ, ഹോട്ടലുകൾ, സ്റ്റേഷനറിക്കടകൾ തുടങ്ങിയവയൊഴിച്ചുള്ള ചെറുകിട വ്യവസായസ്ഥാപനങ്ങളും അവയിൽ തൊഴിലെടുക്കുന്നവരെ സംബന്ധിച്ചു മറ്റുമുള്ള വിവരങ്ങൾ പ്രത്യേക പട്ടികയായി ചേർത്തിരിക്കുന്നു. മേൽപറഞ്ഞ വ്യാപാര സ്ഥാപനങ്ങളിൽ മൂന്നെണ്ണം കരിമണ്ണൂർ സർവ്വീസ് സഹകരണബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നവയും അവയിലെ ജീവനക്കാർക്ക് മറ്റു ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പളവ്യവസ്ഥയുമാണ് നിലിവിലുള്ളത്.

പട്ടിക

ക്ര.ന.	ഇനം	എണ്ണം	പു.	സ്ത്രീ.	ആകെ
1	തടിവ്യവസായം	3	11	-	11
2	തീപ്പെട്ടി നിർമ്മാണം	1	4	13	17
3	അന്നാമെറ്റൽ ഇൻഡസ്ട്രി	1	8	1	9
4	റബർബാന്റ് നിർമ്മാണം	1	-	10	10
5	റെഡിമേഡ് വസ്ത്രനിർമ്മാണ കേന്ദ്രം	4	4	22	26
6	അരി ഉല്പാദനയൂണിറ്റ്	1	3	3	6
7	കൊപ്രാസംസ്ക്കരണം	1	2	-	2
8	ഓയിൽമില്ലുകൾ	6	6	-	6
9	റൈസ് ഫ്ളവർ മില്ലുകൾ	22	22	-	22
10	അവൽനിർമ്മാണം	1	3	1	4
11.	സിമന്റ് ഇഷ്ടിക നിർമ്മാണം	8	16	3	19
12	മണൽ വ്യവസായം	4	25	15	40
13.	ഫർണിച്ചർ നിർമ്മാണം	6	18	-	18
14.	എഞ്ചിനീറിംഗ് വർക്ക്	6	12	-	12
15	ഓട്ടോമോബൈൽ വർക്ക്ഷോപ്പ്	4	13	-	13
16	പ്രിന്റിംഗ് പ്രസ്സുകൾ	2	3	4	7
17	സൈക്കിൾ അസംബ്ലിഗ് ആന്റ് റിപ്പയറിംഗ്	2	4	-	4
18	മുളകുപൊടി, മല്ലിപ്പൊടി, ഉല്പാദനകേന്ദ്രം	1	1	-	1
19	ഗോതമ്പുപൊടി നിർമ്മാണം	1	2	1	3
	ആകെ	75	157	73	230

പ്രശ്നങ്ങൾ

1. ഊർജ്ജപ്രതിസന്ധി
2. ജല ദൗർലഭ്യം
3. ആവശ്യമായ ലൈസൻസുകളും അർഹമായ സബ്സിഡികളും ലഭിക്കുന്നതിനുള്ള നിയമക്കുരുക്കുകൾ

4 ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസങ്ങൾ.
5 മാർഗ്ഗനിർദ്ദേശങ്ങളുടെ അപര്യാപ്തത.
6. വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം.
7. വിപണി
8. അന്യസംസ്ഥാനങ്ങളിൽനിന്നും വൻകിടവ്യാവസായസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം.
9. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം.
10. വ്യവസായരംഗത്ത് മുതൽ മുടക്കാനുള്ള വിമുഖത.

സാദ്ധ്യതകൾ

1. 80% ത്തോളം കാർഷികവിളകളും റബർ ഉല്പന്നങ്ങളാണ്. അതുകൊണ്ട് വൻകിട - ഇടത്തരം - ചെറുകിട റബർ അധിഷ്ടിത വ്യവസായങ്ങൾക്കുള്ള സാധ്യതയുണ്ട്.
2. രണ്ടാമത് കാർഷികവിളയായ നാളികേരം ഉപയോഗിച്ചുള്ള വിവിധങ്ങളായ ഭക്ഷണ-പാനീയങ്ങൾ ചിരട്ടയും ചകിരിനാരും ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ, തടി ഉപയോഗിച്ചുള്ള ഫർണിച്ചറുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതയുമുണ്ട്.
3. സുലഭമായി ലഭിക്കുന്ന മെറ്റലുകൾ, മണൽ എന്നിവ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിടനിർമ്മാണ വസ്തുക്കളും അലങ്കാര വസ്തുക്കളും നിർമ്മിക്കാൻ സാദ്ധ്യതയുണ്ട്.
4. സുലഭമായി നമ്മുടെ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും ലഭിക്കുന്ന പൈനാപ്പിൾ ഉപയോഗിച്ച് ജാമുകൾ, സ്ക്വാഷുകൾ, ഈസ്റ്റുകൾ തുടങ്ങിയ ഉല്പാദിപ്പിക്കുവാൻ കഴിയും.
5. മാംസ വിപണനരംഗത്ത് സാദ്ധ്യതയുണ്ട്.
6. കൊക്കോ സംസ്ക്കരണവുമായി ചെറുകിട വ്യവസായ രംഗത്ത് സാദ്ധ്യതയുണ്ട്.
7. നമ്മുടെ സംസ്ഥാനത്തെ വിനോദ സഞ്ചാരകേന്ദ്ര ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള "തൊമ്മൻകുത്ത്" ടൂറിസം വ്യസായത്തിന് നല്ല സാദ്ധ്യതയുണ്ട്.
8. സഹകരണമേഖലയിൽ പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.
9. ചെരുപ്പ്, മെഴുകുതിരി, സോപ്പ്, ഉപ്പേരികൾ, പലഹാരങ്ങൾ, കറിപൗഡറുകൾ, അച്ചാറുകൾ, നോട്ടുബുക്കു നിർമ്മാണം തുടങ്ങിയവ കുടിൽവ്യവസായമായോ സഹകരണ അടിസ്ഥാനത്തിലോ തുടങ്ങാൻ സാദ്ധ്യതയുണ്ട്.
10. ഒരു പെട്രോൾ - ഡീസൽ ബങ്കും സർവ്വീസ് സ്റ്റേഷനും സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.

നിർദ്ദേശങ്ങൾ

1. ഉർജ്ജപ്രതിസന്ധിക്ക് തൊമ്മൻകുത്തിൽ ഒരു മിനി ജലവൈദ്യുതി നിലയം സ്ഥാപിച്ച് പഞ്ചായത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കഴിയും.
2. ജലദൗർലഭ്യം പരിഹരിക്കുന്നതിന് ചെക്കുഡാമുകൾ, തടയണകൾ, ചെറുകിട ജലസേചന പദ്ധതികൾ, കുളങ്ങൾ നിർമ്മിക്കൽ എന്നിവ നടപ്പാക്കണം.
3. വ്യവസായ സംരഭങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പകൾ ലഭിക്കുന്നതിന് അനുഭവപ്പെടുന്ന തടസ്സങ്ങൾ നീക്കിയും നിയമവ്യവസ്ഥയിൽ അയവും ഉദാരമായ സമീപനവും ഉണ്ടാകണം.
4. ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ ലിസ്റ്റ് പഞ്ചായത്ത് ഓരോ വർഷവും ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുകയും സംരംഭകർക്ക് പ്രോത്സാഹനം നൽകുകയും മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും പഞ്ചായത്തുവഴി നടപ്പാക്കുകയും ചെയ്യുക.
5. കരകൗശല രംഗത്ത് താല്പര്യമുള്ളവരെ കണ്ടെത്തി വിദഗ്ദപരിശീലനവും പ്രോത്സാഹനവും നല്കുക.
6. റെഡിമേയ്ഡ് വസ്ത്രനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നവർക്കും തല്പരരായവർക്കും ആധുനിക സാങ്കേതി വിദ്യകൾ ലഭിക്കുന്നതിനും ബിസിനസ് മാനേജ്മെന്റ് പരിശീലനം ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
7. വ്യവസായ രംഗത്താവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനുള്ള പരിശീലന കേന്ദ്രം ആരംഭിക്കുക.
8. തൊമ്മൻകുത്ത് വിനോദസഞ്ചാരകേന്ദ്രം വികസിപ്പിക്കുകയും ടൂറിസ്റ്റുകൾക്കായി ആകർഷകങ്ങളും ചിലവുകുറഞ്ഞതുമായ വിശ്രമ കേന്ദ്രങ്ങളും റസ്റ്റോറന്റുകളും സ്ഥാപിക്കുക.
9. ഒരു മിനി വ്യവസായ കേന്ദ്രം സ്ഥാപിക്കുക.
10. വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
11. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളും നിലവിലില്ലാത്ത കുടിൽ വ്യവസായങ്ങളും പുനരുദ്ധരീകരിക്കുന്നതിനും ആരംഭിക്കുന്നതിനും ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കണം. ആയതിന് മലയോരങ്ങളിലും പുഴയോരങ്ങളിലും തൊടികളിലും വനാതിർത്തികളിലും പാടങ്ങൾക്കരികിലും ഈറ, മുള, തഴ, തുടങ്ങിയവ വച്ചുപിടിപ്പിച്ചാൽ അസംസ്കൃത വസ്തുവിന്റെ ലഭ്യതയ്ക്കൊപ്പം മണ്ണൊലിപ്പു തടയുന്നതിനും സഹായകമാണ്.

5-4

ഗതാഗതം, ഊർജം, മാർക്കറ്റ്

ഗതാഗതം

ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുള്ള പ്രദേശമാണ് കരിമണ്ണൂർ. ഈ പ്രദേശത്തെ താലൂക്കാസ്ഥാനവും വ്യാപാരകേന്ദ്രവുമായ തൊടുപുഴയുമായി ബന്ധിപ്പിച്ചിരുന്ന ആദ്യകാല പാത തൊടുപുഴ-അണ്ണായിക്കണ്ണം, തേക്കിൻ കൂട്ടം, പന്നൂർ, ചെപ്പുകുളം വില്ലേജ് റോഡാണ്. ഈ വഴിയിലൂടെയാണ് ഗ്രാമത്തിലെ കർഷകർ വാണിജ്യവിളകൾ തലച്ചുമടായി തൊടുപുഴയിലെത്തിച്ച് വില്പന നടത്തുകയും തിരിച്ച് നിത്യോപയോഗസാധനങ്ങൾ വീട്ടിലെത്തിക്കുകയും ചെയ്തിരുന്നത്. രോഗികളെ ആശുപത്രികളിലെത്തിക്കുകയും മരിച്ചവരെ സംസ്ക്കരത്തിനായി ബന്ധപ്പെട്ട ഇടവക പള്ളികളിൽ എത്തിക്കുകയും ചെയ്യുന്നത്. ഗതാഗത സൗകര്യങ്ങളുടെ അഭാവംമൂലും ഏറെബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ബദ്ധിമുട്ടുകളിൽ നിന്നും പാഠം പഠിച്ച പൂർവികർ 1950 കാലഘട്ടമായപ്പോഴേയ്ക്കും സംഘടിക്കാനും തങ്ങൾക്കാവശ്യമായ റോഡുകൾ സ്വയം നിർമിക്കാനും തുടങ്ങി. റോഡുനിർമാണരംഗത്തുണ്ടായ ആദ്യകാല സംരഭങ്ങൾക്ക് നേതൃത്വം നല്കിയത് കരിമണ്ണൂർ പള്ളി വികാരിമാരിയിരുന്ന യശശരീരനായ മാവുങ്കൽ അച്ചനും നമ്പ്യാപറമ്പിലച്ചനുമാണ്. ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാനും ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടേണ്ടത് ഒരു അനിവാര്യതയാണ് എന്ന ബോധം ജനങ്ങളിൽ രൂഢമൂലമാവുകയും ജനങ്ങൾ പ്രാദേശികമായി സംഘടിച്ച് കൂടുതൽകൂടുതൽ മൺറോഡുകൾ നിർമിക്കുകയും ചെയ്തു. ഇപ്പോൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ മൊത്തം വ്യത്യസ്ത വിഭാഗങ്ങളിലായി 157 കി.മി. റോഡുണ്ട്. പൊതുവായ സ്ഥിതി താഴെ പറയുംപ്രകാരമാണ്.

1. റോഡുകളുടെ മൊത്തം ദൈർഘ്യം 157 കി.മീ.
2. P.W.D റോഡിന്റെ ദൈർഘ്യം 37 കി.മീ.
3. ടാർ റോഡുകളുടെ മൊത്തം ദൈർഘ്യം 61 കി.മീ.
4. 8 മീറ്റർ വീതിയുള്ളതും ടാർ ചെയ്യാത്തതുമായ റോഡുകൾ 15 കി.മീ.
5. 6 മീറ്റർ വീതിയുള്ളതും ടാർ ചെയ്യാത്തതുമായ റോഡുകൾ 6 കി.മീ.
6. 4 മീറ്ററും അതിൽ താഴെയുള്ളതുമായ മൺറോഡുകൾ 75 കി. മീ.

ഒരു ചതുരശ്ര കി.മീ. വിസ്തീർണ്ണത്തിൽ 4.8 കി.മീ. റോഡ് എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങൾ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. പുതിയ റോഡുകൾ നിർമ്മിക്കുവാനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. പുതിയ മൺറോഡുകളുടെ നിർമ്മാണം സന്നദ്ധപ്രവർത്തനംവഴി നിർവ്വഹിക്കാവുന്നതാണ്.

P.W.D. റോഡുകൾ തന്നെയാണ് ഇപ്പോഴും ഗ്രാമത്തിന്റെ ജീവനാഡി. തൊടുപുഴയിൽനിന്ന് ഉടുമ്പന്നൂർ പാറമട വഴി ഇടുക്കിയിലേക്കുള്ള റോഡുപണി പൂർത്തിയായി വരുന്നു. ഇതുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴയിൽനിന്ന് ഈ പഞ്ചായത്തതിർത്തിയിലുള്ള കോട്ടവഴി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഹൈവേയും ആസന്നഭാവിയിൽ പൂർത്തിയാകും. ഒരു ടൂറിസ്റ്റ് കേന്ദ്രം ഒരു മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് സാദ്ധ്യതയുള്ള സ്ഥലം എന്നീ നിലകളിൽ തൊമ്മൻകുത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. മാറിവരുന്ന സാഹചര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ തൊടുപുഴ ഉടുമ്പന്നൂർ റോഡും, കരിമണ്ണൂർ തൊമ്മൻകുത്ത് റോഡും വികസിപ്പിക്കേണ്ടതുണ്ട്. റോഡിന്റെ വീതി കൂട്ടുക, പാർശ്വഭിത്തികൾ കെട്ടുക, ഓടകൾ നിർമ്മിക്കുക തുടങ്ങിയ ജോലികൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതലായി ഇപ്പോൾ നടക്കുന്നുണ്ട്. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് കഴിഞ്ഞ 6 മാസത്തിനുള്ളിൽ V, VI, VII, VIII, IX വാർഡുകളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. 121455.70 രൂപ അതിലേക്കായി ചിലവഴിച്ചിട്ടുണ്ട്. തന്നാണ്ട് ആക്ഷൻ പ്ലാനിൽ പെടുത്തി II-ാം വാർഡിൽ കരിമണ്ണൂർ പാഴൂക്കര റോഡിന്റെ ടാറിങ്ങ് ഉടൻ ആരംഭിക്കുന്നതാണ്. III-ാം വാർഡിൽ പള്ളിക്കൽ കോട്ട റോഡിന്റെ ടാറിങ് ഉടൻ പൂർത്തിയാകുന്നതാണ്.

പട്ടിക - 1

ടാർ റോഡുകളെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ

ക്ര. ന.	കടന്നുപോകുന്ന വാർഡുകൾ	റോഡിന്റെ പേര്	നീളം	വീതി	ഉടമസ്ഥത	ബസ് ഗതാഗത സൗകര്യം
1	VIII, IX, II, I IX, III	തൊടുപുഴ-ഉടുമ്പന്നൂർ റോഡ്	8.5 കി.മീ.		P.W.D	ഉണ്ട്
2.	II, V, VII, IX	കരിമണ്ണൂർ-വണ്ടമറ്റം	5.5 "		"	ഭാഗീകം
3.	II, V, VI	നെയ്യാശ്ശേരി-തൊമ്മൻകുത്ത്	8.5 "		"	ഭാഗീകം
		(നെയ്യശ്ശേരി-തേക്കുമ്പൽസാഡിൽ റോഡ്) 8.5 കി.മീ. ടാർ ചെയ്തത്.	8.5 "			
4.	VII	നെയ്യശ്ശേരി-കോടുവേലി വഴി	4 "		"	ഉണ്ട്
5.	IX	കരിമണ്ണൂർ-വണ്ടമറ്റം-പടിഞ്ഞാറേകോടിക്കുളം	2.2 "		"	ഇല്ല
6.	IV	കരിമണ്ണൂർ-വെള്ളാത്താനം	2.4 "		"	ഉണ്ട്
7.	VII, I	ആർപ്പാമറ്റം-കരിമണ്ണൂർ (ചാലാശ്ശേരി വഴി)	7.2 "		"	ഇല്ല.
8.	I, IV	തേക്കിൻകൂട്ടം-ചിലവ്	4 "	8 മീറ്റർ	പഞ്ചായത്ത്	ഇല്ല
9.	IV	കമ്പിപ്പാലം-ചിലവ് റോഡ്	3.5 "	8 "	പഞ്ചായത്ത്	ഇല്ല.
10.	IV	പന്നൂർ- ഉടുമ്പന്നൂർ റോഡ്	800മീ.	8.മീ.	പഞ്ചായത്ത്	ഇല്ല
11.	VI, VII, V	മുളപ്പുറം ഉണിച്ചിക്കവല 1 കി.മി. ടാർ ചെയ്തത്	2 കി.മി.	8 മീ.	പഞ്ചായത്ത്	ഇല്ല
12.	VII, V, VI	നെയ്യശ്ശേരി- കോട്ടക്കവല -കോട്ട	1.5 + 1.5 കി.മീ. (3 കി.മീ.)	8 മീ.	പഞ്ചായത്ത്	ഇല്ല
13.	VI, VII	മുളപ്പുറം - ആനിക്കുഴ	1+1 കി.മീ. (2 കി.മീ.)	8 മീ.	പഞ്ചായത്ത്	ഇല്ല
14.	IX	കുറുമ്പാലമറ്റം-വണ്ടമറ്റം	1.500 കി.മീ.	8.മീ.	പഞ്ചായത്ത്	ഇല്ല
15.	III	കോട്ടക്കവല ഉടുമ്പന്നൂർ	2.400 കി.മീ.	8.മീ.	പഞ്ചായത്ത്	ഇല്ല
16.	VII	നെയ്യശ്ശേരി- കോടിക്കുളം	2 കി.മീ.	8 മീ.	പഞ്ചായത്ത്	ഇല്ല
17.	VIII	എഴുമുട്ടം-കിളിയറ	2 കി.മീ.	8 മീ.	പഞ്ചായത്ത്	ഇല്ല
18.	V, VI, VII	ഉണിച്ചിക്കവല-കാരാംകോട്	1+1 (2 കി.മീ.)	8.മീ.	"	"
19.	VI	മുളപ്പുറം-ഉടുമ്പന്നൂർ	1.5+1.5 (3 കി.മീ.)	8മീ.	"	"
20.	VI	രാജീവ് ജംഗ്ഷൻ-നെടിയപാല	350+600 മീ.	3 മീ.	"	"

പഞ്ചായത്തിലെ മൺറോഡുകളെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ

ക്ര.ന.	കടന്നുപോകുന്ന വാർഡുകൾ	റോഡിന്റെ പേര്	നീളം	വീതി	വാഹന ഗതാഗത സൗകര്യം
1.	I, IV	കമ്പിപ്പാലം-തേക്കിൻകൂട്ടം റോഡ്	1.6 കി.മീ.	3.5 കി.മീ.	തൃപ്തികരമല്ല
2.	I, IX	പള്ളിപ്പാലം-കുറുമ്പാലമറ്റം	1.6 കി.മി.	3.5 മീ.	”
3.	IX	കരിമണ്ണൂർ-നെല്ലിമല	1.5 കി.മീ.	3 മീ.	”
4.	II	കരിമണ്ണൂർ-പാഴുക്കര നെയ്യശ്ശേരി	1.6 കി.മീ.	8 മീ.	”
5.	III, II, V	മണ്ണാറത്തറ-കോട്ട	2.4 കി.മീ.	3 മീ.	”
6.	III	കുരുമ്പുപാടം-കോട്ട	1 കി.മീ.	3 മീ.	”
7.	III	പള്ളിക്കൽ-കോട്ട	600 മീ.	4 മീ.	”
8.	I	തേക്കിൻകൂട്ടം-കിളിയറ	1 കി.മീ.	3 മീ.	”
9.	I, VIII	കൊക്കലം വേനപ്പാറ ചാലാശ്ശേരി	3കി.മീ.	6 മീ.	”
10.	I	ചേറാടി-വേനപ്പാറ	1.5 കി.മീ.	4 മീ.	”
11.	I	കിളിയറ-വേനപ്പാറ	2 “	4 “	”
12.	II, IX	കരിമണ്ണൂർ-നെല്ലിമല	1.5 “	3 “	”
13.	II	കരിമണ്ണൂർ-പാഴൂക്കര	1.6 “	4 “	”
14.	IV	മണ്ണാറത്തറ-പുല്ലുമല റോഡ് II/IV	1 “	4 ”	”
15.	II	കരിമണ്ണൂർ-ടെമ്പിൾറോഡ്	1 “	4 “	”
16.	II	ഹൈസ്ക്കൂൾകവല-തോയൻ റോഡ്	400മീ.	4മീ.	”
17.	II	S.N.D.P. ജംഗ്ഷൻ-മണ്ണാറത്തറ	2കി.മീ.	3 “	”
18.	II	മുസ്ലീംപള്ളി-മണ്ണാറത്തറ	1 കി.മീ.	3 “	”
19.	III, IV	കുറുപ്പുംപടി-പന്നൂർ (II/III)	1 “	4 “	”
20.	IV	മാനാക്കുഴി-ചിലവ്	1.6 “	4 “	”
21.	IV	വെള്ളാത്താനം-ചിലവ്	1 “	4 “	”
22.	IV, III	പന്നൂർ-കുരുമ്പുപാടം	1.6 കി.മീ.	3 “	”

23.	IV	കമ്പിപ്പാലം-മാരാമ്പാറ	1.5 കി.മീ.	6 "	"
24.	IV	പുല്ലുമല-കുരുമ്പുപാടം	2 "	3.5 "	"
25.	IV	പുല്ലുമല-പന്നൂർ	1.4 "	3.5 "	"
26.	IV	പന്നൂർ-മാനാക്കുഴി	1"	4"	"
27.	IV	മാനാക്കുഴി-കുറ്റിച്ചിറ റോഡ്	1കി.മി.	4 മീ.	തൃപ്തികരമല്ല
28.	V	കോട്ട-കുളിർക്കുഴി	600മീ.	3 മീ.	"
29.	V	നെയ്യശ്ശേരികവല-ടെമ്പിൾകോട്ട (II/5)	1കി.മീ.	3"	"
30.	V	കരിമണ്ണൂർ-നെയ്യശ്ശേരി (കുരിക്കുന്നേൽ പാടം വഴി)	2 "	3.5 "	"
31.	V	ഉണിച്ചിക്കവല-മനക്കപ്പാടം	1.5 കി.മീ.	4 മീ.	"
32.	V	മുളപ്പുറംപാലം-വാഴാച്ചേരി (പാമ്പുംവളവു വഴി)	1.5 "	4 "	"
33.	V	കോട്ടക്കവല-പാമ്പുംവളവ്	1.5 "	4 "	"
34.	VI	മിഷൻകുന്ന്-അമയപ്ര	1 "	8 "	"
35.	VI	മുളപ്പുറം-കാരാങ്കോട്	1.6 "	3.5 "	"
36.	VI, VII	കൊട്ടവേലി കാരാങ്കോട്	1.6 "	3.5"	"
37.	VI	വള്ളക്കടവ്-അടച്ചുപാറ	1 "	4 "	"
38.	VI	നടയ്ക്കപ്പാലം-വെള്ളിലാംപരപ്പ്	1.5 "	4 "	"
39.	VI	പള്ളിപ്പടി-വെള്ളിലാംപരപ്പ്	1 "	4 "	"
40.	VI	തൊമ്മൻകുത്ത്-മുണ്ടൻമുടി	1 "	4 "	"
41.	VI	കൊല്ലപ്പടി-പാമ്പുകയം	1 "	3"	"
42.	VI	തൊമ്മൻകുത്ത്-വെൺമണി	2 "	8 "	"
43.	VI	മുളപ്പുറം കുന്നയ്ക്കാമല	1.5 "	4 "	"
44.	VI	മുളപ്പുറം-തേങ്കോട്	1 "	4 "	"
45.	VI	തറയാനിപ്പടി-വടക്കേടംതാഴം	800 മീ.	4 മീ.	"
46	VI	മുളപ്പുറം തുലാമ്പാറ	400 മീ.	3 മീ.	"

47.	VI	മിഷൻകുന്ന്-പള്ളിക്കാമുറി	800മീ.	4 മീ.	”
48.	VI	മൂലേപ്പീടിക-തെക്കേനാക്കുന്ന്താഴം	800 മീ.	4 മീ.	”
49.	VI	പിച്ചാപ്പിള്ളിക്കവല-മുണ്ടൻകാവ്	900 മീ.	4 മീ.	”
50.	VI	മൂലേപ്പീടിക വെളുത്തേടത്തുപറമ്പിൽ	1കി.മീ.	4 മീ.	”
51.	VII	നെയ്യശ്ശേരി-ഇഞ്ചപ്പാറ	1 കി.മീ.	3.5 മീ.	”
52.	VII	ആനിക്കുഴ-കണ്ണാടിപ്പാറ	1.5 കി.മീ.	3 മീ.	”
53.	VII, IX	നെയ്യശ്ശേരി-നെല്ലിമല (I/VII)	2 കി.മീ.	3.5 മീ.	”
54.	VII	നെയ്യശ്ശേരി-മരുതുംപറപ്പാറ	2 കി.മീ.	4 മീ.	”
55.	VII	ആനിക്കുഴ-ഇഞ്ചപ്പാറ	1 കി.മീ.	3.5 മീ.	”
56.	VII	നെയ്യശ്ശേരി-കണ്ണാടിപ്പാറ-ആനിക്കുഴ	1.6 “	8 “	”
57.	VII	ഉണിച്ചിക്കവല-ആനിക്കുഴലക്ഷംവീട്	1“	3 “	”
58.	VIII	ഏഴുമുട്ടം-ഞറുക്കുറ്റി (പറപ്പിള്ളിതണ്ടുവഴി)	700 മീ.	8 മീ.	PWD Property
59.	VIII	എഴുമുട്ടം-പെരുങ്കാവ്	1.5 കി.മീ.	3 മീ.	”
60	VIII, IX	കുറുമ്പാലമറ്റം-സീഡുഫാം (I/IX)	2 “	8 “	”
61.	VIII	എഴുമുട്ടം അണ്ണായിക്കണ്ണം (II/VIII)	1.5 “	8 “	”
62	VIII	എഴുമുട്ടം-കുരിശിങ്കൽ	1.5 “	6 “	”
63.	VIII	എഴുമുട്ടം-ചാലാശ്ശേരി (I/VIII)	1.5 ”	4 ”	”
64.	VIII	കുപ്പേളപ്പടി-ചാലാശ്ശേരി	1.5 കി.മീ.	8 മീ.	”
65.	VIII	കിളിയറ-ചാമപ്പാറ	1കി.മീ.	4 മീ.	”
66.	IX	നെയ്യശ്ശേരി-ഉറുമ്പാട്ട്കുന്ന്	2.6 കി.മീ.	8മീ.	”
67	IX	കുറുമ്പാലമറ്റം-അഞ്ചങ്ങാടി	900 മീ.	3 മീ.	”
68.	II	കുറുമ്പാലമറ്റം-ഉറുമ്പാട്ട്കുന്ന് (II/IX)	2.6 കി.മീ.	3 മീ.	
69.	IX	കോട്ടർകാവ്-നെല്ലിമല	600 മീ.	4 മീ.	”
70.	IX	കുറുമ്പാലമറ്റം-പഴുക്കാടി	1 കി.മീ.	4 മീ.	”
71.	VI	ഭരണിക്കുഴി-പുലിമറ്റം	1 കി.മീ.	6 മീ.	
72.	I	Bl. No. 37ൽ 306/II ഭൂസ്ഥിതി റോഡ്	167 മീ.	6 മീ.	റവന്യൂ വകുപ്പ്

പഞ്ചായത്തിൽ ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങൾ

ക്രമനമ്പർ	പ്രദേശത്തിന്റെ പേര്	വാർഡ്
1.	വള്ളിക്കാട്ടുമാരി	I
2.	വേനപ്പാറ	I
3.	കാവുംപുറം	I
4.	ശേഖരത്തുപാറ	III
5.	കുറ്റിച്ചിറ	IV
6.	മാരാമ്പാറ	IV
7.	കുന്നയ്ക്കാമല	VI
8.	നെല്ലിമല	VII
9.	വീരാപ്പിള്ളിത്തണ്ട്	VII
10.	കണ്ണാടിപ്പാറ	VII
11.	ആനിക്കുഴകോളനി	VII
12.	ചാലാശ്ശേരി	VIII
13.	കൊട്ടൂർക്കാവ് തണ്ട്	IX
14.	മരുതുംപറപ്പാറ	IX
15.	കാവിരിക്കോളനി	IX
16.	വട്ടക്കുടിത്തണ്ട്	IX
17.	അണവഴിപ്പാലം	IX

സാദ്ധ്യതകൾ

III-ാം വാർഡിൽ ശേഖരത്തുപാറ, VII-ാം വാർഡിൽ കണ്ണാടിപ്പാറ, VIII-ാം വാർഡിൽ ചാലാശ്ശേരി, IX-ാം വാർഡിൽ മരുതുംപറപ്പാറ തുടങ്ങിയ പ്രദേശങ്ങളിലേക്ക് റോഡു ഗതാഗതസൗകര്യം ഉണ്ടാക്കുക എളുപ്പമല്ല. ഇവിടങ്ങളിൽ നടകെട്ടി ഗതാഗതസൗകര്യം ഉണ്ടാക്കുകയാണ് പ്രായോഗികമായിട്ടുള്ളത്. ഗതാഗതസൗകര്യമില്ലാത്ത മറ്റു പ്രദേശങ്ങളിലേക്ക് ജനകീയപങ്കാളിത്തത്തോടെ മൺറോഡുകൾ നിർമ്മിക്കാവുന്നതുമാണ്.

ടാർ റോഡുകൾ - പ്രശ്നങ്ങൾ

1. പ്രധാനം P.W.D. റോഡുകളിൽ ക്രമാതീതമായി വാഹനഗതാഗതം വർദ്ധിച്ചിരിക്കുന്നു.
2. പൊതുവിൽ ബസ് ഗതാഗതസൗകര്യം അപര്യാപ്തമാണ്.
3. പല കലുങ്കുകൾക്കും ആവശ്യത്തിന് വീതിയില്ല.
4. ചില കലുങ്കുകൾ അടഞ്ഞുപോയിട്ടുണ്ട്.
5. റോഡുകൾക്ക് വാഹനഗതാഗത വർദ്ധന ഉൾക്കൊള്ളാൻ തക്ക വീതിയില്ല.
6. അപകടസാദ്ധ്യതയുള്ള വളവുകൾ നിലനിൽക്കുന്നു.
7. ഓടകൾ ആവശ്യത്തിനില്ല.
8. കരിമണ്ണൂർ തൊമ്മൻകുത്ത് റോഡിന് പ്രത്യേകിച്ചും കരിമണ്ണൂർ ജംഗ്ഷനിൽ തീരെ വീതിയില്ല.
9. റോഡു പുറമ്പോക്ക് കയ്യേറി കെട്ടിടങ്ങൾ പണിതിട്ടുണ്ട്.
10. കരിമണ്ണൂർ ടൗണിൽ ഇരുവശത്തുമുള്ള ഓടകൾക്കിടയിലുള്ള റോഡ് വീതി തീരെക്കുറവാണ്.
11. ഓടകൾ മൂടി അവിടവിടെ സ്വകാര്യ വ്യക്തികൾ ഇട്ടിരിക്കുന്ന സ്ലാബുകൾ ചെരിച്ചിട്ടിരിക്കുന്നതുകൊണ്ട് കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ട്.
12. കരിമണ്ണൂർ ടൗണിൽ ഫുട്പാത്തില്ല.
13. ലോറി ടാക്സി ഓട്ടോ സ്റ്റാൻഡുകളില്ല.
14. തത്വദീക്ഷയില്ലാതെയുള്ള പാർക്കിംഗ് അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്നു.
15. ബസ് സ്റ്റോപ്പ് വെയിറ്റിംഗ് ഷെഡുകൾ ആവശ്യത്തിനില്ല.
16. ബസ് ഗതാഗത സൗകര്യം ആവശ്യമായിട്ടുള്ളതും ബസ് ഗതാഗതയോഗ്യമായിട്ടുള്ളതുമായ പല റോഡുകളും P.W.D ഏറ്റെടുത്തിട്ടില്ല.
17. ഏറ്റവും അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടായിട്ടും റെയിൽഗതാഗത സൗകര്യം ഏർപ്പെടുത്താൻ പരിപാടികളില്ല.
18. ബസ് ഗതാഗതം ഇല്ലാത്ത റോഡുകളുടെ പരിപാലനം തൃപ്തികരമല്ല.

മൺറോഡുകൾ - പ്രശ്നങ്ങൾ

1. പല റോഡുകൾക്കും ആവശ്യത്തിന് വീതിയില്ല.
2. കലുങ്കുകളുടെ അഭാവം വെള്ളക്കെട്ടുകൾക്കിടയാക്കുന്നുണ്ട്.
3. പാർശ്വഭിത്തികൾ ഇല്ലാത്തതുകൊണ്ട് റോഡിലെ മണ്ണൊലിച്ചുപോയി റോഡു ഗതാഗ്യമല്ലാതായിത്തീരുന്നുണ്ട്.
4. മൺമേലകൾ പലയിടത്തും അപൂർവ്വമാണ്.
5. ചില കുന്നിൻ പ്രദേശങ്ങളിലേക്ക് ഗതാഗതസൗകര്യം ഏർപ്പെടുത്താൻ നടകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്.
6. ടാറിങ് നടക്കാത്തതുകൊണ്ട് ഗതാഗതത്തിനു ബുദ്ധിമുട്ടുണ്ട്.
7. ഗതാഗതസൗകര്യമില്ലാത്ത പ്രദേശങ്ങൾ ബാക്കിയുണ്ട്.
8. നടപ്പാലങ്ങളും കുളിക്കടവുകളും ആവശ്യത്തിനില്ല.
9. പഞ്ചായത്തുതലത്തിൽ നടന്നിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങളുടെ സാങ്കേതിക നിലവാരവും ഗുണമേന്മയും തൃപ്തികരമല്ല.
10. റോഡുകളുടെ വാർഷിക പരിപാലനം തൃപ്തികരമല്ല.
11. റോഡു പരിപാലനത്തിനാവശ്യമായ പണം കണ്ടെത്താൻ പഞ്ചായത്തിനു കഴിയുന്നില്ല.
12. പഞ്ചായത്തു റോഡുകൾക്കൊന്നുംതന്നെ തൃപ്തികരമായ ഡ്രെയിനേജ് സംവിധാനമില്ല.

സാദ്ധ്യതകൾ - ടാർ റോഡ് വികസനം

1. വീതി കുറവുള്ളതും അടഞ്ഞുപോയിട്ടുള്ളതുമായി കലുങ്കുകൾ പുതുക്കിപ്പണിയണം.
2. അപകടസാദ്ധ്യതയുള്ള വളവുകൾ സ്ഥലം അക്വയർ ചെയ്ത് റോഡുനിർമ്മിച്ച് അപകടസാദ്ധ്യത ഒഴിവാക്കണം.
3. റോഡു പുറമ്പോക്കു കയ്യേറ്റങ്ങൾ പൊതുവിലും പഞ്ചായത്താഫീസു മുതൽ പോലീസ് സ്റ്റേഷൻ വരെയുള്ള റോഡു കയ്യേറ്റങ്ങൾ മുൻഗണന നൽകിയും ഒഴിവാക്കി റോഡിനു വീതികൂട്ടണം.
4. കരിമണ്ണൂർ ടൗണിൽ പൂർത്തിയാകാതെ കിടക്കുന്നതുൾപ്പെടെ കലുങ്കുകളോടു ബന്ധപ്പെട്ടുള്ള ഓട നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണം.
5. കരിമണ്ണൂർ തൊമ്മൻകുത്ത് റോഡ് പൊതുവായും കരിമണ്ണൂർ ടൗൺ പ്രദേശം മുൻഗണന നൽകിയും വീതികൂട്ടിയും ഓടകൾ നിർമ്മിച്ച് വികസിപ്പിക്കണം.
6. കരിമണ്ണൂർ ടൗണിലെ കോൺക്രീറ്റ് ഓടകൾ സ്ലാബിട്ട് ഫുട്പാത്ത് സൗകര്യം ഏർപ്പെടുത്തുകയും ഓട്ടോ റിക്ഷാ പാർക്കിങ് സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യണം.
7. കോട്ടറോഡ് മുഴുവനായും P.W.D. ഏറ്റെടുത്ത് തോട്ടിൽ പാലം നിർമിച്ച് ബസ് ഗതാഗാത സൗകര്യം ഏർപ്പെടുത്തണം.
8. ബ്ലോക്ക് ആസ്ഥാനത്തേക്കുള്ള ദൂരം പകുതി കണ്ട് കുറവുവരുത്താൻ സഹായകമായ തേക്കിൻകൂട്ടം ചിലവുറോഡ് P.W.D. ഏറ്റെടുത്ത് തേക്കിൻകൂട്ടം പാലം വീതികൂട്ടി ബസ് സർവ്വീസ് പുനരാരംഭിക്കണം.
9. P.W.D.യുടെ അധീനതയിലുള്ള ഞറുക്കുറ്റി എഴുമുട്ടം റോഡു വികസിപ്പിച്ച് അതുവഴി ബസ് ഗതാഗതം തിരിച്ചുവിടണം.
10. ടൗണിലെ തിരക്കുകൂടിയ ഭാഗത്ത് ലോറി പാർക്കിങ് നിരോധിക്കണം.
11. ആർപ്പമറ്റം ചാലാശ്ശേരി റോഡിൽ ബസ്സ് ഗതാഗതം പുനരാരംഭിക്കണം.
12. തൊമ്മൻകുത്ത് റോഡിൽ ടാർ ചെയ്യാതെയുള്ള ഭാഗം അടിയന്തിരമായി ടാർ ചെയ്യണം.
13. മുളപ്പുറം ഉണിച്ചിക്കവല, നെയ്യശ്ശേരി കോട്ടകവല, മുളപ്പുറം ആനിക്കുഴ, ഉണിച്ചിക്കവല കാരാങ്കോട്, മുളപ്പുറം ഉടുമ്പന്നൂർ റോഡുകളുടെ ടാറിങ് പൂർത്തിയാക്കണം.
14. നിർത്തലാക്കിയ K.S.R.T.C സർവ്വീസ് പുനരാരംഭിക്കണം.
15. ടൂറിസ്റ്റ് കേന്ദ്രമായ തൊമ്മൻകുത്തിലേക്ക് K.S.R.T.C സർവ്വീസ് ആരംഭിക്കണം.
16. നിർദ്ദിഷ്ട അങ്കമാലി മധുര റെയിൽവേ ലെയിൻ കോട്ടവഴി നിർമ്മിക്കണം.
17. കരിമണ്ണൂർ തൊടുപുഴ ഷട്ടിൽ സർവ്വീസ് ആരംഭിക്കണം.
18. മുഴുവൻ റോഡുകളുടേയും വാർഷിക പരിപാലനം കൃത്യമായി നടത്തണം.
19. ടാക്സി സ്റ്റാൻഡിന് സ്ഥലം കണ്ടെത്തി ടാക്സി പാർക്കിംഗ് സൗകര്യംഉണ്ടാക്കണം.
20. വെയിറ്റിംഗ് ഷെഡുകൾ അടിയന്തിരമായി ഉണ്ടാക്കണം.
21. നെയ്യശ്ശേരി വണ്ടമറ്റം വഴി തൊടുപുഴയ്ക്ക് ബസ് ഗതാഗത സൗകര്യം അടിയന്തിരമായി പുനരാരംഭിക്കണം.

മൺ റോഡുകൾ സാദ്ധ്യതകൾ

1. ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളിലേക്ക് പുതിയ റോഡുകൾ സന്നദ്ധ പ്രവർത്തനം വഴി നിർമ്മിക്കണം.
2. മൺവേലകൾ നിശ്ചിത നിലവാരമനുസരിച്ച് പൂർത്തിയായിട്ടില്ലാത്തത് സന്നദ്ധ പ്രവർത്തനം വഴി പൂർത്തിയാക്കണം.
3. മൺവേലകൾ പൂർത്തിയായിട്ടുള്ള റോഡുകളിൽ ആവശ്യമുള്ളിടത്തെല്ലാം പാലങ്ങളും കലുങ്കുകളും പാർശ്വഭിത്തികളും അടിയന്തിരമായി നിർമ്മിക്കണം.
4. മൺവേലയും മറ്റു നിർമ്മാണജോലികളും തൃപ്തികരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് മെറ്റലിങ്ങും ടാറിങ്ങും നടത്തണം.
5. മെറ്റലിങ്ങും ടാറിങ്ങും ഒരുമിച്ചു നടത്തണം.
6. റോഡു വികസന പരിപാടികൾ നടപ്പാക്കുമ്പോൾ റോഡിന്റെ വീതി ഗതാഗത സാന്ദ്രത തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കപ്പെടണം. (വാർഡടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ഗതാഗതമുള്ള റോഡും 1/1, 2/1 എന്നീ അതേ റോഡുകളുടെ പട്ടികയിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.) അടിസ്ഥാനം ഗ്രാമസഭാ റിപ്പോർട്ടുകളും വസ്തുനിഷ്ഠാ വിലയിരുത്തലും.
7. റോഡുകളുടെ വാർഷിക പരിപാലനവുമായി ബന്ധപ്പെട്ട മൺവേലകൾ ഓടതുറക്കൽ കുഴികൾ നികത്തൽ തുടങ്ങിയവ ഡിസംബർ ജനുവരി മാസങ്ങളിൽ നടത്തണം. ഇതുപോലുള്ള ജോലികൾക്ക് ജനകീയ പങ്കാളിത്തം സങ്കടിപ്പിക്കാൻ കഴിയുന്നതാണ്.
8. ഒമ്പതു ഗ്രാമസഭകളും തങ്ങളുടെ പ്രദേശങ്ങളിലുള്ള പഞ്ചായത്തു റോഡുകൾ ഗതാഗതസൗകര്യമില്ലാത്തതും അടിയന്തിരമായ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതായി വിലയിരുത്തിയിരിക്കുന്നു. അടിയന്തിരമായി ചെയ്യേണ്ടുന്ന അറ്റകുറ്റപ്പണികൾ പട്ടികപ്പെടുത്താൻ ഒരു സമിതിയെ നിയോഗിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്താവുന്നവയുമാണ്.
9. കരിമണ്ണൂർ ടൗണിനോടു ചേർന്നുള്ള പ്രദേശങ്ങളിൽ വസിക്കുന്ന സാധാരണക്കാരുടെ താല്പര്യം സംരക്ഷിക്കാൻ കരിമണ്ണൂർ തോട്ടിൽ അറക്കച്ചാൽ, പള്ളിത്താഴം എന്നിവിടങ്ങളിലും ആവശ്യമായ മറ്റു സ്ഥലങ്ങളിലും കുളിക്കടവുകൾ നിർമ്മിക്കണം.

10. നെയ്യശ്ശേരി പള്ളിത്താഴം, നെയ്യശേരി കവല, പന്നൂർ കുരിശുപള്ളി ജംഗ്ഷൻ, പള്ളിക്കൽ ജംഗ്ഷൻ, തൊമ്മൻകുത്ത് ജംഗ്ഷൻ പഞ്ചാ യത്തോഫീസ് ജംഗ്ഷൻ എഴുമുട്ടം സൊസൈറ്റി എന്നീ പോയിന്റ് സ്ഥലങ്ങളിലും വെയിറ്റിങ് ഷെഡുകൾ നിർമ്മിക്കണം.

ഊർജ്ജം

1966 ആണ് കരിമണ്ണൂർ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. വിറകും തെങ്ങുൽപ്പന്നങ്ങളും മാത്രമാണ് പാചകാവശ്യത്തിനുപയോഗിച്ചിരുന്നത്. വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുകൾ മാത്രമായിരുന്നു ആശ്രയം. ചായക്കടകളിൽ സമോവർ പ്രവർത്തിപ്പിക്കുന്നതിനും ഇരുമ്പു പണിയുന്ന ആലകളിലും മരക്കരി (ചാർക്കോൾ) ഉപയോഗിച്ചിരുന്നു. സമോവറുകൾ ഇന്ന് പ്രചാരത്തിലില്ല. ആലകളിൽ ഇപ്പോഴും കരിതന്നെയാണ് ഉപയോഗിക്കുന്നത്. ഉപയോഗിക്കപ്പെടുന്ന ഊർജ്ജത്തിന്റെ പ്രധാനപങ്കും ഗാർഹിക മേഖലയിലാണ്. അതിൽ പ്രധാനം വിറകും തെങ്ങുൽപ്പന്നങ്ങളുമടങ്ങുന്ന ജൈവദ്രവ്യങ്ങളാണ്. പാചകത്തിന്

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1.	നിലവിലുള്ള ഉപഭോക്താക്കൾ	എണ്ണം	കുറിപ്പുകൾ
a.	ഗാർഹികം	1981	
b.	വ്യാപാരം	342	അടിസ്ഥാന
c.	വ്യാവസായികം	59	വൈദ്യുതി
d.	കാർഷികം	81	ബോർഡ്
II	കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം.		ഓഫീസുകളികളിൽ
a.	ഓർഡിനറി	63	നിന്നു ലഭിച്ച
b.	O.T.P.	8	വിവരങ്ങൾ
c.	O.Y.E.C.	23	
III	മൊത്തം വൈദ്യുതി ലൈനിന്റെ നീളം	28 k.m.	
IV	തൽവർഷത്തേ കണക്ഷൻ		
a.	ഓർഡിനറി	10	
b.	O.T.P.	7	
c.	O.Y.E.C.	46	
V	പഞ്ചായത്തിലെ സ്ട്രീറ്റു ലൈറ്റുകളുടെഎണ്ണം		
a.	ബൾബുകൾ	247	അടിസ്ഥാനം
b.	ഫ്ളൂറസന്റ് ട്യൂബുകൾ	11	പഞ്ചായത്തു
c.	വേപ്പർ ലാംബുകൾ	2	രജിസ്റ്റർ
VI	സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി തന്നാണ്ട് ചിലവഴിച്ച തുക.	39109.00	
VII	പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുടെ പേരുകൾ		
1.		കരിമണ്ണൂർ I	
2.		" II	
3.		" III	
4.		ഉണിച്ചിക്കവല	
5.		നെയ്യശ്ശേരി	
6.		മുളപ്പുറം	
7.		കിളിയറ	
8.		ചാലാശ്ശേരി I	
9.		" II	
10.		ഏഴുമുട്ടം I	
11.		" II	
12.		പന്നൂർ	
13.		കമ്പിപ്പാലം	
14.		തൊമ്മൻകുത്ത്	അന്യപഞ്ചായത്തു
15.		കൊടുവേലി	കളിൽ
16.		അഞ്ചക്കുളം	സ്ഥിതിചെയ്യുന്നു

പ്രധാനമായും വിറകുതന്നെയാണ് ഉപയോഗിക്കുന്നത്. ഭൂ ഉടമകളല്ലാത്ത ന്യൂനപക്ഷം കുടുംബങ്ങൾക്കാണ് ജൈവ ഇന്ധനങ്ങൾക്ക് ബുദ്ധിമുട്ടുള്ളത്. വിറകിനു ബുദ്ധിമുട്ടുള്ള വീടുകൾ ഭൂ ഉടമകളിൽനിന്ന് വിലകൊടുത്തു വാങ്ങുകയോ സ്വയം ശേഖരിക്കുകയോ ആണ് ചെയ്യുന്നത്. ഗ്രാമത്തിൽ വിറകു വിൽക്കുന്ന കടകളില്ല. റബർ കൃഷിയുടെ വ്യാപനം വിറകു ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വളരെ വർദ്ധിപ്പിച്ചിട്ടുണ്ട്. വിറക് ധാരാളമായി ഇവിടെനിന്നും പട്ടണപ്രദേശങ്ങളിലേക്ക് കയറ്റിപ്പോകുന്നുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും അനെർട്ടിന്റെയും സേവനം ലഭ്യമാണെങ്കിലും ഇന്ധന ക്ഷമതയുള്ള വിറകെടുപ്പുകൾ ധാരാളമായി പ്രചാരത്തിലില്ല. പാചക ഇന്ധനങ്ങളിൽ രണ്ടാം സ്ഥാനം മണ്ണെണ്ണയ്ക്കാണ്. മൂന്നാം സ്ഥാനം പ്രകൃതി വാതകത്തിനും നാലാം സ്ഥാനം ബയോഗ്യാസിനുമാണ്. ഗ്യാസ് കണക്ഷനോ ബയോഗ്യാസ് പ്ലാന്റോ ഉള്ള വീടുകളിലും വിറകടുപ്പുകൾ നിലനിൽക്കുന്നു. വീടുകളിൽ പകുതിയോളം വൈദ്യുതീകരിച്ചതാണ്. വെളിച്ചത്തിന് പ്രധാനമായും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. വൈദ്യുതീകരിക്കാത്ത വീടുകളിൽ വെളിച്ചം പകരുന്നത് മണ്ണെണ്ണയാണ്. പവർക്കട്ടും ലോഡ് ഷെഡിങ്ങും കൂടുതലായതുകൊണ്ട് മണ്ണെണ്ണയുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ ഊർജ്ജ ഉപയോഗം കുറവാണ്. ഈ പ്രദേശത്ത് മൊത്തം 81 കാർഷിക വൈദ്യുതി കണക്ഷനുകളാണുള്ളത്. റബർ ഷീറ്റുണക്കാനുള്ള പുകപ്പുരകളിലും തേങ്ങാ ഉണക്കുന്ന കൊപ്രാ ആട്ടികളിലും വിറകല്ലെങ്കിൽ തെങ്ങുല്പന്നങ്ങളാണ് ഉപയോഗിക്കുന്നത്. ഹോട്ടലുകൾ പാചകത്തിന് വിറകുമാത്രമാണ് ഉപയോഗിക്കുന്നത്. ഇന്ധനക്ഷമതയുള്ള കമ്മ്യൂണിറ്റി ചൂളകൾ ഹോട്ടലുകളിൽ പ്രചാരത്തിലായിട്ടില്ല. വെളിച്ചത്തിനായി വാണിജ്യ മേഖല പൂർണ്ണമായും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. വ്യാവസായിക മേഖലയിൽ പ്രധാനമായും വൈദ്യുതി തന്നെയാണ് ഉപയോഗിക്കുന്നത്. ഇരുമ്പു പണിശാലകളിലും കരി ഉപയോഗിക്കുന്നു. ഓക്സി അസെറ്റലീൻ ഗ്യാസ് ജ്വാല ഉപയോഗിച്ചുള്ള ഗ്യാസ് വെൽഡിംഗ് പ്രചാരത്തിലുണ്ട്. ഒവൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഇനിയും ബാക്കിയുണ്ട്. പൂർണ്ണമായും വൈദ്യുതി വൽക്കരണത്തിനു തടസ്സമായി നിൽക്കുന്ന സാഹചര്യങ്ങൾ താഴെ പറയുന്നവയാണ്. (1) വൈദ്യുതി ലൈൻ വലിക്കാനുള്ള സൗകര്യക്കുറവ് (2) ഉപഭോക്താക്കളുടെ സാമ്പത്തിക ബുദ്ധിമുട്ട് (3) വൈദ്യുതി വൽക്കരണത്തിന് വേണ്ടിയുള്ള സന്നദ്ധ പ്രവർത്തനത്തിന്റെ അഭാവം (4) വൈദ്യുതി ബോർഡിന്റെ താല്പര്യക്കുറവ്.

ഗ്രാമത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ

(1) വേനപ്പാറതണ്ട് (2) വള്ളിക്കാട്ടുമാരി (3) കാവുപുറം (4) ആലാട്ടുകുന്ന് (5) മാരാമ്പാറ (6) പന്നൂർമിച്ചഭൂമി (7) ശേഖരത്തുപാറ (8) കോട്ടഭാഗം (9) കുന്നയ്ക്കാമലി (10) കൂട്ടക്കല്ല് (11) മാങ്ങാത്തൊട്ടി (12) കൊച്ചുകൂട്ടക്കല്ല് (13) പഴപ്പിളാവ് (14) മലയണ്ണാൻപുറം (15) കണ്ണാടിപ്പാറ (16) മരുതപ്പാറപാറ (17) ആനിക്കുഴ കോളനി (18) പുലിമറ്റം (19) പാറച്ചാൽ (20) ഇടുക്കിട്ടി (21) ഉറുമ്പാട്ടുകുന്ന്.

അനെർട്ട്

പാരമ്പര്യേതര ഊർജ്ജരൂപങ്ങളുടെ ഉപയോഗം പ്രായോഗികവും വിശ്വസനീയവും ചെലവുകുറഞ്ഞതുമാക്കി പ്രചരിപ്പിക്കാനും ഗ്രാമീണ സാങ്കേതിക വിദ്യകൾ വികസിപ്പിക്കാനുമായി കേരളസർക്കാർ രൂപം നൽകിയിട്ടുള്ള ഒരു സ്വയം ഭരണസ്ഥാപനമാണ് അനെർട്ട്. അനെർട്ടിന്റെ ഒരു ബ്ലോക്കുതല ഓഫീസ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 5 വർഷകാലത്തേക്കു മാത്രമേ ഈ ഓഫീസ് ഇവിടെ പ്രവർത്തിക്കുകയുള്ളൂ. അനെർട്ട് ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത് വിറകു ചിലവുകുറഞ്ഞതും സാങ്കേതികമേന്മയുള്ളതുമായ വ്യത്യസ്ഥ വലിപ്പത്തിലുള്ള വിറകടുപ്പുകൾ മുതലായവ നിർമിച്ചു നൽകുന്നതിലും സൗരോർജ്ജ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലുമാണ്. ഊർജ്ജം ലഭിക്കാൻ കഴിയുന്ന ഉപകരണങ്ങളുടെ വിതരണവും നടക്കുന്നുണ്ട്. വിറകടുപ്പുകൾ 50% വരെ ഇന്ധനലാഭം ഉറപ്പുവരുത്തുന്നവയും അപകടസാദ്ധ്യത തീരെ ഇല്ലാത്തതുമാണെന്നു കണ്ടെത്തിയിട്ടുണ്ട്.

വിറകടുപ്പുകൾ 2+1, 1+1 എന്നിങ്ങനെ രണ്ടുതരമുണ്ട്. പോർട്ടബിൾ ചൂളകളും രണ്ടുതരമുണ്ട്. ഇത് കൊണ്ടുനടക്കാൻ സാധിക്കുന്ന വലിപ്പത്തിലുള്ളതാണ്. വിറകടുപ്പുകളിൽ മറ്റൊരിനമാണ് കമ്മ്യൂണിറ്റി ചൂളകൾ. സ്കൂളുകൾ, ബാലവാടികൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് കമ്മ്യൂണിറ്റി ചൂളകൾ നിർമ്മിച്ചു നല്കുന്നത്. വ്യാപാരവ്യവസായ സ്ഥാപനങ്ങൾ ഒഴികെ എല്ലാ വിഭാഗങ്ങൾക്കും സബ്സിഡി ലഭ്യമാണ്. S.C, S.T., വിഭാഗങ്ങൾക്ക് പ്രത്യേക കോട്ടായും നിശ്ചയിച്ചിട്ടുണ്ട്.

സൂര്യവിളക്ക്, സൂര്യവഴിവിളക്കുകൾ, സൂര്യറാന്തൽ, സൗരപമ്പ്, സൗര ടി.വി., സോളാർ കുക്കർ, സോളാർ വാട്ടർഹീറ്റർ തുടങ്ങിയ സൗരോർജ്ജംകൊണ്ടു പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ അനെർട്ട് പ്രചരിപ്പിക്കുന്നുണ്ട്. വൈദ്യുതി എത്താൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ വൈദ്യുതി വിതരണം നടത്താൻ കഴിയുന്ന സംവിധാനമാണ് സൗര വൈദ്യുത പ്ലാന്റ്. സൂര്യപാളികളുപയോഗിച്ച് വൈദ്യുതോത്പാദനം നടത്തി ബാറ്ററികൾ വഴി ആവശ്യാനുസരണം വിതരണം ചെയ്യുന്ന സംവിധാനമാണ് ഇതിലെല്ലാം പ്രവർക്കുന്നത്. ഇന്ധനലാഭമുള്ള മണ്ണെണ്ണ സ്റ്റൗവുകൾ പ്രഷർകുക്കറുകൾ കുറഞ്ഞ വോൾട്ടേജിൽ പ്രകാശിക്കുന്നതും വൈദ്യുതി ലാഭിക്കാൻ കഴിയുന്തുമായ കോംപാക്ട് ഫ്ളൂറസന്റ് ട്യൂബുകൾ, ഇലക്ട്രോണിക് ചോക്കുകൾ തുടങ്ങിയവയും അനെർട്ട് സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നുണ്ട്.

ഊർജ്ജപ്രശ്നങ്ങൾ

1. വൈദ്യുതി വോൾട്ടേജ് നില പരിതാപകരമാണ്.
2. വൈദ്യുതി വിതരണം പലപ്പോഴും തകരാറിലാവുന്നു.

3. തകരാറുകൾ പരിഹരിച്ച് വിതരണം പുനരാരംഭിക്കാൻ സത്വര നടപടികളുണ്ടാവുന്നില്ല.
4. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ബാക്കിയുണ്ട്.
5. കണക്ഷൻ കിട്ടാൻ ബുദ്ധിമുട്ടുണ്ട്.
6. സ്റ്റെബിലൈസറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നു.
7. പ്രേക്ഷണ വിതരണഘട്ടങ്ങളിൽ പ്രസരണനഷ്ടം കൂടുതലാണ്.
8. മണ്ണെണ്ണ കിട്ടാൻ ബുദ്ധിമുട്ടുണ്ട്.
9. സ്ട്രീറ്റ് ലൈറ്റുകൾ പ്രകാശിക്കുന്നില്ല.
10. സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യത്തിനില്ല.
11. ഇന്ധനക്ഷമതയുള്ള വിറകടുപ്പുകൾക്ക് പ്രചാരം കുറവാണ്.
12. കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്നതിൽ കാലതാമസം വരുന്നു.
13. L.T. ട്രാൻസ്ഫോർമറുകൾ ആവശ്യത്തിനില്ല.

സാദ്ധ്യതകൾ

1. കരിമണ്ണൂർ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും പരിതാപകരമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും വൈദ്യുതി വിതരണം സുഗമമാക്കാനും കരിമണ്ണൂരിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണം.
2. വിവിധ ഘട്ടങ്ങളിലുണ്ടാവുന്ന പ്രസരണ നഷ്ടം കുറയ്ക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാവണം.
3. പ്രസരണനഷ്ടം ഉണ്ടാകുന് ടച്ചിംഗ്സ് യഥാസമയം നീക്കം ചെയ്യണം. ഇതിനുവേണ്ടി ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തനം നടത്തണം.
4. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
5. സ്റ്റെബിലൈസറുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ടതാണ്.
6. ലൈനിലെ തകരാറുകൾ യഥാസമയം പരിഹരിക്കണം.
7. വൈദ്യുതിലൈനുകൾ വലിക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കാനും അത്യാവശ്യമുള്ളിടത്തേക്ക് ലൈനുകൾ വലിപ്പിക്കാനും കൂടുതൽ ജനകീയ സമ്മർദ്ധമുണ്ടാവണം.
8. മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളും ക്രമമായി പ്രകാശിപ്പിക്കുവാൻ വൈദ്യുതി ഓഫീസുകളെ നിർബന്ധിക്കണം.
9. പുതുതായി സ്ഥാപിക്കേണ്ട സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥാന ആവശ്യകതയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തണം. ജംഗ്ഷനുകളിൽ വേപ്പർ ലാംബുകൾ സ്ഥാപിക്കാൻ ശ്രമിക്കണം.
10. ഇന്ധന ക്ഷമതയും സാങ്കേതിക മേന്മയുമുള്ള വിറകടുപ്പുകൾ ശക്തമായി പ്രചരിപ്പിക്കണം.
11. പഞ്ചായത്ത് തലത്തിൽ സൂര്യവഴിവിളക്കുകൾ ലഭ്യതയനുസരിച്ച് സ്ഥാപിക്കണം.
12. തൊമ്മൻകുത്തിൽ ഒരു മിനി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്റ്റ് സ്ഥാപിക്കുന്നതിനും ലഭ്യമായ ജലം പഞ്ചായത്തിൽ ശുദ്ധജലവിതരണം ഉറപ്പുവരുത്തുന്നതിനും ഉള്ള സാദ്ധ്യതകൾ ഗൗരവപൂർവ്വം പരിഗണിക്കണം.
13. വൈദ്യുത ലൈൻ വലിക്കുക ദുഷ്ക്കരമായ പ്രദേശങ്ങളിൽ സൗരവൈദ്യുത പ്ലാന്റ് സ്ഥാപിക്കണം.
14. കച്ചിപ്പെട്ടികളുടെ ഉപയോഗം പാചകത്തിന് ഇന്ധനലാഭമുണ്ടാക്കുന്നതുകൊണ്ട് കച്ചിപ്പെട്ടി നിർമ്മാണവും ഉപയോഗവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഒരു കച്ചിപ്പെട്ടി നിർമ്മാണയൂണിറ്റ് ആരംഭിക്കാവുന്നതാണ്.

മാർക്കറ്റ്

കരിമണ്ണൂർ പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. മാർക്കറ്റ് ആവശ്യത്തിനായി നീക്കിവച്ചിട്ടുള്ള 70സെന്റ് സ്ഥലവും അതിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടവും നിലവിലുണ്ട്. രണ്ടാംഘട്ട കെട്ടിടനിർമ്മാണം ഏതാനും തൂണുകൾ തീർത്ത് ഉപേക്ഷിക്കപ്പെട്ട നിലയിലാണുള്ളത്. കുറെഭാഗം സ്ഥലം കാടുകയറി കിടക്കുന്നു. ബാക്കിഭാഗം സ്ഥലം ടെലികോം വകുപ്പിന്റെ സാധനങ്ങൾ കൂട്ടിയിടപ്പെട്ട നിലയിലുമാണുള്ളത്. സ്ഥലം ഭാഗികമായി സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുണ്ടോ എന്നും സംശയിക്കപ്പെടുന്നുണ്ട്. മാർക്കറ്റിനായി ഉപയോഗിക്കുവാൻ യോജിച്ച വിധത്തിലല്ല ഇപ്പോൾ സ്ഥലം കിടക്കുന്നത്. കശാപ്പുശാലകളും ഉണക്കമീൻകടകളും പൊതുനിരത്തുകൾക്ക് സമീപമാണിപ്പോൾ പ്രവർത്തിക്കുന്നത്. പുറമേ നിന്ന് പച്ചക്കറി, മീൻ തുടങ്ങിയവയുമായി വരുന്ന വ്യാപാരികൾ ടൗണിൽ റോഡുസൈഡിൽ വച്ചുതന്നെയാണ് കച്ചവടം നടത്തുന്നത്. തേങ്ങ, പൈനാപ്പിൾ, ചേന, ചേമ്പ് മുതലായ കാർഷികോല്പന്നങ്ങൾ മാർക്കറ്റിന്റെ അഭാവം മൂലം വില്പനയ്ക്കായി എത്താറില്ല. മാർക്കറ്റ് സൗകര്യം ഇല്ലാത്തതുകൊണ്ട് കാർഷിക മേഖലയ്ക്ക് നിസ്സാരമല്ലാത്ത സാമ്പത്തിക നഷ്ടവും അസൗകര്യങ്ങളും ഉണ്ടാകുന്നുണ്ട്.

സാദ്ധ്യതകൾ

1. മാർക്കറ്റ് ഭൂമിയുടെ അതിർത്തി കൃത്യമായി അളന്നുനിശ്ചയിച്ച് കല്ലുകെട്ടി തിരിച്ചെടുക്കണം.
2. ഓടകൾ നിർമ്മിക്കണം.
3. തറ ആവശ്യാനുസരണം നിരപ്പാക്കണം.
4. ചപ്പുചവറുകൾ നീക്കം ചെയ്യാൻ സംവിധാനം ഉണ്ടാക്കണം.
5. മാർക്കറ്റിൽ വെള്ളവും വെളിച്ചവും എത്തിക്കണം.
6. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം ഉണ്ടാക്കണം.
7. കശാപ്പുശാലകൾക്കും മീൻകടകൾക്കുമുള്ള സ്റ്റാളുകൾ പ്രത്യേകമായി നിർമ്മിക്കണം.
8. മത്സ്യവ്യാപാരവും എല്ലാത്തരത്തിലുമുള്ള കശാപ്പും നിർബന്ധമായും മാർക്കറ്റിലേക്കു മാറ്റണം.
9. വഴിയോര വ്യാപാരം ടൗണിൽ ഒഴിവാക്കണം.
10. മാർക്കറ്റിൽ ആഴ്ച ചന്ത പ്രവർത്തനം ആരംഭിക്കണം.
11. പന്നൂർ ജംഗ്ഷനിൽ ആഴ്ചചന്ത തുടങ്ങാനുള്ള സാദ്ധ്യതകൾ പരിശോധിക്കണം.

5-5

പൊതുജനാരോഗ്യവും കുടിവെള്ളവും

ആരോഗ്യമുള്ള ജനതതിയാണ് രാഷ്ട്രപുരോഗതിയുടെ ആണിക്കല്ല്. ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. ഉയർന്ന പ്രതീക്ഷിത ആയുസ്സ് കുറഞ്ഞ ശിശുമരണനിരക്ക് കുറഞ്ഞ ജനനനിരക്ക് കുറഞ്ഞ രോഗാതുരത എന്നിങ്ങനെ സമൂഹത്തിന്റെ പൊതു ആരോഗ്യസ്ഥിതി കണക്കാക്കുമ്പോൾ രോഗാതുരതയുടെ കാര്യത്തിൽ ഒഴികെ നമ്മുടെ സംസ്ഥാനം മറ്റെല്ലാകാര്യങ്ങളിലും മുന്നിൽ തന്നെയാണ്.

'കടുത്ത പട്ടിണി' ഇല്ലെങ്കിലും വേണ്ടത്ര പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്ന നിരവധി രോഗങ്ങൾ ഇന്നുമുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യാപ്തത മലിനമായ പരിസരം എന്നീ ഘടകങ്ങലാണ് ഒരു കാലത്ത് നിയന്ത്ര വിധേയമാക്കാൻ കഴിഞ്ഞ മലമ്പനി പോലുള്ള പല രോഗങ്ങളുടേയും തിരിച്ചുവരവിനും ഛർദ്ദി, അതിസാരം, മഞ്ഞപ്പിത്തം, എലിപ്പനി മുതലായ രോഗങ്ങൾക്കും പ്രധാനകാരണം. ഒരു സമൂഹത്തിന്റെ പൊതുജനാരോഗ്യം നിലനിർത്താൻ വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം മതിയായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ രോഗ ചികിത്സാ സൗകര്യങ്ങൾ എന്നിവയാണ്. കരിമണ്ണൂർ പഞ്ചായത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെങ്കിലും 1940-വരെ ആരോഗ്യരംഗത്ത് നാടൻ ചികിത്സകളെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. ഇന്ന് ആധുനിക ചികിത്സാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതിയിൽ വളരെയേറെ മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യം 18812 ആണ്.

പട്ടിക - 1

ജനസംഖ്യ

ഇനം	എണ്ണം
സ്ത്രീകൾ	9494
പുരുഷന്മാർ	9318
ആകെ	18812

പട്ടിക - 2

ദമ്പതിമാർ

ക്രമനമ്പർ	പ്രായം (സ്ത്രീകൾ)	എണ്ണം
1	18-19	22
2	20-24	232
3.	25-29	542
4	30-34	665
5.	35-39	569
6.	40-44	258

പട്ടിക-3

അമ്മമാരുടെ എണ്ണം

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

ഒരു കുട്ടി	രണ്ട് കുട്ടികൾ	രണ്ടിൽകൂടുതൽ	ആകെ
444	1119	541	2104

പട്ടിക-4

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ

ഒരു കുട്ടി	രണ്ടു കുട്ടി	രണ്ടിൽ കൂടുതൽ	ആകെ കുട്ടികൾ
15	801	436	1252

പട്ടിക - 5

ജനനമരണ വിവരം

ക്രമ നമ്പർ	വർഷം	ജനനം	മരണം	ചാപിള്ള ജനനം	ജനന നിരക്ക്	മരണ നിരക്ക്
1	1993-94	241	86	2		
2.	1994-95	203	82	2		
3.	1995-96	209	53	3	9.64	2.44

പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും 4 സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ആസ്പത്രികൾ, നേഴ്സിംഗ് ഹോം, ഹോമിയോ ക്ലിനിക്കുകൾ ദന്താശുപത്രി എന്നിവ പ്രവർത്തിക്കുന്നു.

പട്ടിക - 6

പഞ്ചായത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	കെട്ടിടം സ്വന്തം, വാടക
1	പ്രൈമറി ഹെൽത്ത് സെന്റർ	4	1962	20	സ്വന്തം
2	സബ് സെന്റർ മുളപ്പുരം	6	1974	1	സ്വന്തം
3	സബ് സെന്റർ ആനിക്കുഴ	7	1985	1	സ്വന്തം
4	സബ്സെന്റർ ഏഴുമുട്ടം	8	1985	1	സ്വന്തം
5	സബ് സെന്റർ പന്നൂർ	4		1	സ്ഥലമുണ്ട് കെട്ടിടമില്ല

പട്ടിക - 7

സ്വകാര്യസ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	കെട്ടിടം
1	സെന്റ് മേരീസ് ഹോസ്പിറ്റർ	1	1941	14	സ്വന്തം (അലോപ്പതി)
2	G.V. ക്ലിനിക് കരിമണ്ണൂർ	2	1951	2	സ്വന്തം (അലോപ്പതി)
3	ആരോഗ്യഭവൻ എഴുമുട്ടം	8	1973	-	സ്വന്തം (അലോപ്പതി)
4	ചെറുപുഷ്പം ദന്താശുപത്രി	2	1995	2	വാടക (അലോപ്പതി
5	ജോയിക്ലിനിക്	1	1976	1	സ്വന്തം (ഹോമിയോ)
6	ഹോമിയോ ക്ലിനിക് H.S. ജംഗ്ഷൻ	1	1996	2	വാടക (ഹോമിയോ)

പാരമ്പര്യ ചികിത്സാ രീതികളെ ഇന്നും സാധാരണക്കാർ ആശ്രയിക്കുന്നുണ്ട്. വിഷരോഗചികിത്സകനായ കെ.എം.പോൾ കുന്നപ്പിള്ളിയുടെ (കുന്നപ്പിള്ളി വൈദ്യർ) ചികിത്സ തേടി സമീപ പഞ്ചായത്തുകളിൽനിന്നുപോലും ആളുകൾ എത്തുന്നുണ്ട്.

ഉയർന്ന ശുചിത്വബോധമുള്ളവരാണ് കേരളീയർ എന്ന പൊതുവെയുള്ള ധാരണ വ്യക്തിപരമായും വീടിനകത്തും ഏറെക്കുറെ ശരിയാണ്. മുറ്റവും പുരയിടവും റോഡും പരിസരങ്ങളും മറ്റു പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണമെന്ന ധാരണ ഉണ്ടാകേണ്ടിയിരിക്കുന്നു. മാലിന്യങ്ങൾ അടിഞ്ഞുകൂടി ദുർഗന്ധം വമിക്കുന്നതും മലിനജലം കെട്ടിനിന്ന് കൊതുകും മറ്റു പ്രാണികളും വർദ്ധിക്കുന്നതും പൊതുസ്ഥലങ്ങളിലും റോഡുകളിലും മലമൂത്ര വിസർജ്ജനം നടത്തുന്നതുകൊണ്ടും ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും ഒട്ടും ചെറുതല്ല. രോഗാതുരതയിൽ 70% പരിസരജന്യരോഗങ്ങളാണ്. അവയിൽ തന്നെ മിക്കതും ജലജന്യരോഗങ്ങളാണ്.



പട്ടിക - 8

പരിസര ശുചിത്വവും കുടിവെള്ളവുമായി ബന്ധപ്പെട്ട രോഗങ്ങൾ

നമ്പർ	രോഗങ്ങളുടെ തരം	പിടിപെടുന്ന രോഗങ്ങൾ
1	വയറിളക്ക രോഗങ്ങൾ	വയറിളക്കം, വയറുകടി, ഛർദ്ദി അതിസാരം, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവ
2	വിര രോഗങ്ങൾ	കൊക്കൊപ്പുഴു, നാടവിര, ഉരുളൻവിര ചാട്ടവിര, കൃമി തുടങ്ങിയവ
3.	ത്വക്കു നേത്ര രോഗങ്ങൾ	സ്ക്കാബീസ്, ഫംഗസ് രോഗങ്ങൾ തുടങ്ങിയവ
4.	ഈച്ച കൊതുക് ഇവയിലൂടെ പകരുന്നവ	മലേറിയ, മന്ത്, Sleeping Sickness മുതലായവ
5.	എലികൾമൂലം പകരുന്നവ	പ്ലേഗ്, എലിപ്പനി

കരിമണ്ണൂർ പഞ്ചായത്തു നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി പരിശോധിക്കുമ്പോൾ ആശാവഹമായ ഒരു ചിത്രമല്ല ലഭിക്കുന്നത്. പ്രൈമറി ഹൈൽത്ത് സെന്ററിൽ 1995-96 വർഷത്തിൽമാത്രം 933 രോഗികൾ ജലത്തിൽകൂടിയുള്ള പകർച്ചാവ്യാധികൾക്ക് ചികിത്സതേടി എത്തിയതായി കാണുന്നു. മുഖ്യമായും മഞ്ഞപ്പിത്തം, വയറിളക്കം, ചൂടുപനി, കണ്ണുരോഗം തുടങ്ങിയ രോഗങ്ങളായിരുന്നു.

പട്ടിക - 9

പകർച്ച വ്യാധികൾ

വർഷം	രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
1993-94	895	87	3
1994-95	1027	104	2
1995-96	933	96	4

ആരോഗ്യകരമായ ജീവിതത്തിന് അടിത്തറയാകേണ്ട ശുദ്ധജലം പോഷകസമൃഷ്ടമായ ഭക്ഷണം ശുചിത്വമുള്ള പാർപ്പിടവും പരിസരവും എന്നീ കാര്യങ്ങളിൽ പഞ്ചായത്തിന് പൂർണ്ണ ലക്ഷ്യം കൈവരിക്കാനായിട്ടില്ല. 4989 വീടുകളിൽ ഉള്ളതിൽ 1594 എണ്ണം ഓലമേഞ്ഞവയും 66 എണ്ണം കുടിലുകളും ആണ്. 45% വീടുകളിൽ ഇനിയും കക്കൂസ് നിർമ്മിച്ചിട്ടില്ല.

പട്ടിക - 10

വീടുകൾ

നമ്പർ	വീടുകൾ	എണ്ണം
1	കോൺക്രീറ്റ്	939
2	ഓടിട്ടത്	2390
3	ഓലമേഞ്ഞത്	1594
4	കുടിൽ	66
5	ആകെ	4989

പ്രശ്നങ്ങൾ

1. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫുമില്ല.
2. ആവശ്യത്തിന് മരുന്നും ആധുനിക ചികിത്സാ ഉപകരണങ്ങളുമില്ല.
3. ആശുപത്രികളിൽ വർഷം മുഴുവനും ശുദ്ധജലം ലഭിക്കുന്നില്ല.
4. ആശുപത്രികളിലെ (ഹെൽത്ത് സെന്റർ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനും ഉള്ള സംവിധാനം അപര്യാപ്തം.
5. 45% വീടുകളിൽ കക്കൂസില്ല. പ്രത്യേകിച്ച് കോളനികളിൽ.
6. കുടിവെള്ളം ശുദ്ധിചെയ്ത് ഉപയോഗിക്കാത്തതിനാൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നു.
7. ടൗണിലെ ഓടകളിൽ വെള്ളം കെട്ടിനിന്ന് ഈച്ചകളും കൊതുകുകളും വർദ്ധിക്കുന്നു.
8. ടൗണിലെ കക്കൂസും മൂത്രപ്പുരയും ഉപയോഗയോഗ്യമല്ല.
9. മാനസീക രോഗികളെ ചികിത്സിക്കുവാനും പുനരധിവസിപ്പിക്കുവാനും പദ്ധതികളില്ല.
10. മാരക രോഗം പിടിപെടുന്ന ദരിദ്രവിഭാഗത്തിൽപ്പെട്ടവരെ ചികിത്സിക്കുന്നതിന് സഹായഫണ്ടുകളില്ല.
11. ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് ഫലപ്രദമായ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നില്ല.
12. എലിപ്പനിയും പേ വിഷബാധയും കണ്ടുവരുന്നു.
13. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും സാമൂഹ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്ന മദ്യാപാനാസക്തി വർദ്ധിച്ചുവരുന്നു.
14. രോഗങ്ങളെ സംബന്ധിച്ചുള്ള അജ്ഞത രോഗം സങ്കീർണ്ണമാക്കുന്നു.
15. പൊതുശ്മശാനം ഇല്ല.

16. അറവുശാലകൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.
17. കുട്ടികളിലും മുതിർന്നവരിലും പോഷകാഹാരക്കുറവ് കണ്ടുവരുന്നു.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

കരിമണ്ണൂർ പ്രൈമറി ഹെൽത്ത് സെന്റർ 75 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ആധുനിക സൗകര്യങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ, ലാബറട്ടറി, എക്സ് റേ, മോർച്ചറി എന്നിവ സ്ഥാപിക്കുകയും ആശുപത്രിയിലെ മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് ഇൻസിനറേറ്റർ (Incinerator) സംവിധാനവും ഉണ്ടാക്കുകയും വേണം. ജനറൽ സർജൻ, ഫിസിഷൻ, ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷൻ എന്നിവരടങ്ങുന്ന ഡോക്ടർമാരെ നിയമിക്കുകയും ഒരു ദന്തരോഗ ചികിത്സാവിഭാഗവും നേത്രരോഗചികിത്സാവിഭാഗവും ആരംഭിക്കുകയും വേണം. ആശുപത്രിയിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്.

കരിമണ്ണൂർ പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി നിർമ്മിക്കേണ്ടതാണ്. പഞ്ചായത്തിലെ മാലിന്യങ്ങൾ ശേഖരിച്ച് നശിപ്പിക്കുന്നതിനുള്ള ഒരു ഡംബിങ്ങ് (dumping) ഗ്രൗണ്ട് ഉണ്ടാവണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പൊതു കക്കൂസും കരിമണ്ണൂർ ടൗണിലെ കക്കൂസും മൂത്രപുരയും ഉപയോഗയോഗ്യമാക്കുകയും ഹൈസ്കൂൾ ജംഗ്ഷനിൽ കക്കൂസ് നിർമ്മിക്കുകയും വേണം. ക്ലീനിംഗിനായി ഒരു ടൗൺ സ്വീപ്പറെ നിയമിക്കേണ്ടതുമാണ്. ടൗണിലെ ഓടകളിലും വാർഡുകളിൽ വെള്ളം കെട്ടിനിൽക്കുന്ന മറ്റു സ്ഥലങ്ങളിലും വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും കൊതുനശീകരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യണം.

പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ആയുർവേദാശുപത്രിയും ഗവൺമെന്റ് ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം. പഞ്ചായത്തിലെ കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും അടിയന്തിരപ്രാധാന്യം നൽകി കക്കൂസ് നിർമ്മിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലുള്ള കോളനികൾക്കും വീടുകൾക്കും കക്കൂസില്ലാത്തതു കാരണം താഴ്ന്ന പ്രദേശങ്ങളിലുള്ള കുടിവെള്ളം മലിനമാകുകയും സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുകയും ചെയ്യുന്നു. പൊതു കിണറുകളിലെ ക്ലോറിനേഷൻ കൊതുകുനശീകരണം എന്നിവ പഞ്ചായത്തിലെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്. മാനസീക രോഗികൾ പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞുനടക്കാതിരിക്കുവാനും അവരെ ചികിത്സിക്കുവാനും പുരനരുധിവസിപ്പിക്കുവാനും പദ്ധതികൾ ഉണ്ടാകണം. മാരക രോഗം ബാധിക്കുന്ന പാവപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി ഒരു സഹായനിധി ബഹുജനപങ്കാളിത്തത്തോടെ പഞ്ചായത്തിൽ രൂപീകരിക്കണം. ആരോഗ്യരംഗത്ത് മികച്ച സേവനം നടത്തുന്ന സംഘടനകൾക്കും വ്യക്തികൾക്കും വർഷം തോറും അവാർഡ് നൽകുന്നത് പഞ്ചായത്തിലെ ആരോഗ്യാവസ്ഥ പഠിക്കുന്നതിന് ഫലപ്രദമായ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനും ഉപകരിക്കും.

വസ്ത്രത്തിന്റെ കാര്യത്തിലും ഭക്ഷണത്തിന്റെ കാര്യത്തിലും ഉള്ള താല്പര്യം ശുചിത്വത്തിന്റെ കാര്യത്തിലും ഉണ്ടാക്കുവാൻ വേണ്ട ബോധവൽക്കരണം പ്രത്യേകിച്ചും സ്ത്രീകൾക്കു നൽകണം. കൃഷിരീതിയിലും ഭക്ഷണരീതിയിലും മാറ്റം വരുത്തേണ്ടിയിരിക്കുന്നു. കഴിയുന്നത്ര സ്ഥലങ്ങളിൽ ഇലക്കറി, പച്ചക്കറി, ഫലപഴവർഗ്ഗകൃഷികൾ ചെയ്യുന്നതിന് പ്രോത്സാഹനം നൽകണം.

എലിപ്പനിയും പേവിഷബാധയും കണ്ടുവരുന്നതിനാൽ തെരുവുനായ്ക്കളേയും എലികളെയും നശിപ്പിക്കുവാൻ സമഗ്രപദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ്പ് നൽകുവാനുള്ള നടപടി പഞ്ചായത്തു തലത്തിൽ ഫലപ്രദമാക്കണം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയോജിപ്പിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യപാനം, പുകവലി തുടങ്ങിയ ദുശീലങ്ങൾക്കെതിരെ നിരന്തരമായ ബോധവൽക്കരണം നടത്തുവാനും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അനധികൃത ഉല്പാദനവും വില്പനയും ഉപയോഗവും കർശനമായി നിയന്ത്രിക്കുവാനും കഴിയും. രക്തദാനത്തെക്കുറിച്ച് ജനങ്ങൾക്ക് നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുവാനും നേത്രദാനത്തിന്റെ മഹത്വവും പ്രാധാന്യവും ജനങ്ങളിലെത്തിക്കുവാനും ബോധവൽക്കരണ ക്ലാസുകൾ ആവശ്യമാണ്. എയ്ഡ്സ് പോലുള്ള മാരകരോഗങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വ്യക്തമായ അറിവു നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ചിലവു കുറഞ്ഞതും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ പാരമ്പര്യ ചികിത്സകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. തുളസി, ആര്യവേപ്പ് തുടങ്ങിയ ഔഷധച്ചെടികൾ വീടിന്റെ പരിസരത്ത് വച്ചുപിടിപ്പിക്കുകയും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാവുന്ന ഭക്ഷണരീതികൾ ഉപേക്ഷിക്കുവാൻ ജനങ്ങൾക്കു ബോധവത്ക്കരണം നൽകുകയും വേണം.

സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം പോഷകമൂല്യമുള്ളതാക്കാൻ ശ്രദ്ധിക്കണം. കുട്ടികളുടെ മാനസീക ഉല്ലാസത്തിനും ആരോഗ്യത്തിനും ഉതകുന്ന നീന്തൽക്കുളങ്ങളും കളിസ്ഥലങ്ങളും ഉണ്ടാകണം. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വില്പന നടത്തുന്ന മത്സ്യത്തിന്റെയും മാംസത്തിന്റെയും മറ്റു ഭക്ഷണസാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വിൽപന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും പാലിക്കുന്നത് ഉറപ്പുവരുത്തുകയും വേണം.

ടൗൺശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം വീഴ്ചവരുത്തുന്നവർക്കെതിരെ നിയമനടപടികൾ ഉണ്ടാകേണ്ടതുമാണ്.

പഞ്ചായത്തിൽ നിലവിലുള്ള സബ്സെന്ററുകളുടെ അപര്യാപ്തതകൾ പരഹരിക്കുവാൻ നടപടികൾ ഉണ്ടാകണം. ആരോഗ്യവകുപ്പുദ്യോഗസ്ഥൻമാരുടെ ഭവനസന്ദർശനം സ്ഥിരമായുണ്ടാവുകയും പൊതുജനങ്ങളുടെ ബോധവത്ക്കരണത്തിന് ക്യാമ്പുകളും സെമിനാറുകളും നടത്തുകയും ചെയ്യണം. ആരോഗ്യകാര്യങ്ങൾക്കായുള്ള ബോധവത്ക്കരണ സെമിനാറുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്ന സന്നദ്ധ സംഘടനകളായ ശാസ്ത്ര സാഹിത്യ പരിഷത്ത് കരുണാചാരിറ്റബിൾ സൊസൈറ്റി മാതൃദീപ്തി, മദ്യവർജ്ജനസമിതി യൂത്ത് വിംഗ്സ് ക്ലബ്ബ്, ജനശക്തി, വിൻസെന്റ് ഡി പോൾ സൊസൈറ്റി ലീഡേഴ്സ് ക്ലബ്ബ്, സ്കൂളുകളിലെ രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ സേവനം പ്രയോഡനപ്പെടുത്താവുന്നതാണ്. എല്ലാ വാർഡുകളിലും ആരോഗ്യവകുപ്പിന്റെ സഹായത്തോടുകൂടി വിവിധ രോഗങ്ങൾ അവയുടെ സാംക്രമണരീതി പ്രതിവിധി എന്നിവ അടങ്ങുന്ന ഫിലിം പ്രദർശനം നടത്താവുന്നതാണ്. ആരോഗ്യവിഷയങ്ങൾ സ്ക്കൂളുകളിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്യേണ്ടിയിരിക്കുന്നു. കോളനികളിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി ഒരു പിറ്റ് സ്ഥാപിക്കുകയും, യഥാസമയം നീക്കം ചെയ്ത് നശിപ്പിക്കുന്നതിന് കോളനിവാസികളുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്യണം.

നമ്മുടെ പഞ്ചായത്തിൽ കഴിയുന്നത്ര വീടുകളിലും മറ്റു സ്ഥലങ്ങളിലും ഉൽപാദനക്ഷമത കൂടിയ പശുക്കൾ ആടുകൾ, സങ്കരയിനം മുയലുകൾ, മുട്ടക്കോഴികൾ, ബ്രോയിലർ കോഴികൾ, മത്സ്യങ്ങൾ എന്നിവ ധാരാളമായി വളർത്തുവാൻ കഴിഞ്ഞാൽ പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ കഴിയും. ഭക്ഷ്യവിളകളെ അവഗണിച്ച് നാണ്യവിളകൾക്കുവേണ്ടി മാത്രമുള്ള വഴിവിട്ട കൃഷിരീതികൾ അനതിവിദൂരഭാവിയിൽ പരിസ്ഥിതിയിലും ആരോഗ്യസ്ഥിതിയിലും ശുദ്ധജല ലഭ്യതയിലും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം. പരമ്പരാഗത കൃഷിരീതികളെ അപ്പാടെ അവഗണിച്ച് ഗുണനിലവാരം കണക്കാക്കാതെ ഭക്ഷ്യസാധനങ്ങളെല്ലാം പുറമേ നിന്ന് വാങ്ങുന്ന കൺസ്യൂമർ സമ്പ്രദായവും സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത ഭക്ഷ്യ സാധന ഉല്പാദന വിപണനരീതിയും കൂടുതൽ വിപത്തുകളിലേക്കാണ് നീങ്ങുന്നത്. സാമൂഹ്യബോധവത്ക്കരണവും ജനപങ്കാളിത്തവുമാണ് ഇക്കാര്യങ്ങളിൽ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നത്.

കുടിവെള്ളം

മാനവരാശിയുടെ ആരോഗ്യകാര്യങ്ങളിൽ ഏറ്റവും മധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളിൽ ഒന്നാണ് ശുദ്ധജല ലഭ്യത. ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ നാം ഗൗരവമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കരിമണ്ണൂർ പഞ്ചായത്തിൽ ശുദ്ധജലത്തിനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ കഴിഞ്ഞാൽ മാത്രമേ ആരോഗ്യരംഗത്ത് അടിസ്ഥാനപരമായി മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. നമ്മുടെ വലുതും ചെറുതുമായ തോടുകളിൽ തടയണകൾ കെട്ടിയും മഴക്കാലത്തുണ്ടാകുന്ന മുഴുവൻ ജലവും ഒലിച്ചുപോകാതെ പുരയിടങ്ങളിലും കൃഷിസ്ഥലങ്ങളിലും നിലനിർത്തുവാൻ കഴിഞ്ഞാൽ അടുത്തുള്ള കിണറുകളിലും ശുദ്ധജലസംഭരണികളിലും വെള്ളം ഉണ്ടാകുകയും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സഹായിക്കുകയും ചെയ്യും. വൻമരങ്ങളെല്ലാം തന്നെ വെട്ടിമാറ്റി റബർകൃഷിയായി മാറുന്നത് അവഗണിക്കാനാകാത്ത പരിസ്ഥിതി പ്രശ്നങ്ങളും കുടിവെള്ള ക്ഷാമവും ഉണ്ടാക്കും. വർഷത്തിൽ മിക്കസമയങ്ങളിലും ജലം നിറഞ്ഞു നിൽക്കുന്ന നെൽപ്പാടങ്ങൾ നികത്തുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. ഇതും ശുദ്ധജല ലഭ്യതയെ ബാധിക്കും. സാമൂഹ്യവനവത്ക്കരണത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നമ്മുടെ അരുവികളെയും നീരുറവകളെയും സംരക്ഷിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. കരിമണ്ണൂർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. വാട്ടർ ടാങ്കുകൾക്ക് സംഭരണശേഷി കുറവാണ്.
3. വാട്ടർപൈപ്പുകൾ പഴകിയതും തുരുമ്പുപിടിച്ച വയുമാണ്. ആശുപത്രിയിൽ ജലക്ഷാമം അനുഭവപ്പെടുന്നു.
4. വാട്ടർലൈനുകളിൽ വെള്ളം എത്തുന്നില്ല.
5. ശുദ്ധജലക്ഷാമം മൂലം സാംക്രമികരോഗങ്ങൾ പകരുന്നു.
6. വേനൽക്കാലത്ത് പലപ്രദേശങ്ങളിലും കുളങ്ങളും കിണറുകളും വറ്റുന്നു.
7. പൊതുകിണറുകളിലെ വെള്ളം ശുദ്ധീകരിക്കപ്പെടുന്നില്ല.
8. വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ കരിമണ്ണൂർ ചാലാശ്ശേരി റൂട്ടിലേക്കു നീട്ടിയിട്ടില്ല.
9. നാലാം വാർഡിലെ കുഴൽകിണറിലെ വെള്ളം അടിക്കുവാൻ നടപടികളായില്ല.
10. മിഷൻകുന്നിലെ കുഴൽകിണറിൽ ആവശ്യത്തിനു വെള്ളമില്ല.
11. ശുദ്ധജലം മലിനമാക്കുന്നു.
12. നെയ്യശ്ശേരി ആനിക്കുഴ ഭാഗത്തേക്ക് വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടിയിട്ടില്ല.

പട്ടിക -11

കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങലും പരിഹാരങ്ങളും

ക്രമ നമ്പർ	കുടിവെള്ളമുള്ള പ്രദേശങ്ങൾ	പരിഹാരനിർദ്ദേങ്ങൾ
1	കൊക്കലം തണ്ട് ചേറാടി കിളിയറ	കൊക്കലംതണ്ടിനു താഴെയുള്ള കുളങ്ങളിൽ നിന്നും വെള്ളം അടിച്ചു വിതരണം ചെയ്യുക വാട്ടർ അതോറിറ്റിയുടെ പൈപ്പുലൈൻ കിളിയറക്കു നീട്ടുക.
2	ചന്തക്കുന്ന്, നെയ്യശ്ശേരി ഹൈസ്ക്കൂൾ ജംഗ്ഷൻ	പള്ളിപ്പാലത്തിനു സമീപമുള്ള പമ്പ്ഹൗസിൽ നിന്നുള്ള വെള്ളം നെല്ലിമലയിൽ എത്തിച്ചു വിതരണ ചെയ്യുക.
3	ശേഖരത്തുപാറ, കോട്ടഭാഗം കുരുമ്പുപാടം, മണ്ണാറത്തറ	നിലവിലുള്ള കുളത്തിൽനിന്നും വെള്ളം ശേഖരത്തുപാറയിൽ എത്തിച്ചു വിതരണം ചെയ്യുക
4.	മാരാംപാറ, വരമ്പുപാറ അമ്മിച്ചിപ്പാറ, കുറവൻപാറ കമ്പിപ്പാലം, ലക്ഷംവീടുകോളനി	നിലവിൽഉള്ള കുഴൽകിണറ്റിൽനിന്ന് വെള്ളം മാരാംപാറയിൽ എത്തിച്ച് വിതരണം ചെയ്യുക
5.	മനക്കപ്പാടം, ലക്ഷംവീടുകോളനി മലമ്പുറംതണ്ട്, നെയ്യശ്ശേരി കവല ചിങ്കല്ല് ഭാഗം	മനക്കപ്പാടത്ത് കുളംകുഴിച്ച് മലമ്പുറംതണ്ടിൽ എത്തിച്ച് വിതരണം ചെയ്യുക. മുളപ്പുറം ഭാഗത്തു നിന്നുള്ള പൈപ്പുലൈൻ കോട്ടഭാഗത്തേക്കു നീട്ടണം.
6	മിഷൻകുന്ന് കൊന്നക്കാമല മുളപ്പുറം പള്ളിത്താളം തൊമ്മൻകുത്ത്, ലക്ഷംവീട് കോളനി	നിലവിലുള്ള പദ്ധതി പൂർത്തീകരിക്കുക ഏഴുനിലകുത്തിൽ നിന്നും വെള്ളം കോളനിഭാഗത്ത് എത്തിക്കുക
7	നെല്ലിമല, കണ്ണാടിപ്പാറ, ആനിക്കുഴ ലക്ഷംവീടുകോളനി, നെയ്യശ്ശേരി കോളനി മരുതുംപാറപാറ, കരിനാപാനിക്കുന്ന് പുലിമറ്റം കോട്ടഭാഗം	കാളിയാർ പുഴയിൽനിന്നും വെള്ളം എത്തിക്കുവാനുള്ള പദ്ധതി ഉണ്ടാക്കണം സംഭരണശേഷിയുള്ള വാട്ടർടാങ്ക് നിർമ്മിക്കണം. കുളം കുഴിച്ച് വെള്ളം പമ്പു ചെയ്യണം.
8	ചാലാശ്ശേരി പാറച്ചാൽ ഭാഗം കാരിയറ, ചാമപ്പാറ, പെരുങ്കാവ് ഉടുക്കുട്ടി, ഞറുകുറ്റി	ഇടവെട്ടി കനാലിൽ നിന്നും വെള്ളം കുരിശുപാറയിൽ എത്തിച്ച് വിതരണം ചെയ്യണം. സ്വീഡ് ഫാം നിലത്തിൽ കുളം നിർമ്മിച്ച് ചാമപ്പാറ വെള്ളം എത്തിക്കുക. പെരുങ്കാവ് ഭാഗത്ത് കിണർ നിർമ്മിക്കുക. പൈപ്പുലൈൻ ഏഴുമുട്ടത്തേക്കു നീട്ടുക
9.	ഇലമ്പലക്കാട്ട് അമ്പലംഭാഗം ലക്ഷംവീടുകോളനി, ലൈബ്രറി തണ്ടിൻപുറം	വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടുക, കിണർ നിർമ്മിക്കുക

നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനുകൾ വളരെ പഴക്കം ചെന്നതും തുരുമ്പുപിടിച്ചതും ചോർച്ചയുള്ളതുമാണ്. പമ്പ്ഹൗസിൽനിന്നും അടിക്കുന്ന ജലം ധാരാളം പാഴായിപ്പോകുന്നു. മുഴുവൻ പൈപ്പുകളും മാറ്റി സ്ഥാപിക്കണം.
2. കരിമണ്ണൂർ പള്ളിപ്പാലത്തിനു സമീപമുള്ള പമ്പ്ഹൗസിലുള്ള വെള്ളം ചന്തക്കുന്നിലെ ഏറ്റവും ഉയരംകൂടിയ സ്ഥലത്ത് പരമാവധി സംഭരണശേഷിയുള്ള വാട്ടർടാങ്ക് നിർമ്മിച്ച് ശേഖരിച്ചാൽ ചന്തക്കുന്ന് കരിമണ്ണൂർ ടൗൺ, കരിമണ്ണൂർ എച്ച്.എസ് ജംഗ്ഷൻ, പി.എച്ച്. സെന്റർ, മണ്ണാറത്തറ, പന്നൂർ നെയ്യശ്ശേരിക്കവല എന്നിവിടങ്ങളിൽ വെള്ളം എത്തിക്കാൻ കഴിയും. പള്ളിപ്പാലത്തിനു സമീപം ചെക്കുഡാം നിർമ്മിക്കുകയും വേണം.
3. കരിമണ്ണൂർ കുഴൽകിണറിലെ വെള്ളം നെല്ലിമലയിൽ പരമാവധി സംഭരണശേഷിയുള്ള വാട്ടർടാങ്ക് പണിത് ശേഖരിച്ചാൽ നെല്ലിമല നെയ്യശ്ശേരി അട്ടിപ്പീടിക. ചിങ്കല്ല് മനയ്ക്കപ്പാടം കോളനി എഴുമുട്ടം കുറുമ്പാലമറ്റം, എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുവാൻ കഴിയും.
4. ശേഖരത്തുപാറയിൽ ടാങ്ക് പണിത് നിലവിലുള്ള കുളത്തിൽ നിന്നും വെള്ളം അടിച്ചാൽ ശേഖര

ത്തുപാറ, കുരുമ്പുപാടം, കോട്ടഭാഗം എന്നിവിടങ്ങളിൽ വെള്ളം എത്തും.

5. മാരാമ്പാറയിൽ സംഭരണശേഷികൂടിയ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള കുഴൽകിണറിൽനിന്നും വെള്ളമടിച്ചാൽ മാരാമ്പാറയിലും സമീപ പ്രദേശങ്ങളിലും കൊക്കലം ചേറാടി ഭാഗത്തും ജലം ലഭിക്കുന്നതാണ്. കരിമണ്ണൂർ പി.എച്ച് സെന്ററിന് കുടിവെള്ളത്തിനായി സ്ഥിരസംവിധാനം ഉണ്ടാക്കണം.
6. മിഷൻകുന്നിൽ സംഭരണശേഷികൂടിയ ടാങ്ക് പണിത് ഏഴുനിലകുത്തിൽനിന്നും വെള്ളം അടിക്കാൻ കഴിഞ്ഞാൽ മുളപ്പുറംവാർഡിൽ മിക്കവാറുംഭാഗങ്ങളിൽ വെള്ളമെത്തും. നിലവിലുള്ള പദ്ധതി പൂർത്തികരിക്കുകയും വേണം.
7. ഏഴാംവാർഡിൽ ഉയരംകൂടിയ സ്ഥലത്ത് ടാങ്ക് പണിത് താഴെയുള്ളപാടത്ത് കുളം നിർമ്മിച്ച് വെള്ളം അടിക്കാൻ കഴിഞ്ഞാൽ നെയ്യശ്ശേരി, ആനിക്കുഴ പ്രദേങ്ങളിലെ കുടിവെള്ളംക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. കാളിയാർ പുഴയിൽനിന്നും വെള്ളം എത്തിക്കുവാൻപദ്ധതിയുണ്ടാവണം.
8. ഇടവെട്ടി കനാനിൽനിന്നും വെള്ളം ശേഖരിച്ച് ചാലാശ്ശേരികുരിശുപാറയിൽ എത്തിച്ചു വിതരണം ചെയ്യാൻ കഴിഞ്ഞാൽ ചാലാശ്ശേരി ഭാഗങ്ങളിൽ വെള്ളം എത്തും. കിളിയറ സ്വീഡുഫാമിന്റെ സമീപത്തു കുഴൽകിണർ നിർമ്മിച്ച് ചാമപ്പാറയിൽ വെള്ളം എത്തിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞാൽ ചാമപ്പാറ കിളിയറ ഭാഗങ്ങളിൽ വെള്ളം എത്തും. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ കരിമണ്ണൂർ ചാലാശ്ശേരി റൂട്ടിലേക്ക് നീട്ടുകയും ചെയ്യേണ്ടതാണ്.

കുറുമ്പാലമറ്റം പ്രദേശത്ത് കുഴൽകിണർ നിർമ്മിക്കുവാൻ നടപടികൾ ഉണ്ടാവണം. വേനൽക്കാലത്ത് തോടുകളിലുള്ള തുച്ഛമായ ജലം മീൻപിടുത്തക്കാരം കാലിവളർത്തൽക്കാരും മലിനമാക്കുന്നതും തടയാൻ കഴിയണം. ശുദ്ധജലത്തിന്റെ പാഴ്ച്ചിലവ് കുറക്കുവാൻ കഴിയണം. വേനൽക്കാലത്ത് പൈപ്പുവെള്ളം കാലികളെ കുളിപ്പിക്കുന്നതിനും കൃഷിയിടങ്ങൾ നനയ്ക്കുന്നതിനും ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കാൻ കഴിയണം.

കാളിയാർ പുഴയിൽ നിന്നും തൊമ്മൻ കുത്തിൽ നിന്നും ഇടവെട്ടി കനാലിൽ നിന്നും വെള്ളം ശേഖരിക്കുവാനുള്ള ദീർഘവീക്ഷണമുള്ള പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞാൽ അതിനു പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകിയാൽ കരിമണ്ണൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിലെ അപാകതകൾ പരിഹരിക്കുവാനും രൂക്ഷമായ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുവാനും കഴിയും. സാമൂഹ്യബോധവൽക്കരണവും ജനപങ്കാളിത്തവും ഇത്തരം കാര്യങ്ങൾ വിജയിപ്പിക്കുവാൻ ആവശ്യമായിരിക്കുന്നു. ബഹുജനപങ്കാളിത്തത്തോടെയുള്ള ഇത്തരം പദ്ധതികൾ വരുംനാളെയിലേക്ക് പുരോഗതിയുടെ അടിസ്ഥാനവും അരോഗ്യമുള്ള തലമുറയ്ക്കുവേണ്ടി ഒരു കരുതലുമായിരിക്കും.

5-6

വിദ്യാഭ്യാസം

കരിമണ്ണൂർ, ഉടുമ്പന്നൂർ, കോടിക്കുളം, വണ്ണപ്പുറം എന്നീ പഞ്ചായത്തുകൾ ഒന്നായി കിടന്ന കാലം തൊട്ട്, കരിമണ്ണൂർ ആയിരുന്നു വിദ്യാഭ്യാസകേന്ദ്രം. ആദ്യസ്ഥാപനമായ ഗവ: U.P.S.ന്റെ പ്രായം നൂറ്റാണ്ടിലേറെയാണ്. ആദ്യ തലമുറ അക്ഷരങ്ങളുടെ പൊരുൾ തേടിയെത്തിയ ഈ സരസ്വതീ മന്ദിരം ഇപ്പോഴും U.P. സ്കൂൾ മാത്രമായി നില്ക്കുന്നു, ചുറ്റുമതിൽ പോലുമില്ലാതെ. അക്കാലത്ത് L.P. മാത്രമായിരുന്ന ഇവിടെ പഠിച്ചിരുന്നവർ തുടർ വിദ്യാഭ്യാസത്തിനായി തൊടുപുഴ ഗവ. ഹൈസ്കൂളിനെ ആശ്രയിച്ചിരുന്നു. ദുർഘട വഴിത്താരകളും സാമ്പത്തിക പരാധീനതകളും ഏറെ പേരുടെ അക്ഷര പ്രിയത്തെ തളർത്തി. 1926-ൽ നെയ്യശ്ശേരിയിൽ ഒരു മലയാളം മിഡിൽ സ്കൂൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. ഏറെ ആളുകൾ താല്പര്യമെടുത്തത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായിരുന്നു. ആവശ്യാധിഷ്ഠിത പ്രേരണയാൽ ഇന്നു കാണുന്ന S.J.H.S.-ന്റെ ആദ്യ പടി ഇംഗ്ലീഷ് മിഡിൽ സ്കൂൾ 1935-ൽ സ്ഥാപിതമായി. 1949-ൽ ഹൈസ്ക്കൂൾ ആയി. കിഴക്കൻമേഖലയുടെ മുഴുവൻ വിദ്യാഭ്യാസാവശ്യത്തിന് ഈ സ്ഥാപനം വേദിയായി. മുതിർന്ന തലമുറയിൽപ്പെട്ട, S.S.L.C. വരെ പഠിച്ച ഇന്നത്തെ ബഹുഭൂരിപക്ഷം ആളുകളും ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്.

1950നു ശേഷം തട്ടക്കുഴ കോടിക്കുളം, ഉടുമ്പന്നൂർ, വണ്ണപ്പുറം, പെരിങ്ങാശ്ശേരി, എന്നിവിടങ്ങളിൽ ഹൈസ്കൂളുകൾ സ്ഥാപിതമായി. അക്കാലത്തു തന്നെ ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ L.P., U.P. വിദ്യാലയങ്ങൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. 1968ൽ നെയ്യശ്ശേരിയിൽ ഹൈസ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു. തന്മൂലം വിദ്യാഭ്യാസ മേഖല ഇവിടെ പുഷ്ടിപ്പെട്ടു. തദ്ദേശവാസികളുടെ വിജ്ഞാനദാഹമായിരുന്നു ഇതിന്റെ പിന്നിലെ പ്രേരണ.

ഇപ്പോൾ പഞ്ചായത്തിലംഗീകാരമുള്ള 11 വിദ്യാലയങ്ങളും അംഗീകാരമില്ലാത്ത രണ്ട് ഇംഗ്ലീഷ് മീഡിയം പ്രൈമറി വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. നല്ലനിലയിൽ നടത്തിവരുന്ന രണ്ടു പാരലൽകോളേജുകൾ ഈ പ്രദേശത്തുള്ളവരുടെ തുടർവിദ്യാഭ്യാസത്തെ ഏറെ സഹായിക്കുന്നു. മറ്റുന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. S.S.L.C.കഴിഞ്ഞവർ ഏറെയും തൊടുപുഴ ന്യൂമാൻ കോളേജിനെ ആശ്രയിക്കുന്നു. മറ്റു പ്രദേശത്തുള്ള കോളേജുകൾ തേടിപ്പോകുന്നവരും കുറവല്ല.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി രണ്ട് ടൈപ്പ്റൈറ്റിങ് കേന്ദ്രങ്ങളും ഒരു ടൈലറിങ് എമ്പ്രോയ്ഡറി സ്കൂളും കമ്പ്യൂട്ടർ കേന്ദ്രവും മാത്രമേയുള്ളു. തന്മൂലം സാങ്കേതിക വിദ്യാഭ്യാസം തേടിയുള്ള അന്വേഷണം മറ്റു പ്രദേശങ്ങളിലാണ്. തൊഴിൽ പരിശീലനം ശാസ്ത്രസാങ്കേതിക ജ്ഞാനം എന്നിവ തേടി അന്യ സംസ്ഥാനങ്ങളിൽ പോകുന്നവർ ഏറെ.

ഏതെങ്കിലും വൈകല്യമുള്ളവരെ പരിശീലിപ്പിക്കുന്നതിനും അക്ഷരജ്ഞാനമുള്ളവരാക്കുന്നതിനുമുള്ള പ്രത്യേക സ്ഥാപനങ്ങൾ ഇവിടെയില്ല.

S.J.H.Sന്റെ ആദ്യകാല സാരഥികളായിരുന്ന റവ. ഫാ. ജോൺ മാമ്പിള്ളിയും ശ്രീ. ഇ.പി. ഐസക്കും ഏറെ സ്മരിക്കപ്പെടുന്നു. അക്കാഡമിക്ക്, നോൺ അക്കാഡമിക്ക് രംഗങ്ങളെ ഒരേപോലെ അവർ പരിപോഷിപ്പിച്ചു. അവരുടെ പ്രഗല്ഭ നേതൃത്വം ഈ പ്രദേശത്തെ കലാകായിക പ്രതിഭകളെ ദേശാന്തരങ്ങളോളം വളർത്തിയിട്ടുണ്ട്. പ്രസിഡണ്ട് ഗൈഡ്, സ്കൗട്ട് എന്നീ പദവികൾ നേടിയ അനേകർ ഈ ഗ്രാമത്തിലുണ്ട്.

സംസ്ഥാന ദേശീയ സർക്കാരുകളുടെ അവാർഡുകൾ നേടിയ അഞ്ചദ്ധ്യാപകർ ഈ ഗ്രാമത്തിലുണ്ട്. ശ്രീ. എ.എം. ജോസഫ് അത്തിക്കൽ ശ്രീ. കെ. എ. പൈലി കുന്നപ്പള്ളിൽ, ശ്രീ പി. ജെ. അവിരാ പൈമ്പിള്ളിൽ, ശ്രീ. പി. എ. ഉതുപ്പ് പാടത്തിൽ, ശ്രീ. എൻ.എ. ജയിംസ് നന്തളത്ത്.

വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്നവർ മിക്കവരും ഈ ഗ്രാമത്തിൽത്തന്നെ വസിക്കുന്നു. ഗ്രാമത്തിനു പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിക്കായി പോകുന്നവരും ധാരാളം. കരിമണ്ണൂർ പഞ്ചായത്തിന്റെ 9-ാം വാർഡിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം പോലുമില്ല. സാമീപവാർഡുകളിലെ വിദ്യാലയങ്ങൾ അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നു. പ്രീപ്രൈമറി വിദ്യാലയങ്ങൾ അംഗനവാടികൾ നേഴ്സറി സ്കൂളുകൾ എന്നിവ വിവിധ വാർഡുകളിലുണ്ട്. ഇടുക്കി ജില്ലയിലെ രണ്ട് ഗവൺമെന്റ് മോഡൽ പ്രീപ്രൈമറി വിദ്യാലയങ്ങളിൽ 1 ഗവൺമെന്റ് യു.പി.എസിൽ. പ്രിപ്രൈമറി വിദ്യാലയങ്ങളിൽ ചിലത് ഇംഗ്ലീഷ് മീഡിയത്തിൽ പ്രവർത്തിക്കുന്നു. വിദ്യാലായന്തരീക്ഷത്തിൽ വന്ന മാറ്റം, ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവർക്ക് സമൂഹത്തിലുള്ള പദവി, അവസരങ്ങളുടെ ലഭ്യത എന്നിവ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾക്ക് സാഹചര്യമൊരുക്കി. 1983-ൽ ഇടുക്കി ജില്ലയിലെ ഏറ്റവും നല്ല വിദ്യാലയം എന്ന ബഹുമതി S.J.H.S. നു ലഭിച്ചിട്ടുണ്ട്. വിദ്യാലയത്തിൽ പോകേണ്ട പ്രായപരിധിയിൽ വരുന്നവർ എല്ലാവരും തന്നെ സരസ്വതി ക്ഷേത്രങ്ങളിൽ എത്തുന്നു എന്ന് ധാരണ.

പട്ടിക – 1

	വിദ്യാലയങ്ങൾ	സ്ഥാപിതം	പ്രവർത്തിക്കുന്ന ഏജൻസി	വാർഡ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
					ആൺ	പെൺ	ആകെ	പു.	സ്ത്രീ	ആകെ
1.	S.M. L.P.S ഏഴമുട്ടം	1956	കോർപ്പറേറ്റ് ഏജൻസി കോതമംഗലം	8	95	106	201	4	3	7
2.	H.F. L.P.S കരിമണ്ണൂർ	1935	"	1	108	131	239	–	8	8
3.	S.J. L.P.S. തൊമ്മൻകുത്ത്	1964	"	6	107	107	214	1	7	8
4.	L.F.L.P.S. പള്ളിക്കാമുറി	1984	"	3	75	77	152	–	4	4
5.	S.N.C.M. L.P.S. നെയ്യശ്ശേരി	1955	S.N.D.P ശാഖ കരിമണ്ണൂർ	5	76	59	135	1	5	6
6.	ഗവ. U.P.S. കരിമണ്ണൂർ	1894	ഗവവൺമെന്റ്	2	95	81	176	3	7	10
7.	N.S.S. U.P.S. പന്നൂർ	1952	N.S.S. കോർപ്പറേറ്റ്	4	73	61	134	1	8	9
8.	T.C.M.M. U.P.S മുളപ്പുറം	1932	യാക്കോബയ പള്ളി മുളപ്പുറം	6	81	74	155	4	6	10
9.	V.J. U.P.S ചാലാശ്ശേരി	1983	കോർപ്പറേറ്റ് ഏജൻസി കോതമംഗലം	8	53	62	115	–	6	6
10.	S.S.H.S. നെയ്യശ്ശേരി	1926 1968	"	7	323	281	604	5	21	26
11.	S.J.H.S. കരിമണ്ണൂർ	1935 1949	"	2	649	750	1399	16	31	47
	ആകെ				1734	1794	3528	35	106	141

പട്ടിക - 2

ഇംഗ്ലീഷ് മിഡിയം വിദ്യാലയങ്ങൾ (അംഗീകാരമില്ലാത്തവ)

വിദ്യാലയങ്ങൾ	Std I			Std II			Std III			Std IV			അധ്യാപകർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	പു.	സ്ത്രീ.	ആകെ
വിന്നേഴ്സ് ഇംഗ്ലീഷ് മീഡിയം L.P.S	20	13	33	12	12	24	15	12	27	17	14	31	2	9	11
പ്രിൻസ് ഇംഗ്ലീഷ് മീഡിയം L.P.S.	21	19	40	20	15	35	16	19	35	14	11	25	-	6	6
ആകെ	41	32	73	32	27	59	31	31	62	31	25	56	2	15	17

9-ാം വാർഡിൽ L.P. വിദ്യാലയവും തൊമ്മൻകുത്തിൽ U.P. സ്കൂളും പഞ്ചായത്തിൽ ഒരു ഹയർസെക്കന്ററിയും സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

S.S.L.C പരീക്ഷയുടെ ആദ്യസംഘം 1952ൽ S.J.H.S. ൽ എഴുതി. 600-ൽ 379 മാർക്കോടെ ശ്രീ. എൻ.പി. ജോൺ നെടിയപാല പ്രഥമസ്ഥാനത്തെത്തി. അധ്യാപകൻ, ഹെഡ്മാസ്റ്റർ, ഡി.ഇ.ഒ. എന്നീ തസ്തികകളിൽ ജോലി നോക്കിയശേഷം ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു. 1983ലെ S.S.L.C പരീക്ഷയിൽ S.J.H.S.ൽനിന്ന് എഴുതിയ ശ്രീ. ജോർജ്ജി ജോർജ്ജ് ചുണ്ടാട് സംസ്ഥാനതലത്തിൽ 568 മാർക്കോടെ 7-ാം റാങ്ക് നേടി വിദ്യാലയ ചരിത്രത്തിലെ ഏറ്റവും ഉയർന്നമാർക്ക് 571 നേടിയത് 1985ൽ പരീക്ഷയെഴുതിയ കുമാരി മരിന ജോർജ്ജ് ചുണ്ടാട്. റാങ്ക് 13. S.S.H.S. നെയ്യശ്ശേരിയിൽ ആദ്യ ബാച്ച് 1971ൽ എഴുതി. 600ൽ 423 മാർക്കോടെ ശ്രീ. U.V. തോമസ് ഉള്ളാട്ടിൽ പ്രഥമസ്ഥാനം കരസ്ഥമാക്കി. 1985ൽ പരീക്ഷയെഴുതിയ ശ്രീ. ബിജു ജേക്കബ്ബ് കോഴികോട്ട് 562 മാർക്ക് നേടി വിദ്യാലയത്തിലെ ഏറ്റവും ഉയർന്നമാർക്കിന് ഉടമയായി. ശ്രീ തോമസ് M.Com ഉം ബിജു ജേക്കബ്ബ് M.Tech. പാസായി സേവനമനുഷ്ടിക്കുന്നു.

പട്ടിക - III

S.S.L.C. പരീക്ഷാഫലങ്ങൾ %

വിദ്യാലയങ്ങൾ	1991	1992	1993	1994	1995
S.J.H.S. Kmr.	74	68	77	77	79
S.S.H.S. Nry.	94	98	98	100	100

ദേശീയ പരീക്ഷയിൽ IRS നേടി ആദായനികുതി കമ്മീഷണറായി ജോലിചെയ്യുന്ന ക്രിസ്റ്റഫർ അബ്രഹാം അത്തിക്കലും IPS നേടിയ രാമൻനായർ ആലപ്പാട്ടും ഈ ഗ്രാമനിവാസികളാണ്.

മറ്റുപല പ്രദേശങ്ങളിലും സമുദായങ്ങളിലും സ്ത്രീ വിദ്യാഭ്യാസം അവഗണിക്കപ്പെട്ടപ്പോൾ ഇവിടെ സ്ത്രീ വിദ്യാഭ്യാസത്തിന് പരിഗണന ലഭിച്ചു. തന്മൂലം കായികരംഗത്ത് ദേശീയ ബഹുമതി നേടിയ അനേകം വീരാംഗനകളെ ഈ ഗ്രാമം കണ്ടെത്തി. നഴ്സിംഗ് രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഏറെപ്പേർ ഈ പഞ്ചായത്തിലുണ്ട്. വിവിധ സംസ്ഥാനങ്ങളിലും മറ്റുരാജ്യങ്ങളിലുമായി അവർ സേവനമനുഷ്ഠിക്കുന്നു. ഈ ഗ്രാമത്തിന്റെ സാമ്പത്തിക രംഗത്ത് അവരുടെ സ്വാധീനം ചെറുതല്ല. എങ്കിലും സാമ്പത്തിക സമൂഹിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീ ജനങ്ങൾ വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രാധാന്യം നല്കിയിട്ടുണ്ടോ എന്ന് സംശയം.

സാധാരണ ഗതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ തങ്ങളുടെ കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുന്നതിന് വിമുഖരാണ്. വിദ്യാർത്ഥികളും അധികം തല്പരരല്ല. ഇതിനു വിപരീതമായി ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം SC/ST വിദ്യാർത്ഥികളും സരസ്വതീ മന്ദിരത്തിലെത്തുന്നു. അവരുടെ കാര്യത്തിൽ രക്ഷിതാക്കളും, അധ്യാപകരും പ്രത്യേകം ശ്രദ്ധചെലുത്താറുണ്ട്.

വിദ്യാലയങ്ങളിൽ എത്തപ്പെടുന്നവരിൽ കുറെ പേർ പലകാരണങ്ങളാൽ കൊഴിഞ്ഞുപോകുന്നു. സാമ്പത്തിക കാരണങ്ങളാലുള്ള കൊഴിഞ്ഞുപോകൽ ഒഴിവാക്കുന്നതിനായി വിവിധ സഹായ പദ്ധതികൾ ഉണ്ട്. കഴിവുറ്റ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ വിദ്യാലയങ്ങളിലും എൻഡോവ്മെന്റുകൾ, മെറിറ്റ് സ്കോളർഷിപ്പുകൾ സമ്മാനപദ്ധതികൾ മുതലായവ സ്ഥാപിച്ചിരിക്കുന്നു. എങ്കിലും കൊഴിഞ്ഞുപോകൽ ഫലപ്രദമായി തടയാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ളവരുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യൂണിഫോം എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമാക്കിയിട്ടുണ്ട്.

പട്ടിക - IV

S.S.L.C. വിജയികളുടെ വിവരങ്ങൾ 1996 മാർച്ച്

വിദ്യാലയങ്ങൾ	പരീക്ഷ എഴുതിയവർ			ഡിസ്റ്റിംഗ്ഷൻ	ഫസ്റ്റ്ക്ലാസ്സ്	സെക്കന്റ്ക്ലാസ്സ്	തേഡ്ക്ലാസ്സ്	വിജയശതമാനം
	ആൺ	പെൺ	ആകെ					
S.J.H.S. Kmr.	98	146	244	10	33	20	101	67.1
S.S.H.S. Nry.	24	50	74	5	15	12	40	97.3

പട്ടിക – V

പെൺകുട്ടികളുടെ വിവരം 95-96

L.P.S			U.P.S.			H.S.		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
672	662	1334	546	498	1044	576	634	1150

പട്ടിക – VI

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച് 95–96

L.P.S			U.P.S			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1334	83	6.2	1044	87	8.3	1150	75	6.5

പട്ടിക – VII

പഠനം നിറുത്തിയവർ 95–96

ക്ലാസ്സ്	SC/ST			മറ്റുള്ളവർ		
	ആൺ	പെൺ	(A) ആകെ	ആൺ	പെൺ	(B) ആകെ
1	–	–	–	2	4	6
2	2	0	2	8	5	13
3	–	–	–	2	2	4
4	–	–	–	–	3	3
5	–	–	–	–	1	1
6	–	1	1	2	4	6
7	3	2	5	3	2	5
8	6	5	11	3	2	5
9	4	3	7	9	3	12
ആകെ	15	11	26	29	26	55

A + B – 26 + 55 = 81

പട്ടിക – VIII

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നവർ 95–96

മെരിറ്റ് സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ലീം പെൺകുട്ടികൾക്കുള്ള ആനുകൂല്യം	വികലാംഗ ആനുകൂല്യം	ജവാന്മാരുടെ മക്കൾക്കുള്ള ആനുകൂല്യം	മറ്റുള്ളവ ആനുകൂല്യം
53	519	84	47	1	–

പൊതുവിൽ പറഞ്ഞാൽ രക്ഷിതാക്കളും അധ്യാപകരും മാനേജ്മെന്റും വിദ്യാലയനടത്തിപ്പിൽ ആവതെല്ലാം ചെയ്യുന്നുണ്ട്. എങ്കിലും വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

പട്ടിക – IX

ഭൗതിക സാഹചര്യങ്ങൾ 95-96

വിദ്യാലയങ്ങൾ	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം		വൈദ്യുതി	ചുറ്റുമതിൽ
					കിണർ	പൈപ്പ്		
L.P.S. ഏഴുമുട്ടം	201	7	2	1	ഉണ്ട്	–	ഉണ്ട്	ഇല്ല
L.P.S. കരിമണ്ണൂർ	239	8	2	2	ഉണ്ട്	ഉണ്ട്	"	ഉണ്ട്
L.P.S. തൊമ്മൻകുത്ത്	214	8	1	1	"	–	"	ഇല്ല
L.P.S. പള്ളിക്കാമുറി	152	4	1	1	"	–	"	"
L.P.S. നെയ്യശേരിക്കവല	135	6	2	1	"	–	"	
ഗവ. U.P.S. കരിമണ്ണൂർ	176	10	1	1	"	–	"	
U.P.S. പന്നൂർ	134	9	1	ഇല്ല	"	–	"	"
U.P.S. മുളപ്പുറം	155	10	2	2	"	–	"	"
U.P.S. ചാലാശ്ശേരി	115	6	2	1	ഇല്ല	ഇല്ല	"	"
H.S. നെയ്യശ്ശേരി	604	26	2	2	ഉണ്ട്	ഉണ്ട്	–	ഉണ്ട്
H.S. കരിമണ്ണൂർ	1399	47	6	4	ഉണ്ട്	ഉണ്ട്	–	ഉണ്ട്

വിദ്യാർത്ഥികളുടെ പഠനനിലവാരം വിവിധകാരണങ്ങളാൽ പ്രതീക്ഷിക്കുന്നത്ര മെച്ചപ്പെടുന്നില്ല.

പട്ടിക – X

ക്ലാസ്സ്		അക്കാഡമിക് നിലവാരം 1996 ആദ്യപാദ പരീക്ഷ				
എണ്ണം		30ൽ താഴെ	30-40	40-50	50-60	60ന് മേൽ
3	329	33	53	55	63	125
4	360	30	48	63	74	145
5	307	34	80	55	48	90
6.	355	58	94	88	52	63
7	381	48	117	77	73	66
8	409	49	167	87	39	67
9	402	54	176	111	27	34
10	339	28	102	75	79	55
ആകെ	2882	334	837	611	455	645

പട്ടിക – XI

പഠനസൗകര്യങ്ങളുടെ ലഭ്യത 95-96

	ലൈബ്രറി	ലാബോറട്ടറി	റേഡിയോ	ടേപ്പ് റെക്കോർഡർ	T.V.	സയൻസ് കോർണർ	മാതൃ സംഗമം	P.T.A.	കളി സ്ഥലം
ഉള്ളത്	7	7	5	3	–	–	11	11	11
ഇല്ലാത്തത്	4	4	6	8	11	11	–	–	–

അനൗപചാരിക വിദ്യാഭ്യാസത്തിലും ഈ പ്രദേശത്തുള്ളവർ വലിയ താല്പര്യം കാണിച്ചിരുന്നു. തത്ഫലമായി മുക്കാൽ നൂറ്റാണ്ടോളം പഴക്കമുള്ള ഇന്നത്തെ പഞ്ചായത്ത് ഗന്ഥശാലയുടെ ആദ്യരൂപം ഗവ: U.P.S.ൽ 'കരിമണ്ണൂർ പബ്ലിക് ലൈബ്രറി' എന്ന പേരിൽ ജന്മമെടുത്തു. ഗന്ഥാലയങ്ങളോട് ചേർന്ന് വായനശാലയും പ്രവർത്തിക്കുന്നു. അനുദിന സംഭവങ്ങളെയും നൂതന ചിന്തകളെയും ഗ്രാമാന്തരങ്ങളിൽ എത്തിക്കുന്നതിന് ഇവ ചെയ്യുന്ന സേവനങ്ങൾ വലുതാണ്. മുളപ്പുറം, ആനിക്കുഴ, നെയ്യശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ ഗന്ഥാലയങ്ങളും വായനശാലകളും ഉണ്ട്.- പൊതു T.V. സെന്ററുകൾ സ്ഥാപിച്ച് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വാർത്തകളും സംഭവങ്ങളുമെല്ലാം ഫലപ്രദമായി ഗ്രാമാന്തരങ്ങളിൽ എത്തിക്കാൻ സാധിക്കും.

നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളും, അനൗപചാരിക വിദ്യാഭ്യാസത്തിന്റെ മറ്റൊരു ചാനലാണ്.

സ്വാതന്ത്ര്യ പ്രസ്ഥാനത്തോട് ചേർന്ന് പൊതു താല്പര്യ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഹിന്ദി പഠനം വ്യാപകമാക്കുവാനുള്ള ശ്രമവും അക്കാലത്തുണ്ടായിരുന്നു. സാക്ഷരതാ പ്രസ്ഥാനവും ഈ പഞ്ചായത്തിൽ തൃപ്തികരമായി സംഘടിപ്പിക്കപ്പെട്ടു. തൽഫലമായി അക്ഷരജ്ഞാനികളുടെ എണ്ണം വർദ്ധിച്ചു. 93.7%

വിദ്യാഭ്യാസ രംഗത്ത് ഫലപ്രദമായി ഇടപെടാൻ ഗ്രാമപഞ്ചായത്തുകൾക്ക് ഇപ്പോൾ സാധിക്കും. അടിയന്തിര പ്രാധാന്യം കൊടുത്ത് പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ ഉണ്ട്. മൂന്നുതരം സമിതികൾ രൂപീകരിച്ചുകൊണ്ടായിരിക്കണം പഞ്ചായത്തുകളുടെ ഇടപെടൽ.

1. സ്കൂൾ വിദ്യാഭ്യാസ സമിതി.
2. പഞ്ചായത്തു തല വിദ്യാഭ്യാസ സമിതി.
3. പഞ്ചായത്ത് തല അക്കാഡമിക്ക് സമിതി.

പ്രശ്നങ്ങൾ

* ജീവിതഗന്ധിയല്ലാത്ത വിദ്യാഭ്യാസം
* ആകർഷകമല്ലാത്ത അധ്യയനരീതി
* പരീക്ഷാ പ്രധാനമായ ബോധനം, അശാസ്ത്രീയ പരീക്ഷകൾ
* വിരസമായ പാഠ്യക്രമം
* വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
* നിലവാരമുള്ള അധ്യാപകരുടെ അഭാവം.
* യഥാകാലം പുസ്തകങ്ങൾ, സിലബസ് കിട്ടായ്ക
* അൺ-എയിഡഡ് വിദ്യാലയങ്ങളുടെ വർദ്ധന.
* ലാബർട്ടറി, ലൈബ്രറി തുടങ്ങിയ പഠനോപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗമില്ലായ്മ.
* രക്ഷിതാക്കളുടെ സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ
* കലാ, കായിക, സാഹിത്യ, സംഗീത രംഗങ്ങളിൽ പരിശീലനവും, പ്രോത്സാഹനവും വേണ്ടത്ര ലഭിയ്ക്കുന്നില്ല.
* കളിസ്ഥലങ്ങളുടെയും കളിക്കോപ്പുകളുടെയും കുറവ്
* ഡസ്ക്ക്, ബഞ്ച്, അലമാര, കെട്ടിടങ്ങൾ എന്നിവയുടെ അപര്യാപ്തത.
* കക്കൂസ്, മൂത്രപ്പുര തുടങ്ങിയവയുടെ കുറവും, ശുചിത്വമില്ലായ്മയും
* വിദ്യാലയങ്ങളിൽ സൗകര്യപ്രദമായി എത്തിച്ചേരാനുള്ള വഴിത്താരകളുടെ അവസ്ഥ.
* വിദ്യാലയ നടത്തിപ്പിൽ സമൂഹത്തിന്റെ ഇടപെടൽ കുറവ്.
* വിദ്യാദിനങ്ങളിൽ അധ്യാപകർ ഇതരജോലികൾക്ക് നിയോഗിക്കപ്പെടുന്നു.
* പോഷകാഹാരക്കുറവ്
* ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരക്കുറവ്
* സാങ്കേതിക സ്ഥാപനങ്ങൾ ഇല്ല.
* വൈകല്യമുള്ളവർക്ക് പ്രത്യേക സ്ഥാപനങ്ങൾ
* I.T.I., പോളിടെക്നിക്, നേഴ്സിംഗ് സ്കൂൾ മുതലായവ ഇല്ല.

സാധ്യതകൾ:

1. സ്കൂൾ കോംപ്ലക്സ്

സ്കൂൾ കോംപ്ലക്സ് വഴിയാണ് ഗ്രാമപഞ്ചായത്തുകൾ ഫലപ്രദമായി വിദ്യാലയരംഗത്ത് ഇടപെടുക. ഏതെങ്കിലും ഒരു പ്രധാന വിദ്യാലയത്തിന്റെ നേതൃത്വത്തിൽ മറ്റു വിദ്യാലയങ്ങൾ വിഭവങ്ങൾ കൂട്ടായി ഉപയോഗിക്കുന്നു. ഓരോ വിഷയത്തിലും അവഗാഹമുള്ള വിദഗ്ദ്ധരെ ഉപയോഗിച്ച് അതത് വിഷയങ്ങളിൽ എല്ലാ അധ്യാപകർക്കും ഇൻ സർവ്വീസ് കോഴ്സ് നടത്തുക. അധ്യാപകർക്ക് വിഷയങ്ങളിൽ കാലാനുസൃത വിജ്ഞാനം നിലനിർത്തുവാൻ ഈ പരിശീലനങ്ങൾ സഹായകമാണ്.

ഒരു വിദ്യാലയത്തിൽ ഫലപ്രദമായ ബോധനരീതി ഇതര വിദ്യാലയങ്ങൾക്ക് കൈമാറി പുതിയ ശൈലികൾ അവലംബിക്കുവാൻ അധ്യാപകരെ സഹായിക്കുന്നു. ലീഡ് വിദ്യാലയത്തിന്റെ കളിസ്ഥലങ്ങൾ, പഠനോപകരണങ്ങൾ, T.V., V.C.R, ഗ്രന്ഥശേഖരം തുടങ്ങിയവ ഇതര വിദ്യാലയങ്ങളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉപയോഗിക്കാൻ അവസരം ലഭിക്കണം. ലീഡ് വിദ്യാലയത്തിന്റെ നേതൃത്വത്തിൽ മറ്റു വിദ്യാലയങ്ങൾക്ക് മത്സരങ്ങൾ, ചർച്ചകൾ, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കാം.

പരീക്ഷാ ചോദ്യപേപ്പർ ഏകീകരിച്ച് എല്ലാ വിദ്യാലയങ്ങളിലെയും അക്കാഡമിക്ക് നിലവാരം മെച്ചപ്പെടുത്താൻ കഴിയും.

പഞ്ചായത്തിലെ കലാ-കായിക പ്രതിഭകളെ കണ്ടെത്തി അവധിക്കാലങ്ങളിൽ പ്രത്യേക സ്ഥലത്ത് വിളിച്ചു ചേർത്ത് പ്രത്യേക പരിശീലനം നൽകാം.

വിവിധ തലങ്ങളിലുള്ള സാങ്കേതിക വിദ്യാലയങ്ങളെപ്പറ്റി പ്രാഥമിക അറിവുകൾ വിദ്യാർത്ഥികൾക്ക് ഉചിതമായ രീതിയിൽ കൈമാറുന്നത് പഠന

കാര്യങ്ങളിൽ ലക്ഷ്യബോധമുണ്ടാക്കാൻ സഹായിക്കുന്നു. സാങ്കേതിക രംഗത്തുള്ളവർ, കലാ-കായിക രംഗത്തു പ്രവർത്തിക്കുന്നവർ, ഡോക്ടർമാർ, എൻജിനീയർമാർ തുടങ്ങിയവരുമായി ആശയസംവേദനത്തിനുള്ള അവസരം തല്പരരായ വിദ്യാർത്ഥികൾക്കുവേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

2. ആരോഗ്യ വിദ്യാഭ്യാസം, ശുചിത്വപരിപാലനം, വ്യക്തിഗത ആരോഗ്യ സംരക്ഷണം തുടങ്ങിയവ പൊതുവിജ്ഞാനത്തിന്റെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടർവിദ്യാഭ്യാസമാക്കുന്നത് ഉചിതമാണ്.
3. ഉന്നതവിദ്യാഭ്യാസത്തിനും ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസത്തിനും, തൊഴിൽ പരിശീലനത്തിനുമുള്ള സ്ഥാപനങ്ങൾ ആവശ്യാനുസരണം കണ്ടെത്തുക.
4. എക്സിബിഷൻ, സിംബോസിയം, ദിനാചരണം എന്നിവ ലീഡ് വിദ്യാലയാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. അധ്യാപകദിനം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആഘോഷിക്കുന്നത് ഉചിതം. ഇതോടനുബന്ധിച്ച് മികച്ച അധ്യാപകരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ കണ്ടെത്തി, ആദരിക്കുന്നത് അഭിലഷണീയം.
5. അക്കാഡമിക്ക് തലത്തിലും, കലാ-കായിക രംഗങ്ങളിലും നേട്ടമുണ്ടാക്കുന്നവരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആദരിക്കുന്നത് പ്രോത്സാഹജനകമാണ്. ഡയറ്റുപോലുള്ള സ്ഥാപനങ്ങളുടെ സേവനം സ്വീകാര്യം.
6. വിദ്യാലയങ്ങളിലെ പൊതുപരിപാടികളായ വാർഷികങ്ങൾ, കായികമത്സരങ്ങൾ, കലാമേളകൾ തുടങ്ങിയവ നടത്തുന്നതിന് ആവശ്യമായ രീതിയിൽ വിദ്യാലയത്തിന് പുറത്തുള്ളവരുടെ സേവനം ലഭ്യമാകത്തക്കവിധം ഒരു പാനൽ ഉണ്ടാക്കി വിദ്യാലയങ്ങളിൽ സൂക്ഷിക്കുന്നത് സൗകര്യപ്രദമാണ്. വിവിധ തുറകളിലെ വിദഗ്ദ്ധരെ വിദ്യാലയങ്ങളിൽ ക്ഷണിച്ചുവരുത്തി അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ കുട്ടികളുമായി സംവദിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുക.
8. അധ്യാപകരെ ഇതര സേവന തുറകളിൽ നിയോഗിക്കുന്നത് ഒഴിവാക്കുക, അർപ്പണബോധമുള്ളവരെയും സാമൂഹ്യവീക്ഷണമുള്ളവരേയും കണ്ടെത്തി നിയമിക്കാൻ പ്രത്യേക താല്പര്യം കാണിക്കുകയും വേണം.
9. സ്കൗട്ട്, ഗൈഡ്, A.C.C, N.C.C. മുതലായവ എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തിപ്പിക്കുക.
10. L.P., U.P., H.S., ഹയർസെക്കണ്ടറി എന്നീ വിഭാഗങ്ങൾ പ്രത്യേകം, പ്രത്യേകം നിലനിറുത്തുന്നത് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരുപോലെ ഗുണകരമായിരിക്കും.
11. പ്രോഗ്രസ് കാർഡ്, ഹെൽത്ത്കാർഡ് എന്നിവയോജിപ്പിച്ച്, ഓരോ ഘട്ടത്തിനും ഒന്ന് എന്ന രീതിയിൽ തയാറാക്കി സൂക്ഷിക്കുന്നത് നല്ലത്.
12. എല്ലാ വിദ്യാലയങ്ങളോടും അനുബന്ധിച്ച്, ഗ്രന്ഥാലയങ്ങളും വായനശാലകളും ബഹുജനസഹകരണത്തോടെ സ്ഥാപിക്കുക.
തല്പരരായ ബഹുജനങ്ങൾക്ക് ഇത് പ്രയോജനപ്പെടുത്തുവാൻ അവസരമുണ്ടാക്കുക.

5.7

പാർപ്പിടം, സാമൂഹ്യക്ഷേമം

കുടിലുകളും മാളികകളും ഇടത്തരം ഭവനങ്ങളും ഇടകലർന്നുള്ള ഒരു പ്രദേശമാണ് കരിമണ്ണൂർ പഞ്ചായത്ത്. ഓരോരുത്തരും സ്വന്തം പുരയിടത്തിൽ ഭവനം നിർമ്മിച്ച് കൊച്ചുകൊച്ചു സാമ്രാജ്യങ്ങൾ തീർക്കുന്നു. ജനവാസമില്ലാത്ത ഭൂപ്രദേശം ഇവിടെ കുറവാണ്.

പഞ്ചായത്തിൽ മൊത്തം 4989 വീടുകളുള്ളതായാണ് ഗ്രാമപഞ്ചായത്തിലെ കെട്ടിടനികുതിയെക്കുറിച്ചുള്ള രജിസ്റ്ററിൽ പറയുന്നത്. ഇതിൽ 689 എണ്ണം കോൺക്രീറ്റ് മേൽക്കൂര ഉള്ളതും 2390 എണ്ണം ഓടുമേഞ്ഞതും 1594 എണ്ണം ഓലമേഞ്ഞതും 66 എണ്ണം കൂടിലും ആണ്. 250 ഓളം കെട്ടിടങ്ങൾ ബഹുനിലമാളികകളാണ്.

അടിക്കടി ചെയ്യേണ്ടിവരുന്ന അറ്റകുറ്റപ്പണികളുടെ ചിലവും എല്ലാം നോക്കുമ്പോൾ കോൺക്രീറ്റ് മേൽക്കൂരതന്നെയാണ് ലാഭകരവും നിലനിൽക്കുന്നതും എന്നു മനസ്സിലാക്കിയാണ് ഈ മാറ്റം. എന്നാൽ ഇത് ധനികർക്കും ഇടത്തരക്കാർക്കും മാത്രമേ പ്രാപ്യമായിട്ടുള്ളു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഓടിട്ടകെട്ടിടം ഇന്നും സ്വപ്നമാണ്.

പുതിയതായി പണിയുന്ന സമ്പന്നരുടെ വീടുകളുടെ

കെട്ടിടം സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം

(ഗ്രാമപഞ്ചായത്ത് കെട്ടിടനികുതി രജിസ്റ്ററിൽ നിന്നും)

	കെട്ടിടങ്ങളുടെ എണ്ണം	ബഹുനിലക്കെട്ടിടങ്ങൾ	മേൽക്കൂരയുടെ സ്വഭാവം			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	549	45	121	255	120	8
2	592	54	132	266	131	9
3	315	18	54	132	105	6
4	563	27	104	255	171	6
5	477	21	56	205	188	7
6	943	41	69	454	370	9
7	606	9	53	313	222	9
8	474	24	56	249	138	7
9	470	11	44	261	149	5
ആകെ	4989	250	689	2390	1594	66

പുതിയതായി ഉയർന്നുവരുന്ന കെട്ടിടങ്ങളിൽ മിക്കതും ഏതെങ്കിലും റോഡിന് സൈഡിൽ ആണ് നിർമ്മിക്കുന്നത്. പ്രത്യേകിച്ചും തൊടുപുഴ-ഉടുമ്പന്നൂർ PWD റോഡ് സൈഡിൽ. ഇവിടെ വലിയ വിലകൊടുത്തും പ്ലോട്ടുകൾ വാങ്ങാൻ ആളുകൾ മടികാണിക്കുന്നില്ല. ഗ്രാമത്തിന്റെ സ്വച്ഛതയിലും പുരയിടവിസ്തീർണ്ണതയിലും ഊറ്റം കൊണ്ടിരുന്നു പഴയ തലമുറയെങ്കിൽ, സുഖസൗകര്യങ്ങളിലാണ് ഈ തലമുറ ഊന്നൽ കൊടുത്തിരിക്കുന്നത്.

ഈ പഞ്ചായത്തിൽ പൊതുവേ വീടുകളെല്ലാം പഴയ മോഡലിൽ ഉള്ള ഓടിട്ടവീടുകളും ഓലപ്പുരകളുമായിരുന്നു. എന്നാൽ പത്തുപതിനഞ്ചുവർഷത്തിനുള്ളിൽ പണിത വീടുകൾ മിക്കതും കോൺക്രീറ്റ് കെട്ടിടങ്ങളാണ്. സമ്പൽസമൃദ്ധിയുടെ ഉയർച്ച മാത്രമല്ല ഇതിനു കാരണം. മേൽക്കൂരയ്ക്കുവേണ്ടിവരുന്ന മരത്തടിയുടെ അഭാവവും വിലയും തറകൾ മിക്കവയും മൊസൈക്ക്, മാർബിൾ, കടപ്പ എന്നിവകൊണ്ടു നിർമ്മിക്കുമ്പോൾ, ഇടത്തരക്കാർ ഓക്സൈഡുകൾ ചേർന്ന സിമൻറിനെ ആശ്രയിക്കുന്നു. എന്നാൽ നിർധനരുടെ വീടിന്റെ തറകൾ ഇന്നും ചാണകം മെഴുകി കറപ്പിച്ചവയാണ്.

മുമ്പ് കൃഷിയെ മാത്രം ആശ്രയിച്ചിരുന്ന കുടുംബങ്ങൾ ആയതിനാൽ അന്നത്തെ വീടുകൾ അറയും നിലവറയും പത്തായപ്പുരയും മറ്റും ഉള്ളവയായിരുന്നു. കാലം മാറിയതോടെ ആവശ്യങ്ങളും മാറി. അറയുടെയും നിലവറയുടെയും പത്തായപ്പുരകളുടെയും സ്ഥാനം ഇന്ന് 'സ്റ്റോർ റൂമി'ൽ ഒതുങ്ങി. ഗൾഫ് നാടുകൾ, അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ സംഖ്യ ഉയർന്നതോടെ നമ്മുടെ നാട്ടിലെ ഭവനനിർമ്മാണരീതികൾക്കും വമ്പിച്ച മാറ്റം ഉണ്ടായി. ഇന്ന്

ധാടിയും മോടിയും ഉള്ള കൂറ്റൻ ബംഗ്ലാവുകളും നിർമ്മിച്ച് സംതൃപ്തിയടയുന്നവരാണ് പലരും. ആവശ്യത്തിലധികം പണം ആർഭാടങ്ങൾക്ക് മുടക്കുന്നു. ചിലവുകുറഞ്ഞ നിർമ്മാണശൈലിയിലുള്ള വീടുകൾ പണിയുന്നവർ ഇവിടെ കുറവാണ്.

കവർഗ്ഗക്കാരുടെ അഭാവവും 3 സെൻറ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള പട്ടികജാതിക്കാർ കുറവായതുമാണ് കാരണങ്ങളായി കാണുന്നത്. കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് ഈ പദ്ധതികൾ വഴി വീടു ലഭിച്ചവരുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

ഭവനനിർമ്മാണം സംബന്ധിച്ച വിവരം (അനുബന്ധം 11.5)

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പദ്ധതികൾ വഴി വീട് ലഭിച്ചവർ	വീട് പൂർത്തിയായവർ
1	52 (about)	4	4
2	49 "	1	1
3	58 "	5	5
4	65 "	3	3
5	94 "	7	6
6	85 "	10	10
7	67 "	5	4
8	70 "	8	7
9	41 "	5	5
ആകെ	581	48	45

ഭവനനിർമ്മാണത്തിന് ആവശ്യമായ വായ്പ സംസ്ഥാന ഭവനനിർമ്മാണബോർഡിൽ നിന്നും സഹകരണസ്ഥാപനങ്ങളിൽ നിന്നും വാണിജ്യബാങ്കുകളിൽ നിന്നും ആണ് ലഭിക്കാറുള്ളത്. ഇത് കിട്ടുന്നതിന് പലപ്പോഴും കാലതാമസം ഉണ്ടാകാറുണ്ട്. ധനസഹായത്തിന് അപേക്ഷകൊടുത്ത് കാത്തിരിക്കുന്നവർ ഈ പഞ്ചായത്തിൽ പലരും ഉണ്ട്. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും നടപടിചട്ടങ്ങളുടെ സങ്കീർണ്ണതയും ആണ് കാലതാമസത്തിന് കാരണമായി പറയപ്പെടുന്നത്.

ഈ ഭവനവായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്കരീതിയിൽ ഭവനവായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. ഇതിനായി നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുകയും പലിശ 12% ആയി നിജപ്പെടുത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

സ്വന്തമായി വീടില്ലാത്തവരായി ഏകദേശം 600 ഓളം കുടുംബങ്ങൾ ഉള്ളതായാണ് ഗ്രാമസഭാറിപ്പോർട്ട്. ഇവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നല്ലാതെ ഏതെങ്കിലും ഒരു വിഭാഗത്തിൽപെട്ടവരല്ല. ഇത്രയേറെ കുടുംബങ്ങൾക്ക് സ്വന്തമായി വീടുകൾ ഇല്ലാതിരിക്കെ, സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിൻെറ എണ്ണം വളരെ പരിമിതമാണ്.

സർക്കാരിൽ നിന്നും ഇന്ദിര ആവാസ് യോജന (IAY) ജവഹർ റോസ്ഗാർ യോജന (JRY) എന്നീ പദ്ധതികൾ വഴി വീടുവയ്ക്കുന്നതിന് 8 പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുന്നുണ്ടെങ്കിലും, അതിന് അനുവദിച്ചുകിട്ടുന്ന തുകമുഴുവനും ഉപയോഗിക്കാൻ പറ്റാത്ത ഒരു സാഹചര്യമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. പട്ടിളംദേശം ബ്ലോക്കിൽ നിന്നും 96/97-ൽ വീടുകൾക്ക് അനുവദിച്ച തുകയുടെ 40% ജനറൽ സെക്ടറിൽപെടുത്തി നിർധനരായ മറ്റു വിഭാഗക്കാർക്ക് കൊടുക്കാൻ ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റി തീരുമാനിക്കുകയും അതുപ്രകാരം നമ്മുടെ പഞ്ചായത്തിലെ 7 കുടുംബത്തിന് വീടു വയ്ക്കുന്നതിനുള്ള ധനസഹായം ലഭിക്കുകയും ചെയ്തു. ഇത് തുടർന്നും ലഭിക്കും എന്നത് ആശാവഹമാണ്.

നിർധനരായവരെ ഉദ്ദേശിച്ച് ആരംഭിച്ചിട്ടുള്ള രാജീവ്ഗാന്ധി ദശലക്ഷം പാർപ്പിടപദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണ വായ്പ ഈ പഞ്ചായത്തിലെ 47 പേർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

കൂലിനിരക്കിലെ വർധനവും കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലക്കയറ്റവും കാരണം സർക്കാരിൽ നിന്നും വിവിധപദ്ധതികളിലൂടെ നൽകുന്ന വായ്പ-സഹായനിരക്കുകൾ തികച്ചും അപര്യാപ്തമായതിനാൽ തുക പുതുക്കി നിശ്ചയിക്കേണ്ടതാണ്. വായ്പയ്ക്കുള്ള നടപടിക്രമങ്ങളിലും സാങ്കേതികത്വത്തിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ I, II, IV, VI, IX എന്നീ വാർഡുകളിൽ ഓരോന്നും ഏഴാംവാർഡിൽ രണ്ടും ലക്ഷംവീടു കോളനികളും അഞ്ചാംവാർഡിൽ 2 ഹരിജൻ കോളണികളും ഉണ്ട്.

ലക്ഷംവീടു കോളണികളിലെല്ലാം ഉള്ള വീടിൻെറ അവസ്ഥ ശോചനീയമാണ്. പള്ളിപ്പാലം കോളണിയിലും കുറുമ്പാലമറ്റം ലക്ഷംവീടു കോളണിയിലും നെയ്യശ്ശേരി കോളണിയിലും ഉള്ള വീടുകൾ ഓടിട്ടതാണെങ്കിലും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായിട്ടാണ് ഇരിക്കുന്നത്. മറ്റെല്ലാ

കോളണികളിലും മിക്കവാറും ഓലമേഞ്ഞ കുടിലുകളാണ്. കക്കൂസുകളുടെ അഭാവം എല്ലാ കോളണികളിലും ഉള്ള പ്രശ്നമാണ്. പള്ളിപ്പാലം ലക്ഷംവീട് കോളണിയിൽ പൈപ്പ്കണക്ഷനും കുറുമ്പാലമറ്റം, കിഴക്കൻ നെയ്യശ്ശേരി, നെയ്യശ്ശേരി എന്നീ ലക്ഷംവീടുകളോടുചേർന്ന് വറ്റാത്ത വെള്ളമുള്ള പഞ്ചായത്ത് കിണറുകളും ഉണ്ട്. കുറുമ്പാലമറ്റം ലക്ഷംവീടുകോളണിയിൽ വെള്ളം താഴെനിന്നും ചുമന്ന് മുകളിലെത്തിക്കുക ദുഷ്കരമാണ്. ബാക്കി എല്ലാ കോളണികളിലും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഏറ്റവും ശോചനീയമായ പരിസര പശ്ചാത്തലമാണ് ആനിക്കുഴ ലക്ഷംവീടു കോളണിക്കുള്ളത്. 45 ഓളം പ്ലോട്ടുകളും ഉള്ള ഇവിടെ 90% വീടുകളും ഓലമേഞ്ഞ കുടിലുകളാണ്. അടുത്തടുത്ത് 45-ൽ പരം കുടുംബങ്ങൾ ജീവിക്കുന്നതിനാൽ ഒട്ടേറെ അസൗകര്യങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഉണ്ട്. സ്ഥിരമായ കക്കൂസ് ഇല്ലാത്തതിനാൽ ജനങ്ങൾ കഷ്ടപ്പെടുക മാത്രമല്ല, അഴുക്കുകൾ മഴവെള്ളത്തിൽ ഒലിച്ചും മറ്റും കിണറിലെ വെള്ളം മലിനമാകുന്നു. ഇവിടെ കൂടെക്കൂടെ വയറിളക്കവും മഞ്ഞപ്പിത്തവും മറ്റ് അസുഖങ്ങളും ഉണ്ടാകുന്നു. ഈ കോളണിനിവാസികളുടെ ഏകആശ്രയമായ കിണർ കൂടെക്കൂടെ ശുചീകരണം ചെയ്യേണ്ടതായിട്ടാണ് ഇരിക്കുന്നത്. കൂടാതെ വേനൽക്കാലത്ത് ഈ കിണർ വറ്റുന്നതിനാൽ കുടിവെള്ളത്തിനായി ഏറെദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. അടിയന്തിരശ്രദ്ധ പതിയേണ്ട ഒരു സ്ഥലമാണ് ഈ കോളണി. അഞ്ചാംവാർഡിലെ മനയ്ക്കപ്പാടം കോളണിയും കോട്ടക്കവല കോളണിയും ഹരിജൻ കോളണികളായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിനുള്ള ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല.

കരിമണ്ണൂർ പഞ്ചായത്തിൽ കിളിയറ, ചന്തക്കുന്ന്, പാഴൂർക്കര, ശേഖരത്തുപാറ, മാരാമ്പാറ, പുല്ലുമല, മിഷ്യൻകുന്ന്, നെല്ലിമലതണ്ട്, കണ്ണാടിപ്പാറ, മരുതുംപുറപ്പാറ, പെരുങ്കാവ്, ചാമപ്പാറ, പാറയാല്, ഇടുക്കട്ടി, മാണിക്കുന്നേൽതണ്ട്, കുറുമ്പാലമറ്റം തണ്ട്, കുറിശുപാറ, കൂറ്റൻപാറ എന്നീ പ്രദേശങ്ങളിൽ ആളുകൾ കൂട്ടമായി താമസിക്കുന്നു.

ഈ പ്രദേശങ്ങളിൽ താമസിക്കുന്നവർ എല്ലാം തീർത്തും നിർധനരാണ്. കുടിലുകളിൽ താമസിക്കുന്ന ഇവർക്ക് പ്രാഥമികസൗകര്യങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിട്ടില്ല. കുടിവെള്ളക്ഷാമം ഏകദേശം 5 മാസത്തോളം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ഇവ. വേനൽക്കാലങ്ങളിൽ 2 ഉം 3ഉം കിലോമീറ്റർ നടന്നാണ് വെള്ളം തലച്ചുമടായി എത്തിക്കുന്നത്. വർഷകാലങ്ങളിൽ അടുത്തുള്ള കിണറുകളിൽ നിന്നോ ഉറവക്കുഴികളിൽ നിന്നോ വെള്ളം ലഭിക്കുന്നു. വൈദ്യുതി എത്താത്ത പ്രദേശങ്ങളാണ് ഇവിടം എല്ലാംതന്നെ. ഇവിടുള്ള വീടുകളിൽ കക്കൂസ് സൗകര്യങ്ങൾ ഇല്ല. ഈ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

പഞ്ചായത്തിൽ കോളണികൾ നിർമ്മിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ പല വാർഡുകളിലും ഉള്ളതായാണ് ഗ്രാമസഭാറിപ്പോർട്ട് കാണിക്കുന്നത്. ഈ പ്രദേശങ്ങളിൽ സ്ഥലം വാങ്ങി ശേഖരത്തുപാറ, മാരാമ്പാറ, കണ്ണാടിപ്പാറ, മരുതുംപുറപ്പാറ, കുരിശുപാറ എന്നീ പാറകളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുകയാണ് ഈ പാറകളിൽ വെള്ളവും വൈദ്യുതിയും മറ്റ് അടിസ്ഥാനസൗകര്യങ്ങളും എത്തിക്കുന്നതിലും ലാഭകരം. ഈ പാറകൾ മറ്റെന്തെങ്കിലും പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ആവാം.

റോഡുപുറമ്പോക്കുകളിലും തോടുപുറമ്പോക്കുകളിലും താമസിക്കുന്നവർ ഉണ്ട്. 8-ാം വാർഡിൽ ഞറുക്കുറ്റി ഭാഗത്ത് PWD റോഡ്സൈഡിൽ താമസിക്കുന്ന 11 ഓളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി പഞ്ചായത്ത് അണ്ണായികണ്ണം ഭാഗത്ത് സ്ഥലം എടുത്തിട്ടുണ്ട്. കോട്ട റോഡ്സൈഡിൽ ഏകദേശം 100 ഓളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതായിട്ടുണ്ട്; ആ റോഡിന്റെ പുനരുദ്ധാരണത്തിനായി.

കടത്തിണ്ണകളിലും മറ്റും രാത്രികാലങ്ങളിൽ കഴിയുന്നവർ വിരളമായി ഉണ്ട്. ഇവർ സ്വന്തക്കാരോ ബന്ധുക്കളോ ഇല്ലാത്തവരോ ധർമ്മക്കാരോ ആണ്. തമിഴ്നാട്ടിൽ നിന്നും തൊഴിലാളികളായി എത്തിയവരും ഉണ്ട്. ഇവർ സ്ഥിരതാമസത്തിനായി ശ്രമിക്കുന്നില്ല.

പഞ്ചായത്തിലെ കുടിലുകൾ മാറ്റി ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകാൻ സർക്കാർ വിവിധ ഏജൻസികൾക്ക് നൽകുന്ന വായ്പകളും സഹായങ്ങളും അപര്യാപ്തമാണ്. ഇതു പരിഹരിക്കപ്പെടണമെങ്കിൽ വാർഡുതലത്തിൽ ഗുണഭോക്താക്കളേയും സന്നദ്ധസംഘടനകളേയും സംയുക്തമായി സംഘടിപ്പിച്ച്, വാർഡുതലത്തിൽ സ്വരൂപിക്കാവുന്നതുകയും ഈ പഞ്ചായത്തിൽ നിന്നും വിദേശത്തുപോയി ജോലിനോക്കുന്നവരിൽ നിന്നും ലഭിക്കാവുന്ന ധനസഹായവും സർക്കാർ ഫണ്ടും, മനുഷ്യാദ്ധ്വാനവും ചേർത്ത് വമ്പിച്ച ഒരു പദ്ധതിക്ക് രൂപം കൊടുത്തു നടപ്പിലാക്കിയാലേ സാധിക്കൂ.

ഈ പഞ്ചായത്തിൽ 14 അംഗൻവാടികളുണ്ട്. ഇതിൽ 5 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളില്ല. ഒരു അംഗൻവാടിക്കും കക്കൂസും ഇല്ല.

കെട്ടിടനിർമ്മാണത്തിന് ആവശ്യമായ മണൽ, കരിങ്കല്ല്, മരം ഇവ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. എങ്കിലും കെട്ടിടനിർമ്മാണതൊഴിലാളികളിൽ പലരും വൈദഗ്ധ്യം നേടിയവരല്ല.

കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കൂലി

തൊഴിൽ	സ്ത്രീ			പു.		
	1985	1990	1995	1985	1990	1995
മേസ്ത്രി പണി	-	-	-	50	75	150
മൈക്കാട് പണി	20	40	80	30	50	100
മരപ്പണി	-	-	-	30	50	100

ചിലവുകുറഞ്ഞ നിർമ്മിതി കെട്ടിടങ്ങളും ഇവിടെ പ്രചാരത്തിലില്ല. ഈ കെട്ടിടനിർമ്മാണരീതി അറിയാവുന്ന തൊഴിലാളികളും കുറവാണ്.

ഈ കാലത്ത് പണിയുന്ന കെട്ടിടങ്ങളും മിക്കവയും കോൺട്രാക്ട് വ്യവസ്ഥയിൽ പണിയുന്നവയാണ്.

ഭവനനിർമ്മാണത്തെക്കുറിച്ച് പറയുമ്പോൾ നിർധനരായവരെ കണ്ടെത്തി വീടു പണിതുകൊടുക്കുകയോ വീടു പണിയാനാവശ്യമായ തുക നൽകുകയോ ചെയ്തു സഹായിക്കുന്ന വിൻസെൻറ് ഡീപോൾ സംഘടനയെക്കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു. സർക്കാർ ധനസഹായം എത്തുന്നതിനും എത്രയോമുമ്പ് കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പാൻ ഈ സംഘടന മുമ്പോട്ടുവന്നിരുന്നു.

പ്രശ്നങ്ങൾ

1. ഭൂമിയുടെ വില അടുത്തകാലത്ത് ക്രമാതീതമായി ഉയർന്നു.
2. ഭവനനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം.
3. സാമ്പത്തികസഹായവും വായ്പയും ലഭിക്കാനുള്ള ബുദ്ധിമുട്ട്.
4. വിദഗ്ധ തൊഴിലാളികളുടെ അഭാവം.
5. സ്വന്തമായി ഭൂമി ഇല്ലായ്മ.
6. ചിലവുകുറഞ്ഞ വീട് നിർമ്മിക്കുന്നതിനുള്ള വിദഗ്ധരുടെ കുറവ്.
7. പരിസ്ഥിതിപ്രശ്നങ്ങൾ.
8. ഹൗസിങ് സൊസൈറ്റികളുടെ അഭാവം.
9. പട്ടയം ഇല്ലാത്ത ഭൂമിയിൽ താമസിക്കുന്നവർക്ക് വീടുപണിയുന്നതിന് വായ്പ ലഭിക്കായ്ക.

സാദ്ധ്യതകൾ

1. ഹൗസിങ് സൊസൈറ്റികൾ രൂപീകരിക്കുക.
2. ചിലവുകുറഞ്ഞ നിർമ്മാണരീതികളെ പ്രോത്സാഹിപ്പിക്കുക.
3. ഭവനനിർമ്മാണസാമഗ്രികളുടെ വില കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.
4. കോളനികളുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തുക.
5. ഭവനനിർമ്മാണസാമഗ്രികളായ ഇഷ്ടിക, സിമൻറ് കട്ട, സിമൻറ്കട്ടിള, സിമൻറ് ജനൽ എന്നിവ പ്രാദേശികമായി നിർമ്മിക്കുക.
6. ഭൂരഹിതർക്ക് പ്രത്യേക ഭവനനിർമ്മാണപദ്ധതി ഏർപ്പെടുത്തുക.
7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണപദ്ധതി പ്രകാരമുള്ള സഹായ-വായ്പകളുടെ തുക വർദ്ധിപ്പിക്കുക.
8. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പരിശീലനം.
9. ദുർവ്യയ ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്താനുതകുന്ന നികുതി സംവിധാനം ഉണ്ടാക്കണം.
10. ജൈവവേലി പ്രചരിപ്പിക്കുക.

സാമൂഹ്യക്ഷേമം



കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ ഒരു നല്ല ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും മൂന്നോക്കജാതിവിഭാഗത്തിൽ പെട്ടവരാണ്. പട്ടികജാതിയിൽ പെട്ടവർ ഉണ്ടെങ്കിലും പട്ടികവർഗ്ഗക്കാർ നാമമാത്രമാണ്.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള കേന്ദ്ര-സംസ്ഥാന ദാരിദ്ര്യനിർമ്മാർജനപദ്ധതിയും സംഘടിത-അസംഘടിതതൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

ദാരിദ്ര്യനിർമാർജന പദ്ധതികളായ ഇന്ദിരാവികാസ് യോജന, ജവഹർ റോസ്ഗാർ യോജന ഇവ മുഖ്യമായും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഉണ്ടാക്കിയിട്ടുള്ള കേന്ദ്രസർക്കാരിൻെറ പദ്ധതികളാണ്. അടുത്തകാലത്ത് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗങ്ങളുടെ തീരുമാനപ്രകാരം പ്രസ്തുത പദ്ധതിവിഹിതത്തിൻെറ 40 % നിർധനരായ മറ്റു വിഭാഗക്കാർക്കുവേണ്ടിയും മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. പട്ടികജാതിവികസനകോർപറേഷൻവഴിയുള്ള ആനുകൂല്യങ്ങളും നാമമാത്രമായാണ് നമ്മുടെ പഞ്ചായത്തിൽ എത്തുക. ഇതിൻെറ ഓഫീസ് പൂമാലയിലാണ് പ്രവർത്തിക്കുന്നത്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള അനാസ്ഥ ഇവയാണ് കാരണങ്ങളായി കാണുന്നത്.

സാമൂഹ്യക്ഷേമരംഗത്തുള്ള സഹായങ്ങളും ഈ പഞ്ചായത്തിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ഇളംദേശം ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസ് വഴിയാണ്. ഈ ഓഫീസിന് കീഴിലുള്ള രണ്ട് V.E.O.സർക്കിളാണ് കരിമണ്ണൂർ പഞ്ചായത്തിൽ ഉള്ളത് - III, V, VI, VII വാർഡുകളും ഉൾപ്പെട്ട മുളപ്പുറം സർക്കിളും I, II, IV, VIII, IX വാർഡുകളും ഉൾപ്പെട്ട കരിമണ്ണൂർ സർക്കിളും.

ഈ സർവ്വേപ്രകാരം 1284 കുടുംബങ്ങൾ ഉണ്ടായിരിക്കെ നാളിതുവരെ സഹായം ലഭിച്ചവർ 148 കുടുംബങ്ങൾ മാത്രമാണെന്നതുകൊണ്ട് ഇതിൻെറ പോരായ്മ സ്വയം വ്യക്തമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരെ കണ്ടുപിടിക്കാനുള്ള ഇന്നത്തെ മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ പരിധി 11000 രൂപയിൽ നിന്നും 30000 രൂപയെങ്കിലും ആക്കി മാറ്റണം. പൊതുമേഖലാബാങ്കുകളും ഈ പദ്ധതി അനുസരിച്ച് വായ്പ കൊടുക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. ഈ വായ്പ സഹകരണമേഖലയിലൂടെ പരമാവധി വിതരണം ചെയ്യാൻ ആവശ്യമായ നടപടികളും സ്വീകരിക്കണം.

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ്
(അനുബന്ധം 11.1)

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	നാളിതുവരെ സാമ്പത്തികസഹായം ലഭിച്ചവർ	ഇതിൽ SC/ST
1	105	12	2
2	89	10	2
3	107	11	4
4	188	18	4
5	180	17	6
6	203	28	7
7	175	19	10
8	120	18	8
9	117	15	3
ആകെ	1284	148	46

DWCRA

പത്തോ അതിൽ അധികമോ സ്ത്രീകളെ സംഘടിപ്പിച്ച് അവരുടെയും കുട്ടികളുടെയും അഭിവൃദ്ധിക്ക് വേണ്ടി പ്രവർത്തിക്കുന്ന തൊഴിൽ പദ്ധതിയാണ് DWCRAഎന്നുപറയുന്നത്. നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം നടപ്പിലാക്കിയ യൂണിറ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

SL നമ്പർ	യൂണിറ്റിന്റെ പേര്	വർഷം	അംഗങ്ങൾ
1	കരിമണ്ണൂർ ഡയറി	1987/88	15
2	നെയ്യശ്ശേരി ഡയറി	1987/88	15
3	ഏഴുമുട്ടം ആട് വളർത്തൽ	1988/89	15
4	മുളപ്പുറം ഡയറി	1988/89	15
5	തൊമ്മൻകുത്ത് ഡയറി	1991/92	10
6	പന്നൂർ ഡയറി	1993/94	10

ഏഴുമുട്ടം ആട് വളർത്തൽ യൂണിറ്റ് ഒഴികെ ബാക്കിയെല്ലാം പശുക്കളെ വളർത്തലിനുള്ള യൂണിറ്റുകളായിരുന്നു. ഓരോ കാരണങ്ങളാൽ ഈ സ്ക്കീമുകളെല്ലാം പരാജയപ്പെട്ടു പോയതായാണ് അറിയുന്നത്.

ട്രൈസം പരിശീലനം

ബ്ലോക്ക് അടിസ്ഥാനത്തിൽ വർഷാവർഷം 18 വയസ്സിനു മുകളിലുള്ള 40 ഓളം യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് ട്രൈസം പരിശീലനം. ഇതിൽ പ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് സ്റ്റൈഫൻറും, പരിശീലകർക്ക് അലവൻസും ഉണ്ട്. 92-93 വർഷം മുതൽ ആരംഭിച്ച ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ നിന്നും 9 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

ഇവരിൽ ആരുംതന്നെ സ്വയം തൊഴിൽ സംരഭത്തിന് മുതിർന്നിട്ടില്ല. ഇത് അവർ പരിശീലനത്തിന് തെരഞ്ഞെടുത്ത വിഷയങ്ങൾ സ്വന്തമായി ചെയ്യാൻവേണ്ട ഭീമമായ തുകയുടെ അഭാവംകൊണ്ട് തന്നെ ആവണം.

ഓരോ പ്രദേശത്തിനും അനുയോജ്യമായതും വിഭവ ലഭ്യവുമായ തൊഴിൽ തിരഞ്ഞെടുത്ത് പരിശീലനം കൊടുക്കുകയും, പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കുക

യും വേണം. ഒരു ബ്ലോക്കിൽ 40 പേർ എന്നത് വളരെ തുച്ഛമാണ്. ഓരോ പഞ്ചായത്തിലും 10 പേർക്കെങ്കിലും പരിശീലനം ലഭിക്കത്തക്കവിധം 70 പേരെ ഓരോവർഷവും തിരഞ്ഞെടുക്കേണ്ടതാണ്.

വാർഡ് നമ്പർ	പരിശീലനവിഷയത്തിന്റെ പേർ	പരിശീലനം ലഭിച്ചവർ	സ്വയംതൊഴിൽ കണ്ടെത്തിയവർ	ഇതര തൊലിലിൽ ഏർപ്പെട്ടിരിക്കുന്നവർ
1	കമ്പോസിംഗ്	1	-	1
2	റേഡിയോ റിപ്പയറിംഗ്	-	-	-
3	ഓട്ടോമോബൈൽ മെക്കാനിസം	2	-	2
4	കമ്പോസിംഗ്	2	-	2
5	കമ്പോസിംഗ്	1	-	1
6	റേഡിയോ റിപ്പയറിംഗ്	2	-	2
7	-	-	-	-
8	-	-	-	-
9	ഇലക്ട്രോണിക്	1	-	1
	ആകെ	9	-	9

ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലിൽ ഉപകരണങ്ങം ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂംകിറ്റ് വിതരണം. ഇതിൻ പ്രകാരം പാരമ്പര്യതൊഴിലാളികളായ ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, എന്നിവർക്കാണ് ഉപകാപ്പെടുന്നത്. ഇവർക്ക് 2000 രൂപക്കുള്ള ഉപകരണങ്ങൾ സൗജന്യമായി ലഭിക്കും.

93-94	94-95	95-96
8	8	18

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. 91-92 മുതൽ 95-96 വരെയുള്ള കാലയളവിൽ 39 വീടുകൾക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭ്യമായിട്ടുള്ളത്. ഈ സ്കീം SC/ST വിഭാഗത്തെ ഉദ്ദേശിച്ചുള്ളതായിരുന്നെങ്കിലും ഇപ്പോൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ഇടപെടലോടെ തുകയുടെ 40% മറ്റു വിഭാത്തിൽപ്പെട്ടവർക്കും നൽകുവാൻ തീരുമാനമായി.

CRSP പ്രകാരമുള്ള കക്കൂസുകളുടെ വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസുകം ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവ
1	38 (ഏകദേശം)	4	4
2	45	2	2
3	59	8	8
4	85	4	4
5	102	6	6
6	108	5	5
7	104	1	1
8	85	4	4
9	67	5	5
ആകെ	693	39	39

വില്ലേജാഫീസ് വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് വിവിധ പെൻഷനുകളും വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്യിപ്പിക്കുന്നതിനുള്ള ധനസഹായവും നൽകുന്നുണ്ട്.

പെൻഷൻ സംബന്ധിച്ച ധനസഹായ വിതരണം

വിവിധ പെൻഷൻ	33	പഞ്ചായത്ത് നടപടിയിൽ ഇരിക്കുന്നത്	17
വികലാംഗപെൻഷൻ	47	-	38
വാർധക്യകാലപെൻഷൻ	9	-	-
ക്ഷയരോഗിപെൻഷൻ	-	-	-
ക്യാൻസർപെൻഷൻ	3	-	-
കർഷകതൊഴിലാളിപെൻഷൻ	355	-	-
തൊഴിലാളിവേതനം	263	-	-

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നിരിക്കെ അനർഹരായ കുറെപേർ ആനുകൂല്യം കൈപ്പറ്റുന്നുമുണ്ട്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നത് ഒരു വലിയ പ്രശ്നമാണ്.

അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 9 വാർഡുകളിലായി 14 അംഗൻവാടികൾ പ്രവർത്തിക്കുന്നു. അംഗൻവാടികളിൽ ഉള്ള പ്രധാനപ്രശ്നം പ്രാഥമികസൗകര്യത്തിന്റെ അഭാവം: സ്വന്തമായി കെട്ടിടമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി യഥാകാലങ്ങളിൽ നടത്താത്തതും കളിപ്പാട്ടങ്ങളുടെ അഭാവവും ഒക്കെ പ്രശ്നങ്ങളായി എടുത്തുപറയുന്നു. അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്.

പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമാർജന പദ്ധതികളായ ഇന്ദിര ആവാസ് യോജന, ജവഹർ റോസ്ഗാർ യോജന പ്രകാരമുള്ള സഹായധനം വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.
2. ഐ.ആർ.ഡി.പി. ലിസ്റ്റ് പൂർണ്ണമല്ല. അനർഹരായ കുടുംബങ്ങളും കടന്നുകൂടുന്നു. അർഹരായവർ ഉൾപ്പെടാതെ പോകുന്നു.
3. ഐ.ആർ.ഡി.പി. ലിസ്റ്റ് എടുക്കുന്നതിൽ ബന്ധപ്പെട്ടവരുടെ അനാസ്ഥ.
4. സർക്കാർ പദ്ധതികളുടെ വിവരം പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാനുള്ള പരിമിതികൾ.
5. ദാരിദ്ര്യരേഖയുടെ പരിധി 11000 രൂപ വളരെ കുറവാണ്.
6. ആനുകൂല്യങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നു.
7. ട്രൈസം പരിശീലനത്തിന് തെരഞ്ഞെടുക്കുന്നവരുടെ എണ്ണം കുറവാണ്.
8. ട്രൈസം പരിശീലനം കഴിഞ്ഞവർ സ്വയംതൊഴിൽ തുടങ്ങുന്നില്ല.
9. ടൂൾകിറ്റ് കൊടുക്കുന്നതിൽ കാണിക്കുന്ന അഴിമതി
10. പെൻഷൻ ലഭിക്കാനുള്ള നടപടികളുടെ സങ്കീർണ്ണത.
11. അനർഹരായ ചിലർക്ക് പെൻഷൻ ലഭിക്കുന്നു.
12. അർഹരായ മുഴുവൻപേർക്കും പെൻഷൻ കിട്ടുന്നില്ല.
13. അവശരെ സഹായിക്കാൻ ഉദ്ദേശിച്ചുള്ള വിവിധതരം പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.
14. വനിതകൾക്കായുള്ള പദ്ധതികൾ വിജയകരമായി നടത്തുന്നില്ല. എന്തിനോവേണ്ടി തട്ടിക്കൂട്ടിയ പദ്ധതികൾ ആയതിനാലാവാം.

സാദ്ധ്യതകൾ

1. ഇന്ദിര ആവാസ് യോജന, ജവഹർ റോസ്ഗാർ യോജന പ്രകാരമുള്ള ധനസഹായ തുക വർദ്ധിപ്പിക്കുക. അതിന്റെ നടപടിക്രമങ്ങളിൽ അയവുവരുത്തുക. തുക എല്ലാ വിഭാഗക്കാർക്കും ലഭ്യമാകത്തക്കവിധം ഉദാരമാക്കുക.
2. പഞ്ചായത്തിൽ നിലവിലുള്ള ഐ.ആർ.ഡി.പി. ലിസ്റ്റ് പൂർണ്ണമല്ല. ഉദ്യോഗസ്ഥർ ലിസ്റ്റ് വേണ്ടവിധമല്ല എടുത്തതെന്ന് പരാതി ഉണ്ട്. ലിസ്റ്റിൽ പെടാത്തവരായി ധാരാളംപേരുണ്ട്.
3. ദാരിദ്ര്യരേഖയുടെ നിലവിലുള്ള പരിധി 11000 രൂപയിൽ നിന്നും 30000 രൂപ ആയി ഉയർത്തണം.
4. സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരം വേണ്ടപ്പെട്ടവരെ അറിയിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണം.
5. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗിക്കുക.
6. വനിതകൾക്കായുള്ള പദ്ധതികളിലേക്ക് വനിതകളെ ആകർഷിക്കുക.
7. ടൂൾകിറ്റ് വിതരണം ശരിക്കും നടക്കുന്നില്ല. കാലിറ്റി കുറഞ്ഞ ഉപകരണങ്ങൾ കൊടുക്കുന്നതായി ആക്ഷേപം ഉണ്ട്. ഇതു മാറ്റണം.
8. വിധവാ പെൻഷൻ പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ലഭിക്കില്ല. ഇതിന് മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കണം.
9. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കിട്ടാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കികൊടുക്കണം.

5.8

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

1991-ലെ സെൻസസ്പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 18812 ആണ്. 843 പട്ടികജാതിക്കാരും 86 പട്ടികവർഗ്ഗക്കാരുമാണുള്ളത്. ജനസംഖ്യയിൽ 4.48% പട്ടികജാതിയിലും 0.46% പട്ടികവർഗ്ഗത്തിലുംപെട്ടവരാണ്. ഈ വിഭാഗത്തിൽ 181 കുടുംബങ്ങളും ഉണ്ട്. വിശദവിവരം പട്ടിക 1ൽ ചേർക്കുന്നു.

പട്ടിക 1

പട്ടികജാതി			പട്ടികവർഗ്ഗം		
ആൺ.	പെൺ	ആകെ	ആൺ	പെൺ	ആകെ
400	443	843	42	44	86

അംഗീകൃത കോളനികളിലും അല്ലാതെയും ഈ വിഭാഗം മറ്റു സമുദായക്കാരുമായി ഇടകലർന്നാണ് താമസിക്കുന്നത്. ഇതിൽ 81 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഈ പഞ്ചായത്തിൽ രണ്ട് അംഗീകൃത കോളനികളുള്ളതിൽ കോട്ടക്കവല കോളനി വൈദ്യുതീകരിച്ചതാണ്. വിശദവിവരം പട്ടിക 2-ൽ ചേർക്കുന്നു

മമാത്രമാണ്. **അവരും** കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതിനാൽ **ഇടയ്ക്കുവച്ച്** പഠനം നിറുത്തേണ്ടിവരുന്നു. ഗവ. ഈ **വിഭാഗം** വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങളും നൽകുന്നു**ണ്ടെങ്കിലും** പൊഴിഞ്ഞുപോക്ക് തടയാൻ കഴിയുന്നില്ല. **അതിന്** ഫലപ്രദമായ ബോധവൽക്കരണ പരിപാടികളും **ആവിഷ്**കരിക്കേണ്ടതുണ്ട്.

പട്ടിക 2

കോളനിയുടെ പേര്	വീടുകളുടെ എണ്ണം	റിമാർക്ക്
മനയ്ക്കപ്പാടം	15	-
കോട്ടക്കവല	32	IHDP

വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തികരംഗങ്ങളിൽ ഈ വിഭാഗത്തിന് ഇനിയും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു. ഗവ. കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും പദ്ധതികളുടെ കർക്കശമായ നിബന്ധനകളുംമൂലം ഇവയുടെ പ്രയോജനം അർഹിക്കുന്നവർക്ക് ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ വേണ്ടത്ര ബോധവൽക്കരണം ആവശ്യമാണ്. പദ്ധതികളുടെ നിബന്ധനകളും ലളിതമാക്കുകയും വേണം. ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ ഉന്നമനം ഉറപ്പുവരുത്തണം.

വിദ്യാഭ്യാസം

നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് ഇനിയും കൂടുതൽ പുരോഗതി കൈവരിക്കേണ്ടതുണ്ട്. എസ്.എസ്.എൽ.സി.യും ഉന്നതവിദ്യാഭ്യാസവും ലഭിച്ചിട്ടുള്ളവർ വളരെ കുറവാണ്. കോളേജിൽ പോകുന്നവർ നാ

1995-96 വർഷത്തിൽ പഠനം നടത്തിയിരുന്ന വിദ്യാർത്ഥികളുടെ വിവരം പട്ടിക 3-ൽ ചേർക്കുന്നു.

വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടി ഈ വിഭാഗത്തിലുള്ള 9 നേഴ്സറി വിദ്യാർത്ഥികൾക്ക് യാത്രച്ചെലവ്, ഫീസ്, ഡ്രസ്സ്, പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി നൽകി ശിക്ഷണം നൽകിവരുന്നുണ്ട്.

പ്രീ-മെട്രിക് ഹോസ്റ്റൽ

പെൺകുട്ടികൾക്കുവേണ്ടി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ 1987 മേയ് മുതൽ ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 30 വിദ്യാർത്ഥിനികൾക്ക് അനുമതിയുള്ള ഈ ഹോസ്റ്റലിൽ ഇപ്പോൾ 27 കുട്ടികൾ താമസിക്കുന്നു. സ്ഥലപരിമിതിമൂലം കുട്ടികൾ ഞെരുങ്ങിയാണ് കഴിയുന്നത്. സാനിട്ടേഷൻ സൗകര്യങ്ങളും തൃപ്തികരമല്ല. വാടകയും വെള്ളക്കരവും കുടിശികയാണ്.

പട്ടിക 3

സ്കൂൾ	ആകെ കുട്ടികൾ	SC/ST കുട്ടികളുടെ എണ്ണം			
		ആൺ	പെൺ	ആകെ	%
ലോവർ പ്രൈമറി	1334	42	41	83	6.2
അപ്പർ പ്രൈമറി	1044	48	39	87	8.3
ഹൈസ്കൂൾ	1150	26	49	75	6.5
ആകെ	3528	116	129	245	6.9

ഒരു വാർഡനും 2 പാചകക്കാരും ഒരു വാച്ചറും ഒരു പാർട്ട്ടൈം സ്വീപ്പറും ഉൾപ്പെടെ 5 ജീവനക്കാരാണുള്ളത്. കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾക്ക് പാർട്ട്ടൈം അടിസ്ഥാനത്തിൽ ഹൈസ്കൂൾ വിഭാഗത്തിന് 4 പേരും യു.പി. വിഭാഗത്തിന് ഒരാളും ട്യൂട്ടർമാരായി ഉണ്ട്.

ഭക്ഷണം, വസ്ത്രം, പോക്കറ്റ്മണി ഇവയ്ക്ക് നിലവിലിരിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതാണ്. ഈ സ്ഥാപനത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് പഞ്ചായത്തുതലത്തിൽ ഒരു ഉപദേശകസമിതി രൂപീകരിക്കുന്നത് അഭികാമ്യമാണ്.

തൊഴിൽ

പാരമ്പര്യമായി പനമ്പ്, പായ്, കുട്ട, മുറം, ചുണ്ണാമ്പ് എന്നിവ ഉണ്ടാക്കുന്ന പണിയിലും തെങ്ങുകയറ്റം, അലക്ക്, മൺവേല എന്നീ തൊഴിലുകളിലും ഏർപ്പെട്ടിരുന്ന ഈ വിഭാഗം ജനങ്ങൾ ഈറ്റ, തഴ, ചൂരൽ എന്നിവയുടെ ദൗർലഭ്യം മൂലവും സാമൂഹ്യമായ മാറ്റങ്ങൾകൊണ്ടും ഇത്തരം തൊഴിലുകളിൽ നിന്ന് മാറി മറ്റുതൊഴിൽ മേഖലകളിലേക്ക് കടന്നതായി കാണാം. ഭൂരിപക്ഷവും കാർഷികമേഖലയിലെ കൂലിപ്പണിക്കാരാണ്. ഈ മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതിനാൽ ഭൂരിഭാഗവും കെട്ടിടനിർമ്മാണം, ചുമടെടുക്കൽ തുടങ്ങിയ തൊഴിലുകളിലേക്ക് മാറിയിട്ടുണ്ട്. ഹ്രസ്വവിളകളായ നെൽക്കൃഷി, ഇഞ്ചി, കപ്പ മുതലായ കൃഷികളിൽ ഭൂവുടമകളുടെ താൽപര്യം കുറയുകയും റബ്ബർ, തെങ്ങ് മുതലായ ദീർഘകാലവിളകളിലേക്ക് മാറുകയും ചെയ്യുന്നതുകൊണ്ട് തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. പുരുഷന് 100 രൂപയും സ്ത്രീക്ക് 60 രൂപയും കൂലിയുണ്ട്. കാർഷികമേഖലയിലെ തൊഴിലവസരങ്ങൾ ചില പ്രത്യേക സീസണുകളിൽ മാത്രം ഏർപ്പെട്ടിരിക്കുന്ന ഈ വിഭാഗത്തിന് സാമ്പത്തികബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതിനാൽ ഈ വിഭാഗത്തിന് സ്ഥിരംതൊഴിൽ ഉറപ്പു വരുത്തുന്നതിന് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. കർഷകതൊഴിലാളിക്ഷേമനിധിയുടെ ആനുകൂല്യം ലഭിച്ചുതുടങ്ങിയിട്ടില്ല. വിധവാപെൻഷൻ ലഭിക്കുന്നവർ ആരുമില്ല.

പാർപ്പിടം

സർക്കാരിന്റെ വിവിധ പദ്ധതികൾപ്രകാരം പാർപ്പിടപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ഈ ആനുകൂല്യം ലഭിക്കാത്തവരുമുണ്ട്. ഭവനനിർമ്മാണത്തിന് സർക്കാർ അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയും അത് ലഭിക്കുന്നതിനുള്ള കാലവിളംബവുംമൂലം വീടുകളുടെ പണി പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സാമ്പത്തിക സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കണം. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണം.

നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തികസഹായം നൽകേണ്ടതാണ്. പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നീ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുമുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. ഒമ്പതാം പദ്ധതിയുടെ അവസാനത്തോടെ ഈ ലക്ഷ്യം നേടാൻ കഴിയണം.

പ്രശ്നങ്ങൾ

കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളിലെ അപര്യാപ്തത.
ദാരിദ്ര്യം
വിദ്യാഭ്യാസപിന്നോക്കാവസ്ഥ
തൊഴിലവസരങ്ങളുടെ ദൗർലഭ്യം
അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സം.
സാമൂഹ്യമായ പിന്നോക്കാവസ്ഥ
ശവസംസ്കാരത്തിനു സ്ഥലം ഇല്ലായ്മ.

സാധ്യതകൾ

കുടിവെള്ളം, വൈദ്യുതി, ഭവനനിർമ്മാണം തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്ക് ജനസംഖ്യാനുപാതികമായി നീക്കിവയ്ക്കണം.

വരുമാനം വർദ്ധിപ്പിക്കുന്നതിന് കുടുംബാടിസ്ഥാ

നത്തിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സ്കീമുകളും ഉദാരമായ സ്പെഷ്യൽ റിക്രൂട്ടുമെൻറ് വ്യവസ്ഥകളും.

രക്ഷകർത്താക്കളുടെ നിരക്ഷരത, നിർദ്ധനത്വം എന്നിവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ.

വിവിധ ആനുകൂല്യങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം.

സാമൂഹ്യമായ മുന്നേറ്റത്തിന് സഹായകമായ ബോധവൽക്കരണം.

ഒരു പൊതുശ്മശാനം നിർമ്മിക്കുക.

ഒമ്പതാംപദ്ധതിയുടെ അവസാനത്തോടെ ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ഉദ്യോഗം ഉണ്ടാകണം.

5.7

സ്ത്രീ - പദവി

ജനകീയ പ്രസ്ഥാനം സമഗ്രകേരളത്തിൽ ഒരു ഉണർത്തുപാട്ടായി ഉയർന്നിട്ടും സ്ത്രീക്ഷേമവും സ്ത്രീവിമോചനവും നൂറുനൂറുവേദികളിൽ ചർച്ചാവിഷയമായിട്ടും ഇതൊന്നും തങ്ങളെ ബാധിക്കുന്നത് അല്ലെന്ന മട്ടിൽ കഴിയുകയാണ് ഇന്നും നമ്മുടെ 'സ്ത്രീലോകം.'

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഒമ്പതുവാർഡുകളിലും നടന്ന ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്തക്കുറവ് ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ വനിതകൾ ഇനിയും കുടുംബാന്തരീക്ഷത്തിലെ സ്വച്ഛതവിട്ട് സമൂഹത്തിലേക്കിറങ്ങാൻ മടിക്കുന്നു എന്നതാവണം.

പുരാതനകാലം മുതലേ സാമൂഹ്യരാഷ്ട്രീയ പ്രവർത്തനമേഖലകളിൽ ഇവിടുത്തെ സ്ത്രീകൾ വളരെ പിന്നിലായിരുന്നു എന്നാണ് ചരിത്രപഠനം തെളിയിക്കുന്നത്. രണ്ട് പ്രശസ്ത ഇല്ലങ്ങളെ ആശ്രയിച്ചു വളർന്നുവന്ന ഒരു സംസ്കാരമാണല്ലോ കരിമണ്ണൂരിനേറത്. വനിതാസംഘടനകളും സംഘടനാപ്രവർത്തനങ്ങളും ഇവിടെ കുറവാണ്. ക്രിസ്തീയദേവാലയത്തോട് അനുബന്ധിച്ച് വനിതകൾക്കുള്ള ഭക്തസംഘടനകളായ മാതൃദീപ്തി, വിൻസെൻറ് ഡി പോൾ ലേഡീസ് കോൺഫ്രൻസ് ഇവയും എസ്.എൻ.ഡി.പി., ജനാധിപത്യമഹിളാഅസോസിയേഷൻ ഇവയുമാണ് കരിമണ്ണൂരിൽ ഉണർവ്വോടെ പ്രവർത്തിക്കുന്ന വനിതസംഘടനകൾ. ഇപ്പോൾ എല്ലാ സ്കൂളുകളിലും മാതൃസംഗമം തുടങ്ങിയിട്ടുണ്ട്. അവ അംഗസംഖ്യയിൽ പ്രബലമാണെങ്കിലും വർഷത്തിൽ ഒന്നോ രണ്ടോ തവണ കൂടുന്ന മീറ്റിംഗുകളല്ലാതെ സാമൂഹ്യപ്രവർത്തനങ്ങൾ ഒന്നും ഇല്ല. ഇവിടെ എല്ലാ വാർഡുകളിലും രജിസ്റ്റർ ചെയ്ത മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ ഒന്നും ഇല്ല.

1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 9318 പുരുഷന്മാരും 9494 സ്ത്രീകളുമാണുള്ളത്. കേരളവികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിൽ ഒന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. 9-ാം പദ്ധതിയുടെ ലക്ഷ്യംതന്നെ ഈപോരായ്മ നികത്തുകയാണ്. ഇവിടെ ആകെയുള്ള ജനസംഖ്യയിൽ 50.5% സ്ത്രീകൾ ആയതിനാൽ വനിതകളുടെ ഉദ്ധാരണം നമ്മുടെ പഞ്ചായത്തിന് അനിവാര്യമാണ്.

വിദ്യാഭ്യാസമേഖലയിൽ നമ്മുടെ നാട്ടുകാർക്കുണ്ടായിരുന്ന താൽപര്യം ഒന്നുകൊണ്ടുമാത്രമാണല്ലോ ഒരു നൂറ്റാണ്ടിനുമുമ്പുതന്നെ കരിമണ്ണൂരിൽ ഒരു ഗവൺമെൻറ് എൽ.പി. സ്കൂൾ സ്ഥാപിതമായത്. എങ്കിലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ പൊതുവേ വിമുഖരായിരുന്നു ആ കാലങ്ങളിൽ ഇവിടത്തുകാർ. ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുന്നു. പെൺകുട്ടികൾക്കു മാത്രമായി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ലെങ്കിലും ഇവിടുത്തെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. പുരുഷനെ അപേക്ഷിച്ച് സ്ത്രീസാക്ഷരത 4% മാത്രമാണ് കുറവ്.

ഇന്ന് വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിൽക്കുന്നത് പട്ടികജാതി പട്ടികവർഗ്ഗത്തിലും മുസ്ലീം സമുദായത്തിലുംപെട്ട സ്ത്രീകളാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിലെ പുരുഷന്മാർ പൊതുവേ വിദ്യാഭ്യാസം ലഭിക്കാത്തവരായതിനാൽ അവരുടെ സ്ത്രീകൾക്കും വിദ്യ നിഷേധിക്കപ്പെട്ടു. എന്നാൽ സാമുദായികാചാരങ്ങളാണ് മുസ്ലീം വനിതകളെ വിദ്യാഭ്യാസരംഗത്ത് പിന്നിലാക്കിയത്. 5-ാം ക്ലാസ് അഥവാ 12 വയസ്സുവരെയുള്ള വിദ്യാഭ്യാസമായിരുന്നു മുസ്ലീം പെൺകുട്ടികൾക്ക് പണ്ട് അനുവദിച്ചിരുന്നത്. ഇന്നീ സ്ഥിതിക്ക് മാറ്റം വന്നുകൊണ്ടിരിക്കുന്നു.

ആരോഗ്യരംഗത്തും സ്ത്രീകളുടെ അവസ്ഥ പൊതുവേ മോശമാണ്. രോഗികളായി എത്തുന്നവരിൽ കൂടുതലും സ്ത്രീജനങ്ങളാണെന്നാണ് പി.എച്ച്.സി.യിലെ ഔട്ട് പേഷ്യൻറ് രജിസ്റ്ററിലെ കണക്കുകൾ കാണിക്കുന്നത്.

പോഷകആഹാരക്കുറവ്, ആവശ്യത്തിനുള്ള ഭക്ഷണം ലഭിക്കായ്ക, കൂടെക്കൂടെയുള്ള പ്രസവം, പ്രസവരക്ഷയുടെ കുറവ്, അധ്വാനക്കൂടുതൽ മുതലായവയാണ് സ്ത്രീകൾക്കിടയിലെ ഉയർന്ന രോഗാതുരതയുടെ പ്രധാന കാരണങ്ങൾ.

വിദ്യാഭ്യാസമുണ്ടായിട്ടും വരുമാനമുണ്ടാക്കുന്ന പണികളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണെന്നാണ് 91-ലെ സെൻസസ് റിപ്പോർട്ട് കാണിക്കുന്നത്. പണ്ടുമുതൽക്കേ നമ്മുടെ സ്ത്രീജനങ്ങൾ ഉദ്യോഗമേഖലയിൽ വിരളമായിരുന്നു. എന്നിട്ടും ഇവിടുത്തെ ആദ്യത്തെ അഞ്ചലാഫീസിലെ രണ്ടാമത്തെ അഞ്ചലാഫീസർ ഒരു സ്ത്രീയായിരുന്നു. ശ്രീമതി മറിയക്കുട്ടി തോമസ്, പറയന്നിലം. ഇന്ന് അദ്ധ്യാപനരംഗത്തു മാത്രമാണ് സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായുള്ളത്. മറ്റെല്ലാ മേഖലകളിലും

സ്ത്രീപങ്കാളിത്തം വളരെ കുറവോ നാമമാത്രമോ ആണ്. ആകെയുള്ള 141 അദ്ധ്യാപകരിൽ 106 പേർ സ്ത്രീകളാണ്. അതായത് 75.18% ഉം അദ്ധ്യാപികമാരാണ്.

തൊഴിൽ മേഖലയിലെ സ്ത്രീപങ്കാളിത്തം സൂചിപ്പിക്കുന്ന 1991-ലെ സെൻസസ് പട്ടിക താഴെ കൊടുക്കുന്നു.

എല്ലാ തൊഴിൽമേഖലയിലും സ്ത്രീവിവേചനം പ്രകടമാണ്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഒഴികെ എല്ലാ തൊഴിൽമേഖലകളിലും കൂലിനിരക്കിൽ വ്യത്യാസം ഉണ്ട്. തുല്യതൊഴിലിന് തുല്യവേതനം എന്ന അവസ്ഥ ഉണ്ടാകേണ്ടിയിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകൻ	40	1940
കർഷകത്തൊഴിലാളി	420	1244
മൃഗസംരക്ഷണം	36	297
പാറമട തൊഴിൽ	8	25
ചെറുകിട വ്യവസായം	21	179
കുടിൽ വ്യവസായം	7	31
നിർമ്മാണപ്രവർത്തനം	1	98
വ്യാപാരിവ്യവസായി	29	388
ഗതാഗതം, വാർത്താവിനിമയം	12	174
മറ്റു സർവ്വീസുകൾ	383	485
നാമമാത്ര തൊഴിൽ	97	149
തൊഴിൽ രഹിതർ	3145	4308

തൊഴിൽ മേഖലയിൽ സ്ത്രീപങ്കാളിത്തക്കുറവിനുള്ള കാരണമായി ഗ്രാമസഭകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ-

1. തൊഴിലിനോടുള്ള സ്ത്രീകളുടെ ആഭിമുഖ്യമില്ലായ്മ പ്രത്യേകിച്ചും ഇടത്തട്ടുകാരായ കുടുംബക്കാരിൽ.
2. ഭർത്താക്കന്മാരുടെ അലംഭാവം.
3. കുടുംബത്തിലെ പ്രാരാബ്ധങ്ങൾ.
4. തൊഴിൽ സാധ്യതക്കുറവ്.
5. സ്വയംതൊഴിൽ ലഭ്യത സംബന്ധിച്ചുള്ള വിവരമില്ലായ്മയും പരിശീലനക്കുറവും.
6. സ്വയംതൊഴിൽ തുടങ്ങുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.
7. സർക്കാരിൽ നിന്നും സഹകരണമേഖലകളിൽ നിന്നും ദേശീയബാങ്കുകളിൽ നിന്നും മറ്റും സഹായം ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങളുടെ ദുഷ്കരത.
8. പൊതുരംഗത്തു പ്രവർത്തിക്കുന്നവരെക്കുറിച്ച് പൊതുജനങ്ങളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെതന്നെ, വിമർശനങ്ങൾ.

കൂലിനിരക്ക്

തൊഴിൽ	സ്ത്രീ	പുരുഷൻ
കൃഷി	രൂപ 50	രൂപ 75
കെട്ടിടനിർമ്മാണം	രൂപ 80	രൂപ 100
ചുമടെടുക്കൽ	രൂപ 80	രൂപ 110
മണൽവാരൽ	രൂപ 80	രൂപ 100

91-ലെ കാനേഷ്മാരി കണക്കുപ്രകാരം 3000-ത്തിൽ അധികം സ്ത്രീകൾ പ്രത്യേകമായ ഒരു തൊഴിലും ചെയ്യാത്തവരാണ്. ഇവരിൽ മിക്കവരും വീടുകളിൽ ആടുമാടുകളെ വളർത്തൽ, സ്വന്തം പുരയിടകൃഷിയുമായി ബന്ധപ്പെട്ട പണികൾ, വിറക് ശേഖരിക്കൽ, സ്വന്തം ആവശ്യത്തിനുള്ള തയ്യൽ തുടങ്ങിയ വേലകളും ചെയ്യുന്നു. ചുരുക്കം ചിലർ ചെറിയ ചിട്ടികൾ നടത്തുന്നവരും മഹിളാപ്രധാൻ ജോലി നോക്കുന്നവരും ഉണ്ട്. ഈ 'കാണാപണികൾ' സ്വന്തമായ വരുമാനത്തിലേക്ക് നയിക്കുന്നില്ലെങ്കിലും സാമ്പത്തികപരാധീനതയിൽ നിന്നും സ്വന്തം കുടുംബത്തെ സംരക്ഷിക്കുന്ന ഘടകമാകുന്നു.

സമ്പത്തുല്പാദനവുമായി ബന്ധപ്പെടുത്തിയാലേ വനിതകളുടെ സ്വയംപര്യാപ്തതയും കുടുംബത്തിന്റെ ക്ഷേമവും ഉറപ്പുവരുത്താനാവൂ.

ഇതിന് ഒന്നാമതായി വേണ്ടത് നിലവിലുള്ള സർക്കാരിന്റെ വനിതാക്ഷേമപദ്ധതികളെക്കുറിച്ച് അവരെ ബോധമുള്ളവരാക്കുക എന്നതാണ്. കേരള സർക്കാർ വനിതാ ഉദ്ധാരണം ഉദ്ദേശിച്ച് DWCRA (Development of Women and Children in Rural Area) എന്നൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 5-ൽ കൂടുതൽ സ്ത്രീകളെ ഏകോപിച്ച് ഒരു യൂണിറ്റ് ഉണ്ടാക്കി പലവിധ പ്രവർത്തനങ്ങൾക്കായി സാമ്പത്തികസഹായം നൽകുന്നു. കാലാകാലങ്ങളിൽ ഗ്രാമസേവകർ ഈ യൂണിറ്റ് സന്ദർശിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നു. കരിമണ്ണൂരിൽ DWCRA പ്രകാരം തുടങ്ങിയ യൂണിറ്റുകളെക്കുറിച്ചുള്ള പട്ടിക (അനുബന്ധം 11.4) താഴെ കൊടുത്തിരിക്കുന്നു.

അനുബന്ധം : പട്ടിക 11.4

നമ്പർ	യൂണിറ്റിന്റെ പേര്	വർഷം	അംഗങ്ങൾ
1	കരിമണ്ണൂർ ഡയറി	1987-88	15
2	നെയ്യശ്ശേരി ഡയറി	1987-88	15
3	ഏഴുമുട്ടം ആട് വളർത്തൽ	1988-89	15
4	മുളപ്പുറം ഡയറി	1988-89	15
5	തൊമ്മൻകുത്ത് ഡയറി	1991-92	10
6	പന്നൂർ ഡയറി	1993-94	10

അന്വേഷണത്തിൽ ഈ യൂണിറ്റുകളിൽ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ഇതിനു കാരണം അംഗങ്ങളുടെ പരസ്പരധാരണ ഇല്ലായ്മയും മാനേജ്മെന്റിന്റെ കുറവും അദ്ധ്വാനിക്കാനുള്ള മടിയുമാണെന്നാണ് അറിയുന്നത്.

ഇതേ അനുഭവംതന്നെയാണ് ക്ഷീരവികസനവകുപ്പിൽ നിന്നും തൊമ്മൻകുത്ത്, കരിമണ്ണൂർ, ഏഴമുട്ടം എന്നീ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ മുഖേന 4 വനിതകൾ ഉൾക്കൊള്ളുന്ന 3 പുതിയ യൂണിറ്റുകൾക്കും സംഭവിച്ചത്. പരസ്പരധാരണ ഇല്ലായ്മയും മാനേജ്മെന്റിന്റെ പോരായ്മയും ആണ് പരാജയകാരണങ്ങളായി കണക്കാക്കുന്നത്.

വനിതകളുടെ ഉന്നമനത്തെക്കരുതി STED കാലാകാലങ്ങളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ 25 വനിതകളെ തിരഞ്ഞെടുത്ത് ഫുഡ് പ്രോസസിംഗ് കോഴ്സ് സൗജന്യമായി പഠിപ്പിച്ചും യൂണിറ്റ് ഉണ്ടാക്കി പണസഹായം നൽകിയും ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്തിയും സഹായിക്കുന്നു. 96-97 വർഷത്തെ പരിശീലനക്ലാസിലേക്ക് ഈ പഞ്ചായത്തിൽ നിന്നും 8 വനിതകളെ തിരഞ്ഞെടുത്തിട്ടുണ്ട്.

ജില്ലാവ്യവസായകേന്ദ്രം ചില അവസരങ്ങളിൽ ബ്ലോക്ക് തലത്തിൽ പെൺകുട്ടികളെ തിരഞ്ഞെടുത്ത് ഹാൻഡ്ക്രാഫ്റ്റിലും മറ്റും പരിശീലനം നൽകാറുണ്ട്.

ഇങ്ങനെ സർക്കാർ ഭാഗത്തുനിന്നും പലതും ചെയ്യുന്നുണ്ടെങ്കിലും പലപ്പോഴും താൽപര്യമുള്ളവർ അറിയുന്നില്ല. അറിയുന്നവർ ഉപയോഗപ്പെടുത്തുന്നില്ല, ഉപയോഗപ്പെടുത്തുന്നവർ അദ്ധ്വാനിച്ച് ഫലമണിയുന്നില്ല.

വിദ്യാഭ്യാസവും താൽപര്യവും ഉള്ളവർക്ക് സ്വയം തൊഴിൽ പദ്ധതിയിൽ ചെറുകിടവ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും തുടങ്ങുവാനുള്ള സൗകര്യവും വായ്പയും ലഭ്യമാണ്. വനിതാസംരംഭകർക്ക് അവികസിത ജില്ലയായ ഇടുക്കിയിൽ 50% സബ്സിഡിയും മറ്റ് പല ആനുകൂല്യങ്ങളും ഉണ്ട്. പക്ഷെ പലപ്പോഴും അതിനു വേണ്ടി വരുന്ന ആഫീസ് നടപടിക്രമങ്ങളിൽ കുരുങ്ങി സംരംഭം ഉപേക്ഷിക്കുകയാണ്. ഇനിയും തുടങ്ങിയാൽ തന്നെ പലതും അകാലത്തിൽ അടച്ചുപൂട്ടുന്നു. ഉല്പന്നവൈവിധ്യമില്ലായ്മ, ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയാത്തത്, ഫലവത്തായ മാനേജ്മെന്റിന്റെ അഭാവം, മാർക്കറ്റിങ്ങിൽ വരുന്ന പാളിച്ചകൾ മുതലായവ കാരണങ്ങളായി കാണുന്നു.

ഇങ്ങനെ വനിതാസംരംഭങ്ങൾ വിജയം കാണാതെ, പീഡിതവ്യവസ്ഥയങ്ങളായി മാറുകയോ നിർത്തിപ്പോവുകയോ ചെയ്യുന്ന കാഴ്ച പുതിയ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നു.

കാർഷികമേഖലയിലെ മുരടിപ്പും നാണ്യവിളകളിലേക്കുള്ള മാറ്റവും കർഷകത്തൊഴിലാളികളായ സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുറച്ചു. തന്മൂലം അവർ ഉപജീവനത്തിനായി കെട്ടിടനിർമ്മാണം, റോഡുപണി, പാറമടയിലെ പണി, മണൽവാരൽ മുതലായവയെ ആശ്രയിക്കേണ്ടതായി വന്നു. ഇത് അദ്ധ്വാനക്കൂടുതലുള്ളതും സുരക്ഷിതത്വം കുറഞ്ഞ ജോലികളും ആണ്. ഇവരെ വീണ്ടും കാർഷികമേഖലയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനായി പഞ്ചായത്തുതലത്തിൽ കൃഷിപദ്ധതികൾ ആസൂത്രണം ചെയ്യുകയും ഇതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും വേണം. ഓരോ വീട്ടിലും വലിയ ബുദ്ധിമുട്ടില്ലാതെ പച്ചക്കറികൃഷി, ഔഷധസസ്യകൃഷി, പുഷ്പകൃഷി, കൂൺകൃഷി മുതലായവ വിജയകരമായി ചെയ്യുവാൻ സാധിക്കും. കൂൺകൃഷി സ്വന്തമായി പുരയിടമില്ലാത്തവർക്കുകൂടി ചെയ്യാവുന്നതും ആദായകരവുമായ ഒരു കൃഷിയാണ്.

കന്നുകാലിവളർത്തൽ പൊതുവായി നമ്മുടെ വീടുകളിൽ ഉണ്ടെങ്കിലും വിജയകരമായി നടത്തുന്നില്ല എന്നു വേണം പറയുവാൻ. ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികൾ ഇതിന് വേണ്ടത്ര പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും. അത് ഉപയോഗിച്ച് സാമ്പത്തികമായി ഉയർന്നവർ കുറവാണ്. എന്നാൽ സാധാരണക്കാർക്കും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്കുപോലും ചെയ്യാവുന്നവയാണ് ആടുവളർത്തൽ, കോഴി-കാട വളർത്തൽ, മുയൽ വളർത്തൽ മുതലായവ.

കരിമണ്ണൂർ പഞ്ചായത്തിൽ ഏകദേശം 150 ഓളം കുടുംബങ്ങളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. (ഗ്രാമസഭ റിപ്പോർട്ട്). ഇവരിൽ ഭൂരിഭാഗവും അന്നന്നത്തെ ആവശ്യങ്ങൾക്കായി അധ്വാനിക്കുന്നവരാണ്. ഇവിടെ വിധവാപെൻഷന് അർഹരായിട്ടുള്ളവർ ധാരാളം ഉണ്ടെങ്കിലും ലഭിക്കുന്നവർ 33 പേർ മാത്രമാണ്. പഞ്ചായത്ത് നടപടിയിൽ ഇരിക്കുന്ന അപേക്ഷകർ 17 ഉം ആണ്.

വിധവാപെൻഷൻ സംബന്ധിച്ച വിവരം

(അനുബന്ധം 2.5)

വർഷം	കരിമണ്ണൂർ വില്ലേജ്	നെയ്യശ്ശേരി വില്ലേജ്
91/92	22	7
92/93	22	7
93/94	20	7
94/95	22	8
95/96	25	8

പഞ്ചായത്തിൽ നടപടിയിൽ ഇരിക്കുന്നത് - 17

ഈ പഞ്ചായത്തിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ അംഗൻവാടികളിലും സൗകര്യങ്ങൾ കുറവാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികളുണ്ട്. ഈ പഞ്ചായത്തിലുള്ള അംഗൻവാടികൾക്കൊന്നും കക്കൂസ് ഇല്ല എന്നത് ദയനീയമാണ്. രാവിലെ 9 മുതൽ 3.30 വരെ ജോലിനോക്കുന്ന, ഒട്ടേറെ ഫീൽഡ്വർക്കും ചെയ്യേണ്ട അംഗൻവാടി ടീച്ചർമാരുടെ വേതനം വളരെ തുച്ഛമാണെന്ന് എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നു. ഓരോ അംഗൻവാടികളുടെയും മേൽനോട്ടത്തിൽ ഒട്ടേറെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷണവും സഹായവും ലഭിക്കുന്നുണ്ട്.

നമ്മുടെ അംഗൻവാടികളുടെ വിവരങ്ങൾ

അനുബന്ധം 8.1ൽ നിന്നും

വാർഡ്	അംഗൻവാടികളുടെ പേർ		ഗർഭിണികളുടെ എണ്ണം ഇതിൽ അനുപൂരകപോഷകാഹാരം ലഭിക്കുന്നവർ	മുലയൂട്ടുന്ന അമ്മമാർ. ഇതിൽ അനുപൂരകപോഷകആഹാരം ലഭിക്കുന്നവർ
	തൊമ്മൻകുത്ത്	No. 27	15 (6)	7 (4)
	നാല്പതേക്കർ	No. 28	12 (4)	8 (4)
	മുളപ്പുറം	No. 29	10 (10)	5 (5)
	കോട്ടക്കവല	No. 30	10 (8)	4 (3)
	കൈതമറ്റം	No. 31	5 (5)	6 (4)
	നെയ്യശ്ശേരിക്കവല	No. 32	10 (2)	3 (2)
	ആനിക്കുഴ	No. 35	2 (2)	8 (8)
	ഏഴുമുട്ടം	No. 42	3 (3)	12 (10)
	ചാലാശ്ശേരി	No. 43	3 (3)	6 (6)
	കുറുമ്പാലമറ്റം	No. 44	6 (4)	8 (4)
	തേക്കിൻകൂട്ടം	No. 45	8 (3)	7 (3)
	പന്നൂർ	No. 46	5 (3)	6 (2)
	പന്നൂർ	No. 47	5 (2)	4 (3)
	പള്ളിക്കാമുറി	No. 36	6 (4)	7 (5)

വനിത ചെറുകിട വ്യവസായ യൂണിറ്റുകളും ഈ പഞ്ചായത്തിൽ നാമമാത്രമാണ്. എടുത്തു പറയത്തക്ക യൂണിറ്റ് ഒന്നുശ്ശേരി കരിമ്പാനിയിൽ റബ്ബർ ബാൻറ് യൂണിറ്റാണ്. ഇവിടെ 10 സ്ത്രീകളും ജോലിചെയ്യുന്നു.

ഭർത്താവിൻെറ മദ്യപാനംമൂലം ദുരിതം അനുഭവിക്കുന്നവരും സ്ത്രീധനപീഡനംമൂലം കഷ്ടപ്പെടുന്നവരുമായ ഒട്ടേറെ സ്ത്രീകളും നമ്മുടെ സമൂഹത്തിൽ ഉണ്ട്. ആത്മാഭിമാനത്തിൻെറ പേരിൽ പലരും വേദന ഉള്ളിലൊതുക്കുന്നു. ഇത് തുറന്നു പറയുന്നതിനും നിയമസഹായം തേടുന്നതിനും പലരും വിമുഖരാണ്.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ. ഉള്ള തൊഴിലിൽ തന്നെ കൂലിനിരക്കിലുള്ള വിവേചനം.
2. സ്വയം തൊഴിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള വിമുഖത.
3. തൊഴിൽ മേഖലകളിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനം.
4. DWCRA മുതലായ യൂണിറ്റുകളുടെ പ്രവർത്തനത്തിൽ മാനേജ്മെൻറിൻെറ അഭാവം.
5. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളുടെ കുറവ്.
6. സർക്കാർ ധനസഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
7. സ്വയംതൊഴിൽ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നവിധമാണ് നമ്മുടെ ആഫീസുകളിലെ സങ്കീർണ്ണതകളും സാമ്പത്തിക ബുദ്ധിമുട്ടും.
8. വിദ്യാഭ്യാസത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ, മുസ്ലീം സമുദായങ്ങൾ പിന്നോക്കമാണ്.
9. അംഗൻവാടി അധ്യാപികമാർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.
10. പൊതുരംഗത്തെ സ്ത്രീകളുടെ അദൃശ്യത.
11. സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
12. സ്ത്രീപീഢനം.
13. സ്ത്രീകളിൽ രോഗാധുരത കൂടുതലാണ്.

സാദ്ധ്യതകൾ

1. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുക.
2. തൊഴിൽ അവസരങ്ങൾ, പരിശീലനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം അറിയിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. വാർഡുതലത്തിനും സാധ്യമെങ്കിൽ ഏരിയതലത്തിലും മഹിളാസമാജങ്ങൾക്ക് രൂപംകൊടുത്ത് പ്രവർത്തനസജ്ജമാക്കുക. ആശയവിനിമയക്കുറവ് നികത്താൻ ഇതൊരു ഉപാധിയാകും.
3. സ്ത്രീകൾക്കായി പഞ്ചായത്തുതലത്തിൽ വ്യവസായസഹകരണസംഘം രൂപീകരിക്കുക. അതിൻെറ നേതൃത്വത്തിൽ തൊഴിലിൽ പരിശീലനം കൊടുക്കുക.
4. നമ്മുടെ പഞ്ചായത്തിൽ ചില കാലത്ത് ധാരാളം ഉണ്ടാകുകയും അധികം ഉപയോഗിക്കാത്തതുമായ ചക്ക, കടച്ചക്ക, വാളൻപുളി, കുടംപുളി മുതലായവ ശേഖരിച്ച് അവ ഉപയുക്തമാക്കുക. (ഉദാ: ചക്ക വറുത്തത്, വാളൻ പുളി കുരുകളഞ്ഞ് സംസ്കരിച്ച് പായ്ക്ക് ചെയ്യുന്നത്)
5. പഞ്ചായത്തുതലത്തിൽ സ്ത്രീകൾക്കായി പ്രത്യേക കൃഷിസൊസൈറ്റി രൂപീകരിച്ച് പച്ചക്കറികൃഷി, പുഷ്പകൃഷി, കൂൺകൃഷി, ഔഷധകൃഷി മുതലായവ വീടുകളിൽ കൃഷിചെയ്യുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.
6. പരിസര ശുചീകരണം, വിവിധതരം രോഗങ്ങൾ, രോഗപ്രതിരോധമാർഗ്ഗങ്ങൾ എന്നിവയ്ക്ക് മുൻഗണനകൊടുത്തുകൊണ്ടുള്ള ആരോഗ്യക്ലാസുകൾ, വാർഡുതലത്തിലും സ്കൂളുതലത്തിലും സംഘടിപ്പിക്കുക.
7. സ്ത്രീകൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുക.
8. സ്ത്രീപീഡനങ്ങൾ ഒഴിവാക്കുവാൻ ഒരു പരിധിവരെ സ്ത്രീ-പുരുഷബോധവൽക്കരണം ഉപകരിക്കും.
9. സ്ത്രീപീഡനത്തിന് ഒരു കാരണം സ്ത്രീകളുടെ അടിമബോധമാണ്. സ്ത്രീകൾക്ക് സാമ്പത്തിക ഉന്നമനം ഉണ്ടാകുമ്പോൾ സ്വന്തംകാലിൽ നിൽക്കാൻ സാധിക്കും. ഇതവർക്ക് ആത്മധൈര്യം പകരും.
10. പീഡനം അനുഭവിക്കുന്നവർക്കായി പ്രത്യേക കേന്ദ്രങ്ങൾ രൂപീകരിക്കുക. അബലമന്ദിരങ്ങൾ സ്ഥാപിച്ച് ആവശ്യമെങ്കിൽ മാറ്റിപ്പാർപ്പിക്കുക.
11. സ്കൂളുകളിലുള്ള മാതൃസംഗമങ്ങളെ ഉപയോഗിച്ച് വനിതാക്ഷേമപദ്ധതികൾക്ക് രൂപംകൊടുക്കുക.

5.10

സംസ്ക്കാരം



സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മികവിശ്വാസങ്ങളും മൂല്യബോധവും ആചാരാനാചാരങ്ങളും എല്ലാം ചേർന്ന് രൂപപ്പെടുന്നതാണല്ലോ. ആ അർത്ഥത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരികപൈതൃകം അഭിമാനകരം തന്നെ. എന്നാൽ കല-സാഹിത്യ-സാംസ്കാരികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടനവധിപേരെയൊന്നും ചൂണ്ടിക്കാട്ടാൻ നമുക്കില്ല. ഏറ്റവും മികച്ച നാടകരചനയ്ക്ക് സംഗീതനാടകഅക്കാഡമിയുടെ അവാർഡ് ലഭിച്ച ശ്രീ. ടി.എം.അബ്രാഹം തോട്ടത്തിമ്യാലിൽ, ടി.വി. സീരിയിൽ സംവിധാനത്തിൽ ശ്രദ്ധേയനായ ജിജി പി. ജോസ്, ടി.വി. സീരിയൽ അഭിനേതാവ് ഞൂഞ്ഞപ്പൻ ഏഴാനിക്കാട്ട്, നാടകകൃത്ത് മുളപ്പുറം ജോസഫ് തുടങ്ങിയ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്.

കായികരംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ സ്ഥാനം കൂടുതൽ മെച്ചപ്പെട്ടതാണ്. ഇന്ത്യൻ വോളിബോൾ താരമായി ഉയർന്ന സി.കെ ഔസേഫ് വലിയ പുത്തൻ പുരയിൽ കേരവാവോളിബോൾ ടീം അംഗങ്ങളായ സാബു മാത്യു വാഴാച്ചേരിൽ, സോണിമാത്യു വാഴാച്ചേരിൽ, തമിഴ്നാട് വോളിബോൾ ടീമിലെ അംഗമായ മുണ്ടയ്ക്കൽ വിൻസെന്റ് എന്നിവരും സ്കൂൾ അത്ലറ്റിക് മീറ്റിൽ നാഷണൽ ലവലിൽ പങ്കെടുത്ത ശ്രീമതിമാർ കെ.ഓ. ഏലിക്കുട്ടി, കെ.ഓ. അന്നക്കുട്ടി, ട്രീസാമ്മ ആൻഡ്രൂസ്, റോസ്മേരി ആൻറണി, എൽസി എം.ഏ. തുടങ്ങി ഒട്ടേറെ കായികതാരങ്ങളും ഈ പഞ്ചായത്തിലുണ്ട്.

ആദ്യകാലം മുതൽതന്നെ കലാസ്വാദനത്തിലും കലാപോഷണത്തിലും ഇവിടുത്തെ ജനങ്ങൾ തല്പരരായിരുന്നു. കഥകളിപോലുള്ള കേരളത്തിന്റെ തനതുകലാരൂപങ്ങൾക്ക് പണ്ടുമുതൽതന്നെ ഇവിടെ ആസ്വാദകരുണ്ടായിരുന്നു. ഇഞ്ചപ്പിള്ളി ഇല്ലത്തും ആലപ്പാട്ട് തറവാട്ടിലും വർഷത്തിലൊരിക്കൽ പൊതുജനങ്ങൾക്കായി കഥകളി നടത്തിയിരുന്നു. നിലവിളക്കിലൊഴിക്കാനുള്ള എണ്ണ, ആഹാരത്തിനുള്ള അരിസാമാനങ്ങൾ, പത്തുരൂപ ഇവയായിരുന്നു കഥകളിക്കാർക്ക് നൽകിയിരുന്ന പ്രതിഫലം. മീനപ്പൂരത്തിന് കൊല്ലപ്പുഴ ക്ഷേത്രത്തിലേക്കും കുംഭഭരണിനാളിൽ കാരിക്കോട് ക്ഷേത്രത്തിലേക്കും ഇവിടുത്തെ ഹൈന്ദവവീടുകളിൽ നിന്നും ഗരുഡൻ തൂക്കം നേർച്ചയായി നടത്താറുണ്ടായിരുന്നതിനാൽ പണ്ടുമുതൽ തന്നെ ഗരുഡൻ തൂക്കത്തിന് ഇവിടെ നല്ല പ്രചാരമുണ്ടായിരുന്നു. ധനുമാസരാത്രിയിലെ തിരുവാതിരനാളിൽ നായർ തറവാടുകളുടെയും നമ്പൂതിരി ഇല്ലങ്ങളുടെയും മുറ്റത്ത് സ്ത്രീകൾ സംഘമായിച്ചേർന്ന് തിരുവാതിര കളിക്കുന്ന പതിവുണ്ടായിരുന്നു. മണ്ഡലവ്രതാനുഷ്ഠാനകാലങ്ങളിൽ അമ്പലങ്ങളിലും ചില വീടുകളിലും ആഴിപൂജയോടനുബന്ധിച്ച് ഉടുക്കുകൊട്ടും പാട്ടും നടത്താറുണ്ടായിരുന്നു. അമ്പലങ്ങളിലെയും പള്ളികളിലെയും ആഘോഷങ്ങളോടനുബന്ധിച്ച്. ചെണ്ടമേളം ഒരു പ്രധാനഇനമാണ്. പള്ളികളോടനുബന്ധിച്ച് ചവിട്ടുനാടകങ്ങളും അരങ്ങേറിയിരുന്നു.

കാളകളി, കുതിരകളി, മുടിയാട്ട് തുടങ്ങിയ പ്രാചീനകലാരൂപങ്ങൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് അവയിൽ പലതും ഓർമ്മകളിൽമാത്രം തങ്ങിനിൽക്കുന്നു. പാടത്തും പറമ്പിലും പണിയെടുത്തിരുന്നവർ ജോലിയുടെ ആയാസം അറിയാതിരിക്കുന്നതിനുവേണ്ടി പാടിയിരുന്ന കിളപ്പാട്ടുകളും കളപറിപ്പാട്ടുകളും കൊയ്ത്തുപാട്ടുകളും ഇന്നത്തെ തലമുറയ്ക്ക് അജ്ഞാതമാണെങ്കിലും അവയെല്ലാം നമ്മുടെ തനത് സാംസ്കാരികപാരമ്പര്യത്തിന്റെ പ്രതീകങ്ങളായിരുന്നു.

മതവിഭാഗങ്ങൾ:

ഈ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ക്രിസ്തുമതത്തിലും ഹിന്ദുമതത്തിലും ഇസ്ലാംമതത്തിലും വിശ്വസിക്കുന്നവരാണ്. കത്തോലിക്ക, യാക്കോബായ, സി.എസ്.ഐ., പെന്തക്കോസ്ത് എന്നിങ്ങനെ നാല് വിഭാഗം ക്രിസ്തീയ സമുദായങ്ങളാണിവിടുള്ളത്. ഭൂരിഭാഗവും കത്തോലിക്കാവിഭാഗത്തിൽപെട്ടവരാണ്. മറ്റു വിഭാഗക്കാർ കൂടുതലും മുളപ്പുറം ഭാഗത്താണ് താമസിക്കുന്നത്. അവിടെ സെൻറ് ജോർജ് യാക്കോബായ പള്ളി, സെൻറ് മാത്യൂസ് സി.എം.എസ്. ചർച്ച്, സി.എസ്.ഐ.ചർച്ച് മിഷൻ കുന്ന്, പ്രത്യക്ഷരക്ഷാദൈവസഭ (പി.ആർ.ഡി.എസ്.) എന്നിവ സ്ഥിതിചെയ്യുന്നു. ഇവിടുത്തെ ആദ്യത്തെ കത്തോലിക്കാദേവാലയം നെയ്യശ്ശേരിയിലുള്ള സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് ആണ്. 1852-ൽ സ്ഥാപിതമായി. അന്ന് നെയ്യശ്ശേരി നിവാസികളുടെ മാത്രമല്ല കരിമണ്ണൂർ കോടിക്കുളം, വണ്ടമറ്റം, കൊടുവേലി എന്നീ പ്രദേശങ്ങളിലുള്ളവരുടെകൂടി ആരാധനാകേന്ദ്രവും ഒപ്പം സാമൂഹികസാംസ്കാരികകേന്ദ്രവുംകൂടിയായിരുന്നു ഈ ദേവാലയം. ഇവിടുത്തെ കല്ലിട്ട പെരുന്നാളും (വി. മിഖായേൽ മാലാഖയുടെ പെരുന്നാൾ - നവം.11) വി. സെബാസ്റ്റ്യാനോസിന്റെ പെരുന്നാളും വളരെക്കാലം മുമ്പുമുതൽ തന്നെ ആഘോഷപൂർവ്വം നടത്തിവരുന്നു. അതിനുശേഷമുണ്ടായ പള്ളിയാണ് ഫെറോനാപള്ളിയായ കരിമണ്ണൂർ സെൻറ് മേരീസ് ചർച്ച്. പിന്നീട് പള്ളിക്കാമുറിയിൽ ലിറ്റിൽ ഫ്ളവർ കത്തോലിക്കാപള്ളി തൊമ്മൻകുത്തിൽ സെൻറ് തോമസ് കത്തോലിക്കാപള്ളി ചാലാശ്ശേരിയിൽ സെൻറ് മേരീസ് ചർച്ച് എന്നിവ സ്ഥാപിക്കപ്പെട്ടു. ഇവ ഓരോന്നും അതാതു പ്രദേശങ്ങളിലെ സാംസ്കാരികകേന്ദ്രങ്ങൾകൂടിയാണ്. ഇവിടുത്തെ പെരുന്നാളുകളാകട്ടെ നാട്ടുകാരുടെ ഒത്തുചേരലിന്റെയും കലാപ്രകടനങ്ങളുടെയും വേദികളും തികഞ്ഞ മതസൗഹാർദ്ദത്തിന്റെ പ്രതീകങ്ങളുമായിരുന്നു. പള്ളികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ചെറുപുഷ്പമിഷൻലീഗും മാതൃദീപ്തിയും എല്ലാവർഷവും ഇടവക-മേഖല-സംസ്ഥാനഅടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്താറുണ്ട്.

ചിരപുരാതനമായ കരിമണ്ണൂരിലെ കാർത്ത്യായനീ ക്ഷേത്രം, പന്നൂർ ശ്രീവരാഹസ്വാമിക്ഷേത്രം, പന്നൂർ അയ്യപ്പ ക്ഷേത്രം, പുതുചിറ ശ്രീപരമേശ്വരക്ഷേത്രം, ചന്ദ്രപ്പിള്ളിക്കാവ്, നാല്പതേക്കറിൽ കാളിയാർപുഴയുടെ തീരത്തുള്ള ശ്രുന്തികാട്ട് ഭഗവതിക്ഷേത്രം, നെയ്യശ്ശേരിയിലുള്ള ആമ്പക്കുടി ശ്രീധർമ്മശാസ്ത്രാക്ഷേത്രം, മുളപ്പുറം മലയത്താമ്പുറം ശ്രീധർമ്മാശാസ്താക്ഷേത്രം, ഏഴുമുട്ടത്തുള്ള എടത്തിൽ ധർമ്മശാസ്താക്ഷേത്രം, കുറുമ്പാലമറ്റം എലമ്പിലാക്കാട്ട് ദേവീക്ഷേത്രം എന്നിവയാണ് ഈ പഞ്ചായത്തിലുള്ള പ്രധാന ഹൈന്ദവക്ഷേത്രങ്ങൾ. ഇവിടെ കല്ലിൽ പണിതീർത്തിരിക്കുന്ന മനോഹരശില്പങ്ങളും കൊത്തുപണികളും നമ്മുടെ പ്രാചീനകലാചാതുരി വിളിച്ചോതുന്നു. ഈ ക്ഷേത്രത്തിലെ ഉത്സവങ്ങളും മറ്റാഘോഷങ്ങളും ജാതിമതഭേദമെന്യേ എല്ലാവരുടെയും സഹായത്തോടെ നടത്തുന്നുവെന്നത് നമ്മുടെ നാടിന്റെ മതസഹിഷ്ണുതയും മതസാഹോദര്യവുമാണ് പ്രതിഫലിക്കുന്നത്.

നെയ്യശ്ശേരികവലയിലുള്ള മുഹ്യദ്ദീൻ പള്ളി, തേക്കിൻകൂട്ടത്തു സ്ഥിതിചെയ്യുന്ന നജ്മുൽഇസ്ലാം ജുമാമസ്ജിദ്, തൊമ്മൻകുത്ത് പള്ളി, ചാലാശ്ശേരിയുള്ള തൈക്കാവ് കോട്ടക്കവലയിലുള്ള തൈക്കാവ് എന്നിവയാണ് ഇവിടുത്തെ പ്രധാന മുസ്ലീം ആരാധനാലയങ്ങൾ.

എസ്.എൻ.ഡി.പി., എൻ.എസ്.എസ്., പുലയർമഹാസഭ, വിശ്വകർമ്മ മഹാസഭ, ഗണകമഹാസഭ, വെള്ളാള മഹാസഭ തുടങ്ങി വിവിധ സമുദായസംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വിവിധ ട്രേഡ്യൂണിയൻ സംഘടനകൾ, സർവ്വീസ് സംഘടനകൾ, അധ്യാപകസംഘടനകൾ, കർഷകസംഘടനകൾ, കർഷകത്തൊഴിലാളിയൂണിയനുകൾ എന്നിവ ജാതിമത പരിഗണനകൾക്കതീതമായി ജനവിഭാഗങ്ങളെ സംഘടിപ്പിക്കുകയും അതാതു മേഖലകളിൽ ജോലിചെയ്യുന്നവരുടെ താൽപര്യസംരക്ഷണത്തിനുവേണ്ടിയുള്ള പ്രക്ഷോഭപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജനാധിപത്യഭരണസംവിധാനത്തിന്റെ അവിഭാജ്യഘടകമായ രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ സജീവമാണ്. പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയപാർട്ടികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. യുവാക്കളുടെ പൊതുപ്രശ്നങ്ങളോടൊപ്പം സമൂഹമുന്നേറ്റത്തിന് സഹായകമായ പൊതുപ്രശ്നങ്ങളുമുയർത്തി പ്രക്ഷോഭപ്രവർത്തനങ്ങൾ നടത്തുന്ന യുവജനസംഘടനകളും ഇവിടെ പ്രവർത്തിക്കുന്നു.

സാംസ്കാരികസംഘടനകൾ സ്ഥാപനങ്ങൾ

സാംസ്കാരികസംവേദനത്തിനുള്ള സാമൂഹികസ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വിദ്യാലയങ്ങൾ കൂടാതെ സാംസ്കാരികപ്രവർത്തനങ്ങളുടെ വേദിയായി നമുക്കുള്ളത് ഗ്രന്ഥശാലകൾ, കലാകായികസമിതികൾ, സാംസ്കാരികസംഘടനകൾ എന്നിവയാണ്. സങ്കുചിതമായ കക്ഷിരാഷ്ട്രീയ ജാതിമതചിന്തകൾക്കതീതമായി വിവിധവിഭാഗം ജനങ്ങൾ കൂട്ടായ്മയോടെ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകളും ക്ലബ്ബുകളും ഗ്രന്ഥശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കൂട്ടായ്മ നാടിന്റെ പൊതുമുന്നേറ്റത്തിന് സഹായകമാകത്തക്കവിധം ഉപയോഗപ്പെടുത്തുവാനുള്ള ബോധപൂർവ്വമായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്. കരുണാ ചാരിറ്റബിൾ സൊസൈറ്റി, കേരള ശാസ്ത്രസാഹിത്യപരിഷത്ത്, ജനശക്തി തുടങ്ങിയ സംഘടനകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ക്ലബ്ബുകൾ പലതും ഒരു വാർഷികാഘോഷമോ ടൂറോ നടത്തി അവരുടെ പ്രവർത്തനം ഒതുക്കുന്ന സ്ഥിതിയാണുള്ളത്. ജനങ്ങളുടെ കലാസാഹിത്യാഭിരുചികൾ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ, ചർച്ചാക്ലാസുകളും സിമ്പോസിയങ്ങളും സംഘടിപ്പിക്കൽ തുടങ്ങിയവയൊന്നും ഏറ്റെടുക്കുവാൻ ക്ലബ്ബുകൾ ശ്രമിക്കുന്നില്ലെന്നത് ഒരു പോരായ്മയായി നിലനിൽക്കുന്നു.

കലാസാംസ്കാരികസ്ഥാപനങ്ങളുടെ വിവരം

സന്തോഷ്ക്ലബ്ബ് കരിമണ്ണൂർ, ലീഡേഴ്സ് ക്ലബ്ബ് കരിമണ്ണൂർ, വിംഗ്സ് ക്ലബ്ബ് കരിമണ്ണൂർ, കാർണിവൽ ക്ലബ്ബ് കരിമണ്ണൂർ, മോഡേൺ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പന്നൂർ, വൈ.എം.സി.കെ. കോട്ടക്കവല, ജീനിയൽ ഉണിച്ചിക്കവല, സൽക്കലാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, തൊമ്മൻകുത്ത്, വികാസ് കൾച്ചറൽ സൊസൈറ്റി തൊമ്മൻകുത്ത്, സന്ധ്യാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് ഏഴുമുട്ടം, ടെൻ ആർട്സ് ക്ലബ്ബ് നെയ്യശ്ശേരി, യംഗ് കേരള ആർട്സ് ക്ലബ്ബ് ആനിക്കുഴ, സ്പീൽസ് അസോസിയേഷൻ കരിമണ്ണൂർ, ശാന്തിനികേതൻ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കുറുമ്പാലമറ്റം തുടങ്ങിയ ക്ലബ്ബുകൾ ഇവിടെ പ്രവർത്തിക്കുന്നതായാണ് ഗ്രാമസഭാ റിപ്പോർട്ട് വ്യക്തമാക്കുന്നത്. ഇതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവ വളരെ കുറവാണ്.

ഗ്രന്ഥശാലകൾ

Sl. No.	പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങൾ	മറ്റ് പ്രവർത്തനങ്ങൾ
1	കരിമണ്ണൂർ പഞ്ചായത്ത് പബ്ലിക് ഡയറി	1956	946	ബി	6008	350	10	-
2	കരിമണ്ണൂർ പഞ്ചായത്ത് ലൈബ്രറി നെയ്യശ്ശേരി	1969	-	സി	1200	250	6	-
3.	യംഗ്കേരള പബ്ലിക് ലൈബ്രറി ആനിക്കുഴ	1961	645	ഡി	3440	240	3	TV ഉണ്ട്
4	നെഹ്രുജി പബ്ലിക് ലൈബ്രറി മുളപ്പുറം	1969	164	ഇ	2565	500	1	-

നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച് മേൽകൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ സാക്ഷരതാനിരക്കിലെ മുന്നേറ്റം വായനാശീലത്തിൽ പ്രതിഫലിക്കുന്നില്ലെന്ന് വ്യക്തമാകും. ഗ്രന്ഥശാലകളിലെ സ്ത്രീകളുടെ അംഗത്വം നാമമാത്രമാണ്. പുസ്തകപാരായണശീലത്തിലും സ്ത്രീകൾ പുരുഷന്മാരേക്കാൾ വളരെ പിന്നിലാണ്. ഉള്ളവരിൽ തന്നെ കഥകൾ വായിക്കുവാൻ താൽപര്യമുള്ളവരാണ് ഏറെയും. വായനക്കാരുടെ അഭിരുചിക്കനുസരണമായി പുതിയ പുതിയ പുസ്തകങ്ങൾ ലഭിക്കുന്നില്ലെന്നത് ലൈബ്രറി ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിക്കാതിരിക്കാൻ കാരണമാണ്. ടെലിവിഷൻ മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന സ്വാധീനവും പ്രചാരണവും യുവതലമുറയുടെ വായനാശീലത്തെ തളർത്തുന്ന പ്രധാനഘടകമാണ്. കേബിൾ ടി.വി. നെറ്റ്വർക്ക് ശൃംഖലകളും വ്യാപിക്കുകയാണ്. നിലവാരംകുറഞ്ഞ സീരിയലുകളും വിപണിയെ ലക്ഷ്യമാക്കിയുള്ള ബഹുരാഷ്ട്രകുത്തകകളുടെ പരസ്യങ്ങളും നമ്മുടെ സാംസ്കാരികരംഗത്ത് കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. മാധ്യമരംഗത്തെ ഇലക്ട്രോണിക് വിസ്ഫോടനത്തിന്റെ ഗുണപരമായ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതോടൊപ്പം മുതലാളിത്തസംസ്കാരത്തിന്റെ വ്യാപനവും തൽഫലമായുണ്ടാകുന്ന സാംസ്കാരികജീർണ്ണതയ്ക്കുമെതിരായി താജ്യഗ്രാഹ്യവിവേചനാശീലം യുവതലമുറയിൽ വളർത്തിയെടുക്കുവാനുള്ള പരിശ്രമങ്ങൾ ഇന്ന് ആവശ്യമാണ്.

നമ്മുടെ ദേശീയ സ്വാതന്ത്ര്യസമരത്തിലും ജാതിപരമായ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ സാമൂഹ്യപരിഷ്കരണങ്ങളിലും പിൽക്കാലത്ത് സാക്ഷരതാപ്രവർത്തനങ്ങളിലുമെല്ലാം കേരളത്തിൽ ഗ്രന്ഥശാലകൾ സജീവമായി പ്രവർത്തിച്ചിരുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകളെ അത്തരം സാംസ്കാരികമുന്നേറ്റത്തിനുള്ള പ്രധാനകേന്ദ്രങ്ങളാക്കി മാറ്റുവാൻ കഴിഞ്ഞിരുന്നുവോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഗ്രന്ഥശാലകളുടെ അംഗസംഖ്യ സ്ത്രീകളെയും ഗ്രാമീണദുർബലജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി പലമടങ്ങ് വർദ്ധിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്ത് കാര്യാലയം കഴിഞ്ഞാൽ ഏറ്റവും ഫലപ്രദമായ ജനകീയാസൂത്രണസിരാകേന്ദ്രങ്ങളും ഗ്രാമീണ സാംസ്കാരികകേന്ദ്രങ്ങളുമാക്കി ഗ്രന്ഥശാലകളെ മാറ്റാൻ ജനങ്ങളും സാംസ്കാരികപ്രവർത്തകരും ഒത്തുപ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഏകദേശം 1149 വർത്തമാനപ്പത്രങ്ങൾ ഉണ്ട്. വനിതാമാസികകൾ, ആഴ്ചപ്പതിപ്പുകൾ എന്നിവയ്ക്കും ധാരാളം വായനക്കാർ ഉണ്ട്. പഞ്ചായത്തിലെ ഏക സിനിമാശാല കരിമണ്ണൂർ ന്യൂ തീയേറ്റർ ആണ്.

പഞ്ചായത്തിലുള്ള പത്രങ്ങൾ

മലയാള മനോരമ	454
ദീപിക	318
മാതൃഭൂമി	188
ദേശാഭിമാനി	85
മംഗളം	22
കൗമുദി	23
ചന്ദ്രിക	12
എക്സ്പ്രസ്സ്	20
ഹിന്ദു	9
ജന്മഭൂമി	18
ആകെ	1149

പ്രധാനപ്രശ്നങ്ങൾ

1. മിക്ക വാർഡുകളിലും ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല.
2. സാമ്പത്തിക ലഭ്യതക്കുറവ്മൂലം മിക്കഗ്രന്ഥശാലകളിലും ആവശ്യത്തിന് പുസ്തകങ്ങളും മാസികകളും ഇല്ല.
3. പഞ്ചായത്തുതലത്തിൽ ഒരു സാംസ്കാരികകേന്ദ്രം ഇല്ല.
4. ഗ്രന്ഥശാലകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു.
5. ലാഭക്കണ്ണോടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരണം.
6. നിലവിലുള്ള സാംസ്കാരികസ്ഥാപനങ്ങളെ പുരോഗമികളായി വളർത്തുന്നതിനുതകുന്ന സാംസ്കാരികനയത്തിന്റെ അഭാവം.
7. ലൈംഗികസിനിമകളുടെ അതിപ്രസരം.
8. വിവാഹാദിചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം.

സാദ്ധ്യതകൾ

1. ഗ്രന്ഥശാലകളുടെ എണ്ണം വർദ്ധിപ്പിക്കുകയും എല്ലാ വാർഡിലും വായനശാലകൾ സ്ഥാപിക്കുകയും വേണം.
2. ഗ്രന്ഥശാലകളിൽ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കണം. വാർഡ് അടിസ്ഥാനത്തിൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ഗ്രന്ഥശാലകൾ സ്ഥാപിച്ച് ബഹുജനപങ്കാളിത്തത്തോടെ പുസ്തകം ശേഖരിക്കൽ.
3. പഞ്ചായത്തിന്റെ കമ്മ്യൂണിറ്റിഹാൾ പ്രവർത്തനക്ഷമമാക്കുക.
4. ഗ്രന്ഥശാലകളുടെ അംഗസംഖ്യ സ്ത്രീകളെയും ഗ്രാമീണദുർബ്ബലവിഭാഗങ്ങളെയും ഉൾപ്പെടുത്തി ഇന്നത്തേക്കാൾ പലമടങ്ങ് വർദ്ധിപ്പിക്കുക.
5. ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ വായനസർവ്വേകൾ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിച്ച് ഗ്രാമീണസാംസ്കാരികസിരാകേന്ദ്രങ്ങളായി ഗ്രന്ഥശാലകളെ മാറ്റുക.
6. പഞ്ചായത്തുവക ഗ്രന്ഥശാലകൾ, ജനപങ്കാളിത്തത്തോടെ സജീവമാക്കുന്നതിനുള്ള പരിപാടികൾ.
7. ഫിലിംസൊസൈറ്റി സ്ഥാപിച്ച് കലാമൂല്യമുള്ള ചലച്ചിത്രാസ്വാദകരെ വളർത്തിയെടുക്കുക.
8. സാമൂഹികാഭിരുചിയെ ദുഷിപ്പിക്കുന്ന ചലച്ചിത്രങ്ങൾക്കും ദൂരദർശൻ പരിപാടികൾക്കുമെതിരെ ജനമനസ്സാക്ഷി ഉണർത്തുന്നതിനുപകരിക്കുന്ന മാദ്ധ്യമസംവാദങ്ങൾ ഇടയ്ക്കിടയ്ക്ക് സംഘടിപ്പിക്കുക.
9. പഞ്ചായത്തിലുള്ള പ്രഗത്ഭരായ കലാകാരന്മാരെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക സമിതി രൂപീകരിച്ച് തല്പരരായവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകുക.

10. നാടൻകലകൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകി പരിപോഷിപ്പിക്കുക.

കായികസംസ്കാരം

ഒരു സമൂഹത്തിൽ നടത്തുന്ന വിവിധ കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കുവാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെത്തുകയാണ് കായികസംസ്കാരം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ചാമ്പ്യന്മാരെ സൃഷ്ടിക്കലും മെഡൽ നേടലും മാത്രമല്ല കായികപ്രവർത്തനത്തിന്റെ മുഖ്യലക്ഷ്യം സാർവ്വത്രികമായ കായികപരിശീലനം എന്നതായിരിക്കണം അതിന്റെ ഉദ്ദേശ്യം. ശരീരത്തെ ശക്തമാക്കുന്നതോടൊപ്പം ഇച്ഛാശക്തിയുള്ള ആത്മവിശ്വാസമുള്ള, അരോഗദൃഢഗാത്രരായ, ധൈര്യവും ദൃഢചിത്തതയും സംഘപ്രവർത്തനമനഃസ്ഥിതിയുമുള്ള ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ കായികസംസ്കാരത്തിന്റെ സാമൂഹ്യകടമ. ഈ ലക്ഷ്യം സഫലീകരിക്കുവാൻ കൂടുതൽ സാധ്യത ഇന്ന് ഉരുത്തിരിഞ്ഞുവന്നിരിക്കുന്നു. പഞ്ചായത്തീരാജ് നിയമപ്രകാരം കായികവികസനത്തിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിരിക്കയാണ്. കായികവികസനപ്രവർത്തനങ്ങളിൽ ബഹുജനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കഴിയും.

* ഏറ്റവും ചെറിയ ക്ലാസ് മുതൽ തന്നെ എല്ലാ വിദ്യാർത്ഥികളും ഏതെങ്കിലും തരത്തിലുള്ള കായിക പ്രവർത്തനങ്ങളിൽ നിർബന്ധമായും പങ്കെടുക്കണം.

* എല്ലാ വിദ്യാലയങ്ങളിലും ഇതിനാവശ്യമായ കളിസ്ഥലങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ഉണ്ടാക്കണം.

* അധ്യാപകരും കായികപ്രവർത്തനങ്ങളിൽ ഒരു നിശ്ചിതസമയം പങ്കെടുക്കണം.

* പഞ്ചായത്തുതലത്തിൽ കായികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും മറ്റും ജനകീയകമ്മറ്റികളെ ചുമതലപ്പെടുത്തുക.

* പഞ്ചായത്തിൽ വിവിധകളികൾക്കുവേണ്ടിയും കായികപ്രസ്ഥാനങ്ങൾക്കുവേണ്ടിയും സംഘങ്ങൾ ഉണ്ടാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓരോവിഭാഗത്തിലും പങ്കെടുക്കുന്ന കായികതാരങ്ങളെ സബ്ജൂനിയർ, ജൂനിയർ, സീനിയർ, വെറ്ററൻസ് എന്ന നിലയിൽ രജിസ്റ്റർ ചെയ്താൽ പഞ്ചായത്തിനകത്ത് വളരെ സജീവമായി കായികപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം കൃത്യമായി മനസ്സിലാക്കിക്കൊണ്ട് കായികരംഗത്തെ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയും.

* പഞ്ചായത്തിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ പൊതുകളിസ്ഥലങ്ങൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുക.

* പെൺകുട്ടികൾക്കും സ്ത്രീകൾക്കും കായികപരിശീലനത്തിന്റെ പൊതുധാരയിലേക്ക് എത്തിച്ചേരാൻ സഹായകമാകുന്നവിധം വനിതാസമിതികളുടെ സഹായത്തോടെ അവർക്ക് സൈക്കിൾ സവാരി, കരാട്ടെ തുടങ്ങിയവയിൽ പരിശീലനം നൽകുക. പുതുവർഷപ്പിറന്നാളിൽ എല്ലാ പെൺകുട്ടികൾക്കും ഒരുപോലെ പങ്കെടുക്കുവാൻ കഴിയുന്ന സൈക്കിൾ റേസ് സംഘടിപ്പിക്കുക.

* തൊഴിലുമായി ബന്ധപ്പെട്ടുള്ള കായികമത്സരങ്ങൾ സംഘടിപ്പിക്കുക. കായികക്ഷമത പ്രകടിപ്പിക്കുന്ന ആളുകളെ ആദരിക്കുവാനും അംഗീകരിക്കുവാനും വേദികളുണ്ടാക്കണം.

* കായികാധ്യാപകർക്കും തൽപരരായ വ്യക്തികൾക്കും ആധുനികവും ശാസ്ത്രീയവുമായ പരിശീലനമുറകൾ ലഭിക്കുവാനുള്ള സാഹചര്യം ഒരുക്കണം.

* നെയ്യശ്ശേരിയിൽ ഉള്ള നീന്തൽക്കുളം മെച്ചപ്പെടുത്തുകയും സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നീന്തൽക്കുളം നിർമ്മിക്കുകയും ചെയ്യുക.

5.11

സഹകരണം

തിരുവിതാംകൂർ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന് ആരംഭം കുറിച്ച കാലത്തുതന്നെ ഇവിടെയും അതിന് തുടക്കം കുറിച്ചു. ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന കർഷകജനതയെ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിച്ച് സാമ്പത്തികമായി സഹായിക്കുന്നതിനും അവരുടെ കാർഷിക പ്രവർത്തനം ആദായകരമാക്കുന്നതിനും വേണ്ടിയായിരുന്നു ഈ പ്രസ്ഥാനത്തിന് രൂപം നൽകിയത്.

1924-ൽ സാമാന്യം നല്ല സാമ്പത്തികസ്ഥിതി ഉണ്ടായിരുന്ന 27 ആളുകൾ ചേർന്ന് 'ദേശാഭിവർദ്ധിനി പരസ്പരസഹായസംഘം' എന്ന പേരിൽ 967-ാം നമ്പരായി ക്ലിപ്തരഹിതബാധ്യതയോടുകൂടി രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയ സംഘമാണ് ഇന്നത്തെ കരിമണ്ണൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 967. കരിമണ്ണൂർ ഗവ. പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററെ സംഘം രൂപീകരിക്കുന്നതിന് ഗവ. ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്.

ഇതിന് നേതൃത്വം നൽകിയവരിൽ പ്രധാനികൾ സർവ്വശ്രീ കെ.പി. വർക്കി കൊന്നാനാൻ, എ.പി. നീലകണ്ഠൻ നായർ ആലപ്പാട്ട്, ഉലഹന്നാൻ നെടിയപാല, പി.ജി. വേലായുധൻവൈദ്യർ പോട്ടശ്ശേരിൽ, പി.സി.വർക്കി പരിയാരം, പരീത് പകൃതീൽ ഇഞ്ചക്കാട്ട്, എം.എൻ നീലകണ്ഠൻ ഇളയത് മഞ്ഞപ്പിള്ളി ഇല്ലം മുതലായവരായിരുന്നു. ശ്രീ. കെ.പി. വർക്കി ആദ്യപ്രസിഡണ്ടും ശ്രീ. എ.പി. നീലകണ്ഠൻ നായർ ആദ്യസെക്രട്ടറിയുമായിരുന്നു. ഇവരുടെ പ്രവർത്തനഫലമായി ആദ്യവർഷംതന്നെ 7 ചക്രം 4 കാശ് ലാഭം ഉണ്ടായിരുന്നു. കുറെകഴിഞ്ഞ് 'പരസ്പരസഹായം' എന്നത് മാറ്റി ദേശാഭിവർദ്ധിനി സഹകരണസംഘം എന്നപേരിൽ തുടർന്നു. പിന്നീട് വിവിധോദ്ദേശ സഹകരണസംഘം ക്ലിപ്തം എന്ന പേരിലും പ്രവർത്തിച്ചു. അതിനുശേഷം 1961 മുതൽ പേരും പ്രവർത്തനശൈലിയും മാറ്റി ഇപ്പോഴത്തെ കരിമണ്ണൂർ സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ 967 എന്നപേരിൽ പ്രവർത്തിച്ചുവരുന്നു. 22.3.1962 മുതൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏഴുമുട്ടം സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ ഇ. 95 1.5.82-ൽ കരിമണ്ണൂർ സർവ്വീസ് സഹകരണബാങ്കിൽ ലയിപ്പിച്ചു. ഈ ബാങ്കിന് ഏഴുമുട്ടത്ത് ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ സാമ്പത്തികക്രമത്തിലെ സജീവമായ ഒരു കണ്ണിയായി ഈ ബാങ്ക് നിലകൊള്ളുന്നു.

ത്ലായിക്കാട്ടുമന്ന എന്ന കർഷകത്തൊഴിലാളിക്ക് 25 രൂപ നൽകിയതാണ് ആദ്യവായ്പ. 1966 വരെ സംഘം വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചിരുന്നത്. സ്വന്തമായി കെട്ടിടം പണിയിച്ച് 5.8.1966-ൽ അതിന്റെ ഉദ്ഘാടനം അഡ്വൈസർ ശ്രീ. ആർ. പ്രസാദ് നിർവ്വഹിക്കുകയും ആ യോഗത്തിൽവച്ച് ആദ്യവായ്പക്കാരന് സമ്മാനംനൽകി ആദരിക്കുകയും ചെയ്തു.

ഏഴുമുട്ടം ബാങ്ക് ഇരിക്കുന്ന സ്ഥലം ശ്രീ. സി.വി. ജോൺ, ചെമ്പരത്തിക്കൽ സംഭാവന ചെയ്തതാണ്. സർവ്വശ്രീ. സി.വി. ജോൺ, സി.വി. വർഗീസ്, പി.വി. മത്തായി, സി.ജെ. ജോബ്, സി.ഒ. വർക്കി തുടങ്ങിയവർ സ്ഥാപക അംഗങ്ങളും ശ്രീ.സി.വി. ജോൺ ആദ്യ പ്രസിഡണ്ടും ശ്രീ. എ.ഓ. ചാക്കോ ആദ്യ സെക്രട്ടറിയുമാണ്.

തൊടുപുഴ ആസ്ഥാനമായി പ്രവർത്തിക്കുന്ന തൊടുപുഴ പ്രാഥമികസഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ 4388 കാർഷിക വായ്പയും തൊടുപുഴ ഭവനനിർമ്മാണ സഹകരണസംഘം ക്ലിപ്തം നമ്പർ ഇ. 331 ഭവനനിർമ്മാണ വായ്പയും നൽകിവരുന്നു. 13-1-95 മുതൽ ഇവിടെ പ്രവർത്തിച്ചു വരുന്ന തൊടുപുഴ അർബൻ സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ 394-ന്റെ ശാഖയിൽ നിന്ന് വിവിധയിനം വായ്പകളും വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക 1-ൽ ചേർക്കുന്നു. 9 സഹകരണസംഘങ്ങളിൽ നെയ്യശ്ശേരി ക്ഷീരോല്പാദക സഹകരണസംഘവും കരിമണ്ണൂർ കൺസ്യൂമർ സഹകരണ സംഘവും പ്രവർത്തനരഹിതമാണ്. ബാക്കിയുള്ളവ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നു. സ്കൂൾ സഹകരണസംഘങ്ങൾ പുസ്തകങ്ങളും നോട്ടുബുക്കുകളും വിതരണം ചെയ്തുവരുന്നു. നിക്ഷേപങ്ങളും വായ്പകളും സംബന്ധിച്ച വിവരങ്ങൾ പട്ടിക-2 മുതൽ 4- വരെയും പാൽ ശേഖരണത്തിന്റെ വിവരങ്ങൾ പട്ടിക-5 ലും ചേർക്കുന്നു.

പ്രശ്നങ്ങൾ

1. തൊഴിലാളികളുടെ പങ്കാളിത്ത കുറവ്.
2. സങ്കുചിത കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരങ്ങൾ.
3. അഴിമതി, സ്വജനപക്ഷപാതം
4. പുതിയ പ്രവർത്തന മേഖലകളിലേയ്ക്ക് കടന്നു കയറാനുള്ള ആത്മധൈര്യമില്ലായ്മ.
5. അമിതമായഎസ്റ്റാബ്ലിഷ്മെൻറ്, കണ്ടിജൻസി ചെലവ്.
6. ഡിപ്പാർട്ടുമെൻറൽ മേധാവിത്വം.
7. പരിശീലനത്തിന്റെ അഭാവം.

പട്ടിക 1 - സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ്	പ്രവർത്തനം ആരംഭിച്ച വർഷം	ആകെ അംഗങ്ങൾ	ഒരു ഓഹരിയുടെ വില രൂപ	അംഗീകൃത ഓഹരി മൂലധനം രൂപ	പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം രൂപ	സർക്കാർ ഓഹരി ഉണ്ടോ	ഉണ്ടെങ്കിൽ ലഭിച്ച തുക രൂപ	പരമാവധി കടം എടുക്കാവുന്ന തുക രൂപ
1	കരിമണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 967	കരിമണ്ണൂർ പഞ്ചായത്ത്	ക്രെഡിറ്റ്	1924 (1110 ME)	6695	10	23,00,000	13,44,150	ഉണ്ട്	72,000	3 കോടി
2	കരിമണ്ണൂർ ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ ഐ 10 (ഡി)	കരിമണ്ണൂർ വാർഡ് 3, 4	നോൺക്രെഡിറ്റ് (ഉൽപാദകസംഘം)	21.8.1978	138	10	2760	2760	ഇല്ല	-	-
3	തൊമ്മൻകുത്ത് ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നമ്പർ ഐ 74 (ഡി.)	കരിമണ്ണൂർ വാർഡ് 6 വണ്ണപ്പുറം വാർഡ് 4	ഉല്പാദക സംഘം	16.9.89	412	10	4120	4120	ഇല്ല	-	-
4.	ഏഴുമുട്ടം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ 79 (ഡി)	കരിമണ്ണൂർ വാർഡ് 8, 9	ഉല്പാദക സംഘം	27.8.91	131	10	1630	1630	ഇല്ല	-	-
5.	നെയ്യശ്ശേരി ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ ഐ 92 (ഡി)	കരിമണ്ണൂർ വാർഡ് 5, 7	ഉല്പാദക സംഘം	17.10.92	111	10	1100	1100	ഇല്ല	-	-
6	സെൻറ് ജോസഫ്സ് ഹൈസ്കൂൾ സഹകരണസംഘം കരിമണ്ണൂർ	കരിമണ്ണൂർ സെ.ജോസഫ്സ് ഹൈസ്കൂൾ	നോൺ ക്രെഡിറ്റ്	15.3.76	8322	-	-	8958	ഇല്ല	-	-
7	സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ സഹകരണസംഘം നെയ്യശ്ശേരി	നെയ്യശ്ശേരി സെ.സെബാസ്റ്റ്യൻസ് ഹൈസ്കൂൾ	നോൺ ക്രെഡിറ്റ്	-	-	-	-	-	-	-	-
8	ഗവ.യു.പി.സ്കൂൾ സഹകരണ സംഘം , കരിമണ്ണൂർ	SNCM LPS നെയ്യശ്ശേരി, TCMMUPS മുളപ്പുറം, സെൻറ് ജോസഫ്സ് LPS	നോൺ ക്രെഡിറ്റ്	1976	2188	A 10 B 1	-	2656	ഇല്ല	-	-
9.	കൺസ്യൂമർ സഹകരണസംഘം കരിമണ്ണൂർ	-	-	10.5.81	-	-	-	-	-	-	-

പട്ടിക 2 - (i) നിക്ഷേപങ്ങൾ, വായ്പകൾ മുതലായവ സംബന്ധിച്ച വിവരങ്ങൾ

സംഘത്തിന്റെ പേര്	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	പ്രവർത്തന മൂലധനം	കടം	നിക്ഷേപം	വായ്പകൾ		ലാഭമോ നഷ്ടമോ		വാർഷിക ടേൺ ഓവർ	ജീവനക്കാർ	
					കാർഷികം	കാർഷികേതരം	ലാഭം തുക	നഷ്ടം തുക		സ്ഥിരം	മറ്റുള്ളവർ
1	2	3	4	5	6	7	8	9	10	11	12
കരിമണ്ണൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 967	13,44,150	2,80,00,000	5477906	2,12,16,516	39,89,916	1,30,75,038		36,45,646	14,57,43,976.34	16	1

സാധ്യതകൾ

1. പ്രൊഫഷണൽ മാനേജ്മെൻറ് പരിശീലനം.
2. തൊഴിലാളികൾക്ക് പ്രത്യേക പഠന ക്ലാസ്സുകൾ.
3. സോഷ്യൽ ഓഡിനറ്റ് നടപ്പാക്കുക
4. സഹകരണബാങ്കിൻെറ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുക.
5. പഞ്ചായത്തു വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള മാർക്കറ്റിംഗ് സർവ്വീസ് സഹകരണസംഘങ്ങൾ.
6. 1969-ലെ സഹകരണനിയമം കാലോചിതമായി ഭേദഗതി ചെയ്യണം.
7. മാനേജ്മെൻറിൽ വനിതകൾക്ക്ആനുപാതിക പ്രാതിനിധ്യം.
8. പൊതുയോഗങ്ങൾ ചടങ്ങാകാതെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
9. ക്രെഡിറ്റുസംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിന് അനുസരിച്ചുള്ള സ്ക്കീമുകൾ തയ്യാറാക്കാൻ ശ്രമിക്കുക.
10. നിലവിലുള്ള ഉൽപാദനസഹകരണസംഘങ്ങളുടെ ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
11. സ്ക്കൂൾ സഹകരണസംഘങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ എല്ലാ പഠനോപകരണങ്ങളും ന്യായവിലക്ക് ലഭ്യമാക്കുക.

(ii) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
1. ഇടുക്കി ജില്ലാ സഹകരണബാങ്ക്	കാർഷികവായ്പ	38,82,880
	കാർഷികേതരം	95,026
	ഓവൻഡ്രാഫ്റ്റ്	15,00,000
	ആകെ	54,77, 906

(iii) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

	വായ്പാസ്വഭാവം	തുക
1.	കാർഷികം	13,93,200
2.	സ്വർണ്ണപ്പണയവായ്പയും സാധാരണവായ്പയും	11,53,857
3.	പദ്ധതിവായ്പകൾ	39285
	ആകെ	25,86,342

(iv) സ്ഥാപനത്തിൻെറ ചെലവുകൾ

1. Establishment Charges	11,09,981.50
2. Contingennies	378567.80

(v) വായ്പാ സഹ.സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. ബാങ്കിംഗ്
2. ചിട്ടി
3. കൺസ്യൂമർ സ്റ്റോർ
4. വളം, കീടനാശിനി
5. കാർഷികോപകരണങ്ങൾ
6. ഓണച്ചന്ത

പട്ടിക 3
തൊടുപുഴ അർബൻ സഹകരണബാങ്ക് കരിമണ്ണൂർ ശാഖ
ഈ പഞ്ചായത്ത് പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം

എത്രപേർക്ക്	ഏത് ഇനം വായ്പ	നൽകിയ തുക
1	2	3
351	ബിസിനസ്സ്	62,50,575
1	വാഹനവായ്പ	2,00,000
465	സ്ഥലവും ഗൃഹോപകരണങ്ങളും	16,12,800
76	ഭവനനിർമ്മാണവും മെയിൻറനൻസും	11,36,810
18	സ്വയംതൊഴിൽ	5,20,000
ആകെ 911		97,20,185

പട്ടിക 4
ഹൗസിംഗ് സഹകരണസംഘം
ഈ പഞ്ചായത്ത് പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം

എത്രപേർക്ക്	ഏത് ഇനം വായ്പ	നൽകിയ തുക
1	2	3
44	ഭവനനിർമ്മാണവായ്പ	19,79,000

പട്ടിക 5

13.4 ക്ഷീര സഹ. സംഘം (ആപ്കോസ് ഉൾപ്പെടെ)

വർഷം	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേക്ക് അയയ്ക്കുന്നത്
	ലിറ്റർ	ലിറ്റർ	ലിറ്റർ
	1	2	3
കരിമണ്ണൂർ ക്ഷീരോൽപാദക സഹ. സംഘം			
1992-93	25968	8768	17245
93-94	30806	7127	23679
94-95	34255	10302	23999
95-96	27416	10274	17142
തൊമ്മൻകുത്ത് ക്ഷീരോൽപാദക സഹ. സംഘം			
1992-93	88862	48231	40631
93-94	117065	52211	64854
94-95	155591	31297	122552
95-96	159553	40835	118718
ഏഴുമുട്ടം ക്ഷീരോൽപാദക സഹ. സംഘം			
1992-93	34284	9191	31072
93-94	26877	7260	19617
94-95	24266	7652	16556
95-96	18894	6313	12587
നെയ്യശ്ശേരി ക്ഷീരോൽപാദക സഹ. സംഘം			
1992-93	9164	2036	5929
93-93	14519	2611	11908
94-95	15693	1602	14084
95-96	10396	1592	8803

5-12

വിഭവസമാഹരണം

സംസ്ഥാനത്തെ മറ്റു പല പഞ്ചായത്തുകളേയും പോലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റേയും സാമ്പത്തീക സ്ഥിതി മെച്ചപ്പെട്ടതല്ല. പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കാർഷിക മേഖലയുമായി ബന്ധപ്പെട്ടിരിയ്ക്കുന്നു. കാർഷിക മേഖലയിൽ ഇന്ന് മുരടിപ്പ് അനുഭവപ്പെടുന്നുണ്ട്. ഈ അവസ്ഥമാറ്റിയെടുക്കുവാനും കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിയ്ക്കുവാനും ഗ്രാമപഞ്ചായത്തു സമിതികളും സന്നദ്ധസംഘടനകളും മുന്നോട്ടു വരേണ്ടിയിരിയ്ക്കുന്നു.

നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ് വ്യാവസായികമായ പിന്നോക്കാവസ്ഥ. ഈ പിന്നോക്കവാസ്ഥ പരിഹരിയ്ക്കുന്നതിനായി കൈക്കൊണ്ട നടപടികൾ ആശാവഹമായിരുന്നില്ല. നമ്മുടെ പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾക്കും ഇതരവ്യവസായങ്ങൾക്കും സാധ്യതകളുണ്ട്. വ്യവസായ വകുപ്പിന്റെയും ധനകാര്യ സ്ഥാപനങ്ങളുടേയും സഹകരണത്തോടുകൂടി പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകേണ്ടതാണ്.

കരിമണ്ണൂർ പഞ്ചായത്തിൽ ഗൾഫിലും മറ്റു വിദേശരാഷ്ട്രങ്ങളിലുമായി ഏതാണ്ട് നാന്നൂറോളം പേർ ജോലി ചെയ്യുന്നുണ്ട്. ഈ വിദേശ ജോലിക്കാരിൽ നിന്നും കിട്ടുന്ന വരുമാനത്തിന്റെ സിംഹഭാഗവും കെട്ടിടനിർമ്മാണത്തിനും, വസ്തുവാങ്ങുന്നതിനും മറ്റ് ആഡംബര വസ്തുക്കൾ ശേഖരിക്കുന്നതിനുമാണ് വിനിയോഗിക്കുന്നത്.

പട്ടിക -I

വിദേശീയരുടെ കണക്ക്

(അവലംബം ഗ്രാമസഭാ റിപ്പോർട്ട്)

വാർഡുകൾ	1	2	3	4	5	6	7	8	9
ഗൾഫ് നാടുകൾ	31	15	20	20	40	30	25	10	25
അമേരിക്കയും മറ്റു വിദേശ രാജ്യങ്ങളും.	16	-	30	30	15	7	10	32	15

സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റുകൾ കഴിഞ്ഞാൽ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിടനികുതിയും തൊഴിൽ നികുതിയുമാണ്. അതിൽത്തന്നെ 95-96ൽ കെട്ടിട നികുതിയായി 56%വും തൊഴിൽ നികുതിയിനത്തിൽ 85%വും മാത്രമാണ് പിരിഞ്ഞുകിട്ടിയിട്ടുള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രസ്തുത തുക പര്യാപ്തവുമല്ല. ആയതിനാൽ പഞ്ചായത്തിൽനിന്നു തന്നെ കൂടുതൽ വിഭവമേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.



പട്ടിക - II

കരിമണ്ണൂർ പഞ്ചായത്ത് 95-96 വരുമാന മാർഗ്ഗങ്ങൾ

ക്രമനമ്പർ	ഇനം	ധനാഭ്യർത്ഥന	പിരിച്ചതുക	ബാക്കി
1	കെട്ടിടനികുതി	185309	103767	81542
2	തൊഴിൽനികുതി	143695	122070	21625
3	വിനോദനികുതി	8887	8887	-
4	അഡീഷണൽ വിനോദനികുതി	5337	5337	-
5	പ്രദർശന നികുതി	1052	1052	-
6	പ്രദർശന നികുതി സർചാർജ്	263	263	-
7	ലൈസൻസ് ഫീസ്	5298	5298	-
8	വസ്തുകൈമാറ്റ നികുതി	98794	98794	-
9	സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള മറ്റുവരവുകൾ	346896	346896	-
10	ഡെപ്പോസിറ്റ്	9006	9006	-
11	മറ്റു ഗ്രാന്റുകൾ	865858	865858	-
	ആകെ	1670395	1567228	103167

കെട്ടിട നികുതി

സംസ്ഥാനമൊട്ടാകെ ഇന്ന് കെട്ടിടനികുതി നിർണ്ണയിക്കുന്ന മാനദണ്ഡം ശാസ്ത്രീയമല്ല. നികുതി നിർണ്ണയിക്കുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്ത്രീർണ്ണം മാത്രമല്ല ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗിവും മാനദണ്ഡമാക്കണം. രണ്ടായിരം ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൽക്ക് 20 ശതമാനം നികുതി ഏർപ്പെടുത്തേണ്ടതാണ്. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകത്തുകയുടെ 20 ശതമാനം വരെ നികുതി ചുമത്തേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ നികുതിയടയ്ക്കാത്തവരിൽനിന്നും നിശ്ചിത ശതമാനം പീനൽ പലിശ ഈടാക്കാവുന്നതാണ്.

നിലവിൽ നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ പല അപാകതകളും നിലനില്ക്കുന്നുണ്ട്. അപാകതകൾ പരിഹരിയ്ക്കുന്നതിനായി വാർഡുതലത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് ജനകീയ സഹകരണത്തോടെ നികുതി പിരിവുകൾ പൂർത്തീകരിക്കാവുന്നതാണ്.

തൊഴിൽ നികുതി:

നമ്മുടെ പഞ്ചായത്തിൽ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽനിന്നാണ് കൂടുതലായും തൊഴിൽ നികുതി ലഭിയ്ക്കുന്നത്. ഇന്നത്തെ നിയമമനുസരിച്ച് രണ്ടേക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ളവരിൽ നിന്നും കാർഷിക തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും നികുതി പിരിവ് കാര്യക്ഷമമല്ല. രണ്ടേക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ള മുഴുവൻ ആളുകളേയും കാർഷിക തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവന്ന് നികുതി പിരിവ് കർശനമാക്കണം. തൊഴിൽ ചെയ്യുന്ന പഞ്ചായത്തിന്റെ മുഴുവൻ ആൾക്കാരെയും തൊഴിൽ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ധനകാര്യസ്ഥാപനങ്ങൾ

കരിമണ്ണൂർ പഞ്ചായത്തിൽ സഹകരണ ധനകാര്യസ്ഥാപനങ്ങളായ കരിമണ്ണൂർ സർവ്വീസ് സഹകരണബാങ്കും തൊടുപുഴ അർബൻ സഹകരണബാങ്കിന്റെ ശാഖയും, ദേശസാൽകൃത ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബ്രാഞ്ചും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പഞ്ചായത്തിലെ എല്ലാ തപാലാഫീസുകളിലും നിക്ഷേപ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളിലെല്ലാം കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് വിദേശനിക്ഷേപങ്ങളും സ്വദേശനിക്ഷേപങ്ങളും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. നിക്ഷേപത്തിന്റെ 70%ഓളം വായ്പ നൽകാമെങ്കിലും 30%ൽ താഴെ മാത്രമേ വായ്പയായി പോകുന്നുള്ളൂ. പുതിയതായി വ്യവസായ സംരംഭകർ കടന്നുവരാത്തതുകൊണ്ട് വായ്പാ ശതമാനം കുറയുന്നതിനു കാരണം. പഞ്ചായത്ത് നേരിട്ട് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഈടിന്മേൽ വായ്പകൾ ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കണം.

ടൂറിസം

സംസ്ഥാനത്തെ വിനോദസഞ്ചാരികളെ ഈയിടെയായി വളരെയേറെ ആകർഷിച്ചുവരുന്ന പഞ്ചായത്തിലെ ഏക വിനോദകേന്ദ്രമാണ് തൊമ്മൻകുത്ത്. സംസ്ഥാന ടൂറിസം മാപ്പിൽ നിർണ്ണായകസ്ഥാനം നേടിക്കഴിഞ്ഞിട്ടുള്ള തൊമ്മൻകുത്തിന്റെ വികസനം വഴി പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാവുന്നതാണ്. കുത്തിലെ ജലാശയത്തിൽ ബോട്ട്സർവ്വീസ് ഏർപ്പെടുത്തുന്നത് വരുമാനമാർഗ്ഗത്തൊടൊപ്പം ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനും ഉപയുക്തമായിരിക്കും.

കച്ചവടലൈസൻസ്

പഞ്ചായത്തിലെ ലൈസൻസ് ഫീസ് വളരെ തുച്ഛമാണ്. പഞ്ചായത്തിലെ മുഴുവൻ കച്ചവടസ്ഥാപനങ്ങളുടെയും ലിസ്റ്റ് ശേഖരിച്ച് ലൈസൻസ് ഇല്ലാത്തവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്. ഇന്നത്തെ ലൈസൻസ് സമ്പ്രദായത്തിൽനിന്നും വ്യത്യസ്തമായി വിൽക്കുന്ന സാധനങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് കർശനമാക്കേണ്ടതാണ്.

ചന്ത

കരിമണ്ണൂർ പഞ്ചായത്തിലെ മാർക്കറ്റിനായി നീക്കിയിട്ടിരിക്കുന്ന സ്ഥലത്ത് എത്രയും വേഗം മാർക്കറ്റ് നിർമ്മിച്ചേ മത്സ്യ, മാംസ, പച്ചക്കറി ചന്തകൾക്ക് മാത്രമായി വിപണനസൗകര്യം ഏർപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വർദ്ധിക്കുന്നതൊടൊപ്പം ടൗൺ വൃത്തിയായി സൂക്ഷിക്കുന്നതിനും സാധിക്കും.

ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ്

30 ഓളം ബസുകൾ സർവീസ് നടത്തുന്ന കിഴക്കൻ മേഖലയിലെ പ്രധാനകേന്ദ്രമായ കരിമണ്ണൂരിൽ ഇന്ന് ബസ് സ്റ്റാൻഡ് സൗകര്യം ഇല്ല എന്നുള്ളതാണ് വസ്തുത. കരിമണ്ണൂർ ടൗണിൽ സൗകര്യപ്രദമായ സ്ഥലത്ത് ബസ് സ്റ്റാൻഡും ഷോപ്പിംഗ് കോപ്ലക്സും പഞ്ചായത്തു വകയായി ആരംഭിക്കുന്നത് വരുമാനമാർഗ്ഗവും ജനങ്ങളുടെ ബുദ്ധിമുട്ടു കുറയ്ക്കുന്നതിനും സഹായകരമായിരിക്കും.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിന്റെ എന്നല്ല ലോകത്തിലെ തന്നെ ഏറ്റവും വലിയ വിഭവം മനുഷ്യാദ്ധ്വാനമാണ്. നമ്മുടെ ഗ്രാമസഭകളുടെ റിപ്പോർട്ടിൽനിന്നും മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനമുണ്ടായിട്ടുണ്ട്. ജാതിമത കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം സംഭാവന നല്കുക എന്നത് മഹത്തരമാണ്.

നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യസാംസ്കാരിക സംഘടനകൾ, N.C.C. സ്കൗട്ട് തുടങ്ങിയ സന്നദ്ധ സംഘടനകൾ, അഭ്സ്ഥവിദ്യരും എല്ലാവിഭാഗം സാങ്കേതിക വിദഗ്ദ്ധരേയും ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക ഗതാഗത വിദ്യാഭ്യാസ ആരോഗ്യ ശുചിത്വ ജലവിതരണം തുടങ്ങി പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി ഉപയോഗപ്പെടുത്താൻ കഴിയണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്മ.
2. ഭരണ ചിലവിലെ വർദ്ധനവ്.
3. കോൺട്രാക്റ്റന്മാരും ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം.
4. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
5. പ്രാദേശികാവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യം.
6. സന്നദ്ധപ്രവർത്തകരുടെ താല്പര്യക്കുറവ്.
7. സുതാര്യതക്കുറവ്.

സാദ്ധ്യതകൾ

1. നികുതിപിരിവ് കാര്യക്ഷമമാക്കാൻ, വെട്ടിപ്പുതടയൽ.
2. പുതിയ സേവനങ്ങൾ നല്കി അവയ്ക്ക് ചാർജ്ജ് ഈടാക്കൽ.
3. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ.
4. ഭരണച്ചിലവ് കുറയ്ക്കൽ.
5. പഞ്ചായത്തുനിയമം നൽകുന്ന പുതിയനികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ.
6. സന്നദ്ധപ്രവർത്തനങ്ങൾ.
7. വിദ്യാഭ്യാസ ആരോഗ്യക്ഷേമപ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കൽ.
8. പഞ്ചായത്തിന് ഒരു ക്രെഡിറ്റു പ്ലാൻ.
9. പഞ്ചായത്തിന്റെ ചിലവുകൾ സുതാര്യമാക്കൽ നടപടികൾ.
10. സന്നദ്ധസംഘടനകൾക്കായുള്ള സഹായധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പരിപാടി.

വനം

പാരിസ്ഥിതികമായും മറ്റുവിധത്തിനും വിലയേറിയ സമ്പത്താണ് വനങ്ങൾ. ഈ പഞ്ചായത്തിൽ 730 ഹെക്ടർ വനമുണ്ട്. ഇത് മൊത്തെ ഭൂസ്ഥിതിയുടെ 18.28% വരും ഇതിൽ പകുതിയിലേറെയും തേക്ക്, മരുത്, പ്ലാന്റേഷനുകളാണ്. ബാക്കി അർദ്ധനിത്യഹരിത വനമാണ്. ഇവിടെ തേമ്പാവ്, മരുതി, ഇരുപുള്ള്,

വെൻതേക്ക്, ചീനിമരം, ആഞ്ഞിലി, പ്ലാവ്, ഈട്ടി, നാശകം, പുന്ന പേഴ്വട്ട, ഇലവ്, പാല, ചേല ചേർ, കരിംതകര, താന്നി, ഈയൽവാക, മുള്ളുവേങ്ങ, മൊട്ട വാക, ഇരിപ്പ, മാവ്, തമ്പകം, മഹാഗണി തുടങ്ങിയ മരങ്ങൾ കണ്ടുവരുന്നു.

മൃഗങ്ങൾ

കാട്ടുപന്നി, മുള്ളൻപന്നി, കുരൻ, കാട്ടുമാക്കാൻ, കുരങ്ങ്, മ്ലാവ്, കേഴ, അണുങ്ങ് (ഈനാംപേച്ചി) മുയൽ, കുറുക്കൻ, വെരുക്, ഉടുമ്പ്, ചീങ്കണ്ണി, നീർനായ്, മരപ്പട്ടി, കീരി, മലയണ്ണാൻ, വിവിധയിനം പാമ്പുകൾ എന്നിവയും കാട്ടുകോഴി, കുളക്കോഴി, നത്ത്, മൂങ്ങ, വവ്വാൽ, മരംകൊത്തി, കാവി, മൈന തുടങ്ങിയ വിവിധയിനം പക്ഷികളും ഈ കാടുകളിൽ കാണപ്പെടുന്നു.

വനത്തിന്റെ വിസ്തൃതി അനുദിനം കുറഞ്ഞുവരികയാണ്. വനനശീകരണവും കൈയേറ്റവും ഫലപ്രദമായി തടയേണ്ടത് അത്യാവശ്യമാണ്.

തേൻ, തെള്ളി, കോലരക്ക്, ഇഞ്ച, ചൂരൽ, മുള, ഈറ്റ, തുടങ്ങിയ വനവിഭങ്ങൾ കുറെയൊക്കെ ഇവിടെയുണ്ട്. സാമൂഹ്യവനവൽക്കരണവുമായി ബന്ധപ്പെട്ട് കരിമണ്ണൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ കുറെ മരങ്ങൾ നിലവിലുണ്ട്. തേക്കിൻതൈകൾ, വാക, മഹാഗണി തുടങ്ങിയവ ചില കാലങ്ങളിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വനവിസ്തൃതി കുറഞ്ഞുവരുന്നു.
2. കള്ളത്തടിവെട്ട് വ്യാപകമാണ്.
3. നായാട്ടുണ്ട്.
4. വനപരിപാലനത്തിന് പ്രാദേശിക ജനവിഭാഗത്തിന് യാതൊരു പങ്കാളിത്തവുമില്ല.
5. സർപ്പക്കാവുകൾ പലതും അപ്രത്യക്ഷമായിരിക്കുന്നു.
6. സാമൂഹ്യവനവൽക്കരണത്തിന് നാട്ടുകാർക്കാവശ്യമുള്ള ചെടികൾ കിട്ടാനില്ല.
7. ഉള്ളത് യഥാസമയം ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

1. വനനശീകരണത്തിനെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
2. കാട്ടുതീ തടയാൻ പ്രാദേശീക ജനവിഭാഗങ്ങൾക്ക് പരിശീലനം നൽകൽ.
3. വനപരിപാലനത്തിന് പ്രാദേശിക ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സമിതികൾ രൂപീകരിക്കുക.

പുനരർപ്പണദിനത്തിൽ അഞ്ചാംവാർഡിലെ മനയ്ക്കപ്പാടം കോള നി റോഡിൽ ശ്രമദാനം.



കരിമണ്ണൂർ - പാഴൂക്കര - നെയ്യശ്ശേരി റോഡ്
വൈസ്പ്രസിഡന്റിന്റെ നേതൃത്വത്തിൽ നാട്ടുകാർ വീതികൂട്ടുന്നു.

പുനരർപ്പണദിനം മാനാക്കുഴി കുറ്റിച്ചിറ റോഡിന്റെ നിർമ്മാണം.

മൂന്നാം വാർഡിലെ പള്ളിക്കൽ - കോട്ട റോഡിന്റെ നിർമ്മാണ പ്രവർത്തനം ഉൽഘാടനം പഞ്ചായത്തു പ്രസിഡന്റ് ജസ്സി ജോസഫ് നിർവ്വഹിക്കുന്നു.

പുനരർപ്പണദിനത്തിൽ നാലാംവാർഡിലെ കമ്പിപ്പാലം - മാരാംപാറ റോഡ് മെമ്പർ എം.പി. വിജയനാഥന്റെ നേതൃത്വത്തിൽ നാട്ടുകാർ നിർമ്മിക്കുന്നു.

5.13

ടൂറിസം

നമ്മുടെ സംസ്ഥാനത്തിലെ ടൂറിസം മാപ്പിൽ ശ്രദ്ധേയമായ സ്ഥാനം നേടിയെടുക്കാൻ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ തൊമ്മൻകുത്ത് ടൂറിസ്റ്റ് കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. സഹ്യപർവ്വതസാനുക്കളിൽ നിന്നും ഉത്ഭവിച്ചുവരുന്ന കണ്ണാടിയാറ് ഏഴു നിലകളിലായി വീഴുന്നതും തൊമ്മൻകുത്ത് വെള്ളച്ചാട്ടവും തൊമ്മൻകുത്തിലെ പ്രകൃതിരമണീയതയും കാണുവാൻ ഏറെ രസകരമാണ്. നൂറുകണക്കിന് ആളുകൾ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ഈ ടൂറിസ്റ്റ് കേന്ദ്രത്തിൽ വരുന്നുണ്ടെങ്കിലും അവരുടെ പ്രാഥമികആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങൾ തീർത്തും ഇല്ല. കേരളത്തിന്റെ സാമ്പത്തികരംഗത്തെ മുന്നേറ്റത്തിനുവേണ്ടി സംസ്ഥാന സർക്കാർ ടൂറിസം മേഖലയ്ക്കു വളരെയേറെ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്.

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി കൂടുതൽ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തേണ്ട ഇന്നത്തെ സാഹചര്യത്തിൽ തൊമ്മൻകുത്ത് ടൂറിസ്റ്റ് കേന്ദ്രം വളർത്തിക്കൊണ്ടു വരേണ്ടത് അത്യന്താപേക്ഷിതമാണ്.

പ്രശ്നങ്ങൾ

1. തൊമ്മൻകുത്ത് ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ.
2. ടൂറിസ്റ്റ് കേന്ദ്രത്തിൽ ഉണ്ടാകുന്ന അപകടങ്ങൾ.
3. ടൂറിസ്റ്റുകൾക്കുള്ള പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തത.
4. ടൂറിസ്റ്റ് കേന്ദ്രത്തിന്റെ ഭംഗി പൂർണ്ണമായും ആസ്വദിക്കുന്നതിനുള്ള സൗകര്യക്കുറവ്.
5. ടൂറിസ്റ്റ് കേന്ദ്രത്തിലെ മലിനീകരണം.

സാധ്യതകൾ

1. തൊമ്മൻകുത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപണികൾ യഥാസമയം പരിഹരിക്കുകയും തൊമ്മൻകുത്തിലേക്ക് ഇനി ടാർചെയ്യുവാൻ ഉള്ള റോഡ് ടാർ ചെയ്യുകയും വേണം.
2. ടൂറിസ്റ്റ് കേന്ദ്രത്തിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് മുന്നറിയിപ്പ് ബോർഡുകളും കമ്പിവേലികളും തീർക്കുക.
3. ടൂറിസ്റ്റുകൾക്ക് ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനും വേണ്ടിയുള്ള സൗകര്യങ്ങൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ചെയ്യുക.
4. സ്ത്രീടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനും അനാശാസ്യപ്രവർത്തനങ്ങൾ തടയുന്നതിനും ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുക.
5. ടൂറിസ്റ്റുകൾക്ക് ബോട്ട് യാത്രാസൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി ചെക്ക് ഡാം നിർമ്മിച്ച് ബോട്ട് സർവ്വീസ് ആരംഭിക്കുക.
6. ടൂറിസ്റ്റ് കേന്ദ്രത്തിൽ എത്തുന്നവർ നിക്ഷേപിക്കുന്ന ഭക്ഷണ അവശിഷ്ടങ്ങളും മറ്റ് ചപ്പുചവറുകളും മൂലമുണ്ടാകുന്ന മലിനീകരണം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
7. ടൂറിസ്റ്റുകൾക്ക് താമസസൗകര്യത്തിന് ഒരു റസ്റ്റ് ഹൗസും ഭക്ഷണം ലഭിക്കുന്നതിനുവേണ്ടി ഹോട്ടൽ സൗകര്യം ഏർപ്പെടുത്തുക.
8. തൊമ്മൻകുത്ത് ടൂറിസ്റ്റ് കേന്ദ്രത്തിൽ എത്തുന്ന കുട്ടികളുടെ വിനോദത്തിനുവേണ്ടി ഒരു ചിൽഡ്രൻസ് പാർക്ക് ഉണ്ടാക്കുക.
9. ടൂറിസ്റ്റുകൾക്ക് തൊമ്മൻകുത്തിന്റെ ഭംഗി ആസ്വദിക്കുന്നതിനുവേണ്ടി റോപ്പ്വേ നിർമ്മിക്കുക.



ഉപസംഹാരം

സ്വയം സമ്പൂർണ്ണമായൊരു ഗ്രാമം. രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ് എന്ന സുന്ദര സങ്കല്പം. ഇത് പടിപടിയായി സാക്ഷാൽക്കരിക്കുവാൻ നമുക്ക് കഴിയണം. സമഗ്ര വികസനത്തിലൂടെ ഐശ്വര്യസമ്പൂർണ്ണമായ കേരളം കെട്ടിപ്പടുക്കണം. വികസനരംഗത്ത് ഇന്നു നിലനില്ക്കുന്ന പ്രതിബന്ധങ്ങൾ തീർച്ചയായും തട്ടിമാറ്റപ്പെടണം. സേവനസന്നദ്ധരായ ജനങ്ങളും ലക്ഷ്യബോധമുള്ള ഉദ്യോഗസ്ഥരും ഇച്ഛാശക്തിയുള്ള ഒരു ഗവൺമെൻറും ഒത്തിണങ്ങിയാൽ ഇത്സാദ്ധ്യമാകും. കേന്ദ്രഗവൺമെൻറിന്റെ സാമ്പത്തിക നയത്തിനും ചട്ടവട്ടങ്ങൾക്കും ഉള്ളിൽ നിന്നുകൊണ്ടേ സംസ്ഥാനസർക്കാരിന് പ്രവർത്തിക്കാനാകൂ. ഉദാരവൽക്കരണം സാമ്പത്തികനയത്തിന്റെ കെടുതികളിൽ നിന്നും വിമുക്തമാകാതെ നമ്മുടെ വികസനരംഗത്തെ പ്രതിസന്ധിക്ക് പൂർണ്ണപരിഹാരം സാധ്യമല്ലതാനും. ആഗോളനയങ്ങൾ പൊളിച്ചെഴുതിക്കൊണ്ടേ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാനാകൂ. അതിന് നിശ്ചയദാർഢ്യത്തോടേയുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്. എന്നാൽ അതുമാത്രവും പോരാ. സമ്പത്തുൽപാദന വർദ്ധനവിനുതുകുന്ന പുതിയൊരു വികസന ശൈലിയും കർമ്മപരിപാടികളും ഏറ്റെടുത്തു നടപ്പിലാക്കപ്പെടണം. ഒരു പുനർ ദിശാനിർണ്ണയം കൂടിയേ കഴിയൂ. നിലവിലുള്ള വികസന സമീപനം തികച്ചും അശാസ്ത്രീയമാണ്. റോഡും പാലവും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞു നിൽക്കുന്നു. വികസനത്തിന്റെ മൂന്നുപാധിയായ ഉല്പാദനപ്രക്രിയയ്ക്കും വളർച്ചയ്ക്കും നൽകേണ്ട മുന്തിയ പരിഗണന വികസന വീക്ഷണത്തിൽ പ്രതിഫലിക്കുന്നില്ല. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്ന വികസനതന്ത്രമാണ് ഇന്നാവശ്യം.

വിവിധ ഡിപ്പാർട്ടുമെൻറുകളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ വികസനരൂപം മാറുകതന്നെ വേണം. സാർവ്വത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തുകയും പദ്ധതി ആസൂത്രണവും നടത്തിപ്പും സുതാര്യമാക്കിത്തീർക്കുകയുമാണ് അതിനുള്ള പോംവഴി.

ആസൂത്രണം അർത്ഥവത്താകുന്നത് വികസനഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. ജനകീയവും കാര്യക്ഷമവും സർവ്വസമ്മതവുമായ മാനദണ്ഡങ്ങളെ ആധാരമാക്കിവേണം മുൻഗണനകൾ നിർണ്ണയിക്കാൻ. മുൻഗണനാക്രമത്തിൽ തന്നെ പദ്ധതികൾ നടപ്പിലാക്കുവാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാകണം. സങ്കുചിത വ്യക്തിതാൽപര്യമോ കക്ഷിതാൽപര്യമോ ഒരിക്കലും ഇതിന് തടസ്സമായിക്കൂടാ.

നമ്മുടെ പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളും കൂട്ടായ്മയും പ്രയോജനപ്പെടുത്തി, നമ്മുടെ ചരിത്രപശ്ചാത്തലവും സാഹചര്യങ്ങളും വിശകലനംചെയ്ത് പ്രായോഗികബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഈ സെമിനാറിൽ പന്ത്രണ്ട് വിഷയങ്ങളിന്മേൽ നടത്തുന്ന ഗ്രൂപ്പ് ചർച്ചകളിലൂടെ അംഗീകരിക്കപ്പെടുന്ന നിർദ്ദേശങ്ങളെ ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ സ്കീമുകളാക്കി മാറ്റുന്നത് തുടർന്ന് രൂപീകരിക്കുന്ന വിദഗ്ധസമിതികളാണ്. ഗ്രാമസഭയിൽ ഒട്ടേറെ വികസനപ്രശ്നങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവരികയുണ്ടായി. അവയെ സൂക്ഷ്മമായി പരിശോധിച്ച് ക്രോഡീകരിച്ച വസ്തുതകളും ഓരോ വികസനമേഖലയിലെയും പ്രശ്നങ്ങളും അവ പരിഹരിക്കുവാനുള്ള സാദ്ധ്യതകളുമാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ഇവയെല്ലാം ഒറ്റയടിക്ക് നടപ്പിലാക്കാൻ സാധ്യമല്ലെന്ന സത്യം എല്ലാവർക്കും അറിയാം. വിഭവപരിമിതിതന്നെയാണ് പ്രധാനപ്രശ്നം. സർക്കാരോ പഞ്ചായത്തുസമിതികളോ എത്രയെല്ലാം ആഗ്രഹിച്ചാലും സർക്കാർ നൽകുന്ന വിഹിതത്തെമാത്രം ആശ്രയിച്ച് ജനങ്ങളുടെ വികസനാവശ്യങ്ങൾ തൃപ്തികരമായി പരിഹരിക്കുവാൻ കഴിയില്ല. സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കുവാൻ നാം ശ്രമിക്കണം. വികസനരംഗത്ത് സഹകരണമേഖലയെ ആവുംവിധം പ്രയോജനപ്പെടുത്തണം. ഇവിടെനിന്നും വിദേശത്തുപോയി ജോലിചെയ്യുന്ന നമ്മുടെ പഞ്ചായത്തിലുള്ള സാമ്പത്തികശേഷികൂടിയ സഹോദരങ്ങളുടെയും സമ്പന്നരായ മറ്റു വ്യക്തികളുടെയും സമ്പാദ്യം കാർഷികവ്യാവസായികരംഗത്തെ ഉല്പാദനമേഖലകളിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കണം. അതിനുള്ള സാധ്യതകളെക്കുറിച്ച് ഗൗരവപൂർവ്വം ചർച്ചചെയ്യുകയും പ്രായോഗികമായ നിർദ്ദേശങ്ങൾ ഉണ്ടാവുകയും വേണം.

സമ്പൂർണ്ണസാക്ഷരതയിൽ നിന്ന് വികസനസാക്ഷരതയിലേക്കുള്ള നമ്മുടെ വളർച്ച കേരളത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. ഇവിടെ ഇപ്പോൾ നടപ്പിലാക്കപ്പെടുന്ന വികേന്ദ്രീകൃത ആസൂത്രണപരിപാടി ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ടുള്ള വമ്പിച്ചൊരു ജനകീയ പ്രസ്ഥാനമാണ്. ഇത് വിജയിക്കുകതന്നെ ചെയ്യും. എന്നാൽ ഈ രംഗത്ത് നമുക്ക് മുൻഅനുഭവങ്ങളില്ല. അനുകരിക്കുവാൻ മാതൃകകളില്ല. ആസൂത്രണത്തിന് അനുപേക്ഷണീയമായ പല സ്ഥിതിവിവരങ്ങളും പഞ്ചായത്തുതലത്തിൽ ലഭ്യമല്ല. ആസൂത്രണവിദഗ്ധരുടെ എണ്ണവും പഞ്ചായത്തുതലത്തിൽ പരിമിതമാണല്ലോ. ഇത്തരം പ്രായോഗികവിഷമതകളെയെല്ലാം നേരിട്ടുകൊണ്ടാണെങ്കിലും വികസനരംഗത്ത് ഇന്നലെകളിൽ നിന്നും മെച്ചപ്പെട്ട ഒരു സ്ഥിതി കൈവരിക്കുവാൻ ഒമ്പതാംപഞ്ചവത്സരപദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിന് കഴിയുമെന്ന കാര്യത്തിൽ സംശയം വേണ്ട.

ഈ സദുദ്യമം സഫലീകൃതമാക്കുവാനുള്ള പ്രവർത്തനങ്ങളിൽ നല്ലവരായ ഒട്ടേറെപേരുടെ നിസ്സീമമായ സഹായവും വിശ്രമമില്ലാതുള്ള അദ്ധ്വാനവും ഇതിനകംതന്നെ ലഭിച്ചിട്ടുണ്ട്. തുടർന്ന് ലഭിക്കുകയും വേണം. മഹത്തായ ഈ പരിപാടി വിജയിപ്പിക്കുന്നതിന് കലവറയില്ലാതെ സഹകരിച്ച കെ.ആർ.പി.മാർ, ഡി.ആർ.പി.മാർ, എൽ. ആർ.പി.മാർ എല്ലാവരോടും പഞ്ചായത്തുസമിതിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുകയാണ്.

ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല. ജനങ്ങളും ആഗ്രഹിക്കുന്ന വികസനപദ്ധതികളും അവരുടെകൂടി പങ്കാളിത്തത്തോടെ, മേൽനോട്ടത്തോടെ, നടപ്പിലാക്കുവാനുള്ള ഒരു സാമൂഹ്യആയുധമാണ്. അതുകൊണ്ടുതന്നെനമ്മുടെ പഞ്ചായത്തതിന്റെറ ഈ വികസനറിപ്പോർട്ട് ഈടുറ്റ ചർച്ചകളിലൂടെ സമ്പുഷ്ടമാക്കി ജനോപകാരപ്രദമായ വികസനപദ്ധതികളും രൂപപ്പെട്ടുവരുവാൻ സാഹചര്യം സൃഷ്ടിക്കണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു.

7-12-1996



ടൂറിസം: അനന്തസാദ്ധ്യതകളുമായി തൊമ്മൻകുത്ത്.